മി. സ്പീക്കർ : ഐറ്റം നമ്പർ 3, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച).....ശ്രീ. ഇ. എം. അഗസ്തി.....

VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ എന്റെ സുഹൃത്ത് ശ്രീ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ഇത്തരത്തിൽ പ്രസംഗിപ്പിച്ചതിനു ഒരു ഉദ്ദേശം ഞാൻ കാണുന്നുണ്ട്. കാലാവധി തീർന്ന ഒരു ഗവൺമെന്റ് അതിന്റെ മരണാനന്തര പ്രക്രിയ നടത്തുന്നതിന്റെ ഒരു ഔദ്യോഗിക വക്താവായി ഗവർണ്ണറെ അവരോധിക്കുകയാണുണ്ടായത്. സാമൂഹ്യ സുരക്ഷാപദ്ധതികൾ നിലവിലുള്ള വിദേശ രാജ്യങ്ങളിലൊക്കെ മരണം ഇൻഷ്വർ ചെയ്തിട്ടുണ്ട്. വാർദ്ധക്യകാലത്തിൽ എല്ലാ ആളുകളും പെൻഷനായ ആളുകളും അവരുടെ മരണത്തിന് വേണ്ടിയും മരണാനന്തര കർമ്മത്തിന് വേണ്ടിയും ഇൻഷ്വറൻസ് പദ്ധതിയിൽ ചേരും. അങ്ങനെ മരണാനന്തര ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന ആളുകളുടെ മരണാനന്തര കർമ്മങ്ങൾ നടത്തുന്നത് ഈ ഇൻഷ്വറൻസ് കമ്പനിയാണ്. വൃദ്ധസദനത്തിൽ താമസിക്കുന്ന ഇൻഷ്വർ ചെയ്യപ്പെട്ട ഒരാൾ മരിച്ചാൽ മരണവിവരം അറിയിക്കുന്ന ഉത്തരവാദിത്വം ഒഫീഷ്യൽ മോണർക്കാണ്. ആ ഒഫിഷ്യൽ മോണറാണ് മരണാനന്തര കർമ്മങ്ങൾ നടത്തുന്നത്. ബന്ധുക്കളും സുഹൃത്തുക്കളും ഒന്നും വരാനില്ലെന്നറിഞ്ഞുകൊണ്ട് തന്നെ തങ്ങൾ മരിക്കുമ്പോഴും കരയാനും വിലപിക്കാനും കുറച്ച് ആളുകൾ വേണമെന്നുവച്ച് മോണേഴ്സിനെ കൊണ്ടുവരുന്നത് ഒഫിഷ്യൽ മോണർ ആണ്. ബഹുമാനപ്പെട്ട ഗവർണർ കറുത്ത കുപ്പായമിട്ട് കടന്നുവന്നപ്പോൾ ഞാൻ വിചാരിച്ചത് ഒഫിഷ്യൽ മോണർ എത്തിയിരിക്കുന്നു എന്നാണ്. ഈ ഗവൺമെന്റിന്റെ മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിനുവേണ്ടി എത്തിയിരിക്കുന്നുവെന്നാണ്. ഒഫിഷ്യൽ മോണർ നിയോഗിക്കുന്ന മോണേഴ്സ് ഉണ്ട്. അവരുടെ ജോലി ദുഃഖം ഭാവിച്ച് നിൽക്കുകയാണ്. അവർ കറുത്ത കോട്ടൊക്കെ ഇട്ട് ദുഃഖം ഭാവിച്ച് നിൽക്കും. മരിച്ച ആളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. നമ്മുടെ അടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലുമുണ്ട് ഇതിന് സമാനമായ ഒരു സംഘം. അവരെ പറയുന്നത് 'ഒപ്പാരി സംഘം' എന്നാണ്. വലിയ ഫ്യൂഡൽ വ്യവസ്ഥയുള്ള, ജന്മിത്വമുള്ള ആളുകൾ മരിച്ചുകഴിയുമ്പോൾ ഇവർക്കില്ലാത്ത ഗുണഗണങ്ങൾ ഒക്കെപറഞ്ഞ് നെഞ്ചത്തടിച്ച് കരയുന്ന ഒരു സംഘമുണ്ട്. അവരുടെ ശമ്പളം മുൻകൂട്ടി നിശ്ചയിച്ചിരിക്കുകയാണ്. മരണബാന്റുകാർ വരുന്നതുപോലെ കറുത്ത സാരിയൊക്കെ ചുറ്റി ഈ ഒപ്പാരി സംഘം എത്തി നെഞ്ചത്തടിച്ച് നിലവിളിക്കും. പക്ഷേ, എനിക്ക് ഏറ്റവും സങ്കടകരമായ ഒരു കാര്യം ഈ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് എന്റെ സഹപ്രവർത്തകൻ ശ്രീ. ആനത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച കണക്കുകളെ സംബന്ധിച്ചാണ്. കടമുണ്ട്, കടമുണ്ടായത് വികസനപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ്. ഞങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ചു. പദ്ധതി രംഗത്ത് നേട്ടമുണ്ടാക്കി എന്നൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം സംസാരിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 1996-97 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷംവരെയുള്ള അഞ്ച് വർഷക്കാലത്തെ പദ്ധതി നടത്തിപ്പിലെ ശതമാനം താഴെപ്പറയും പ്രകാരമാണ്. 1996-97-ൽ 99 ശതമാനം, 1997-98-ൽ 74 ശതമാനം 1998-99-ൽ 72 ശതമാനം 1999-2000-ൽ 73 ശതമാനം 2000-2001-ൽ 52 ശതമാനം. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വികസന പ്രവർത്തനം നടന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ വെട്ടിച്ചുരുക്കി എന്നാണ് ഇവിടെ പലരും പ്രസംഗിച്ചപ്പോൾ ചൂണ്ടിക്കാണിച്ചത്. ഞങ്ങളുടെ കാലത്ത് 1993-94-ൽ 109 ശതമാനം 1994-95-ൽ 112 ശതമാനം 1995-96-ൽ 114 ശതമാനം ഇവിടെ ഈ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടിയ പദ്ധതി നടത്തിപ്പ് ശതമാനം വന്നിരിക്കുന്നത് 1996-97-ലാണ് എന്താണ് കാരണം ? മുൻ ഗവൺമെന്റിന്റെ തുടർച്ചയായി വന്നതുകൊണ്ടാണ് പദ്ധതി നടത്തിപ്പിൽ 1996-97 വർഷത്തിൽ 99 ശതമാനത്തിൽ എത്തിയത്. തുടർന്ന് ഓരോ

11 A.M.] വർഷവും ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നിട്ടാണോ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ഭദ്രതയെ സംബന്ധിച്ച് പറയുന്നത് ? ഇവിടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഇതൊക്കെയാണെങ്കിലും ആർഭാടത്തിനും ധൂർത്തിനും വല്ലതും കുറവുണ്ടോ ? ഒരു മന്ത്രിയേയും വ്യക്തിപരമായി പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നലെ നിയമസഭയിൽ കിട്ടിയ ഉത്തരങ്ങൾ പരിശോധിച്ചപ്പോൾ വിദേശയാത്രാ ഇനത്തിൽ വിമാനക്കൂലി ചെലവ്, ചികിത്സാ ചെലവ് തുടങ്ങി ഏതെല്ലാം തരത്തിലുള്ള ചെലവുകളാണ്. ചികിത്സാ ചെലവുകളുടെ കാര്യം പറയുക ആണെങ്കിൽ, ഇവിടെ ആരും രോഗികളായി വരുന്നെന്നും ഞാൻ പറയുന്നില്ല. ചികിത്സയും വേണം. പക്ഷേ, കണക്കുകൾ കാണുമ്പോൾ മുൻകാലങ്ങളിൽ ചില ആളുകൾ പ്രസംഗിച്ചത് എന്തൊക്കെയാണെന്ന് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ നോൺ-പ്ലാൻ ചെലവിന്റെ കാര്യം പരിശോധിക്കുകയാണെങ്കിൽ, ഈ ഗവൺമെന്റിന്റേയും മന്ത്രിമാരുടേയും ആഫീസ് ചെലവുകൾക്കുമാത്രം ഒൻപതുകോടി എൺപത്തിനാല് ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. കഴിഞ്ഞ കാലത്ത് നിങ്ങൾ എന്തൊക്കെ പ്രസംഗങ്ങളാണ് നടത്തിയത് ? ഈ ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച്, പറയുകയാണെങ്കിൽ, 27,000 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഈ സംസ്ഥാനത്തിനുള്ളത്. 1996-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുമ്പോൾ കേരളത്തിന്റെ കടം 10,000 കോടി രൂപയായിരുന്നത് ഇപ്പോൾ 27,000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഞങ്ങൾ കണക്കുകൾ പെരുപ്പിച്ച് കാണിക്കുന്നു എന്ന് ഇന്നലെ സംസാരിച്ച ചില അംഗങ്ങൾ പറയുകയുണ്ടായി. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ സംസ്ഥാന കൺവീനർ ശ്രീ.വി.എസ്. അച്ചുതാനന്ദന്റെ ഒരു പ്രസ്താവന പത്രത്തിൽ വായിച്ചു. അതാണ് ഉപോൽബലകമായി ബഹുമാന്യയായ മെഴ്സിക്കുട്ടിയമ്മ ഇവിടെ ചൂണ്ടിക്കാണിച്ചത്. 21 കോടി രൂപയുടെ കടബാദ്ധ്യതയേയുള്ളുവെന്നാണ് എൽ.ഡി.എഫ്. കൺവീനർ പറഞ്ഞത്. 21 കോടി രൂപയെങ്കിലും ഉണ്ടെന്നുള്ള യാഥാർത്ഥ്യം സമ്മതിക്കാൻ തയ്യാറായതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. എന്നാൽ കേരള ഗവൺമെന്റിന്റെ യഥാർത്ഥ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കലാകൗമുദിയിൽ ഒരു റിപ്പോർട്ട് വന്നിരുന്നു. മലയാള മനോരമ പത്രത്തിൽ വരുമ്പോഴാണ് മെഴ്സിക്കുട്ടിയമ്മയ്ക്ക് വിഷമം. ഞങ്ങളുടെ ബൈബിളാണ് മനോരമ എന്നാണ് അവർ പറയുന്നത്. കലാകൗമുദി ഏതായാലും ഞങ്ങളുടെ ബൈബിളല്ല. ബഹുമാനപ്പെട്ട ശിവദാസമേനോനെങ്കിലും ഒന്ന് വായിക്കുന്നത് നല്ലതെന്നാണ് എനിക്ക് തോന്നുന്നു. 'കേരളത്തിന്റെ ധനസ്ഥിതി നേരെന്ത്' ധനകാര്യലേഖകന്റെ റിപ്പോർട്ട്. പെറ്റുവീഴുന്ന മലയാളിക്കുഞ്ഞിനുപോലും 8,000 രൂപയുടെ കടബാദ്ധ്യത കണക്കിൽ കൃത്രിമം കാട്ടി കുറെക്കൊല്ലമായി കേരളത്തിന്റെ ധനസ്ഥിതി കുഴപ്പത്തിലായിരിക്കെ, യഥാർത്ഥ ചിത്രമെന്തെന്ന് എങ്ങനെ കണ്ടുപിടിക്കാം ? ഈ ലേഖനത്തിന്റെ പ്രസക്ത ഭാഗം. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് യാഥാർത്ഥ്യം പറയാൻ കേരളത്തിലെ ധനകാര്യവകുപ്പ് മടിക്കുന്നു എന്നതാണ് പ്രധാനം പ്രശ്നം. ഞാനൊരു തലവാചകം വായിക്കട്ടെ. ഗുലാത്തി മുതൽ വിനോദ്റായ് വരെ ആർക്കും യഥാർത്ഥ ധനസ്ഥിതി പറയാൻ പറ്റാത്ത ദുരൂഹത നമുക്ക് എന്തിനാണ് ? കേരളത്തിന്റെ പൊതുകടം എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും പറയട്ടെ. എന്തിനാണ് മറച്ചുവയ്ക്കുന്നത് ? 1998 വരെ ഈവക കാര്യങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചുവന്ന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 1999-ൽ എത്തിയതോടെ കടബാദ്ധ്യത കാര്യങ്ങളെ സംബന്ധിച്ച് മിണ്ടാതായി. കടം എത്രയുണ്ടെന്ന് ഇപ്പോൾ പറയുന്നില്ല. ഇതാണോ സുതാര്യമായ സാമ്പത്തിക സംവിധാനം ? ചുരുക്കി പറഞ്ഞാൽ 27,000 കോടി രൂപയുടെ കടബാദ്ധ്യത ഇന്ന് കേരളത്തിന് ഉണ്ടെന്നുള്ളത് ഏത് കുട്ടിക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. സമയക്കുറവുമൂലം ലേഖനത്തിന്റെ ആദ്യത്തേഭാഗം ഞാൻ വായിക്കുന്നില്ല. ഗവൺമെന്റ് കരാറുകാർക്ക് 1100 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളത്. സഹകരണബാങ്കിൽനിന്ന് എടുത്ത വായ്പ 1459 കോടി രൂപയാണ്. +2 അദ്ധ്യാപകർക്ക് കുടിശ്ശിക നൽകാൻ 300 കോടി രൂപ വേണം. അടിസ്ഥാന സൗകര്യവികസന നിധി, വ്യവസായ പുനരുദ്ധാരണ വികസന നിധി എന്നിവയിലൊക്കെ കടപ്പത്രമെഴുതി സ്വരൂപിച്ച കോടികൾ സർക്കാർ നിയന്ത്രണമില്ലാതെ കടമെടുത്തു. ചെത്തു തൊഴിലാളി ക്ഷേമനിധി, അഭിഭാഷക ക്ഷേമനിധി, പ്രോവിഡന്റ് ഫണ്ട്, എന്നിവയിൽനിന്നും വകമാറ്റി ചെലവാക്കിയ കഥ എല്ലാപേരും വിഴുങ്ങുന്നു. ഇതൊക്കെ കൂട്ടിനോക്കുമ്പോൾ ആന്റണി കൂട്ടിപ്പറഞ്ഞതും അച്ചുതാനന്ദൻ കുറച്ചുകാണിച്ചതുമല്ല അതിലൊക്കെ ഭീമമാണ് കേരള സർക്കാരിന്റെ കടബാദ്ധ്യത എന്നു വരും. വ്യക്തതയുള്ള കണക്കുകൾ സൂക്ഷിക്കാൻ പോലും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ഭീമമായ സംഖ്യയാണ് നമ്മുടെ കടമെന്ന് ചുരുക്കം. ഇതൊന്ന് ധനകാര്യവകുപ്പുമന്ത്രിയും ഭരണപക്ഷത്തുനിന്നും സംസാരിച്ച് ബഹുമാനപ്പെട്ട അംഗങ്ങളും വായിക്കണം. ഇതുമാത്രമാണോ സ്ഥിതി ? അടിസ്ഥാനസൗകര്യവികസന നിധി ബില്ലിന്റെ ഒബ്ജക്ട് എന്താണ് ? അടിസ്ഥാന സൗകര്യം ഉണ്ടാക്കാൻ വേണ്ടിയാണ് അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയട്ടെ. അടിസ്ഥാനസൗകര്യവികസനത്തിനുവേണ്ടി ഈ നിയമസഭ നിയമം പാസ്സാക്കിയതാണ്. എന്തായിരുന്നു ലക്ഷ്യം ? 507 കോടി രൂപ സമാഹരിച്ചില്ലേ ? 507

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ സമാഹരിച്ചതിന് 18.46 % പലിശ കൊടുക്കണം. 507 കോടി രൂപ സമാഹരിച്ചപ്പോൾ അതിന് ഒരു ദിവസം കൊടുക്കേണ്ട പലിശ 18.46 ശതമാനം ആണ്. ആ തുക ഉണ്ടോ ? വ്യവസായ വികസനത്തിനുവേണ്ടി പണം ചെലവഴിച്ചോ ? സർക്കാരിന്റെ ദൈനംദിന പ്രവർത്തനത്തിനുവേണ്ടി പണം ചെലവഴിച്ചില്ലേ ? ഏഴു വർഷം കഴിയുമ്പോൾ 500 കോടി രൂപ തിരിച്ചുകൊടുക്കേണ്ടത് 1000 കോടി രൂപയാകും. ഓർഡിനൻസ് കൊണ്ടുവന്നല്ലേ നിങ്ങൾ സമാഹരിച്ചത് ; 500 കോടി രൂപയ്ക്ക് ബോണ്ട് ഇഷ്യൂ ചെയ്തത് ? 1000 കോടി രൂപ തിരിച്ചുകൊടുക്കാൻ എവിടന്ന് പണമുണ്ടാകും ? ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന്റെ പേര് പരാമർശിക്കുന്നതിൽ എനിക്ക് വളരെ ദുഃഖമുണ്ട്. അദ്ദേഹം ഗവൺമെന്റിനെ കാര്യമായി സപ്പോർട്ട് ചെയ്ത് സംസാരിച്ച ആളാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ടെക്സ്റ്റൈൽ വ്യവസായങ്ങൾക്കും അതുപോലെ മറ്റുള്ള വ്യവസായ സ്ഥാപനങ്ങൾക്കും പുനരുദ്ധാരണത്തിനായി രണ്ട് കോടി, അഞ്ച് കോടി, പത്ത് കോടി രൂപയൊക്കെ കൊടുത്തത് നിഷേധിക്കാൻ കഴിയുമോ ?

ശ്രീ. ഇ. എം. അഗസ്തി : ഞാൻ ആദ്യം പറഞ്ഞ മോണേഴ്സിന്റെ പട്ടികയിൽ ശ്രീ.കെ.പി. രാജേന്ദ്രനെ ഉൾപ്പെടുത്തിയിരുന്നില്ല. ഉൾപ്പെടുത്തേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ശ്രീമതി മെഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയിൽ ശ്രീ. കെ. പി. രാജേന്ദ്രനും ഞാനും അംഗങ്ങളാണല്ലോ. നമ്മൾ കെൽട്രോണിനെപ്പറ്റി പഠിച്ച് സഭയുടെ മുമ്പാകെ ചില റിപ്പോർട്ടുകളും വച്ചിട്ടുണ്ടല്ലോ. വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് കെൽട്രോണിൽനിന്ന് പിരിഞ്ഞുപോയ 700 കുടുംബങ്ങൾക്ക് ഗവൺമെന്റ് നൽകേണ്ട പണം നൽകാത്തതിന്റെ പേരിൽ കെൽട്രോണിന് മുന്നിൽ സത്യാഗ്രഹം ഇരിക്കുകയാണ്. ട്രേഡ് യൂണിയൻ നേതാക്കൻമാരല്ലേ ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും ശ്രീമതി മെഴ്സിക്കുട്ടിയമ്മയും. നിങ്ങൾ പോയി അവരെയൊന്ന് കാണണം. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം കാണാൻ സാധിക്കും. പിന്നെ ഗവൺമെന്റിന്റെ ക്ഷേമപദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഇന്നലെ പറഞ്ഞപ്പോഴാണ് ബഹുമാനപ്പെട്ട രാജേന്ദ്രന് അതിശയം തോന്നിയത്. എന്റെ നാട്ടിൽ ഒരു തെങ്ങുകയറ്റ തൊഴിലാളി തെങ്ങിൽനിന്ന് വീണുമരിച്ചു. മരണാനന്തര കർമ്മത്തിനുവേണ്ടി അടിയന്തിര സഹായമായി ഗവൺമെന്റ് 1500 രൂപയുടെ ചെക്ക് കൊടുത്തു. പക്ഷേ, മരണാനന്തര കർമ്മത്തിന് നാട്ടുകാർ പിരിവെടുത്തു. 1500 രൂപയുടെ ചെക്കുമായി വിധവ വഴിയേ നടക്കുകയാണ്. എന്തിനാണ് ഈ ക്ഷേമനിധി ഉണ്ടാക്കുന്നത്? മരണാനന്തര കർമ്മത്തിനുവേണ്ടിയുള്ള തുകയ്ക്ക് ചെക്ക് കൊടുത്താൽ ആ ചെക്ക് പോലും മാറാൻ കഴിയാത്ത ഗവൺമെന്റാണ് സാമ്പത്തിക സ്ഥിതിയെപ്പറ്റി പറയുന്നത്. ഇവിടെ എം.എൽ.എ.മാരുടെ ബിൽ മാറുന്നില്ല എന്നു പറഞ്ഞപ്പോൾ പരിഹസിച്ചു. നല്ല സൗകര്യമുള്ള ആളുകൾക്ക് അതിന്റെ ബുദ്ധിമുട്ട് അറിയില്ല. ഞങ്ങളെല്ലാം ബുദ്ധിമുട്ടിലാണ്. ഒരു ചെറിയ സഹായം ചെയ്യണം. ക്യാന്റീനിൽ അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടി ഞങ്ങൾക്ക് ഒരു ശുപാർശ ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തു തരണം. ഇങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദയനീയമായ സ്ഥിതി ഉണ്ടായിട്ടുണ്ടോ? എം.എൽ.എ.മാരുടെ ടി.എ. ബിൽ മാറാത്ത കാലം എം.എൽ.എ.മാരുടെ കാര്യം ഒരു ഉദാഹരണം. പറഞ്ഞുവെന്നേയുള്ളൂ. ഗവൺമെന്റ് ഇഷ്യൂ ചെയ്ത ചെക്കുമായി ട്രഷറിയിൽ കയറിയിറങ്ങി നടക്കുന്ന വികലാംഗരുടേയും വിധവകളുടേയും ചിത്രം കേരള ഗവൺമെന്റിന് കാണാൻ എന്തുകൊണ്ട് കഴിയുന്നില്ല. അവരുടെ കണ്ണീരിൽ ഈ ഗവൺമെന്റ് ഒലിച്ചുപോകും. ഒരു സംശയവും വേണ്ട. ഒരു നീണ്ട പ്രസംഗം കൊണ്ടൊന്നും ഈ ഗവൺമെന്റിന്റെ ജാള്യത മറച്ച് വയ്ക്കാൻ പറ്റില്ല. ഗവർണ്ണറെക്കൊണ്ട് എന്തൊക്കെയാണ് പറയിച്ചിരിക്കുന്നത്. ഞാൻ കാർഷിക മേഖലയിൽ നിന്നും വരുന്നയാളാണ്. 30-ാമത്തെ പാരഗ്രാഫിൽ ഗവർണ്ണറെക്കൊണ്ട് കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് ചെയ്ത സേവനങ്ങളെപ്പറ്റി വളരെ വാചാലമായി പറഞ്ഞിരിക്കുന്നു. റബ്ബറിനെപ്പറ്റിയും നാളികേരത്തെപ്പറ്റിയും ഒക്കെ. ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു വാചകം ഉണ്ട്. ഭാരത സർക്കാർ സ്വീകരിച്ച നയങ്ങൾ കാരണം നാളികേരത്തിന്റേയും കുരുമുളകിന്റേയും റബ്ബറിന്റേയും തേയിലയുടേയും കാപ്പിയുടേയും അടയ്ക്കയുടേയും വില കുത്തനെ താഴാൻ ആരംഭിച്ചപ്പോൾ എന്റെ ഗവൺമെന്റ് കർഷകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുവേണ്ടി ശ്രദ്ധ കേന്ദ്രീകരിച്ചു. ഞാൻ ചോദിക്കട്ടെ, കുരുമുളകിനുവേണ്ടി എന്തു ചെയ്തു? കാപ്പിക്കുവേണ്ടി എന്തു ചെയ്തു? അടയ്ക്കക്കുവേണ്ടി എന്തു ചെയ്തു? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ബാക്കി പറയണ്ടേ? നാളികേരത്തിനും റബ്ബറിനും ചെയ്യാത്ത കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. നിങ്ങൾ കുരുമുളകിന്റേയും കാപ്പിയുടേയും അടയ്ക്കയുടേയും വില തകർന്നപ്പോൾ എന്തു നടപടിയാണ് സ്വീകരിച്ചത്? ഒരു പൈസയുടെ സഹായം ചെയ്തിട്ടുണ്ടോ? ഇവിടെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പ്രസംഗിക്കുകയല്ലാതെ കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. ഞങ്ങൾ വിമോചന യാത്ര നടത്തുന്നു. കൃഷിക്കാരെപ്പറ്റി ഒന്നും സംസാരിക്കുന്നില്ല എന്നാണ് ശ്രീമതി മെഴ്സിക്കുട്ടി അമ്മ പറഞ്ഞത്. കൃഷിക്കാരുടെ കാര്യം പറഞ്ഞോ എന്ന് ഒന്ന് വന്ന് കേൾക്കണം. 24-ാം തീയതി ശ്രീ. എ. കെ. ആന്റണി പ്രസംഗിക്കുമ്പോൾ ഒന്ന് കേൾക്കണം. നിങ്ങൾ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻവേണ്ടി ആയിരം കോടി രൂപയല്ലേ ചെലവഴിച്ചത്? സർക്കാർ ഉദ്യോഗസ്ഥൻമാരെ പോലെ തന്നെയല്ലേ കേരളത്തിലെ കർഷകർ? നിങ്ങൾ ധാരാളമായി പ്രസംഗിക്കും. ഞങ്ങൾ അത്രയും പ്രസംഗിക്കുന്നില്ല. ഞങ്ങളുടെ പ്രസംഗം മോശം. നിങ്ങളുടെ പ്രസംഗം ഗംഭീരം. പ്രസംഗം കൊണ്ട് വിശപ്പ് മാറുമോ? കർഷകരുടെ പ്രശ്നങ്ങൾ തീരുമോ? സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള വർദ്ധനവിനുവേണ്ടി ആയിരം കോടി രൂപ ഈ സാമ്പത്തിക ബുദ്ധിമുട്ടിൽ കണ്ടെത്താൻ കഴിഞ്ഞ കേരള ഗവൺമെന്റ് കർഷകർക്കുവേണ്ടി ഒരു 100 കോടി രൂപ മാറ്റി വയ്ക്കണമെന്ന് പറയാൻ ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മയ്ക്കോ പ്രിയപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. രാജേന്ദ്രനോ കഴിയുമോ? ഞങ്ങളെക്കാൾ നന്നായി നിങ്ങൾ പ്രസംഗിക്കുന്നു. ഒരു 100 കോടി രൂപ മാറ്റി വയ്ക്കണമെന്ന് ഈ ഗവൺമെന്റിനെക്കൊണ്ട് പറയിപ്പിക്കാനും ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ചെയ്യിക്കാനും നിങ്ങളെക്കൊണ്ട് കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഈ നിയമസഭയിൽ 1997-ൽ ഒരു ഔദ്യോഗിക പ്രമേയം മുഖ്യമന്ത്രി അവതരിപ്പിച്ചിട്ട്, ഒരു കിലോ റബ്ബർ 55 രൂപ വച്ച് 40,000 ടൺ റബ്ബർ ശേഖരിച്ച് കയറ്റുമതിചെയ്യുന്ന ഒരു ഔദ്യോഗിക പ്രമേയം മുഖ്യമന്ത്രി അവതരിപ്പിച്ച് പാസ്സാക്കി. 5 രൂപ കൂട്ടിക്കിട്ടണമെന്ന് ഒരു ഭേദഗതി കൊടുത്തപ്പോൾ തള്ളിക്കളഞ്ഞു. ഒരു കിലോ റബ്ബറെങ്കിലും ശേഖരിച്ചോ എന്ന് അറിയാമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്തില്ലെന്ന് പറഞ്ഞു. കേരളത്തിൽ തൃശൂർ, പാലക്കാട്, കുട്ടനാട് തുടങ്ങിയ നെൽകൃഷി മേഖലയ്ക്കായിട്ട് 25 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും ഇരുപ്പുകൃഷി ഇറക്കുന്നതിനും നെൽകൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇപ്പോൾ കൃഷി വകുപ്പ് ചെലവഴിച്ചത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? നിരവധി പാടശേഖര കമ്മിറ്റിയുടെ പ്രസിഡന്റുമാർ നിങ്ങളുടെ കോൺഗ്രസ് പാർട്ടി പ്രവർത്തകരല്ലേ ? അത് നിഷേധിക്കാൻ കഴിയുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ ഗവൺമെന്റ് വന്നതിനുശേഷം 12,000 ടൺ റബ്ബർ കയറ്റുമതി ചെയ്തു കഴിഞ്ഞു എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ആദരവുണ്ട്. കയറ്റുമതികൊണ്ട് പരിഹരിക്കപ്പെടാൻ കഴിയുന്നതാണോ കേരളത്തിലെ നെൽകൃഷിക്കാരുടെ പ്രശ്നം ? കൃഷിക്കാരോട് ആത്മാർത്ഥത ഉണ്ടെങ്കിൽ അങ്ങ് പ്രതിപക്ഷത്തിരുന്നപ്പോൾ ആവശ്യപ്പെടുമായിരുന്നു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ റബ്ബറിന് 65 രൂപ വില, എത്രയോ സ്ഥലത്ത് നിങ്ങൾ പ്രസംഗിച്ചിരിക്കുന്നു 100 രൂപ വേണമെന്ന് അഞ്ച് വർഷം കൊണ്ട് 12,000 കിലോ റബ്ബർ കയറ്റുമതി ചെയ്തതുകൊണ്ട് റബ്ബർ കൃഷിക്കാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകുമോ ? ശ്രീ. തങ്കച്ചൻ ഇവിടെ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം എല്ലാപേർക്കുമറിയാം. ശ്രീ. ഇ. കെ. നായനാരെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. കുളിച്ചില്ലെങ്കിലും പുരപ്പുറത്ത് കിടക്കണം എന്നതാണ് നായനാരുടെ നയം. പ്രസംഗത്തിന് ഒരു കുറവുമില്ല.

ശ്രീമതി മെഴ്സിക്കുട്ടി അമ്മ : അങ്ങ് ഇവിടെ സൂചിപ്പിച്ചു 100 കോടി രൂപ മാറ്റി വയ്ക്കാൻ ആവശ്യപ്പെടണമെന്ന്. സന്തോഷമേയുള്ളൂ ഈ ഗവൺമെന്റിന്റെ കാലയളവിൽ ഒന്നേകാൽ ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ അധികമായി കൃഷി ചെയ്യുകയും മുന്നര ലക്ഷം കൃഷിക്കാർക്ക് വിത്തും വളവും കൊടുക്കുകയും ആയിരത്തിലേറെ കോടി രൂപ ജനകീയാസൂത്രണത്തിലൂടെ കർഷകർക്ക് നല്കി സഹായിച്ചിട്ടുമുണ്ടെന്നുള്ള വസ്തുത അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മയോട് ഞാൻ എല്ലാ ബഹുമാനത്തോടും കൂടി പറയുന്നു. ഇതിന് ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. കാരണം മറുപടി പറഞ്ഞ് ഉള്ള സൗഹൃദം കളയരുതെന്ന് എനിക്ക് ആഗ്രഹമുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട ശ്രീ. രാജേന്ദ്രൻ പറഞ്ഞല്ലോ!

നെൽകൃഷിക്ക് ചെയ്ത സഹായത്തെപ്പറ്റി നാട്ടിൽ പോയി പറയരുത് കേട്ടോ. മുൻ കാലങ്ങളിൽ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളല്ലാതെ, മുൻകാലങ്ങളിൽ നടന്ന പദ്ധതി പ്രവർത്തനമല്ലാത്ത ഒരു കാര്യവും നെൽകൃഷിക്കാർക്കുവേണ്ടി ചെയ്തിട്ടില്ല. ശ്രീ. രാജേന്ദ്രനോട് ഒരു കാര്യം ചോദിക്കട്ടെ. ക്ഷേമപദ്ധതികളെപ്പറ്റി അങ്ങ് വാചാലമായി പ്രസംഗിച്ചു. ശ്രീ. ജോണി നെല്ലൂർ സംസാരിച്ചപ്പോൾ അങ്ങ് വളരെ കുപിതനായി. സ്വാതന്ത്ര്യസമര സേനാനികൾക്ക് വർദ്ധിപ്പിച്ച പെൻഷൻ കിട്ടിയില്ല എന്ന് മാത്രമല്ല ചില സ്ഥലങ്ങളിൽ വർദ്ധിപ്പിച്ച പെൻഷൻ കൊടുത്തത് തിരിച്ച് പിടിക്കുകയും ചെയ്യുന്നു എന്നാണ് പരാതി. അങ്ങല്ലേ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വർദ്ധിപ്പിച്ച പെൻഷൻ കൊടുക്കണമെന്ന് ഒരു സബ്മിഷൻ ഉന്നയിച്ചത്. അങ്ങേയ്ക്ക് നന്നായിട്ട് മറുപടി കിട്ടിയല്ലോ. ആ പെൻഷൻ കൊടുത്തിട്ടുണ്ടോ ? ഈ നോട്ടീസ് നിങ്ങൾക്ക് കിട്ടിയില്ലേ ? എന്നിട്ട് ഗവർണ്ണറെ കൊണ്ട് പറയിപ്പിക്കുകയാണ് സ്വാതന്ത്ര്യസമര സേനാനികൾക്ക് സഹായം ചെയ്തുവെന്ന്. ഒന്നു രണ്ട് കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ക്രമസമാധാന നിലയെപ്പറ്റി ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചു. അത് ഗവർണ്ണറെക്കൊണ്ട് പറയിക്കണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കേരളത്തിൽ ആദ്യമായി ഒരു ജില്ലാ കളക്ടറെ ബന്ദിയാക്കുന്നത്. വർഷം നാലേമുക്കാൽ ആയല്ലോ. പ്രതികളെ പിടിച്ചോ ? വാർത്താ മാദ്ധ്യമങ്ങൾക്കും ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്കും പ്രതികൾ 3 പ്രാവശ്യം ഇന്റർവ്യൂ കൊടുത്തില്ലേ ? പിടികിട്ടാപ്പുള്ളികളെ പിടിക്കുമെന്ന് പറഞ്ഞല്ലോ നമ്മുടെ മുഖ്യമന്ത്രി. മുഖ്യമന്ത്രി പറഞ്ഞല്ലോ വീരപ്പനെ പിടിക്കുമായിരുന്നുവെന്ന്. ജില്ലാ കളക്ടറെ ബന്ദിയാക്കിയ പ്രതികളെ പിടിക്കാൻ കഴിഞ്ഞോ ? ഇൻഡ്യാ രാജ്യത്ത് ആദ്യമായി ജില്ലാകളക്ടറെ ബന്ദിയാക്കിയ പ്രതികളെ പിടിക്കാൻ കഴിഞ്ഞോ ? ഇൻഡ്യാ രാജ്യത്തത് ആദ്യമായി ജില്ലാ കളക്ടറെ ബന്ദിയാക്കിയ പ്രതികളെ പിടിക്കാൻ കഴിയാത്ത ഗവൺമെന്റാണ് എന്റെ ഗവൺമെന്റ് എന്ന് ഈ ഗവർണ്ണറെകൊണ്ട് പ്രസംഗിപ്പിക്കാമായിരുന്നില്ലേ ? വിദ്യാർത്ഥികളെ പുഴയിലെറിഞ്ഞ് കൊന്നു. ആ കാര്യത്തിൽ കോടതിയുടെ പരാമർശമെന്താണ് ? കൊല്ലപ്പെട്ട കുട്ടികളുടെ മാതാപിതാക്കളുടെ ദുരവസ്ഥ ഓർത്ത് ഞാൻ കേഴുന്നു എന്ന് കോടതി പറഞ്ഞു. എത്രയൊക്കെ പുതുമയുണ്ട് ? വേറെയും ചില കാര്യങ്ങൾ പറയാനുണ്ട്.

കേരളത്തിന്റെ ചരിത്രത്തിൽ അങ്ങയുടെ മന്ത്രിസഭയിൽ നിന്നാണ് ഗവർണ്ണറെക്കൊണ്ട് ഒരു മന്ത്രിയെ പുറത്താക്കിയത്. കാരണം ഞാൻ പറയുന്നില്ല. അങ്ങയുടെ മന്ത്രിസഭയ്ക്ക് അവകാശപ്പെടാൻ കഴിയുന്ന ഗവൺമെന്റിന് അവകാശപ്പെടാൻ കഴിയുന്ന നേട്ടം അങ്ങയുടെ ഗവൺമെന്റിന്റെ കാലത്താണ് മനുഷ്യന്റെ പുറത്ത് 'ചാപ്പകുത്തി' എന്നുപറയുന്ന രാഷ്ട്രീയ സംസ്കാരം ഉണ്ടായത്. ആ പുതിയ രാഷ്ട്രീയ സംസ്കാരത്തിന്റെ തുടക്കം അങ്ങയുടെ ഗവൺമെന്റിന്റെ കാലത്താണ്. അതുമാത്രമാണോ, ഒരു മുഖ്യമന്ത്രിയെപ്പറ്റി സി.ബി.ഐ. അന്വേഷണം നടത്തുന്നുണ്ട് ഈ കേരള സംസ്ഥാനത്തല്ലേ ? അഴിമതി ആരോപണത്തിന് വിധേയരായിരിക്കുന്ന ആളുകൾ അധികാരം ഒഴിയണം എന്നുപറയുന്ന രാഷ്ട്രീയ സംസ്കാരം എവിടെപ്പോയി ? അങ്ങയുടെ ഗവൺമെന്റിനെപ്പറ്റി സി.ബി.ഐ. അന്വേഷണം നടത്തുന്നു എന്ന് മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മറുപടിയാണ്. കോടതിയുടെ നിർദ്ദേശം അനുസരിച്ചാണ് അന്വേഷണം, ഫയലുകൾ ആവശ്യപ്പെട്ടു എന്ന് മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ പറയുന്നു. ഇവിടെ കേരളത്തിൽ ആദ്യമായിട്ടല്ലേ ആത്മാഹൂതി നടത്തുന്നത്. ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ ? അവിടെകൊണ്ടും തീർന്നോ ? ബോംബു നിർമ്മാണം ഏഴ് വയസ്സുള്ള കുട്ടി ബോംബ് പൊട്ടിമരിക്കുന്നു. കുപ്പത്തൊട്ടിയിൽനിന്ന് പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ആൾക്ക് ബോംബ് പൊട്ടി കൈ അറ്റുപോകുന്നു. ബോംബിനെ കുടിൽ വ്യവസായമാക്കിയത് ഈ ഗവൺമെന്റാണ്. ഇത് ഈ ഗവൺമെന്റിന്റെ നേട്ടത്തിന്റെ പട്ടികയിൽപ്പെടും. ആത്മാഹൂതി കേരളത്തിൽ ആദ്യം കുറിച്ചിയിൽ ഒരു ഹരിജൻ യുവാവ് ആത്മാഹൂതി ചെയ്തു. ഇത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. പിന്നെ ക്ലാസ് മുറിയിലിട്ട് അദ്ധ്യാപകനെ എങ്ങനെയാണ് വെട്ടിക്കൊല്ലേണ്ടത് എന്ന് ഇന്ത്യാ രാജ്യത്തെ പഠിപ്പിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അങ്ങേക്ക് അഭിമാനിക്കാം. അങ്ങനെ നേട്ടങ്ങളുടെ പട്ടികയുമായി അങ്ങയുടെ ഗവൺമെന്റ് നിൽക്കുന്നു. ഇവിടെ ഇന്നലെ ഞാൻ ശ്രീ.ഗോവിന്ദൻമാസ്റ്ററുടെ പ്രസംഗം കേട്ടു. അദ്ദേഹം ഇവിടെ ഉണ്ട്. ആ പ്രസംഗത്തിന്റെ ഒരു വാചകം ഞാൻ ആവർത്തിക്കുകയാണ്. അദ്ദേഹം പറഞ്ഞു അടുത്ത തെരഞ്ഞെടുപ്പിൽ എന്തു വില കൊടുത്തും അധികാരത്തിൽ വരുമെന്ന്. എന്തു വിലയാണ് നിങ്ങൾ അധികാരത്തിൽ വരാൻവേണ്ടി കൊടുക്കുന്നത് ? നിങ്ങളുടെ പ്രസംഗം ഞാൻ ആവർത്തിക്കുന്നു. നിങ്ങൾ ആവേശകരമായി പൊതുവേദികളിൽ നടത്തുന്ന പ്രസംഗം ആവർത്തിച്ചതില്ലെന്ന് ഞാൻ വിചാരിക്കുകയാണ്. എന്തു വില കൊടുത്തും ഇടതുമുന്നണി അധികാരത്തിലേക്ക് വരും അതിനുള്ള പശ്ചാത്തലവും സംവിധാനവും ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നാണ് പറഞ്ഞത്. എന്താ പശ്ചാത്തലവും സംവിധാനവും ? 'കണ്ണൂർ മോഡൽ' കേരളം മുഴുവൻ ആവർത്തിച്ച് ബോംബു കൊണ്ട് തെരഞ്ഞെടുപ്പ് പ്രവർത്തനത്തെ അട്ടിമറിച്ച് അധികാരത്തിൽ വരാം എന്ന് ഓർത്ത്, അഹങ്കാരത്തിന്റെ ഭാഷയിൽ സംസാരിക്കുകയാണ്. അത് നടക്കാൻ പോകുന്നില്ല മി. ഗോവിന്ദൻ മാസ്റ്റർ. നടക്കാൻ പോകുന്നില്ല. ഇത് കേരളമാണ്. ജനപിന്തുണ തേടി ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ മടങ്ങിവരും ഞങ്ങൾക്ക് യാതൊരു സംശയവും ഇല്ല. നാല് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നു. ഈ തെരഞ്ഞെടുപ്പിന്റെ ബാക്കിപത്രം തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഈ നാല് സംസ്ഥാനത്തും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അധികാർത്തിൽ ഉണ്ടാകുകയില്ല. രണ്ട് സംസ്ഥാനം ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ഭരിക്കുന്നു, രണ്ട് സംസ്ഥാനങ്ങളിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ നിന്ന് പുറത്താകും. നാല് സംസ്ഥാനങ്ങളിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അധികാരത്തിൽ പങ്ക് ഉണ്ടായിരിക്കില്ല. ഈ കാര്യമാണ് അടുത്ത തെരഞ്ഞെടുപ്പിൽ നടക്കാൻ പോകുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു തെരഞ്ഞെടുപ്പിനെ അട്ടിമറിച്ച് കായികബലം കൊണ്ട് തെരഞ്ഞെടുപ്പിൽ ജയിച്ചുവരാമെന്നുള്ള ധാരണ ആർക്കും വേണ്ട. അങ്ങനെയുള്ള അഹങ്കരിച്ചവരെ ഒന്നും കേരള ജനത വെറുതേ വിട്ടിട്ടില്ല എന്നകാര്യം ഓർമ്മിക്കുന്നത് നന്ന്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രാവശ്യവും ഒരു ചെറിയ വ്യത്യാസം ഉണ്ട്. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ പ്രധാന പ്രശ്നം കണ്ണൂരിലെ മുതലയായിരുന്നു. മുതലയെ പിടിച്ചുകെട്ടി. രാജവെമ്പാലയെ കൂട്ടിലേക്ക് കയറ്റി ഇതൊക്കെയായിരുന്നു കഴിഞ്ഞ പ്രാവശ്യം. ഈ പ്രാവശ്യം അതിൽനിന്ന് മാറി കുറച്ച് വ്യത്യാസം വന്നു ഈ പ്രാവശ്യം പറയുന്നത് നാദാപുരത്തെ ബലാൽസംഗമാണ്. ഒരു പുതിയ രീതിയാണ്. ഈ പ്രാവശ്യം വന്നത്. ഇപ്പോൾ തന്നെ അവസാനം നമ്മുടെ ശ്രീ. അഗസ്തി പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന് വാചകം കിട്ടുന്നില്ല. എന്തോ ഒരു പന്തികേട് വന്നിട്ടുണ്ട്. സാരമില്ല. കുറേ കടലാസുകൾ കൊണ്ടുവന്ന് കുറേ

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ)

കണക്ക് ഇങ്ങനെ വായിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വകതിരിവുമില്ലാത്ത രീതിയിലേക്ക് പ്രതിപക്ഷം പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഇതിനർത്ഥം. സാരമില്ല. നമുക്ക് അതിന് മാറ്റം വരുത്താം. നിങ്ങൾ ഒന്നുകൂടി ശ്രദ്ധിച്ചാൽ ഇതിന് മാറ്റം വരുത്താം. ഇന്നലെ ശ്രീ. തങ്കച്ചന്റെ പ്രസംഗവും ചീറ്റിപ്പോയി. കാർഷിക രംഗത്തുള്ള കുഴപ്പങ്ങൾ മുഴുവനും ഈ ഗവൺമെന്റ് ആണെന്ന് പറഞ്ഞു. ഇതൊന്നും ക്ലച്ച് പിടിക്കാൻ പോകുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾക്ക് ഈ കാര്യങ്ങളെപ്പറ്റി എല്ലാം അറിയാം. ഇപ്പോൾ ശ്രീ. ആന്റണി നടത്തിക്കൊണ്ടിരിക്കുന്ന ജാഥ. ഇപ്പോഴത്തെ മോചനജാഥ. ആദ്യം നടത്തിയത് വിമോചന ജാഥ. ലേശം വ്യത്യാസം 'വി' പോയി 'മോചന' ആയി. വിമോചന സമരജാഥ. ഇപ്രാവശ്യം മോചനജാഥ.

ശ്രീ. പി. പി. തങ്കച്ചൻ : രണ്ട് ജാഥകൾ നിങ്ങളും നടത്തിയല്ലോ. അതിന്റെ പേരെന്താ, ധനമുന്നേറ്റ യാത്രയോ ?

ശ്രീ. എ. കണാരൻ : ജനമുന്നേറ്റ യാത്രയാ.

ശ്രീ. പി. പി. തങ്കച്ചൻ : ധനമുന്നേറ്റ യാത്രയാ.

ശ്രീ. കണാരൻ : ജനമുന്നേറ്റ ജാഥയാ, ഈ സാമൂഹ്യസമ്പദ്ഘടനയിലെ കൊള്ളരുതായ്മയെ അവസാനിപ്പിക്കാൻ വേണ്ടി എല്ലാ ജനവിഭാഗങ്ങളെയും ഒന്നായി ചേർത്തിട്ടുള്ള ഒരു വമ്പിച്ച ജനമുന്നേറ്റ ജാഥ. അതിൽ കോൺഗ്രസ്സുംപെടും. ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത് അന്നത്തെ വിമോചന ജാഥ. ഇന്നത്തെ മോചനജാഥ, ഈ രണ്ട് ജാഥയും ആർക്കുവേണ്ടിയാ ? ഇതിന്റെ പ്രശ്നം അതാണ്. 1957-ൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ പാടില്ല എന്നുപറഞ്ഞ് ഒരു പ്രാകൃതമായ സാമൂഹ്യ സമ്പദ്ഘടന കെട്ടിപ്പടുക്കാനുള്ള നിയമം കൊണ്ടുവന്നു. കുടികിടപ്പുകാരന് അവകാശം അവരെ ഒഴിപ്പിക്കാൻ പാടില്ല എന്നുപറഞ്ഞു. ഈ രാജ്യത്തിലെ പിന്നോക്കം കിടക്കുന്ന ഈഴവ, മുസ്ലീം, ഹരിജന വിഭാഗം പിന്നോക്ക ജാതി, തുടങ്ങി പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകാനും ജാതിബഞ്ച് അവസാനിപ്പിച്ച് ഒറ്റ ബഞ്ച് ആക്കിമാറ്റാനും അദ്ധ്യാപകൻമാർക്ക് നേരിട്ട് ശമ്പളം കൊടുക്കാനുമുള്ള ചരിത്രപ്രസിദ്ധമായ ഒരു നിയമം കൊണ്ടുവന്നു. ആ നിയമം കൊണ്ടുവന്നപ്പോൾ അത് സവർണ്ണ മേധാവിത്വത്തിന് എതിരാണ്. ശ്രീ. തങ്കച്ചനറിയാം സവർണ്ണമേധാവിത്വത്തിനും

സംവരണ മേധാവിത്വത്തിനും അത് എതിരാണ്. ഈ രാജ്യത്തിലെ പതിനായിക്കണക്കിന് ലക്ഷക്കണക്കിന് സാധാരണക്കാരായ ജനങ്ങൾ ഈ നാടിന്റെ ഉന്നത മേഖലയിലേയ്ക്ക് ഉയർന്നുവരും എന്നു കണ്ടപ്പോൾ ഈ രാജ്യത്തെ സമ്പന്ന പ്രമാണിവർഗ്ഗത്തിന്റെ ദാസനായി ശ്രീ. ആന്റണി വിമോചന സമരവുമായി മുന്നോട്ടുവന്നു. യാഥാർത്ഥ്യം അതല്ലേ? ഇപ്പോൾ അദ്ദേഹം മോചനജാഥ നടത്തുന്നു. അന്നും ഇന്നും ഒന്നുതന്നെയാണ്. ഇന്ന് സവർണ്ണ മേധാവിത്വത്തിന്റെയും സമ്പന്നവിഭാഗത്തിന്റേയും ചട്ടുകമായി അധഃപതിച്ചതിൽ ഖേദമുണ്ട്. ഞാൻ അദ്ദേഹത്തോട് ബഹുമാനമുള്ള ആളാണ്. അദ്ദേഹം ഇത്ര അധഃപതിച്ചുപോയതിൽ എനിക്ക് ഖേദമുണ്ട്. ഞാൻ വലിയ കണക്കുകൾ ഒന്നും പറയുന്നില്ല. ഇവിടെ കുറേ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഞാൻ കണക്ക് ശാസ്ത്രമൊന്നുമല്ല പറയുന്നത്. വീടില്ലാത്ത ദരിദ്ര ജനവിഭാഗങ്ങൾക്ക് 3,06,000 വീട് കൊടുത്തു. മോശമാണോ? തകരാറാണോ? ഈ ഗവൺമെന്റ് ജനദ്രോഹ ഗവൺമെന്റാണോ? ജനദ്രോഹ ഗവൺമെന്റ് എന്നുപറയുന്നവനെ അവന്റെ നേരെ എന്ത് പ്രയോഗിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കിയാൽ മതി. 3,06,000 പേർക്ക് വീടുണ്ടാക്കി കൊടുത്തു. ആരോഗ്യപൂർണ്ണവും വൃത്തിയുള്ള ജീവിതസാഹചര്യവും ഒരുക്കാൻ വേണ്ടി 4,13,000 പേർക്ക് കക്കൂസ് ഉണ്ടാക്കിക്കൊടുത്തു. വലിയ വലുതൊന്നുമല്ല. നാലു കൊല്ലം കൊണ്ട് ഈ ഗവൺമെന്റ് ചെയ്തുകൊടുത്തതാണ്. തകർന്നുവീണ 1,18,000 വീടുകൾ പുതുക്കിക്കൊടുത്തു. ഇത് മനസ്സിലാക്കൂ ശ്രീ. തങ്കച്ചൻ വിവരക്കേട് സംസാരിക്കരുത്. 1,18,000 പേർക്ക് വീടുണ്ടാക്കിക്കൊടുത്തു. കുടിവെള്ളത്തിന്റെ കാര്യം കുന്നിന്റെ മുകളിലും ചതുപ്പുനിലങ്ങളിലും പാറക്കെട്ടുകളിലും താമസിക്കുന്ന പാവപ്പെട്ടവരായ ഈ രാജ്യത്തിലെ പതിനായിരക്കണക്കിന് ഹരിജൻ ആദിവാസി പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെട്ടവർ മലിന ജലം കുടിക്കുന്നു. ആ ജനവിഭാഗങ്ങൾക്ക് 32,000 ടാപ്പ് സ്ഥാപിച്ചുകൊടുത്തു. 87,000 കിണർ കുഴിച്ചുകൊടുത്തു. കുടിവെള്ളം കിട്ടുന്ന, ഇഷ്ടംപോലെ വെള്ളം കിട്ടുന്ന പൈപ്പുള്ള നിങ്ങൾക്ക് ഇതൊന്നും വലിയ കാര്യമല്ല. എന്നെപ്പോലെ ഈ രാജ്യത്തിലെ പതിനായിരക്കണക്കിന് പാവപ്പെട്ടവന് ഇത് വലിയ കാര്യമാണ്. നാട്ടിൻപുറങ്ങളും പട്ടണപ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിക്കാൻവേണ്ടി 17,188 കിലോമീറ്റർ റോഡ് ഉണ്ടാക്കി. ഇതിനെപ്പറ്റി ഞാൻ കൂടുതലായി പറയുന്നില്ല. എന്നിട്ട് എന്താണ് കേൾക്കുന്നത് ജനദ്രോഹ ഗവൺമെന്റാണിത്. എവിടേയും പോയി പറയണ്ട, നമ്മൾ തമ്മിലുള്ള സ്നേഹം കൊണ്ട് പറയുകയാണ്. കലാപമാണെന്നും പറയണ്ട. ബലാൽസംഗത്തിന്റെ കാര്യവും പറയണ്ട. എവിടേയും പോയി സംസാരിക്കുകയും വേണ്ട. സ്വാതന്ത്ര്യസമരസേനാനികൾക്ക് പെൻഷൻ ആനുകൂല്യം വർദ്ധിപ്പിച്ചു. മരണാനന്തര ചടങ്ങിന് ആയിരം രൂപയെന്നത് മൂവായിരം രൂപയാക്കി വർദ്ധിപ്പിച്ചു. ഈ രാജ്യത്ത് സാമ്രാജ്യവിരുദ്ധ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്ത് സ്വാതന്ത്ര്യസമര പോരാളികളായ നമുക്കുവേണ്ടി ഇന്നിവിടെ ഇരിക്കാനും ഭരണഘടനയെപ്പറ്റി വ്യാഖ്യാനിക്കാനും എല്ലാംകൂടി ചേർന്ന് എന്തിനും വേണ്ടി ത്യാഗം ചെയ്ത് പരിശ്രമിച്ച് പണിയെടുത്ത നമ്മുടെ സ്വാതന്ത്ര്യ സമരസേനാനി, കോൺഗ്രസ് പാർട്ടിയിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പെട്ടവർക്ക് മരണാനന്തര ചടങ്ങിന് ആയിരം രൂപ

LIBRARY ARCHIVES Kerala Legislative Assembly

എന്നത് മൂവായിരം രൂപ ആക്കി വർദ്ധിപ്പിച്ചു. നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നുമില്ലപോലും നിങ്ങൾ ഭരിച്ചപ്പോൾ എന്തെങ്കിവും ഉണ്ടായോ ? പട്ടികജാതിയിൽപ്പെട്ടവർക്ക് 1, 17,000 പേർക്ക് വീടുകൾ നൽകി. ആദിവാസി, കടലിന്റെ മക്കൾ, കാടിന്റെ മക്കൾ, കാടിന്റെ ഉൾഭാഗത്ത് വീരപ്പനെ പിടിക്കാൻ വേണ്ടി 32 കിലോമീറ്ററിനുള്ളിൽ, ഉള്ളിന്റെയുള്ളിൽ മരപ്പൊത്തുകളിലും, കാടുകളിലും മൃഗങ്ങളുമായി ബന്ധപ്പെട്ട് ജീവിച്ചുകൊണ്ടിരിക്കുന്ന എന്റെ പ്രിയപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്ക് 1,17,000 പേർക്ക് വീടുണ്ടാക്കി കൊടുത്തു. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് എഴുപത് ശതമാനം കൺസെഷൻ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ നൽകാൻവേണ്ടി 19,319 പേർക്ക് 75 കോടി ഉറുപ്പിക വായ്പ നൽകി. അവർ ഇപ്പോൾ കച്ചവടത്തിലും ചിലർ നെയ്ത്തു ജോലിയിലും ഏർപ്പെട്ട് കൊണ്ടിരിക്കുകയാണ്. ഈ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കൃഷിഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് അൻപത് സെന്റ് ഭൂമി വാങ്ങാൻ അൻപതിനായിരം ഉറുപ്പിക ഗ്രാന്റ് നൽകി. നാളിതുവരെ ഭരിച്ച മറ്റു ഗവൺമെന്റുകൾ ഈ ജനവിഭാഗങ്ങളോട് കരുണ കാണിക്കാൻ തയ്യാറായിട്ടുണ്ടോ? അമ്പത് സെന്റ് ഭൂമിയില്ലാത്ത ഒറ്റ പട്ടികജാതി/പട്ടികവർഗ്ഗക്കാരും പാടില്ല എന്നുപറഞ്ഞുകൊണ്ട് അവർക്ക് അൻപതിനായിരം ഉറുപ്പിക ഗ്രാന്റ് നൽകി. തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി അപകടം മൂലം മരണപ്പെട്ടുകഴിഞ്ഞാൽ ഒരു ലക്ഷവും പണിയെടുക്കാൻ പറ്റാതെ ശാരീരികമായി ശേഷി നശിച്ചവരാണെങ്കിൽ അര ലക്ഷവും ഉറുപ്പിക നൽകാനുള്ള ഏർപ്പാട് ഉണ്ടാക്കി. ഒന്നും ഇല്ലപോലും, എന്താണ്, എന്താണ്, ഈ സംസാരിക്കുന്നത്. വൈദ്യുതി രംഗത്ത് വലിയ പുരോഗതിയുണ്ടാക്കി. 957 മെഗാവാട്ട് വൈദ്യുതിയുല്പ്പാദിപ്പിച്ചു. അൻപത് കൊല്ലം ഉല്പാദിപ്പിച്ച വൈദ്യുതിയേക്കാൾ ഇരട്ടി വൈദ്യുതിയുൽപ്പാദിപ്പിച്ച് മൂന്നു ലക്ഷത്തി പതിനാറായിരം പേർക്ക് പുതിയ കണക്ഷൻ നൽകി. മാർച്ച് മുപ്പത്തിയൊന്നിന് രണ്ട് ലക്ഷംപേർക്ക് കൂടി കണക്ഷൻ നൽകുമെന്ന് പ്രഖ്യപിച്ചിട്ടുണ്ട്. എന്റെ ആന്റണി, ആന്റണി പറയുകയാണ്. ഞാൻ അധികാരത്തിൽ വന്നുകഴിഞ്ഞാൽ സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കും. ഓഹോ, മടങ്ങിവന്നു കഴിഞ്ഞാൽ സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കും, കോൺഗ്രസിന് അപമാനകരമാണിത്. സ്വകാര്യമേഖലയിൽ ലക്ഷക്കണക്കിന് ഉറുപ്പിക കൊടുത്തിട്ട് പഠിച്ചിട്ട് ഡോക്ടറാകാനും അതുപോലെ എൻജിനീയറാകാനും ഈ സമ്പന്നപ്രമാണി വർഗ്ഗം മതിയല്ലേ ഇവിടെ. വാ നമുക്ക് ഒന്നായി സംസാരിക്കാം. പബ്ലിക് മീറ്റിംഗിൽ ഒന്നായി പറയാം. സമ്പന്നപ്രമാണിവർഗ്ഗം ലക്ഷക്കണക്കിന്.....

ശ്രീ. പി. പി. തങ്കച്ചൻ : സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജ് അനുവദിക്കുകയില്ല എന്നാണോ അങ്ങ് പറയുന്നത്.

ശ്രീ. എ. കണാരൻ : എന്റെ പോയിന്റ് കേൾക്ക്, സഹകരണ മേഖലയിൽ എൻജിനീയറിംഗ് കോളേജ് വന്നതിന്റെ ഫലമായി നാളിതുവരെ ഉണ്ടായിരുന്ന 3952 സീറ്റിന്റെ സ്ഥാനത്ത് 5859 ആയി വർദ്ധിച്ചു. 1907 എണ്ണം വർദ്ധിച്ചു. എന്റെ കണക്ക് കേൾക്കൂ ആദ്യം ഡിപ്ലോമ കോഴ്സിന് 5375 സീറ്റിന്റെ സ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

8710 ആയി വർദ്ധിച്ചു. രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് വർദ്ധിച്ചു. രണ്ടും കൂടി 7848 ആയി വർദ്ധിച്ചു. മെറിറ്റിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഈഴവർക്ക്, മുസ്ലീംങ്ങൾക്ക്, ഹരിജനങ്ങൾക്ക് പാവപ്പെട്ട ഈ സമുദായത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സംവരണതത്വം പാലിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ കോഴ കൊടുക്കാതെ എൻജിനീയറാക്കി മാറ്റുന്ന ഒരു സംസ്ഥാനമായിട്ട് മാറാൻ സഹകരണമേഖലയ്ക്ക് കൊടുത്താൽ എന്താണ് തെറ്റ്, സഹകരണമേഖലയ്ക്കും ഗവൺമെന്റ് മേഖലയിലും കൊടുത്താൽ എന്താണ് തെറ്റ്. സംവരണാടിസ്ഥാനത്തിലും മെറിറ്റടിസ്ഥാനത്തിലും ഈ രാജ്യത്തെ തെങ്ങുകയറ്റ തൊഴിലാളിയുടേയും മത്സ്യത്തൊഴിലാളിയുടേയും മക്കൾ എൻജിനീയർ ആയിക്കഴിഞ്ഞാൽ ആകാശം ഇടിഞ്ഞുപോകുമോ. പ്രശ്നം ഇതാണ്. സർ, നാദാപുരം പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ ഉള്ളതുകൊണ്ട് ഞാൻ കൂടുതലായി അതിലേയ്ക്ക് പോകുന്നില്ല. ഇന്നലെ ശ്രീ. പി. പി. തങ്കച്ചൻ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനെക്കുറിച്ച് സംസാരിച്ചു. ആരാണ് തങ്കച്ചാ പറയൂ ആരാണ് ഇത് ചെയ്തത്. നെല്ലിന്റെ വില അറുന്നൂറ്റിയമ്പതിൽ നിന്ന് നാന്നൂറ്റിയൻപതായി കുറഞ്ഞു. ആരാണ് തങ്കച്ചാ ആരാണ് ഇത് ഉണ്ടാക്കിയത്. ആത്മാർത്ഥമായി സംസാരിക്കൂ. റബ്ബറിന്റെ വില അറുപതെന്നുള്ളത് പതിനാറായി. കാപ്പിയുടെ വില അൻപത്തിയെട്ട് എന്നുള്ളത് മുപ്പതായി. പരുത്തിക്ക് രണ്ടായിരത്തിയഞ്ഞൂറെന്നുള്ളത് ആയിരത്തി അറുന്നൂറായി. നിലക്കടലയുടേത് ആയിരത്തി അഞ്ഞൂറെന്നുള്ളത് നാന്നൂറ്റിയെഴുപതായി അടക്കയുടേത് നൂറ്റിയറുപത് എന്നുള്ളത് അൻപതായി. ചായയുടെ വില എഴുപത്തിയൊമ്പത് എന്നുള്ളത് നാൽപ്പതായി. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ ഉദാരവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും പ്രതിഫലനമല്ലേ ഇത്. സർ, ഞാൻ ആദിവാസി ഹരിജനങ്ങളുടേ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയിരുന്നു. അവരുടെ ഉല്പന്നങ്ങളായ കുട്ടയും പായും മറ്റും പോയതെങ്ങനെയാണ് ? പോയിട്ട് ആലോചിച്ച് സംസാരിച്ചാൽ മതി. ഈ ഉദാരവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും ഫലമായി ഈ രാജ്യം തകർന്ന് തരിപ്പണമായിരിക്കുകയാണ്. അവർ ഉണ്ടാക്കിയിരുന്ന പായും കുട്ടയും മുഴുവൻ നശിച്ചു. ഈ രാജ്യം മുഴുവൻ കാലിയായി. അവർക്ക് ഇന്ന് പട്ടിണിയും പരിവട്ടവുമാണ്. ഒറീസയിൽ മാതാപിതാക്കൾ പെൺകുട്ടികളെ ചില ചെറ്റകൾക്ക് കാമപൂർത്തീകരണത്തിനുവേണ്ടി വിൽപ്പന നടത്തുകയാണ്. ആന്ധ്രയിലും പഞ്ചാബിലും ഇന്ന് കൂട്ട ആത്മഹത്യ നടക്കുകയാണ്. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മൻമോഹൻസിംഗ് ഇതിൽ പങ്കെടുത്തിട്ടുണ്ട്. നിങ്ങൾ മറന്നുപോകരുത്. കാലം നിങ്ങളോട് പ്രതികാരം ചോദിക്കും സംശയം വേണ്ട. ചായത്തോട്ടത്തിൽ എൺപത്തിനാലായിരം പേർ പണിയെടുക്കുന്നുണ്ട്. റബ്ബർ കൃഷിരംഗത്ത് ഇരുപത്തി അയ്യായിരം പേർ പണിയെടുക്കുന്നുണ്ട്. ആറായിരം കോടി ഉറുപ്പിക നമുക്ക് നഷ്ടമുണ്ട്. അപ്പോൾ ഈ പ്രശ്നങ്ങളിൽ കേന്ദ്ര ഗവൺമെന്റിനെതിരായി നമുക്ക് ഒന്നായി മുന്നോട്ടു പോകണം. ശ്രീ. ആന്റണി എന്താണ് പ്രസംഗിക്കുന്നത്. ഈ രാജ്യത്തിലെ കൃഷിക്കാരെ മുഴുവൻ എരപ്പാളികളാക്കി, അവരെ പട്ടിണി മരണത്തിലേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

കുട്ട ആത്മഹത്യയിലേയ്ക്കും തള്ളിവിട്ട ആ ക്രൂരമായ നടപടിക്ക് എതിരെ സമരം ചെയ്യാൻ തയ്യാറാണോ? സർ, ഈ നാദാപുരം സംഭവത്തെക്കുറിച്ച് ശ്രീ. പി. കെ. കെ. ബാവയും കെ. കുട്ടി അഹമ്മദ് കുട്ടിയും പ്രസംഗിച്ചു കേട്ടപ്പോൾ ഞാൻ വല്ലാതെയായിപ്പോയി. എട്ടുവയസ്സായ കുട്ടിയെ ബലാൽസംഗം ചെയ്തു, അവർക്ക് മൂത്രമൊഴിക്കാൻ കഴിയുന്നില്ല എന്നു പറഞ്ഞു. പതിനഞ്ചുപേർ ഒന്നായി അടിവസ്ത്രം അഴിച്ചുമാറ്റി കമ്പിയിൽ കിടത്തി എന്തെല്ലാമാണ് വിശദീകരിച്ചത്, എന്തിനാണ് കുട്ടി അഹമ്മദ് കുട്ടി ഇത്, കമ്പി ബലാൽസംഗമോ ഇത്. ഇപ്പോൾ കമ്പിയുടെ മേൽ സർക്കസ് ബലാൽസംഗമോ, എന്താണ് എന്തെല്ലാമാണ്, ഞങ്ങൾ എല്ലാം ഒന്നാണ് കേട്ടോ. രണ്ട് സ്ത്രീകളുടെ നേരെ ബലാൽസംഗം എന്നാണ് പറയുന്നത്. ബാവയും അഹമ്മദ് കുട്ടിയും അങ്ങനെയാണ് പറഞ്ഞത്. സർ, പോലീസിന് സ്ത്രീ കൊടുത്ത മൊഴിയെന്താണ്, അറിയാമോ. വീട് കൈയേറിയെന്നും സാധനസാമഗ്രികൾ നിലത്തെടുത്തെറിഞ്ഞു എന്നുമാണ്. എ. വി. നിങ്ങൾ മനസ്സിലാക്കി കൊള്ളിൻ. നിങ്ങളും കൂടി അറിഞ്ഞല്ലേ, ഞാൻ നിങ്ങളെ കൈപിടിച്ച് പ്രസംഗിപ്പിച്ചില്ലേ. നമ്മളെല്ലാം ഒന്നല്ലേ, ക്രമസമാധാനശ്രമത്തിന് രണ്ട് സ്ത്രീകൾക്ക് നേരെ ആക്രമണം നടന്നതിനെപ്പറ്റി കേസ് എടുത്തിട്ടുണ്ട്. പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. സ്ത്രീ നൽകിയ പരാതി- എനിക്ക് അറിയാവുന്ന സ്ത്രീയാണ്. നിങ്ങൾ വലിയ വേദാന്തം പറയണ്ട. എനിക്ക് അറിയാവുന്ന സ്ത്രീയാണ്. ആ കുട്ടിയെ എനിക്ക് അറിയാം. ഞാൻ അവിടെ പോയിട്ടുണ്ട്. ഞാൻ പറയുന്നത് കേൾക്കൂ. നശിപ്പിച്ചു എന്നാണ് പറഞ്ഞത്. അവർ പറയുന്നത് നശിപ്പിച്ചു എന്നാണ്. എന്റെ പ്രിയപ്പെട്ട ബാവയുടെ പ്രസംഗം കേട്ടപ്പോൾ ഞെട്ടിപ്പോയി. ഡബിൾ റോളിൽ അഭിനയിക്കാനുള്ള ബാവയുടെ കഴിവ് അപാരമാണ്. എന്റെ ബാവേ നമ്മൾ രണ്ടാളും ഒന്നായി നടക്കുമ്പോൾ ഞാൻ ഒന്നും മനസ്സിലാക്കിയില്ല. അവിടെ കച്ചവട സ്ഥാപനങ്ങൾ, വീടുകൾ എന്നിവയ്ക്ക് നേരെയെല്ലാം കൈയേറ്റമുണ്ടായിട്ടുണ്ട്. മൂന്നു മരണം ഉണ്ടായിട്ടുണ്ട്. സത്യമാണ്, നാദാപുരത്തും എൽ.ഡി.എഫ്.ക്കാരും യു.ഡി.എഫ്.ക്കാരും ഞങ്ങളെല്ലാം ഒരേ അഭിപ്രായക്കാരാണ്. ഞങ്ങളെ ഭിന്നിപ്പിക്കാൻ ആരും നോക്കണ്ട. നാദാപുരം മേഖലയിൽ എൽ.ഡി.എഫ്.ഉം, യു.ഡി.എഫ്-ഉം ഒന്നാണ്. മൂന്നുനാലു തവണ ഞങ്ങൾ യോഗം ചേർന്നു. യോഗം ചേർന്ന് എടുത്ത ഒറ്റകെട്ടായ തീരുമാനമാണ്. വീടുകളും കടകളും തകർത്തതിന്റെയും മോഷണത്തിന്റേയും കണക്കുകൾ ഒന്നായി ശേഖരിച്ച് മുസ്ലീം ലീഗുകാരുടെ കണക്ക് പി. കെ. കെ. ബാവയുടെ കയ്യിലുണ്ട്. മുസ്ലീംലീഗുകാർ പറഞ്ഞു. മുന്നൂറ് പേർ സി.പി.എം.കാർ പറഞ്ഞു എൺപത്തിയെട്ടുപേർ, ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചോദ്യം ചെയ്തില്ല. ഞങ്ങൾ ഏകകണ്ഠമായി പാറക്കടവിലെ പഞ്ചായത്താഫീസിൽ യോഗം ചേർന്നിട്ട് എല്ലാ പാർട്ടികളും കൂടിചേർന്ന് എല്ലാ വീടുകളും സന്ദർശിച്ചു എല്ലാം കൂടി ഒന്നായി ശേഖരിക്കാൻ തീരുമാനിച്ചപ്പോൾ അവർ തമ്മിൽ മുന്നൂറ് പേരെന്നും ഇവർ തമ്മിൽ നൂറ്റൻപത് എന്നും പറഞ്ഞു. ഞങ്ങൾ പറഞ്ഞു, എല്ലാം എടുത്തോ, എന്നിട്ട് പോലീസ് കേസ് എടുത്ത് നടപടിയുമായിട്ട് മുന്നോട്ടുപോകുകയാണ്. ഈ കണക്കുതന്നെ റവന്യൂ ഡിപ്പാർച്ചുമെന്റിന്റെയും രാഷ്ട്രീയപാർട്ടിയുടേയും കണക്ക്. മൂന്നുപേർ

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചു, രണ്ടുപേർ മാർക്സിസ്റ്റുകാരാണ്. ഒരാൾ മുസ്ലീംലീഗുകാരനാണ്. മൂന്നുപേരുടേയും മരണത്തിൽ ഞങ്ങൾ ദുഃഖം രേഖപ്പെടുത്തി, രാഷ്ട്രീയ പക്ഷപാതം കാണിച്ചില്ല. എല്ലാപേരുടേയും ദുഃഖത്തിൽ എല്ലാപേരും പങ്കാളികളായി. എല്ലാ വീടുകളും സന്ദർശിച്ചു ഞങ്ങളുടെ ദുഃഖം രേഖപ്പെടുത്തി. അവരുടെ കണ്ണുനീരിൽ ഞങ്ങൾ പങ്കുചേർന്നു. ഞങ്ങൾ അവരോട് പോയി സംസാരിച്ച് അവരുടെ ദുഃഖത്തിൽ പങ്കുചേർന്നു. സമാധാന കമ്മിറ്റി യോഗം ആദ്യം ചേർന്നപ്പോൾ ശ്രീ. കുഞ്ഞാലിക്കുട്ടി, ശ്രീ. മുഹമ്മദ് ബഷീർ, ശ്രീ. പി. കെ. കെ. ബാവ, ശ്രീ. സത്യൻ മൊകേരി, ശ്രീ. എ. കണാരൻ എന്നീ എം.എൽ,എ.മാർ ജില്ലാതലത്തിലുള്ള എൽ.ഡി.എഫ്., യു.ഡി.എഫ്. നേതാക്കൻമാർ, ത്രിതല പഞ്ചായത്തിലെ ജനപ്രതിനിധികൾ കളക്ടർ, ഡി.ഐ.ജി., എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥരും എല്ലാംകൂടി ചേർന്ന് ഞങ്ങൾ തീരുമാനമെടുത്തു. ഇതൊരു വർഗ്ഗീയകലാപമായി മാറ്റാതിരിക്കാൻ ഒറ്റകെട്ടായി അണിനിരക്കണമെന്നും ഇത് ഹിന്ദു മുസ്ലീം കലാപമാക്കി മാറ്റാൻ ഒരിക്കലും അനുവദിക്കരുതെന്നും നമ്മൾ ആരെങ്കിലും മരിച്ചുകഴിഞ്ഞാലും കലാപമാക്കരുതെന്നും തീരുമാനിച്ചു. രണ്ടു പാർട്ടികൾ തമ്മിലാണ് തർക്കം. ചിലർ പറഞ്ഞു, വർഗ്ഗീയമാണെന്ന്. ഞാൻ പറഞ്ഞു വർഗ്ഗീയമല്ല. രണ്ട് പാർട്ടികൾ തമ്മിലാണ് തർക്കം. അത് ചിലർ പറഞ്ഞു വർഗ്ഗീയമാണെന്ന്. ഞാൻ പറഞ്ഞു വർഗ്ഗീയമല്ല. മുസ്ലീംലീഗും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും മുസ്ലീംലീഗിലെ മുസ്ലീം തീവ്രവാദികൾ എന്നുള്ളതല്ല. മുസ്ലീം ലീഗും മാർക്സിസ്റ്റ് പാർട്ടിയും കൂടി ചേർന്ന് ഇതിന് മുൻകൈ എടുക്കണം. എന്നിട്ട് രണ്ട് പാർട്ടികളും കൂടി ചേർന്ന് ഉഭയകക്ഷി ചർച്ച നടത്തണം. ശ്രീ. കുഞ്ഞാലിക്കുട്ടി അംഗീകരിച്ചില്ലേ. ശ്രീ. കുഞ്ഞാലിക്കുട്ടിയും ചേർന്ന് ഉഭയകക്ഷി ചർച്ച, ലീഗിന്റെ പ്രതിനിധികൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. പി. കെ. കെ. ബാവയും. ഇപ്പറഞ്ഞ രണ്ടു പ്രതിനിധികൾ കൂടി ചേർന്ന് ഉഭയകക്ഷി ചർച്ച നടത്തണം. എന്നിട്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് നമ്മൾ തീരുമാനിച്ചല്ലോ. ഇതിൽ അഭിപ്രായവ്യത്യാസമുണ്ടോ ? രണ്ടു കക്ഷിയും കൂടി ചേർന്ന് ഉഭയകക്ഷി ചർച്ച നടത്തിയിട്ട് ഇപ്പോൾ തെറ്റും ശരിയും പറഞ്ഞ് നടക്കണ്ട. നമ്മൾ ഒന്നായി സമാധാന കമ്മിറ്റി ആലോചിക്കാം. രണ്ടു സംഭവങ്ങളുണ്ടായി. ഒന്ന് നീതുവിന്റെ മരണം. പിന്നെ ഈ പറയുന്ന ബലാൽസംഗ പ്രശ്നം. നീതുവിന്റെ മരണം ഉണ്ടായപ്പോൾ വൃക്ഷമംഗലം എന്ന പ്രദേശത്തല്ലേ ഞാനും ശ്രീ. പി. കെ. കെ. ബാവയും അവിടത്തെ മുന്നൂറോളം ആളുകളും പങ്കെടുത്ത്, അതിൽ 250-ഓളം പേർ മുസ്ലീംലീഗിന്റെ പ്രവർത്തകരാണ് അവിടെ ബലാൽസംഗം ചെയ്തു എന്നു പറയുന്ന സ്ത്രീ ശ്രീ. കുമാരൻ മാസ്റ്ററുടെ പേര് ആദ്യം പറഞ്ഞു, ഇപ്പോൾ ആ സ്ത്രീ അത് പറയുന്നില്ല. ആ കുമാരൻ മാസ്റ്ററുടെ വീട്ടിൽ ഞാനും പി. കെ. കെ. ബാവയും കൂടി പോയി ഊണ് കഴിച്ചു. കല്ലാറ്റിൽ ഊണ് പറഞ്ഞപ്പോൾ ഞങ്ങൾ അത് വേണ്ടെന്ന് പറഞ്ഞിട്ട് കുമാരൻ മാസ്റ്ററുടെ വീട്ടിൽ പോയി ഊണ് കഴിക്കാൻ തീരുമാനിച്ചു. അവിടെ നിന്ന് ഊണ് കഴിച്ചിട്ട് നീതുവിന്റെ വീട്ടിൽ പോയി. മോർച്ചറിയിലും പോയി. ഞാനും പി. കെ. കെ. ബാവയും കൂടി പോയി നീതുവിന്റെ ബോഡി കണ്ടു. എന്നിട്ട് രാത്രി ഞാൻ പി. കെ. കെ. ബാവയെ വിളിച്ച് നാദാപുരത്തെ റ്റി.ബി.യിൽ വച്ച് ഞാനും പി. കെ. കെ. ബാവയും കൂടി ആലോചിച്ച്, അപ്പോൾ പത്രത്തിൽ ന്യൂസ് വന്നത് ഈ ബോംബെറിഞ്ഞ ആൾ

LIBRARY ARCHIVES Kerala Legislative Assembly

ഓടിപ്പോയി. എന്നാൽ അയാളെ പിടിച്ച് അത് മുസ്ലീംലീഗ് നേതാവിന്റെ വീട്ടിൽ നിന്നാണെന്നാണ് പത്ര ന്യൂസ് വന്നത്. ഞങ്ങൾ പത്രം വായിച്ചു. ഞാൻ പറഞ്ഞു ശ്രീ. പി. കെ. കെ. ബാവ നമ്മൾ എടുത്ത തീരുമാനപ്രകാരം ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് പോലീസിന് വിടണം. ഞങ്ങൾ എടുത്ത തീരുമാനമാണ്. എന്നിട്ട് പോലീസിനെ വേഗത്തിൽ വിളിച്ച് വിടണം അല്ലെങ്കിൽ അഞ്ചര വയസ്സായ കുട്ടിയെ കാണുമ്പോൾ കലാപം പൊട്ടിപുറപ്പെടും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. പി. കെ. കെ. ബാവ ഇത് കണ്ടപ്പോൾ കരഞ്ഞുപോയി. നമ്മൾ പറഞ്ഞു നമുക്ക് വേഗത്തിൽ തീരുമാനമെടുക്കണം. ഞങ്ങൾ ഒന്നായി ചേർന്ന് എല്ലാപേരെയും വിളിച്ചുകൂട്ടി എന്നിട്ട് പറഞ്ഞു ഇടച്ചേരി, തൂണേരി, പുറമേരി, നാദാപുരം എന്നിവിടങ്ങളിൽ ഹർത്താൽ ആചരിക്കാൻ ആഹ്വാനം നൽകണം. ഈ ബോഡി നമ്മൾ ഏറ്റു വാങ്ങണം. സമാധാന കമ്മിറ്റി ചേർന്നിട്ട് നമ്മൾ വടകരയിൽപ്പോയി ഈ ബോഡി ഏറ്റുവാങ്ങണം. എന്നിട്ട് മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയ്ക്ക് മുമ്പിൽ നമ്മൾ സഞ്ചരിക്കണം എന്നിട്ട് അനുശോചനം കൂടണം അതാണ് തീരുമാനിച്ചത്. നിങ്ങൾ ആലോചിച്ച് നോക്കൂ. നമ്മൾ വിളിച്ച് പറഞ്ഞു ഈ സമാധാനപരമായ അന്തരീക്ഷത്തിന് ഭംഗം വരുത്താൻ ആരും മെനക്കെടരുത്. ഞങ്ങൾ ഏകകണ്ഠമായി ചേർന്ന് ഈ രാജ്യത്ത് സമാധാന അന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. നീതുവിന്റെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയാണ് വന്നുകൊണ്ടിരിക്കുന്നത്. തുടർന്നുള്ള അനുശോചനയോഗത്തിൽ എല്ലാവർക്കും ആശ്വാസം നൽകുന്ന പ്രസംഗമാണ് നടത്തിയത്. വിലാപയാത്രയെ ആരും ആക്രമിച്ചില്ല. ഒരു ചരിത്ര പ്രസിദ്ധമായ സംഭവമുണ്ടായി. ഒരുപക്ഷേ, ഇൻഡ്യയിൽ മഹാത്മാഗാന്ധിക്ക് പോലും കിട്ടാത്ത അവസ്ഥ നീതുവിനുണ്ടായി. ഞങ്ങൾ ഉണ്ടാക്കി. ശവം മറവ് ചെയ്തു. രണ്ടാമത്തെ പ്രശ്നമുണ്ടായി. രണ്ടാമത്തെ പ്രശ്നം ഉണ്ടായപ്പോൾ വിവാദപരമായ ബലാൽസംഗവും ബലാൽക്കാരവുമുണ്ടായപ്പോൾ ഞാനും പി. കെ. കെ. ബാവയും കേളപ്പനും ഡി.വൈ.എസ്.പി.യും ജില്ലാകളക്ടറും കൂടി ചർച്ച ചെയ്തു. ഇത് ആർക്കും നിഷേധിക്കാൻ ആവുകയില്ല. ഞങ്ങളെല്ലാവരും കൂടി കോഴിക്കോട് ജില്ലാകളക്ടറുടെ മുറിയിൽ രാവിലെ 9.00 മണിക്ക് യോഗം ചേർന്നു. അപ്പോൾ ഡി.വൈ.എസ്.പി. പറഞ്ഞു ബലാൽസംഗത്തെക്കുറിച്ച് ആരും പരാതി പറഞ്ഞിട്ടില്ല. അവിടെ വീട്ടിൽ കയറി ആക്രമിച്ച് ടി.വി. എടുത്ത് കിണറ്റിലിട്ടതും വാതിൽ അടിച്ച് പൊളിച്ചതിനെയും സംബന്ധിച്ചേ പരാതിയുള്ളൂ. ഞങ്ങൾ പറഞ്ഞു അതിനെപ്പറ്റി ക്രൈം ബ്രാഞ്ച് അന്വേഷിക്കട്ടെ. ഞങ്ങൾ നാല് പേരും കൂടി ചേർന്ന് ഏകകണ്ഠമായി തീരുമാനിച്ചിട്ട് കളക്ടർ പറഞ്ഞു ഞാൻ മുഖ്യമന്ത്രിയോട് സംസാരിക്കണം. ഞാൻ ആഭ്യന്തര വകുപ്പിൽ വിളിച്ചുപറയണം. ഞങ്ങളുടെ മുമ്പിൽ വച്ച് മുഖ്യമന്ത്രിയെ ഫോൺ ചെയ്തിട്ട് പറഞ്ഞു ക്രൈം ബ്രാഞ്ചിന് വിടണമെന്ന്. എന്താണ് ഇതിന്റെ അർത്ഥം. എന്തിനാണ് ഈ കലാപം പൊട്ടിപ്പുറപ്പെട്ടത്. എന്തിനാണ് ഈ രാജ്യത്ത് അങ്ങോട്ടും ഇങ്ങോട്ടും സംഘർഷം ഉണ്ടാക്കുന്നത്.....(ബഹളം).....ആദ്യത്തെ കൊലപാതകം സന്തോഷിന്റെതാണ്. രണ്ടാമത്തെത് ഹാജിയാരുടേതാണ്, മൂന്നാമത്തേത് നീതുവിന്റെതാണ്. മൂന്നു സംഭവങ്ങളുണ്ടായി. ആദ്യത്തെ സംഭവത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ കമ്മീഷൻ. പറഞ്ഞത് സന്തോഷിന്റെ മരണമാണ് കലാപത്തിന് കാരണം. തെളിഞ്ഞില്ലേ കാർത്തികേയാ. ഇതെല്ലാം തെളിഞ്ഞുവരും. ഇതിനെപ്പറ്റി പറഞ്ഞോ. പറഞ്ഞവരെല്ലാം വഷളാകും. സന്തോഷിന്റെ മരണം കൊലപാതകമാണെന്നാണ് ന്യൂനപക്ഷ കമ്മീഷൻ പറഞ്ഞത്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കൂടി ചേർന്ന പ്രതിനിധി സംഘം പറഞ്ഞത് എന്താണെന്ന് അറിയാമോ ? സംഭവം വർഗ്ഗീയമല്ല. വർഗ്ഗപരമാണെന്നാണ്. അത് തന്നെയാണ് ശരി. പാറക്കടവിൽ സംഭവിച്ചത് പണി ചെയ്ത് മടങ്ങി വരുന്ന തൊഴിലാളികളെ നടന്നുപോകുമ്പോൾ കൈകൊണ്ട് തട്ടുക. എന്താണെന്ന് ചോദിച്ചാൽ മർദ്ദിക്കുക. തല്ലിൽ നിന്ന് രക്ഷപ്പെടാനായി ഏതെങ്കിലും പീടികയിൽ പോയി അഭയം പ്രാപിച്ചാൽ ആ പീടിക തകർക്കുക. ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. പാറക്കടവിലെ കോൺഗ്രസ്സുകാർക്ക് നിങ്ങൾ പറയുന്ന അഭിപ്രായമാണെങ്കിൽ ഞാൻ എന്തു വേണമോ ചെയ്യാൻ തയ്യാറാണ്. നിങ്ങൾ വരുന്നുണ്ടോ? വാ നമുക്ക് ഒരുമിച്ച് പോകാം. കോൺഗ്രസ്സുകാർ കണ്ണീരോട് കൂടി കണാരാ എന്ന് നിലവിളിച്ചു കൊണ്ട് എന്നെ കെട്ടിപിടിച്ചത് ഈ കോൺഗ്രസ്സുകാരാണ്. കണ്ടിട്ടുണ്ടോ? ഞാൻ വികാരമുണ്ടാക്കുന്നില്ല. വീട് തകർക്കുക എന്നിട്ട് രാത്രി കാലങ്ങളിൽ മുഖംമൂടി ധരിച്ച് ആക്രമിക്കുക. സാമ്പത്തിക മേധാവിത്വത്തിന്റെ ഹുങ്കും പണത്തിന്റെ അഹങ്കാരവുമാണ് നടന്നത്. വർഗ്ഗപരമാണ് വർഗ്ഗീയമല്ല. വർഗ്ഗീയത ഉണ്ടാക്കാൻ നിങ്ങൾ നോക്കണ്ട. തിരുവംപറമ്പിൽ ജനുവരി 13-ാം തീയതി രാത്രി 2.05 ന് ഒരു സംഭവമുണ്ടായി. ഒരു വിസിലൂതി അഞ്ച് വീട് കത്തിച്ചു. 2.10-ന് വേറൊരു വിസിലൂതി., അക്രമികൾ ഓടിപ്പോയി. പിന്നീട് ആറ് വീടുകൾ കത്തിച്ചു. തിരുവംപറമ്പിൽ സി.പി.എം.കാരുടെ വീടുകൾ ആണ് ആക്രമിക്കപ്പെട്ടത്. പിന്നീട് ലീഗുകാരുടേതാണ്. ഇതൊക്കെ സത്യമാണ്. അപ്പോളാണ് ശ്രീ. പി. കെ. കെ. ബാവ അദ്ദേഹം സമാധാനമുണ്ടാക്കാൻ വേണ്ടി അവിടെത്തന്നെ ആരുടെയോ പ്രേരണ കൊണ്ട് പറഞ്ഞുപ്പോയി. അവിടെ ഓടിയെത്തിയിട്ട് പറഞ്ഞു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരുടെ വീട് ലീഗുകാർ ഉണ്ടാക്കും. ലീഗുകാരുടെ വീട് മാർക്സിസ്റ്റുകാർ ഉണ്ടാക്കണം. എന്ത് ആത്മാർത്ഥതയാണ്. എന്ത് സ്നേഹപൂർവ്വമാണ് കലാപം ഇല്ലാതാക്കാൻ വേണ്ടി ശ്രമിച്ചത്. ഇതിനെപ്പറ്റി പറയാൻ ഈ കലാപം ഇല്ലാതായതിനെപ്പറ്റി അഭിനന്ദനം രേഖപ്പെടുത്തുന്നതിന് എതിരായി അവിടെ എന്ത് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നിട്ട് അഞ്ച് ദിവസം കാവൽ നിന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരും ലീഗുകാരും കോൺഗ്രസ്സുകാരും സി.പി.ഐ.ക്കാരും എല്ലാം കൂടെ ചേർന്ന് അഞ്ച് ദിവസം കാവൽ നിന്നു. അവരുടെ വീട് കത്തിക്കുമ്പോൾ ഹാജിമാരാണ് ഓടിയെത്തി തീ കെടുത്തിയത് വീട് കൊള്ള ചെയ്യാൻ വേണ്ടി നോക്കുമ്പോൾ എല്ലാ പാർട്ടിയിൽപ്പെട്ടവരും ഒന്നായി ചേർന്ന് കൊണ്ടാണ് അവിടെ സമാധാനം ഉണ്ടാക്കിയത്. സമാധാനത്തിന്റെ മേഖല അതല്ല അവിടത്തെ പ്രശ്നം. തെരഞ്ഞെടുപ്പിൽ വോട്ട് കിട്ടാൻ വേണ്ടി നിങ്ങൾ എന്തെല്ലാം പറഞ്ഞു. നിങ്ങൾക്ക് വോട്ട് കിട്ടാൻ വേണ്ടി എല്ലാ പാർട്ടിയിൽപ്പെട്ടവരും ഒന്നായി ചേർന്നാണ് അവിടെ സമാധാനം ഉണ്ടാക്കിയത്. വരുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വോട്ടു കിട്ടാൻ വേണ്ടി ശ്രീ. ഇ. അഹമ്മദും ശ്രീ.എം.വി.രാഘവനും എന്തെല്ലാമാണ് പ്രസംഗിക്കുന്നത്. കേട്ടാൽ അറപ്പു തോന്നും. എം.വി. രാഘവനെ കയറൂരി വിട്ടതാണ് എന്തും പറയാൻ. എം. വി. രാഘവനെ കയറൂരി വിട്ടതാണ്. അയാൾക്ക് എന്തും സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സഭാ നടപടിച്ചട്ടപ്രകാരം ശ്രീ. എ. കണാരൻ ഇവിടെ പറഞ്ഞത് ശ്രീ. ഇ. അഹമ്മദും എം. വി. രാഘവനുമാണ് അവിടെ കുഴപ്പം ഉണ്ടാക്കിയിട്ടുള്ളതെന്ന്. സഭയിൽ ഇല്ലാത്ത പ്രത്യേകിച്ചും ലീഗിലെ ആളുകളെ സംബന്ധിച്ച് ഈ സഭയിൽ ആക്ഷേപകരമായി സംസാരിക്കുന്നത് സഭാനടപടികൾക്ക് വിരുദ്ധമാണ്. ആവക കാര്യങ്ങൾ സഭാ രേഖകളിൽ ഉണ്ടാകരുത്.

മി. ചെയർമാൻ (ശ്രീ. കെ. പി. രാജേന്ദ്രൻ) : അത് പരിശോധിക്കാം.

ശ്രീ. എ. കണാരൻ : ***ഞങ്ങളെല്ലാം ഒന്നാണ് മുസ്ലീം സമുദായത്തിലും പാവപ്പെട്ടവരുടെ കണ്ണീരൊപ്പുന്നത് മാർക്സിസ്റ്റു പാർട്ടിയാണ്, നീതി നിഷേധിച്ചവരുടെ കണ്ണീരൊപ്പാൻ സി.പി.എം. ആണുള്ളത്. നിങ്ങൾ എന്തെല്ലാം പറഞ്ഞു. മുസ്ലീങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. ആദ്യത്തെ ഭാര്യയുടെ മക്കൾക്കും ചെലവിന് കൊടുക്കണമെന്ന് ഞാനും എ. വി.യും പി. കെ. കെ. ബാവയും ശിഹാബ് തങ്ങളേയും വിളിച്ച് പറഞ്ഞു. ഒരു പണക്കാരന്റെ മകളെ സ്നേഹിച്ചതിന് മണിയൂർക്കാവിൽവച്ച് ഒരു ചെറുപ്പക്കാരനെ വാടകക്കൊലയാളികളെക്കൊണ്ട് കൊലചെയ്യിപ്പിച്ചു. കൊല ചെയ്യപ്പെട്ട ചെറുപ്പക്കാരന്റെ ബാപ്പയേയും ഉമ്മയേയും

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കുടുംബത്തേയും അണിനിരത്തി മനുഷ്യസ്നേഹികളേയും കൂട്ടിച്ചേർത്ത് കളക്ടറേറ്റ് മാർച്ച് നടത്തിച്ച് കേസ് എടുപ്പിച്ചത് സി. പി. എം. ആണ്. സമ്പന്നന്റെ തത്വശാസ്ത്രത്തിന്റെ തേരിലേറി നിങ്ങൾ ഈ കണ്ണീരൊപ്പാൻ നിൽക്കേണ്ട. കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത് ഞങ്ങളാണ്. ആ പ്രതികാരം വീട്ടാൻ വേണ്ടി കുറ്റ്യാടിയിൽവച്ച് വാടകക്കൊലയാളികളെ വിട്ട് എന്നെ കൊല്ലാൻ ശ്രമിച്ചു. ആ പോരാട്ടത്തിന് നേതൃത്വം കൊടുത്തതിനാണ് എന്നെ കൊല്ലാൻ ശ്രമിച്ചത്. എന്നെ രക്ഷിച്ചത് എന്റെ സ്നേഹിതൻമാരായ മുസ്ലീംലീഗുകാരാണ്. ശ്രീ. എ.വി.യ്ക്ക് ഇതറിയില്ലേ? അവിടെ വന്നില്ലേ? പി. എം. അബൂബേക്കർ അവിടെ വന്നില്ലേ. എല്ലാപേരും കൂടിച്ചേർന്ന് കണാരാ തെറ്റായിപ്പോയി എന്ന് എന്നോട് പറഞ്ഞില്ലേ. നമുക്ക് നാദാപുരത്ത് പോയി സമാധാനം ഉണ്ടാക്കണം.....ബഹളം.....

മി. സ്പീക്കർ : സമയമായി, പ്രസംഗം അവസാനിപ്പിക്കണം.....ബഹളം.....

ശ്രീ. എ. കണാരൻ : ഹിന്ദു വർഗ്ഗീയവാദികൾപുറന്തള്ളിയപ്പോൾ .....സമദാനിയുടെ കുടുംബത്തെ ആർ.എസ്.എസ്.കാർ കയ്യേറിയപ്പോൾ മുസ്ലീം സമുദായത്തോട് ചേർന്ന് ജാഥ നയിച്ച് താലൂക്ക് ഓഫീസിലേക്ക് പോയതും സി.പി.എം. ആണ്.....ബഹളം.....

മി. സ്പീക്കർ : പ്രസംഗം കഴിഞ്ഞു. ശ്രീമതി മീനാക്ഷി തമ്പാൻ.

പ്രൊഫ : മീനാക്ഷി തമ്പാൻ : സാർ ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.....ബഹളം.....

മി. സ്പീക്കർ : ശ്രീ. ജി. കാർത്തികേയൻ.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, നാദാപുരം സംഭവവുമായി ബന്ധപ്പെട്ട് അടിയന്തിരപ്രമേയത്തിന് നന്ദി രേഖപ്പെടുത്തി അതിന് മറുപടി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി എടുത്ത.....ഞാൻ ഇന്നലെ പറഞ്ഞ വാക്കുകൾ തന്നെയാണ് ആവർത്തിച്ച് പറയുന്നത്. പതിവിന് വിപരീതമായി എടുത്ത സമാധാനമോ സമന്വയമോ അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടോ? അതുപോലെ തന്നെ പ്രതിപക്ഷവും സ്വീകരിച്ചു. ഞങ്ങൾ അവസാനമാണ് വാക്കൗട്ട് നടത്തി ആവശ്യപ്പെട്ടത്. അതിന്റെ പേരിലുള്ള കുറ്റക്കാരുടെ പേരിലും യഥാർത്ഥ പ്രതികളുടെ പേരിലും.....യഥാർത്ഥ പ്രതികളേയും അറസ്റ്റ് ചെയ്യണം. അതല്ലാതെ നാദാപുരത്തെ വീണ്ടും കലാപഭൂമിയാക്കി മാറ്റുന്നതിനോ അവിടുത്തെ വികാരങ്ങളെ ആളിക്കത്തിപ്പിക്കുന്നതിനോ പ്രതിപക്ഷത്തു നിന്നും ഇത് അവതരിപ്പിച്ച ശ്രീ. ബാവയോ മറ്റാരോ ഇത് സമ്മതിക്കുന്നില്ല. കാരണം ആ സമയത്തുതന്നെ അവിടുത്തെ ബഹുമാനപ്പെട്ട കണാരൻ കുഴപ്പമുണ്ടാക്കി. അങ്ങ് ചിന്തിക്കണം. ഞങ്ങളാരും തീ ആളിക്കത്തിക്കാൻ ശ്രമിച്ചിട്ടില്ല. അതിന് ഇവിടുത്തെ പ്രസംഗത്തിനിടയിൽ ഇന്നലെ വഷളാക്കിയത്.....കലാപത്തെ വഷളാക്കിയതും ശ്രീ. ഇ. അഹമ്മദാണെന്ന് ഇവിടെ പറഞ്ഞു. അങ്ങ് ഈ സഭയിലുണ്ടായിരുന്നു. സഭയിൽ ഒരു ബഹളമുണ്ടായി. അത് പിൻവലിച്ചു. ഇന്ന് ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട സീനിയറായ അംഗം അവിടെ ചെയ്യേണ്ടതെന്താണ്? അദ്ദേഹം അവിടെ സമാധാനത്തിന്റെ സന്ദേശവാഹകനായി.....അദ്ദേഹത്തിന്റെ പ്രസംഗം.....ഈ സഭയിൽ നിന്നും പുറത്തുപോയി.....നാദാപുരത്തെ പൊതുജനങ്ങൾ വായിച്ച് എവിടെയെങ്കിലും വികാരങ്ങളോ വ്രണങ്ങളോ ഉണ്ടെങ്കിൽ തീർക്കേണ്ട പ്രസംഗം നടത്തേണ്ട ശ്രീ. കണാരൻ അവിടെ തീ ആളിക്കത്തിക്കുന്നതിനുവേണ്ടി, കലാപഭൂമിയെ വീണ്ടും വഷളാക്കുന്നതിനുവേണ്ടി ശ്രമിച്ചു.....ബഹളം.....

മി. സ്പീക്കർ : ശ്രീ. വിശ്വൻ : പ്ലീസ്, പ്ലീസ്, പ്ലീസ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇന്ന് പ്രസംഗത്തിനിടയിൽ ഒരു ഘട്ടത്തിലായപ്പോൾ ബഹുമാന്യരായ എം. വി. രാഘവനും ഇ. അഹമ്മദും കലാപമുണ്ടാക്കി എന്നു പറഞ്ഞു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു പോയിന്റ് ഓഫ് ഓർഡറോടുകൂടി അത് പറഞ്ഞു. അതിനുശേഷവും പറഞ്ഞു. ***ഇത് നമ്മുടെ സംസ്ഥാനത്തിന്റെ വ്രണമായി നിൽക്കുന്ന നാദാപുരത്തെ കലാപങ്ങൾ വർദ്ധിപ്പിക്കുന്നതിനു മാത്രമേ സഹായിക്കുകയുള്ളൂ. അതുകൊണ്ട് നമ്മുടെ കേരളത്തിൽ ഒരു പ്രത്യേക സമുദായത്തിന്റെ ആചാരങ്ങളേയും വികാരങ്ങളേയും വ്രണപ്പെടുത്തുന്നതിനുവേണ്ടി ബോധപൂർവ്വമായി... ഇത് വർഗ്ഗീയ സമരമല്ല വർഗ്ഗസമരമാണെന്ന് പറഞ്ഞുകൊണ്ട് വെറുതെ ആവർത്തിച്ച് പറഞ്ഞുകൊണ്ട് ഇവിടെ കുഴപ്പം ഉണ്ടാക്കുന്നു. ഇവിടെ ബോധപൂർവ്വം ശ്രമം നടത്തുന്നു. ശ്രീ. കണാരൻ നടത്തിയ പ്രസംഗവും അദ്ദേഹത്തിന്റെ പ്രസ്താവനയും ഈ നാടിനും നാടിന്റെ സാമുദായിക സൗഹാർദ്ദത്തിനും നമ്മുടെ സമാധാനത്തിനും അതിനോടൊപ്പം ഞങ്ങളുടെ നേതാക്കൾക്ക് അപകീർത്തികരമായതുകൊണ്ടും അത് ഒരു സമുദായത്തിനും എതിരായതുകൊണ്ടും അദ്ദേഹത്തിന്റെ വിവാദപരമായ പരാമർശങ്ങൾ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

മി. സ്പീക്കർ : പ്ലീസ്.....പ്രതിപക്ഷ ഉപനേതാവ് എല്ലാം കൂടിയായിട്ടുള്ള അങ്ങ് പറഞ്ഞ കാര്യങ്ങൾ മുഴുവൻ കേട്ടു. ഏറെക്കുറെ കാര്യങ്ങളെല്ലാം അങ്ങ് പറഞ്ഞു കഴിഞ്ഞു. ശ്രീ. എ. കണാരന്റെ പ്രസംഗത്തിന്റെ പ്രൊസീഡിംഗ്സ് എടുക്കാൻ പറഞ്ഞു കഴിഞ്ഞു. അത് ലഭിച്ചു കഴിഞ്ഞ് ഉടൻ തന്നെ പരിശോധിച്ച് അതിൽ എന്തൊക്കെയാണ് പരാമർശനങ്ങൾ വന്നിട്ടുള്ളത്. നമുക്ക് സ്വീകരിക്കുവാൻ പാടില്ലാത്തത് വന്നിട്ടുണ്ടോ, ഇന്നലെ പല പ്രശ്നങ്ങളും പറഞ്ഞു, അതിന്റെ തുടർച്ചയെന്ന നിലയിൽ അത് പരിശോധിച്ചിട്ട് സഭയിൽ അതിന് ഒരു തീരുമാനം അറിയിക്കുന്നതാണ്. ഈ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത് പരിശോധിച്ച് തീരുമാനമെടുക്കാനുള്ള സമയം അങ്ങ് അനുവദിക്കണം. ശാന്തമായ അന്തരീക്ഷത്തിൽ സഭ തുടരാം.....ബഹളം.....ഓർഡർ, ഓർഡർ.....സഭ പിരിയുന്നതിന് മുമ്പ് പറയാം. സഭ പിരിയുന്നത് വൈകുന്നേരമല്ലേ. അതുവരെ ആ പ്രസംഗം ചെയർ റിസർവ് ചെയ്യുകയാണ്. പത്രമാധ്യമങ്ങൾ അത് പ്രസിദ്ധീകരിക്കുവാൻ പാടുള്ളതല്ല. അത് പരിശോധിച്ച ശേഷം പറയാം.

ശ്രീ. പി. കെ. അബ്ദുറബ്ബ് : ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നതിന് ശ്രീ. അനിരുദ്ധൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ നാല് വർഷങ്ങളിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെപോലെ തന്നെ നിലവാരം കുറഞ്ഞതും അസത്യങ്ങൾ നിറഞ്ഞതും പൊള്ളയായ വാഗ്ദാനങ്ങൾ നല്കിക്കൊണ്ടുള്ളതുമായ പ്രസംഗമാണ് ഇത്തവണയും ഉണ്ടായത്. 1991-ൽ ഇന്ത്യാ രാജ്യത്ത് സാമ്പത്തിക പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നിട്ടില്ലായിരുന്നുവെങ്കിൽ സംസ്ഥാന സർക്കാരിന്

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇതിന്റെ പേരു പറഞ്ഞ് താങ്കളുടെ ഭരണ വൈകല്യങ്ങളും കെടുകാര്യസ്ഥതയും മറച്ചുവയ്ക്കാൻ കഴിയുമായിരുന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിന്റെ പേജുകളുടെ എണ്ണത്തിൽ മേനി പറഞ്ഞ് ശ്രീ. നായനാർക്ക് രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ 38 പേജുള്ള നയപ്രഖ്യാപന പ്രസംഗം 8 പേജിൽ ഒതുക്കാൻ കഴിയുമായിരുന്നു. അഞ്ചു കൊല്ലത്തെ ഭരണം കൊണ്ട് സമസ്തമേഖലകളിലുമുണ്ടായ പരാജയം മറച്ചുവച്ചുക്കൊണ്ട് അപ്രധാനമായ കാര്യങ്ങൾ നേട്ടങ്ങളായി പറഞ്ഞിട്ടുണ്ട്. നയം പറയേണ്ടിടത്ത് ഒളിച്ച് കളിക്കുകയും ചെയ്യുന്നു. മുമ്പുള്ള നാല് വർഷങ്ങളിലും ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത് നടപ്പിലാക്കിയിട്ടുമില്ല. എല്ലാ കുറ്റവും കേന്ദ്രത്തിന്റെ തലയിൽ വച്ചു. ആഗോളവൽക്കരണത്തിന് എതിരെയും ഉദാരവൽക്കരണത്തിന് എതിരെയും സ്വകാര്യവൽക്കരണത്തിനെതിരേയുമുള്ള പരാമർശനങ്ങളാണ് പ്രസംഗത്തിന്റെ വലിയ പങ്ക്. സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് ഇടയിലും മറ്റ് സംസ്ഥാനങ്ങൾ ഉണ്ടാക്കിയ പുരോഗതി നമ്മൾ കണ്ടില്ലെന്ന് നടിക്കുകയാണ്. ജനങ്ങൾക്ക് വേണ്ടി എന്തുചെയ്തുവെന്ന് പറയാൻ സർക്കാരിന് കഴിയുന്നില്ല. 5 വർഷത്തെ ഭരണത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും പ്രസംഗത്തിൽ കാണുന്നില്ല. കാർഷിക മേഖലയെക്കുറിച്ച് ഇവിടെ മുമ്പ് പ്രസംഗിച്ച ആളുകളെല്ലാം പറഞ്ഞു. കാർഷിക മേഖലയാകെ തകർന്നുകിടക്കുകയാണ്. പുതിയതായി ഒരു വ്യവസായവും തുടങ്ങാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് വിദേശയാത്ര നടത്തിയെങ്കിലും ഒരു പുതിയ വ്യവസായം പോലും നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ടെക്നോപാർക്കുകൾ അല്ലാതെ പുതിയതായി ഒന്നും ഉണ്ടാക്കിയില്ല. ഇൻഫർമേഷൻ ടെക്നോളജി നയം മൂന്ന് വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ചുവെങ്കിലും ആ മേഖലയിൽ ഒരടിപോലും മുന്നോട്ടു പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളെല്ലാം ബഹുദൂരം മുന്നോട്ടുപോയി കഴിഞ്ഞു. കേരള പിറവിക്കുശേഷം ഇത്രയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടില്ലെന്ന് സാമ്പത്തിക വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞ നാലേമുക്കാൽ വർഷമായി സംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണരംഗത്തെ കാര്യക്ഷമതയില്ലായ്മയും സാമ്പത്തിക മാനേജ്മെന്റിന്റെ അഭാവവും ധൂർത്തുമാണ് ഇത്തരം ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് സംസ്ഥാനത്തെ തള്ളിവിട്ടത്. യു.ഡി.എഫ്. സർക്കാർ അധികാരം വിട്ട് ഒഴിയുമ്പോൾ 481 കോടി രൂപ മിച്ചമാണുണ്ടായിരുന്നത്. ഇപ്പോൾ ഖജനാവ് കാലിയാണെന്നും മിച്ചമല്ലായെന്നും ഉള്ളത് വസ്തുതയാണ്. യു.ഡി.എഫിന്റെ ഭരണം അവസാനിക്കുമ്പോൾ മിച്ചമായിരുന്നുവെന്ന് ശ്രീ. അച്യുതാനന്ദനും ശ്രീ. പിണറായി വിജയനും സമ്മതിച്ചു കഴിഞ്ഞ കാര്യമാണ്. പക്ഷേ, നമ്മുടെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയുമൊക്കെ അതൊക്കെ മാധ്യമങ്ങളുടെ സൃഷ്ടിയാണെന്ന് പറഞ്ഞ് നേരത്തെ തള്ളിയിരുന്നുവെങ്കിലും ഒടുവിൽ ധനകാര്യ വകുപ്പുമന്ത്രി സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സമ്മതിച്ചിരിക്കുകയാണ്. ഖജനാവ് മുഴുവൻ കാലിയാക്കി കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് 684 കോടി രൂപ, സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്നും 300 കോടി രൂപ. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും 123 കോടി രൂപ. കെ.എസ്.എഫ്.ഇ-യിൽനിന്ന് 100 കോടി രൂപ. ബിവറേജ് കോർപ്പറേഷനിൽനിന്നും 100 കോടി രൂപ ഇങ്ങനെ കിട്ടാവുന്ന മേഖലകളിൽനിന്നെല്ലാം കടമെടുത്ത് കഴിഞ്ഞു. ദൈനംദിനം ചെലവുകൾക്കുപോലും ഇപ്പോൾ ബുദ്ധിമുട്ടുകയാണ്. ഇടതുമുന്നണിയുടെ 5 വർഷത്തെ ഭരണംകൊണ്ട് 17,000 കോടി രൂപയായി കടബാദ്ധ്യത വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാന പദ്ധതി വിഹിതം 25 ശതമാനം വെട്ടിക്കുറച്ചു. 884 കോടി രൂപയുടെ കുറവുണ്ടായിരിക്കുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് രണ്ട് ഗഡു മാത്രമാണ് നല്കിയിട്ടുള്ളത്. പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾ മുടങ്ങുകയാണ്. ട്രഷറി നിയന്ത്രണം നിലവിലുള്ള വികസന പ്രവർത്തനങ്ങൾ തന്നെ മുടക്കിയിട്ടുമുണ്ട്. 2-7-2000-ൽ പഞ്ചായത്തുകളിലേയ്ക്ക് വിവിധ ഡിപ്പാർട്ടുമെന്റുകളിലുള്ള ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിക്കാനുള്ള ഉത്തരവ് ഇറക്കുകയുണ്ടായി. 45 ദിവസത്തിനകം നടപ്പാക്കണമെന്ന് പറഞ്ഞുകൊണ്ട് നല്കിയ ഉത്തരവ് ആറ് മാസം കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സ്റ്റാഫിന്റെ അഭാവം മൂലം സ്തംഭിച്ചിരിക്കുകയാണ്. നബാർഡും അതുപോലെ റിസർവ് ബാങ്കുമൊക്കെ സംസ്ഥാന സഹകരണബാങ്കിൽനിന്ന് കടമെടുത്തതിന്റെ പലിശയും മുതലും തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ഗവൺമെന്റിനെ വിമർശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ മാർച്ച് മാസങ്ങളിൽ നടന്നുവരുന്ന സഹകരണ് നിക്ഷേപ സമാഹരണം നേരത്തെയാക്കി. കൂടാതെ കാലാവധി ദീർഘിപ്പിച്ചു. അങ്ങനെ സ്വരൂപിക്കുന്ന പണം കടമെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ നല്കാൻ സർക്കാരിന് കഴിയുന്നില്ല. ഭാഗ്യക്കുറിയുടെ സമ്മാനമായി നല്കേണ്ട 9 കോടി രൂപ നല്കാൻ കഴിയുന്നില്ല. കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക തൊള്ളായിരം കോടി രൂപയാണ്. 300 കോടി രൂപയാണ് യു.ഡി.എഫ്. ഭരിക്കുമ്പോൾ ഉണ്ടായിരുന്നത്. കരാറുകാരൻ പണം കിട്ടാത്തതു കാരണം ആത്മഹത്യ ചെയ്യുന്ന സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. ഡീസൽവാങ്ങാൻ പണമില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി. 40 ശതമാനം ഷെഡ്യൂളുകൾ നിറുത്തലാക്കിയിരിക്കുകയാണ്. പുതിയ 500 ബസുകൾ വാങ്ങാൻ തീരുമാനിച്ചത് അതിന്റെ മറ്റൊരു വശമാണ്. ജീവൻരക്ഷാ മരുന്നുകളും മുറിവ് വച്ച് കെട്ടാനുള്ള പഞ്ഞിപോലും വാങ്ങാൻ കഴിയാത്തതുകൊണ്ട് ആരോഗ്യമേഖല സ്തംഭനത്തിലാണ്. ഇന്ധനമില്ലാത്തതിനാൽ എക്സൈസ് വകുപ്പ് റെയ്ഡുകളും പരിശോധനകളും നിറുത്തിവച്ചിരിക്കുകയാണ്. താല്ക്കാലിക ജീവനക്കാരായ ഡ്രൈവർമാരെ പിരിച്ചുവിട്ടത്കൊണ്ട് വ്യാജമദ്യവില്പന റെയ്ഡുകൾ നടക്കാത്തതുകാരണം ആ മേഖലയിലുള്ളവർക്ക് കൂടുതൽ സൗകര്യപ്രദമായ സാഹചര്യമുണ്ടായിരിക്കുകയാണ്. തൊഴിൽരഹിതരുടെ എണ്ണം ഈ 5 വർഷംകൊണ്ട് 32 ലക്ഷത്തിൽനിന്നും 42 ലക്ഷമായി ഉയർന്നിരിക്കുകയാണ്. തൊഴിലില്ലായ്മ വേതനം പോലും 60 കോടി രൂപ കുടിശ്ശികയാണ്. മറ്റ് പെൻഷനുകളും ഗ്രാന്റുകളും സ്കോളർഷിപ്പുകളും കോടി കണക്കിന് കുടിശ്ശികയായി കിടക്കുകയാണ്. ജനുവരിയിൽ 3 ദിവസം മാത്രമാണ് ട്രഷറി നിയന്ത്രണങ്ങൾക്ക് ഇളവ് അനുവദിച്ചത്. ഫെബ്രുവരി മാസത്തിൽ മുഴുവൻ നിയന്ത്രണം തുടരുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ അവസ്ഥയിലാണ് ട്രഷറി പൂട്ടിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ശമ്പളം കൊടുക്കലും വണ്ടി ചെക്ക് സൂക്ഷിക്കലും മാത്രമാണ് ഇപ്പോൾ ട്രഷറികളുടെ ജോലി. ഈ ശമ്പളത്തിൽനിന്നുതന്നെ നിർബന്ധ നിക്ഷേപം നല്കാൻ സർക്കാർ ജീവനക്കാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഒരു കൈ കൊണ്ട് കൊടുത്ത് മറ്റൊരു കൈകൊണ്ട് തിരിച്ചുവാങ്ങുന്ന സ്ഥിതിയാണുള്ളത്. 1996 ഏപ്രിൽ ഒന്നാം തീയതി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ചാരായ നിരോധനം ഏർപ്പെടുത്തി. എന്നാൽ 5 വർഷം കഴിഞ്ഞ് ഈ ഗവൺമെന്റ് അധികാരം വിട്ട് ഒഴിയുമ്പോൾ ഈ വരുന്ന ഏപ്രിൽ 1-ാം തീയതി മുതൽ വിദേശമദ്യത്തിന് വില കുറച്ച് ബിവറേജ് കോർപ്പറേഷനിലൂടെ മദ്യം സാർവ്വത്രികമാക്കാനും പുതിയ കുടിയൻമാരെ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്. തകർന്ന് തരിപ്പണമായ കാർഷികമേഖലയെ രക്ഷിക്കാൻ നടപടി സ്വീകരിക്കാത്ത സർക്കാർ, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവുമൂലം വീർപ്പുമുട്ടുന്ന കർഷകന്റെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകാത്ത സർക്കാർ മദ്യമുതലാളിമാർക്ക് 308 കോടി രൂപയുടെ കിസ്ത് ഇളവ് അനുവദിച്ചിരിക്കുകയാണ്. ആരോടാണ് ഈ സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിബദ്ധതയെന്ന് മനസ്സിലാക്കാൻ ഇത് മാത്രം മതി. വൈദ്യുതി രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയെന്ന് പറയുന്നു. വൈദ്യുതി ഉല്പാദനം വർദ്ധിച്ചുവെന്നുള്ളത് ശരിയാണ്. അതിന് കൊടുത്ത വിലയോ പ്രതിദിനം 4 കോടി രൂപ ബോഡിന് നഷ്ടമാണ്. 120 കോടി രൂപ മാസത്തിൽ നഷ്ടമാണ്. ഒരു കൊല്ലത്തിൽ 1440 കോടി രൂപ. ഈ വൈദ്യുതി ഉപയോഗിക്കുവാൻ നമുക്ക് പുതിയ വ്യവസായങ്ങളുണ്ടോ ? ഉള്ളതുതന്നെ പൂട്ടിയതിനാൽ ആ വൈദ്യുതിയും മിച്ചമാണ്. മലപ്പുറം ജില്ലയിൽ എട്ടരിക്കോട് ഡീസൽ നിലയം 5 മെഗാവാട്ട് വൈദ്യുതി ഉല്പാദക ശേഷിയുള്ള വൈദ്യുതി നിലയമാണ്. അതിന്റെ നിർമ്മാണം ഏത് കാരണത്താലാണ് നിറുത്തിവച്ചതെന്ന് മനസ്സിലാവുന്നില്ല. സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ വാങ്ങാൻ ഒരു ലക്ഷം രൂപ വീതം 1998-ൽ സർക്കാർ വാങ്ങി. 7 കോടി രൂപ ഇതിന് സമാഹരിച്ചു. ആ ഭരണസമിതികൾ പിരിഞ്ഞുപോയി. പുതിയ ഭരണ സമിതികൾ വന്നു. അഞ്ച് മാസമായി. ഇതുവരെ ഫോട്ടോസ്റ്റാറ്റ് മെഷീൻ നല്കിയിട്ടില്ല. ഇത് സംബന്ധിച്ച്

12 NOON] രൂപീകരിച്ച 7 ഐ.എ.എസ് ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയും ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയും 12 തവണ യോഗം കൂടി തീരുമാനമാകാത്തതിനാൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വിട്ടു. മന്ത്രിസഭ വകുപ്പുമന്ത്രിയെ അധികാരപ്പെടുത്തിയിരിക്കുകയാണ്. ആനയെ വാങ്ങാൻ അധികാരമുണ്ട്. തോട്ടി വാങ്ങാൻ അധികാരമില്ലെന്ന് പറഞ്ഞത് പോലെയാണ് ഇത് വാങ്ങാൻ പഞ്ചായത്തുകളെ ഏല്പിച്ചിരുന്നുവെങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി ഫോട്ടോസ്റ്റാറ്റ് ഇനത്തിൽ പഞ്ചായത്തുകൾ ചെലവഴിച്ച തുക അവർക്ക് ലാഭിക്കാൻ കഴിയുമായിരുന്നു. ഈ കാര്യത്തിലുള്ള ദുരൂഹത മനസ്സിലാകുന്നില്ല. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു എന്ന് പ്രസംഗത്തിൽ പറയുന്നുണ്ട്. പിന്നെ എന്താണ് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ പിടിച്ചെടുക്കാൻ കയ്യാങ്കളി നടത്തിയത്? ആറു ജില്ലകളിൽമാത്രം ഭൂരിപക്ഷമുള്ള ഇടതുപക്ഷ മുന്നണിക്ക് അസോസിയേഷൻ നഷ്ടപ്പെടും എന്നറിഞ്ഞ് മുൻകാലങ്ങളിൽ പയറ്റിയ അടവുതന്നെയാണ് ഈ പ്രാവശ്യവും നടത്തുകയുണ്ടായത്. സംസ്ഥാനത്ത് മുഴുവൻ സമാധാനം നിലനിർത്തി എന്ന കാര്യം അപഹാസ്യമാണ്. കർഷകരേയും വ്യവസായികളേയും രാഷ്ട്രീയ പ്രതിയോഗികളേയും വെട്ടിനിരത്തിയിട്ട് കേരളം "ശാന്തിയുടെ തുരുത്താണ്", "സമാധാനത്തിന്റെ പറുദീസ"യാണ് എന്ന് അഭിമാനം കൊള്ളുന്നതിൽ എന്ത് അർത്ഥമാണുള്ളത് ? എത്രയെത്ര രാഷ്ട്രീയ കൊലപാതകങ്ങളാണ് ഇവിടെ നടന്നത് ? വിദ്യാർത്ഥികളുടെ മുന്നിൽവച്ച് അദ്ധ്യാപകനെ വെട്ടിക്കൊലപ്പെടുത്തി. കണ്ണൂർ ജില്ലയിലെ കൊലപാതക പരമ്പരകൾ, നാദാപുരത്തും പരിസര പ്രദേശങ്ങളിലും നടന്ന കൊലപാതകങ്ങൾ, കൊള്ളിവയ്പ്, സ്വത്തുകവർച്ച, ബോംബു സ്ഫോടനം, മാനഭംഗം. ശ്രീ. കണാരൻ ഇവിടെ പ്രസംഗിച്ചല്ലോ. അവിടെ നടന്ന സമാധാന ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നതിനു പകരം പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രീതിയിലാണ് കണാരൻ ഇവിടെ പ്രസംഗിച്ചത്. അരിയും തിന്ന് ആശാരിച്ചിയേയും കടിച്ച് പിന്നേയും നായയ്ക്ക് മുറുമുറുപ്പ് എന്ന രീതിയിലുള്ള പ്രസംഗമാണ് ശ്രീ. എ. കണാരൻ ഇവിടെ നടത്തിയത്. ഒരു വശത്ത്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ പാർട്ടി തന്നെയാണ് എല്ലാ പ്രശ്നങ്ങളിലുമുള്ളത് എന്ന കാര്യം എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അക്രമപ്രവർത്തനങ്ങൾക്കു മുന്നിൽ സി.പി.എം. ആണെന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ കുറ്റപ്പെടുത്തിയിട്ടുണ്ട്. ശ്രീ. വി. ആർ. കൃഷ്ണയ്യരും അതുപോലെ സ്ഥലം സന്ദർശിച്ച എല്ലാവരും ആ കാര്യം സ്പഷ്ടമാക്കിയിട്ടുണ്ട്. സി.പി.എം.ന്റെ അക്രമരാഷ്ട്രീയവും പോലീസിന്റെ നിഷ്ക്രിയത്വവുമാണ് ഇനിയും മാറാത്ത നാദാപുരത്തെ നൊമ്പരങ്ങൾക്കു കാരണം. അതവസാനിപ്പിക്കണം. പ്രതികളെ പിടികൂടണം. കൊള്ള ചെയ്ത മുതലുകൾ കണ്ടെടുക്കണം. നാശനഷ്ടം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നൽകണം. ഇത്രയുമൊക്കെ രൂക്ഷമായ സാമ്പത്തിക പ്രശ്നങ്ങൾ ഉള്ളപ്പോൾ സർക്കാരിന്റെ 4 വർഷത്തെ നേട്ടങ്ങളും മുഖ്യമന്ത്രിയുടെ പ്രസംഗങ്ങളും അച്ചടിക്കാൻ പി.ആർ.ഡി. കോടികൾ ചെലവഴിക്കുന്നു. ഭരണം തീരാൻനേരം ആനയും അമ്പാരിയും-തറക്കല്ലിടലുകളും ഉത്ഘാടനങ്ങളും നടത്തുന്നു. മാനവീയത്തിനുവേണ്ടി ലക്ഷങ്ങൾ ധൂർത്തടിക്കുന്നു. റോമാ സാമ്രാജ്യം കത്തിയെരിയുമ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയെക്കാൾ കഷ്ടമാണ് ഇവരുടെ സ്ഥിതി. കൊട്ടിഘോഷിച്ച ജനകീയ പോലീസ്, കൺസ്യൂമർ കാർഡ്, ആരോഗ്യനയം എന്നിവ പാളിപ്പോയി. ഭരണത്തിന്റെ സമസ്ത മേഖലകളും സ്തംഭിച്ചിരിക്കുകയാണ്. ഗവർണറുടെ പ്രസംഗത്തിന്റെ അവസാന പാരഗ്രാഫിൽ പറഞ്ഞിട്ടുള്ള ഒരു കാര്യത്തിനോട് മാത്രം യോജിക്കുകയാണ്. "കേരളത്തിന് ഒരു ശോഭനമായ ഭാവി ഞാൻ മുന്നിൽ കാണുന്നു." ആ ഭാവി രണ്ടു മാസം കഴിഞ്ഞ് അധികാരത്തിൽ വരാൻ പോകുന്ന യു.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ചുള്ള പ്രത്യാശകളാണ്. ഒരിക്കൽകൂടി ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഏറെ പ്രതികൂലമായ ഒരു ദേശീയ സാഹചര്യത്തിലും കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അനിഷേധ്യമായ ഒരു വസ്തുതയാണ്. അർത്ഥപൂർണ്ണവും ചാരിതാർത്ഥ്യജനകവുമായ 5 വർഷത്തെ നേട്ടങ്ങളോടുള്ള അസഹിഷ്ണുതയാണ് സഭാതലത്തിൽ കരിങ്കൊടി വീശാൻ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കളെ പ്രേരിപ്പിച്ചത് എന്ന് ഞാൻ കരുതുന്നു. അല്ലെങ്കിൽ ഇതാണ് ഈ സമ്മേളനത്തിൽ പ്രതിപക്ഷത്തിന്റെ ധർമ്മം എന്ന് അവർ കരുതിയിരിക്കാൻ ഇടയുണ്ടെന്നാണ് തോന്നുന്നത്. പലപ്പോഴും കാര്യങ്ങൾ മുഖാമുഖം ചർച്ച ചെയ്യാതെ ബഹിഷ്ക്കരണത്തിന്റേയും ബഹളത്തിന്റേയും പാതയിലേയ്ക്ക് കുറച്ചു കാലമായില്ലേ നിങ്ങൾ നടന്നുതുടങ്ങിയിട്ട്. എന്തായാലും ഇവിടത്തെ മുഖ്യപ്രതിപക്ഷമായ പാർട്ടി തന്നെയാണ് പാർലമെന്റിലും പ്രധാന പ്രതിപക്ഷ കക്ഷി. എന്നാൽ പാർലമെന്റിൽ അവർ എടുക്കുന്ന, അവർ അനുവർത്തിക്കുന്ന പ്രതിപക്ഷ ധർമ്മം ഇതല്ല എന്ന് നമുക്കറിയാം. കേരളത്തിലെ ഇടതുപക്ഷ മുന്നണി സർക്കാരിനോട് കാണിക്കുന്ന വീറും വാശിയും ശത്രുതയും ഒന്നും കേന്ദ്ര ഗവൺമെന്റിനോട് കോൺഗ്രസ് (ഐ)യ്ക്കില്ല. സാമ്പത്തിക നയങ്ങളിൽ ബി.ജെ.പി.യും കോൺഗ്രസ്സും പുലർത്തുന്ന പാരസ്പര്യം പാർലമെന്റിൽ നമ്മൾ പലകുറി കണ്ടതാണ്. സാമൂഹ്യരംഗത്താണെങ്കിൽ അസൂയ കലർന്ന

LIBRARY ARCHIVES Kerala Legislative Assembly

ആദരവോടുകൂടിയാണ് ബി.ജെ.പി.യുടെ വർഗ്ഗീയ പ്രീണന നയത്തെ അനുകരിക്കാനും ഒപ്പം എത്താനും അവർ സാഹസപ്പെട്ടു നടത്തുന്ന ശ്രമം. ആ സാഹസിക സംരംഭങ്ങളിൽ ഒടുവിലത്തേതാണ് കുംഭമേള സ്ഥലത്തെ ശ്രീമതി സോണിയാ ഗാന്ധിയുടെ അർദ്ധസ്നാനം. ആ പാതിക്കുളി ഹാഫ് ഡിപ് എന്ന് ഇംഗ്ലീഷിൽ പറയും. ഇവർ അവരെ ഗംഗാ ജലത്തിൽ കൊണ്ടിറക്കി. അവരെ മുക്കി നനപ്പിച്ച് കയറ്റി. അതുകഴിഞ്ഞ് ജ്യോതിഷമഠത്തിലും ദ്വാരകയിലും സ്വാമിമാരേയും മഠാധിപതികളേയും കൊണ്ട് അനുഗ്രഹം വാങ്ങിപ്പിച്ചു. 101 ബ്രാഹ്മണർ പങ്കെടുത്ത യജ്ഞത്തിലാണ് ശ്രീമതി സോണിയാ ഗാന്ധി ചെന്നത്. വിഷ്വൽ മീഡിയ എത്ര ഭംഗിയായിട്ടാണ് ഈ കാര്യങ്ങളൊക്കെ കൊണ്ടുവന്നത്. സ്തുതിപാഠകരും മറ്റും അവരെ കുളിപ്പിച്ച് കളിപ്പിക്കുകയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആരാണ് അവരെ ഉപദേശിക്കുന്നത് ? അർജ്ജുൻസിംഗ് ആണോ ? പ്രണബ് മുഖർജി ആണോ? ഇത്തരത്തിലുള്ള ഉപദേശം കൊടുക്കുന്നത് ? മതവർഗ്ഗീയതയെ പ്രീണിപ്പിച്ചുകൊണ്ട് 4 വോട്ട് അധികം കിട്ടാൻ ഇത്തരത്തിലുള്ള പരിഹാസ്യമായ കളി നിങ്ങൾ അവരെക്കൊണ്ട് കളിപ്പിച്ചല്ലോ ? കോൺഗ്രസിന്റെ മതേതരത്വത്തിന്റെ പൊള്ളത്തരം എടുത്തുകാണിക്കാൻ ഇനിയൊന്നുമില്ല എന്ന് നമുക്കറിയാം. പാതിസ്നാനവും ദ്വാരക ശങ്കരാചാര്യരുമായുള്ള കൂടിക്കാഴ്ചയും കൂടി വിജയിച്ചാൽ, കുട്ടിവായിച്ചാൽ കോൺഗ്രസ്സുകാർ വർഗ്ഗീയത വളർത്തി ഫാസിസ്റ്റ് അജണ്ട നടപ്പാക്കാൻ ശ്രമിക്കുന്ന സംഘപരിവാറിനോട് എടുക്കുന്ന നയം വ്യക്തമാണ്. സംഘപരിവാറിനു മുന്നിൽ ലജ്ജയില്ലാതെ കീഴടങ്ങുന്ന സമീപനമാണ് ഇവർ എടുത്തത്. ഈ സമ്മേളനം വളരെ പ്രധാനപ്പെട്ട സമ്മേളനമാണ്. ഈ സുപ്രധാന സമ്മേളനം നടക്കുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നമ്മോടൊപ്പമില്ല. അദ്ദേഹം കേരളത്തിന്റെ തെരുവീഥികളിൽ മോചനയാത്ര നടത്തുകയാണ്. വർഷങ്ങൾക്കുമുമ്പു തന്റെ രാഷ്ട്രീയ ജീവിതത്തെ സ്വീധീനിച്ച വിമോചന സമരത്തെക്കുറിച്ചുള്ള മാസ്മര ലഹരി ഇപ്പോഴും അദ്ദേഹത്തെ വിട്ടുമാറിയിട്ടില്ല. ഇന്നും കമ്മ്യൂണിസ്റ്റ് വിരോധം ഒരു അടിസ്ഥാന വികാരമായി മനസ്സിൽ ചാരംപൂണ്ടു കിടക്കുകയാണ്. അതുകൊണ്ടുതന്നെ പിൽക്കാലത്ത് അദ്ദേഹം തള്ളിപ്പറഞ്ഞ വിമോചന സമരം എന്ന പ്രയോഗത്തോട് സാദൃശ്യമുള്ള മോചനയാത്ര എന്ന ഒരു രാഷ്ട്രീയ കസർത്തുമായിട്ട് അദ്ദേഹം ഇന്ന് രംഗത്തുവന്നിട്ടുണ്ട്. പ്രതിപക്ഷനേതാവ് ഇൻഡ്യയിലെ തന്നെ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ള ദേശീയ പാർട്ടിയായ കോൺഗ്രസിന്റെ ഉന്നത സമിതിയായ വർക്കിംഗ് കമ്മിറ്റി അംഗമാണ്. സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന വിരലിൽ എണ്ണാവുന്ന ഒരാളായ അഖിലേന്ത്യാതലത്തിൽ തന്നെ അവശേഷിക്കുന്ന ശ്രീ. കെ. കരുണാകരനെ കേവലം ക്ഷണിതാവായി മുക്കിലിരുത്തിക്കൊണ്ടാണ് പ്രതിപക്ഷ നേതാവിന് ഈ പദവി നൽകിയിട്ടുള്ളത് എന്ന് അദ്ദേഹം ഓർമ്മിക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. രാഷ്ട്രീയ പ്രശ്നങ്ങളെ ദേശീയ കാഴ്ചപ്പാടിൽനിന്നു കാണാൻ ബാദ്ധ്യതയുള്ള ആളാണ് നമ്മുടെ പ്രതിപക്ഷ നേതാവ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഇപ്പോൾ അദ്ദേഹം കാണുന്ന ഏറ്റവും വലിയ ദേശീയ വിപത്ത് ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണിയും അതിന്റെ ഗവൺമെന്റുമാണ്. അതിൽ നിന്നുമുള്ള മോചനമാണ് അടിയന്തിര ദേശീയ കടമ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കരുതുന്നു. സംസ്ഥാന ഭരണാധികാരം എന്ന ഏക അജണ്ട മുൻനിർത്തി അദ്ദേഹം നടത്തുന്ന രാഷ്ട്രീയ തേരോട്ടത്തിൽ എന്തെല്ലാം നയപ്രഖ്യാപനങ്ങൾ അവർ ഇവിടെ പറഞ്ഞു. ഞാൻ അങ്ങനെ ചെയ്യും. ഇങ്ങനെ ചെയ്യും. 90 ദിവസത്തിനുള്ളിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരും, ഉദ്യോഗസ്ഥൻമാർ ഭരണമാറ്റത്തിന് തയ്യാറായിരിക്കുകയാണ് എന്നൊക്കെ പ്രസംഗങ്ങൾ നടത്തിയതാണ്. ഇത്ര വിമർശിക്കാൻ എന്താണ് എൽ.ഡി.എഫും അതിന്റെ ഗവൺമെന്റും ഇത്ര കുറ്റം ചെയ്തിട്ടുള്ളത് എന്ന് ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആന്റണിയുടേയും അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടിയുടേയും കണ്ണിലെ കരടാകാനും മോചനത്തിനുവേണ്ടി ദാഹിക്കാൻ അദ്ദേഹത്തെ പ്രകോപിപ്പിച്ചതിനും എന്ത് അപരാധമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്? തൊണ്ണൂറുകളുടെ തുടക്കത്തിൽ കോൺഗ്രസ് (ഐ) തുടങ്ങിവച്ചതും ഇന്ന് വേഗത്തിൽ ബി.ജെ.പി. ഗവൺമെന്റ് നടപ്പാക്കിയതുമായ സാമ്പത്തിക നയങ്ങളെ ശക്തിയായി എതിർക്കുന്നു എന്നതും അതിന്റെ ആഘാതത്തിൽ നിന്നും കേരളീയ സമ്പദ്ഘടനയേയും ജനജീവിതത്തേയും രക്ഷിക്കാൻ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു എന്നുള്ളതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം? കേന്ദ്ര നയംമൂലം അനുദിനം തകരുന്ന നമ്മുടെ കാർഷിക മേഖലയെ ചൈതന്യവത്താക്കാൻ പരിശ്രമിക്കുന്നുവെന്നതാണോ ഞങ്ങൾ ചെയ്ത കുറ്റം? ക്ഷേമരാഷ്ട്ര സങ്കല്പത്തിന് നിരക്കാത്തവിധം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽനിന്നും സർക്കാർ പിൻവാങ്ങുന്നു എന്നു ആഗോളവൽക്കരണ സിദ്ധാന്തത്തിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടോടെ ആ രംഗങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നു എന്നതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം ? അരിയും ഭക്ഷ്യധാന്യങ്ങളും ഗോഡൗണുകളിൽ കെട്ടിക്കിടന്ന് ചീഞ്ഞ് കടലിൽ തള്ളേണ്ടിവന്നാലും പാവപ്പെട്ടവർക്കും കൊടുക്കുകയില്ല. സാധാരണക്കാർക്കുള്ള റേഷൻ സബ്സിഡി വെട്ടിക്കുറയ്ക്കുന്ന മനുഷ്യത്വരഹിതമായ കേന്ദ്രനയത്തിന് വ്യത്യസ്തമായി വിപുലമായ പൊതുവിതരണ ശൃംഖല നിലനിർത്താൻ ശ്രമിച്ചതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം ? എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാൽക്കാരത്തിന്റെ പാതയിലൂടെ പാർപ്പിട പ്രശ്നത്തെ സാമൂഹ്യ ചുമതലയായി ഏറ്റെടുത്തുകൊണ്ട് ബഹുദൂരം മുന്നോട്ടു പോയതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം ? നമ്മുടെ സാംസ്കാരികമേഖലയ്ക്ക് മാനവിക മുഖം നൽകി നവചൈതന്യം പകർന്നതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം ? ആഗോളവൽക്കരണവും സാമ്രാജ്യത്വ ചൂഷണവും സമ്പദ്ഘടനയെ ഞെക്കിഞെരുക്കുമ്പോൾ ജനങ്ങളുടെ സ്വാശ്രയബോധവും ആത്മവിശ്വാസവും വളർത്താനും നമ്മുടെ സമ്പദ്ഘടനയെ സംരക്ഷിക്കാനും അധികാരവികേന്ദ്രീകരണത്തിന്റേയും ജനകീയാസൂത്രണത്തിന്റേയും പാത സ്വീകരിച്ചതാണോ ഞങ്ങൾ ചെയ്ത കുറ്റം ? ഇതിനൊക്കെ മറുപടി അപ്പുറത്തുനിന്നും പറയണം. നമ്മുടെ ദേശീയ പ്രസ്ഥാനവും നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസും വിഭാവന

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ക്ഷേമരാഷ്ട്ര സങ്കല്പത്തിന്റെ തിരിനാളം കെടാതെ കാത്ത് സൂക്ഷിക്കുന്നതാണോ എൽ.ഡി.എഫ്. ചെയ്ത കുറ്റം എന്ന് ഞങ്ങൾ ചോദിക്കുകയാണ്. നമ്മുടെ രാജ്യത്തെ ദേശാഭിമാനമുള്ള ബഹുഭൂരിപക്ഷം കോൺഗ്രസുകാരും ആഗ്രഹിക്കുന്നത് രാജ്യം ഇന്ന് സ്വീകരിച്ചിട്ടുള്ള സാമ്പത്തിക നയങ്ങളിൽ നിന്നുമുള്ള മോചനമാണ്. അല്ലാതെ ബഹുമാനപ്പെട്ട ആന്റണി പറയുന്ന മോചനമല്ല. ലോകവ്യാപാര സംഘടനയുടെ കെണിയിൽനിന്നും ഇന്ത്യയെ കെണിയിലേയ്ക്ക് കൊണ്ടെത്തിച്ചത് കോൺഗ്രസ് (ഐ) ആണ്. കേന്ദ്രത്തിൽ ബി.ജെ.പി. നേതൃത്വം നൽകുന്ന എൻ.ഡി.എ. ഗവൺമെന്റ് ഉദാരവൽക്കരണത്തിന്റെയൊക്കെ പിന്നാലെ പോകുമ്പോൾ നിങ്ങൾ മാത്രമേ ഇപ്പോൾ അതിനോട് യോജിക്കുന്നുള്ളൂ. അതാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ബി.ജെ.പി.യോട് ആഭിമുഖ്യമുള്ള ബി.എം.എസ്. അതിനെതിരെ പ്രക്ഷോഭം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഏപ്രിൽ 16-ന് ഡൽഹിയിൽ ഡബ്ല്യൂ.ടി.ഒ.യുമായുള്ള കരാർ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വലിയ സമരം നടക്കുകയാണ്. സാധാരണക്കാരുടെയും തൊഴിലാളികളുടെയും ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള നയം രൂപീകരിക്കണം എന്ന് ആവശ്യപ്പെടുന്നത് ബി.എം.എസ്. സേനയാണ്. എന്നാൽ ഇവർക്ക് ആ നയങ്ങളോടുള്ള ആഭിമുഖ്യത്തിന് യാതൊരു കുറവുമില്ല. ബഹുമാനപ്പെട്ട അബ്ദുറബ്ബ് ഒക്കെ പറഞ്ഞതുപോലെ കൃഷി മേഖലയെ ഒക്കെ ആരാണ് ശക്തിപ്പെടുത്തേണ്ടത് ? വല്ലപ്പോഴും വായിക്കണം. കൃഷിമേഖല രക്ഷപ്പെടുത്താൻ ഇൻഡ്യൻ കാർഷിക വിപണിയെ പ്രോജ്വലിപ്പിക്കുന്നതിന് 1960 മുതൽ 1982 വരെ നടന്ന ഹരിത വിപ്ലവം വഹിച്ച പങ്ക് ചെറുതല്ല. ആ ഹരിത വിപ്ലവത്തിന്റെ മുഖ്യ ശില്പികളിലൊരാളായ ഡോ. എം. എസ്. സ്വാമിനാഥൻ ഇന്ന് ദുഃഖിതനാണ്. ഇന്ത്യയുൾപ്പെടെയുള്ള മൂന്നാം ലോകരാഷ്ട്രങ്ങളിൽ സാംസ്കാരിക വിപണി നേരിടുന്ന പ്രതിസന്ധി ഹരിതവിപ്ലവത്തിന്റെ ഫലങ്ങൾ സാധാരണക്കാരിലെത്തുന്നതിന് വിഘാതമായിരിക്കുന്നു. അദ്ദേഹം ഈയിടെ പറയുന്നുണ്ട്. 1994-ൽ ഇന്ത്യ ലോകരാഷ്ട്രങ്ങളുമായി നടത്തിയ ഉടമ്പടി നിർഭാഗ്യകരമായിരുന്നു. എൽ.ഡി.എഫ്. പറയുന്നതല്ല. അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാഷ്ട്രങ്ങൾ അവരുടെ സമ്പദ്മേഖലകൾ സംരക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾക്ക് ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് പറഞ്ഞാണ് 'ഗാട്ട്' കരാറിൽ ഒപ്പുവച്ചത്. നമ്മൾ എങ്ങനെയാണ് ഒപ്പുവച്ചത്? 'ഗ്രീൻ ബ്ലൂ ബോക്സ്' സംവിധാനത്തിലൂടെ ഉയർന്ന തീരുവയുള്ള രാഷ്ട്രങ്ങളിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങൾ തങ്ങളുടെ വിപണികൾ കീഴടക്കുകയില്ലായെന്ന് ഓരോ രാജ്യവും ഉറപ്പുവരുത്തി. നമ്മൾ എന്താണ് ചെയ്തത് ? പാർലമെന്റ് ഡിസ്ക്കഷൻ ഉണ്ടായിട്ടുണ്ടോ ? ഉപാധികളെക്കുറിച്ച് എന്തെങ്കിലും പറയാൻ കഴിയുമോ ? നമ്മുടെ സബ്സിഡിയെക്കുറിച്ചൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ. ഒരു ലക്ഷംകോടി ഡോളറാണ് അമേരിക്ക സബ്സിഡിയായിട്ട് കൊടുത്തത് വിതരണം ചെയ്തത്. ഇതിനെല്ലാം പുറമേ ഇറക്കുമതി ചുങ്കംകൊണ്ടുള്ള വികസിത രാഷ്ട്രങ്ങളുടെ കളികളെക്കുറിച്ച് ഒരൊറ്റ ഉദാഹരണം പറയുകയാണ്. ജപ്പാനിൽ തീരുവ ചുമത്തുന്നത് 2000 ശതമാനമാണ്. വേറൊരു രാജ്യത്തിൽ നിന്നുണ്ടാക്കിയ അരി അവിടെകൊണ്ടുചെന്ന് ഇറക്കണമെങ്കിൽ ഇറക്കുമതി ചുങ്കം

LIBRARY ARCHIVES Kerala Legislative Assembly

2,000 ശതമാനമാണ്. ഒന്നും രണ്ടും നൂറുമല്ല. ആ തരത്തിൽ വീണ്ടുവിചാരമില്ലാതെ ആ ഉടമ്പടിയിൽ ഒപ്പുവച്ചതിന്റെ ദുരന്തഫലമാണ് ഇതെന്ന് ഡോ. എം. എസ്. സ്വാമിനാഥൻ വ്യക്തമാക്കിയിരിക്കുന്നു. അദ്ദേഹം സാധാരണ ആളല്ല. പ്രഗൽഭനാണ്. നിങ്ങൾക്ക് നല്ലപോലെ അറിയാമെന്ന് ഞാൻ വിചാരിക്കുന്നു. ലോകത്ത് പല രാജ്യങ്ങളും അമേരിക്കപോലും മടിച്ചുനിൽക്കുന്ന സമയത്താണ് തിടുക്കത്തിൽ ചെന്ന് നരസിംഹറാവുവിന്റെ ഗവൺമെന്റ് അതിൽ ഒപ്പുവച്ചത്. പ്രതിപക്ഷനേതാവ് ഇവിടെ ഇല്ലെങ്കിലും അന്നത്തെ കേന്ദ്രമന്ത്രിസഭയിലെ അംഗമായിരുന്നു. പി.ഡി.എസ്. തീരുമാനമെടുക്കുമ്പോൾ പൊതുവിതരണ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവായിരുന്നു. അന്ന് സാധാരണക്കാരുടെ അത്താഴം മുടക്കുന്ന റേഷൻ അട്ടിമറിക്കുന്ന തീരുമാനങ്ങളെടുക്കുമ്പോൾ പൊതുവിതരണ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് അദ്ദേഹമാണെന്ന് നമുക്കറിയാം. അന്ന് ഈ നയങ്ങളെ കമ്മ്യൂണിസ്റ്റുകാരും പ്രതിപക്ഷങ്ങളും എതിർത്തപ്പോൾ അത് വിവരക്കേടും നിഷേധാത്മകതയുമാകുമെന്ന് പലരും കരുതിയിരുന്നു. എന്നാൽ ഇന്ന് അപ്രതീക്ഷിതമായി ആദരണീയമായ നിഷ്പക്ഷമായ കേന്ദ്രങ്ങളിൽനിന്ന് ഈ നയങ്ങൾക്കെതിരെ വിമർശനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ പരമോന്നതപദവി അലങ്കരിക്കുന്ന ആരാധ്യനായ രാഷ്ട്രപതിതന്നെ അമിതമായ ആഗോളവൽക്കരണത്തിനെതിരെ ശക്തമായ താക്കീത് നൽകിയിരിക്കുന്നത് നമ്മൾ കണ്ടതാണ് (സ്വാതന്ത്ര്യദിന സന്ദേശത്തിൽ). അന്ധകാരാവൃതമായ അഖിലേന്ത്യാന്തരീക്ഷത്തിൽ നമുക്ക് വെളിച്ചം കാട്ടുന്ന പ്രകാശരേഖയാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണവും ജനകീയ ആസൂത്രണവുമെന്ന് പറഞ്ഞത് ലോകമാദരിക്കുന്ന എം.എസ്. സ്വാമിനാഥനാണ്. മലയാളിയും ധവള വിപ്ലവത്തിന്റെ ശില്പിയുമായ ശ്രീ. വി. കുര്യൻ ഈ നയത്തിന്റെ വിമർശകനാണ്. ഇന്ത്യൻ ക്ഷീരകർഷകനെ തകർക്കാൻ വിപണിയിലെത്തുന്ന വിദേശപാലിന് കഴിയുമെന്നും ദശലക്ഷക്കണക്കിനാളുകൾ തൊഴിൽരഹിതരാകുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. ചുരുക്കത്തിൽ നിങ്ങളോട് ഞങ്ങൾ യോജിക്കുന്നത് ഒരു കാര്യത്തിലാണ്. മോചനം വേണമെന്ന കാര്യത്തിൽ. പക്ഷേ, ആ മോചനം എന്തിൽനിന്നാണ് എന്നുള്ള കാര്യത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. ആ മോചനം വേണ്ടത് ഈ നയങ്ങളിൽ നിന്നാണ്. ആ നയങ്ങളിൽ നിന്നുള്ള മോചനത്തിനുവേണ്ടി ഒരുമിച്ച് ഫൈറ്റ് ചെയ്യാമോ എന്നാണ് ചോദിക്കുന്നത്. സാമ്രാജ്യ, സാമ്പത്തിക സമാധാന നയങ്ങളിൽ നിന്നാണ് നമുക്ക് മോചനം വേണ്ടത്. ആ കാര്യം നിങ്ങൾ മനസ്സിലാക്കണം. ഈ നയങ്ങൾക്കെതിരെയുള്ള ജനങ്ങളുടെ കൂട്ടായ്മയെ തകർക്കുന്ന വർഗ്ഗീയതയിൽ നിന്നാണ് മോചനം വേണ്ടത്. അത്തരം ഒരു മോചനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒന്നാണ് എൽ.ഡി.എഫ്. പ്രസ്ഥാനം. അതിനെ തകർക്കാനുള്ള മോചനയാത്ര ആരെ സഹായിക്കുമെന്ന് നിങ്ങൾക്കറിയാമോ ? ഈ ഗവൺമെന്റിനെ തകർക്കാൻ നടക്കുന്ന മോചനയാത്ര ആരെയാണ് സഹായിക്കുന്നതെന്ന് നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കണം. നാടിന്റെ പരമാധികാരം സൂക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന നമ്മുടെ സ്വാശ്രയത്വവും, ദേശാഭിമാനവും പരിരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന, അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന എൽ.ഡി.എഫ്-നെ തളർത്താനും തകർക്കാനും ഇല്ലായ്മ ചെയ്യാനും വേണ്ടിയുള്ള മഹാസഖ്യങ്ങൾ കേരളത്തിലും പശ്ചിമ ബംഗാളിലും രൂപം കൊള്ളുന്നത് നമ്മൾ കാണുന്നുണ്ട്. അതിനെതിരായ അതിശക്തമായ പോരാട്ടത്തിലേയ്ക്ക് അത്തരം സഖ്യങ്ങൾക്കെതിരെ പൊരുതുന്നതിന് രാജ്യസ്നേഹികൾക്ക് മനോബലം നൽകുന്നതാണ് ഈ ഗവൺമെന്റിനുവേണ്ടി ഗവർണർ നൽകിയ നയപ്രഖ്യാപനവും അതിനെക്കുറിച്ചുള്ള നന്ദി പ്രമേയവും എന്നുള്ളതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ആന്റണി രാജു : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗം ബഹിഷ്ക്കരിച്ചുകൊണ്ട് പാർലമെന്ററി ജനാധിപത്യമര്യാദകൾ നഗ്നമായി ലംഘിച്ച പ്രതിപക്ഷത്തിന് ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുക്കാൻപോലുമുള്ള ധാർമ്മികമായ അവകാശമില്ല. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതുമുതൽ സഭാസമ്മേളനങ്ങൾ തടസ്സപ്പെടുത്തുന്നതിൽ റെക്കോർഡ് സൃഷ്ടിച്ച പ്രതിപക്ഷമാണ് ഇന്ന് കേരളത്തിലുള്ളത്. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി, പ്രതിപക്ഷനേതാവായി ഈ നിയമസഭയിൽ വന്നതിനുശേഷം അദ്ദേഹം ആദ്യം നടത്തിയ പ്രസംഗത്തിൽ എന്താണ് പറഞ്ഞത് ? ഞങ്ങൾ നടത്തളത്തിൽ ഇറങ്ങുകയില്ല. ഞങ്ങൾ സഭ ബഹിഷ്ക്കരിക്കുകയില്ല. ഞങ്ങൾ ക്രീയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കുമെന്ന് പറഞ്ഞുകൊണ്ട് പ്രസംഗം തുടങ്ങിയ പ്രതിപക്ഷം ഇപ്പോൾ എവിടെയാണ് നിൽക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ പ്രതിപക്ഷം തുടങ്ങിയ നിസ്സഹകരണ മനോഭാവത്തിന്റെ തുടർച്ച ഇന്നും നമ്മൾ ഈ സഭയിൽ കണ്ടതാണ്. കേരളത്തിന്റെ പ്രശ്നം പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.മാരെ വിളിച്ചുകൂട്ടിയപ്പോൾ ആ ചർച്ചയിൽപോലും പങ്കെടുക്കാതെ ബഹിഷ്ക്കരിച്ച പ്രതിപക്ഷത്തിനെ കേരളത്തിലെ ജനങ്ങൾ ഏതാനും നാളുകൾ കഴിയുമ്പോൾ ബഹിഷ്ക്കരിക്കുവാൻ പോവുകയാണ്. ഇപ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേട്ടങ്ങളുടെ മുമ്പിൽ പകച്ചുനിൽക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം. നിങ്ങളുടെ മോചനയാത്രകൊണ്ടൊന്നും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളെ ജനങ്ങളുടെ മനസ്സിൽനിന്ന് മാറ്റാൻ കഴിയുകയില്ല. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ അവസ്ഥ എന്താണ്? ഈ സംസ്ഥാനത്തു നിലനിൽക്കുന്ന മതസൗഹാർദ്ദം എങ്ങനെയാണ്? കോൺഗ്രസ്സിന്റെ ഭരണകാലത്ത് പൂന്തുറയിലും വിഴിഞ്ഞത്തും പാലക്കാടും മട്ടാഞ്ചേരിയിലും കാസർഗോഡുമൊക്കെ അഴിഞ്ഞാടിയ വർഗ്ഗീയ കലാപങ്ങൾ ഓർമ്മയില്ലേ. ഇപ്പോൾ മതസൗഹാർദ്ദത്തെക്കുറിച്ചാണ് പ്രതിപക്ഷം ഏറെ പ്രസംഗിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എവിടെയെങ്കിലും മതസൗഹാർദ്ദത്തിന് വിള്ളലേൽക്കുന്ന എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ? മതേതരത്വത്തിന്റെ പ്രതീകമായി ഇന്ന് കേരളം നിലനിൽക്കുന്നതു കാണുമ്പോൾ ശ്രീ. മാമ്മൻ മത്തായിക്കൊക്കെ സ്വാഭാവികമായും അസ്വസ്ഥതയുണ്ടാകും. അവരുടെ ഭരണകാലത്ത് കേരളത്തിൽ ഇങ്ങനെയൊരു അവസ്ഥ സംജാതമാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ 5 വർഷക്കാലമായി കേരളത്തിൽ വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly

കലാപമില്ലാത്ത, മതേതരത്വത്തിന്റെ തുരുത്തായി, ശാന്തിയുടെ തുരുത്തായി കേരളം നീങ്ങുമ്പോൾ അതിൽ സ്വാഭാവികമായും പ്രതിപക്ഷത്തിന് അസ്വസ്ഥതയുണ്ടാകും. അവിടെയൊക്കെ അല്പമെങ്കിലും വിള്ളലുകളുണ്ടാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം ചിലർ നടത്തുന്നുണ്ട്. എങ്കിലും അതിനെയൊക്കെ തടുത്തുനിർത്താൻ കഴിയുന്ന ഒരു ഗവൺമെന്റ് കേരളത്തിലുള്ളതുകൊണ്ട് പ്രതിപക്ഷത്തിന്റെ ബോധപൂർവ്വമായ ശ്രമമൊന്നും വിജയിക്കുകയില്ല. ക്രമസമാധാനത്തിന്റെ കാര്യത്തിൽ കേരളം കൈവരിച്ച നേട്ടം ഇന്ന് ഇന്ത്യയ്ക്ക് മാതൃകയാണ്. ഇന്ത്യൻ പ്രധാനമന്ത്രിക്ക് സ്വസ്ഥമായിട്ട് കിടന്നുറങ്ങുവാൻ ഈ കേരളത്തിലേയ്ക്ക് വരേണ്ടിവന്നു എന്നതുതന്നെ കേരളം ക്രമസമാധാനരംഗത്ത് എവിടെ നിൽക്കുന്നു എന്നതിന്റെ തെളിവാണ്. ജനകീയാസൂത്രണപ്രസ്ഥാനത്തിൽ കേരളം കൈവരിച്ച നേട്ടം പുത്തൻ വികസന സംസ്കാരം ഇന്ത്യയ്ക്ക് നൽകികൊണ്ട് കേരളം കൈവരിച്ച നേട്ടം അഭിനന്ദനീയമാണ്. ഇന്നലെ പറഞ്ഞതുപോലെ വികസനപാതയിൽ ഊർജ്ജ രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അഞ്ചുകൊല്ലം കൊണ്ട് 17 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒക്കെ അവസാനിപ്പിച്ചുകൊണ്ട് വികസനരംഗത്ത് പുത്തൻ നേട്ടം ഇടതുമുന്നണി ഗവൺമെന്റ് നടപ്പാക്കി. പാവപ്പെട്ടവരായ ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുത്തുകൊണ്ട് കേരളത്തിൽ ചരിത്രം സൃഷ്ടിച്ചില്ലേ ഈ ഗവൺമെന്റ്? പൊതുവിതരണ രംഗത്ത് കേരളം അത്ഭുതകരമായ നേട്ടമാണ് കൈവരിച്ചത്. പാർപ്പിട പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ കേരളം കൈവരിച്ച നേട്ടം ഇന്ന് ഇന്ത്യയ്ക്കാകെ മാതൃകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 14 എഞ്ചിനീയറിംഗ് കോളേജ് ഉണ്ടായിരുന്ന സ്ഥാനത്ത് 32 എഞ്ചിനീയറിംഗ് കോളേജ് തുടങ്ങി. വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്.

ശ്രീ. മാമ്മൻ മത്തായി : 32 എഞ്ചിനീയറിംഗ് കോളേജുണ്ടോ ?

ശ്രീ. ആന്റണി രാജു : 32 എണ്ണം ഉണ്ട്. അന്വേഷിച്ച് നോക്കൂ. ശ്രീ. മാമ്മൻ മത്തായി കേരളത്തിൽ നടക്കുന്ന കാര്യങ്ങളൊന്നും അറിയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 14 എഞ്ചിനീയറിംഗ് കോളേജ് കേരളത്തിൽ ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് 18 എഞ്ചിനീയറിംഗ് കോളേജ് കൂടി അനുവദിച്ചു. ശ്രീ. മാമ്മൻ മത്തായി കണക്ക് പരിശോധിച്ച് നോക്കൂ. 3709 എഞ്ചിനീയറിംഗ് സീറ്റിന്റെ സ്ഥാനത്ത് ഇത് 9128 സീറ്റായി വർദ്ധിപ്പിച്ചു. ഇപ്പോൾ പ്രതിപക്ഷത്തിനു സ്വകാര്യമേഖലയോട് എന്തൊരു സ്നേഹം സർ! ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി സ്വകാര്യമേഖലയ്ക്കെതിരെ നടത്തിയ സമരം കേരളത്തിലെ ജനങ്ങൾ മറന്നുപോയി എന്ന് ധരിക്കരുത്. ഇപ്പോൾ പ്രതിപക്ഷനേതാവിന് സ്വകാര്യമേഖലയോട് പ്രേമം. നടക്കുന്ന സ്ഥലത്തെല്ലാം പ്രസംഗം ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇഷ്ടംപോലെ സ്വകാര്യ കോളേജുകൾ അനുവദിക്കും. നാണമില്ലേ; ഈ രാജ്യത്ത് സ്വകാര്യമേഖലയ്ക്കെതിരെ സമരം അഴിച്ചുവിടുകയും വൈദികന്മാരെയും

LIBRARY ARCHIVES Kerala Legislative Assembly

കന്യാസ്ത്രീകളെയും മൂക്കുകയർ ഇടുമെന്ന് പറഞ്ഞ ശ്രീ. എ കെ. ആന്റണിയുടെ നയത്തിൽ ഇന്നുവന്ന മാറ്റം സ്വാഗതാർഹമാണ്. കേരളാ കോൺഗ്രസ്സ് നയത്തോട് ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയും യോജിക്കുന്നത് സ്വാഗതാർഹമാണ്. നിങ്ങൾ ഇനിയും ഏറെ മാറേണ്ടിയിരിക്കുന്നു. ട്രഷറി പൂട്ടുന്നതിനെക്കുറിച്ചാണല്ലോ ഇവിടെ സൂചിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രാവശ്യംപോലും ട്രഷറി പൂട്ടാതെ മാർഗ്ഗം കാണിച്ച ഗവൺമെന്റാണ് ഈ കേരളാ ഗവൺമെന്റ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ട്രഷറി പൂട്ടുന്നതിൽ റിക്കാർഡ് സൃഷ്ടിച്ച ഭരണമായിരുന്നു. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ മലയാളമനോരമ പത്രംപോലും ട്രഷറി പൂട്ടലിനെക്കുറിച്ച് എഴുതിയല്ലോ; ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത് എന്താണ്; ഇതിനൊക്കെ കാരണം കേന്ദ്രം ചതിച്ചത് കൊണ്ടാണ് എന്ന്. 1-1-1993-ലെ മലയാളമനോരമ പത്രത്തിൽ വന്നതാണ് ഇത്. "കേന്ദ്രം ഞങ്ങളെ ചതിച്ചതുകൊണ്ടാണ് ട്രഷറി പൂട്ടേണ്ടിവന്നതെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉമ്മൻചാണ്ടി." 6-4-1993-ലെ മലയാള മനോരമ പത്രത്തിൽ വീണ്ടും 'ട്രഷറി പൂട്ടൽ ഭീഷണി വീണ്ടും വന്നിരിക്കുന്നു' ദീപിക പത്രം എഴുതി, "ട്രഷറി നിറയ്ക്കാൻ സർക്കാരിന്റെ പകൽകൊള്ള" രണ്ടുവർഷം മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്ക് അധിക സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കണമെന്ന് പറഞ്ഞ് വൻതുക ഈടാക്കിക്കൊണ്ടാണ് ഗവൺമെന്റ് ജനങ്ങളെ പിഴിയുന്നത്. നിയമവിരുദ്ധമാണ് ഈ നടപടിയെന്ന് വ്യക്തമായിട്ടുണ്ട്. നേരത്തെ രജിസ്റ്റർചെയ്ത ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി കുറവാണെന്നും കൂടുതൽ തുക അടയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ രജിസ്ട്രാർ ഓഫീസ് വഴി നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടിയുടെ ഭരണകാലത്ത് പണം ഇല്ല എന്ന കാരണത്താൽ നിയമം മറികടന്ന് മുന്നോട്ടുപോകുവാനാണത്രേ സർക്കാരിന്റെ ഉത്തരവ്. "കേരളം കടക്കെണിയിൽ", കേരളാ കൗമുദി പത്രം 13-5-1996-ലെ പത്രത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ കടക്കെണിയിലാക്കിക്കഴിഞ്ഞ കേരളത്തെ കരകയറ്റാൻ ഇടതുമുന്നണി ഗവൺമെന്റിനു ഏറെ പാടുപെടേണ്ടിവരും. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെയും ശ്രീ. സി. വി. പത്മരാജന്റെയും അശാസ്ത്രീയമായ സമീപനവും ദൂരക്കാഴ്ച ഇല്ലായ്മയുമാണ് ഈ സാമ്പത്തിക വ്യത്തങ്ങൾ അഭിപ്രായപ്പെടുന്നു. ആരുടെ ഭരണകാലത്താണ്? നിങ്ങളുടെ ഭരണം ഉണ്ടാക്കിയതാണ്. നിങ്ങളുടെ ദീപികാപത്രം, ശ്രീ. മാമ്മൻമത്തായിയെ അനുകൂലിക്കുന്ന ദീപിക പത്രം ഇനിയും വായിക്കാം. മലയാള മനോരമ വേണോ? 1-2-1993-ൽ മലയാള മനോരമ പത്രത്തിൽ എന്താണ് എഴുതിയത്? സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി പലയിടത്തും കേരളത്തിൽ ശമ്പള വിതരണം മുടങ്ങി. ആരുടെ കാലത്താണ്? ശ്രീ. പി. പി. തങ്കച്ചന്റെ സർക്കാരിൽ, അതായത് അങ്ങ് മന്ത്രി ആയിരിക്കുമ്പോൾ കേരളത്തിൽ നടന്ന കാര്യമാണിത്. ട്രഷറി പൂട്ടിയ കാര്യത്തിൽ ശമ്പളം കൊടുക്കാതിരുന്ന കാര്യത്തിൽ കേരളത്തിൽ ചരിത്രം സൃഷ്ടിച്ച ഒരു മുന്നണി ആയിരുന്നു കേരളം ഭരിച്ചിരുന്ന കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അതിന്റെ ബുദ്ധിമുട്ടാണ് ഇന്ന് നമ്മൾ അനുഭവിക്കുന്നത്. പ്രൊഫസർ മീനാക്ഷി തമ്പാൻ സൂചിപ്പിച്ചതുപോലെ കോൺഗ്രസ്സിന്റെ പുത്തൻ സാമ്പത്തിക നയം ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കേരളത്തെ കരകയറ്റാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ അവസ്ഥ എന്താണ് ? 10 മാസമായി ശമ്പളം ഇല്ല. ഇവിടെ ആ അവസ്ഥ ഉണ്ടാക്കിയിട്ടുണ്ടോ ? ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്നതുകൊണ്ട് മാത്രമാണ് ഇന്ന് കേരളം സാമ്പത്തിക രംഗത്ത് ഇത്രയെങ്കിലും പിടിച്ചുനിൽക്കുന്നത്. കോൺഗ്രസ്സ് നേതാവ് ശ്രീ.പി.വി. നരസിംഹ റാവുവും ശ്രീ. മൻമോഹൻ സിംഗും കൊണ്ടുവന്ന സാമ്പത്തിക നയത്തെ എതിർത്ത ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ആക്ഷേപിക്കുന്നതിൽ കോൺഗ്രസ് പാർട്ടി ഉണ്ടായിരുന്നു. ഇന്ന് സാമ്പത്തിക പ്രതിസന്ധിയെ ഓർത്ത് ദുഃഖിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞിട്ട് എന്താണ് അർത്ഥം ? നിങ്ങൾ ഉണ്ടാക്കിവച്ച സാമ്പത്തിക പ്രതിസന്ധിയാണ് ഇന്ന് കേരളത്തിലെയും ഇന്ത്യയിലെയും ജനകോടതികൾ മുഴുവൻ അനുഭവിക്കുന്നതെന്ന് പറഞ്ഞാൽ അതിൽനിന്ന് രക്ഷപ്പെടുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ഇന്ന് യു.ഡി.എഫ്. പിച്ചുംപേയും പറയുകയാണ്. മോചനയാത്ര നടത്തിക്കൊണ്ട് പിച്ചുംപോയും പറയുകയാണ്. ശ്രീ. എ. കെ. ആന്റണി എന്താണ് പറഞ്ഞത് ? ഞങ്ങൾ ഇപ്പോൾ അധികാരത്തിൽ വരും. ശ്രീ. ശങ്കരനാരായണൻ പറയുകയുണ്ടായി. ഉദ്യോഗസ്ഥന്മാർ സൂക്ഷിച്ചിരിക്കണം. ഞങ്ങൾ വന്നാൽ ശരിയാക്കുമെന്ന്. എവിടെ വരാനാണ്. ഈ നാട്ടിലെ ഉദ്യോഗസ്ഥന്മാർക്ക് അറിയാം ഇന്ന് കേരളം ആരാണ് ഭരിക്കുന്നതെന്ന്. നാളെ ആരാണ് ഭരിക്കുവാൻ പോകുന്നതെന്ന് അറിയാം. ഉദ്യോഗസ്ഥരെ നിയന്ത്രിക്കുവാൻ ഇവിടെ മുഖ്യമന്ത്രിയും മന്ത്രിമാരും ഗവൺമെന്റും ഉണ്ട്. അതിന് ശ്രീ. ശങ്കരനാരായണന്റെ ഓശാരമൊന്നും ആവശ്യമില്ല. ശ്രീ. ശങ്കരനാരായണന്റെ നിയന്ത്രണമൊന്നും ആവശ്യമില്ല. ശങ്കരനാരായണൻ പ്രതിപക്ഷത്തിരുന്നാൽ മതി. പ്രതിപക്ഷം പറയുന്നത്, കേരളത്തിൽ ഭൂചലനം ഉണ്ടായതുപോലും മുഖ്യമന്ത്രി ഇ. കെ. നായനാരുടെ ഭരണത്തിന്റെ പിടിപ്പുകേടാണ് എന്ന് പ്രസംഗിച്ചു നടക്കുന്ന കോൺഗ്രസ്സ് നേതാക്കന്മാർ ഉണ്ടെന്ന് പറയുമ്പോൾ യു.ഡി.എഫ്. എത്രയോ അധഃപതിച്ചിരിക്കുന്നു. ഇന്ന് കേരളത്തിൽ ഭൂചലനം പോലും ഇന്ന്,.....

ശ്രീ. മാമ്മൻ മത്തായി : ആരാണ് ഇങ്ങനെ പറഞ്ഞത് ?

ശ്രീ. ആന്റണി രാജു : ശ്രീ. മാമ്മൻ മത്തായിയുടെ നേതാവ് ശ്രീ. കെ. എം. മാണി പ്രസംഗിച്ചു. പാലായിൽ ഭൂചലനം ഉണ്ടായത് നായനാർ ഭരണത്തിന്റെ കഴിവുകേടാണ് എന്ന്. ശ്രീ. മാമ്മൻ മത്തായി അറിഞ്ഞില്ലേ; ഭൂചലനം പോലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ കുഴപ്പമാണെന്ന് പാവപ്പെട്ട ജനങ്ങൾക്ക് മുമ്പിൽ പറഞ്ഞ്, പ്രസംഗിച്ച് തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്ന യു.ഡി.എഫ്. ആണ് ഇന്ന് ഇവിടെ ഉള്ളത്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തുന്ന മോചനയാത്ര യു.ഡി.എഫ്.ന്റെ അന്ത്യയാത്രയാണ്. നിങ്ങളുടെ അവസാന അദ്ധ്യായമാണ്. അവസാന റീലാണ് ഓടുന്നത്. ആ നാടകമാണ് ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലുടനീളം നടക്കുന്നത്. ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽ വരുമ്പോൾ യു.ഡി.എഫ്. ഉണ്ടാവുകയില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽ വരാൻ പോവുകയാണ്. നിങ്ങളുടെ മോചന യാത്ര വിമോചന യാത്രയായി,.....

ശ്രീ. മാമ്മൻ മത്തായി : വിമോചന യാത്രയെക്കുറിച്ചൊക്കെ ധാരാളം പറയുവാനുണ്ട്.

ശ്രീ. ആന്റണി രാജു : അതു പറഞ്ഞോ, ശ്രീ. മാമ്മൻ മത്തായി പ്രസംഗിക്കുമ്പോൾ പറഞ്ഞോ, സമയം ഉണ്ടല്ലോ. വിമോചന യാത്ര എന്ന് പറയുവാൻ നിങ്ങൾക്ക് ഭയമുണ്ട്. കാരണം പഴയ വിമോചന സമരത്തിന്റെ രക്തസാക്ഷികൾ നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റിനെ അധികാരത്തിൽനിന്ന് താഴെയിറക്കുവാൻ നിങ്ങൾ ഉയർത്തിയ മുദ്രാവാക്യം ഉണ്ടല്ലോ.

തെക്ക് തെക്കൊരു ദേശത്ത്, തിരമാലകളുടെ തീരത്ത്

ഫ്ളോറി എന്നൊരു ഗർഭിണിയെ ചുട്ടുകരിച്ചൊരു സർക്കാരേ

പകരം ഞങ്ങൾ ചോദിക്കും.

എന്ന് നിങ്ങൾ ഉയർത്തിയ മുദ്രാവാക്യം ഉണ്ടല്ലോ; ഫ്ളോറിയുടെ മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. ഫ്ളോറിയുടെ ഭർത്താവുപോലും ഇന്ന് കോൺഗ്രസ്സിനെ ഉപേക്ഷിച്ച് എനിക്ക് മാലയിട്ടു. ഫ്ളോറിയുടെ രക്തത്തിൽ മുക്കിയ കൊടിയും ആയിട്ടാണ് നിങ്ങൾ അധികാരത്തിലേറിയത്. ഇനി ഇത് ഇവിടെ വിലപ്പോവുകയില്ല. നിങ്ങൾക്ക് വിമോചനം എന്ന വാക്കുപോലും ഉന്നയിക്കുവാൻ കഴിയാത്ത വിധത്തിൽ അധഃപതിച്ചിരിക്കുന്നു. ശ്രീ.എ. കെ. ആന്റണി മോചനയാത്രയിൽ പറയുന്നതെന്താണ് ; തിരുവനന്തപുരത്ത് ഞങ്ങളുടെ മോചനയാത്ര എത്തുമ്പോൾ ഈ ഗവൺമെന്റ് ഇവിടെ ഉണ്ടാവുകയില്ല എന്നാണ്. പണ്ട് ഒരാൾ ഇതുപോലെ പറഞ്ഞു. ശ്രീ. കെ. എം. മാണി പറഞ്ഞു. രണ്ടുകൊല്ലം മുമ്പ്, കേരളയാത്ര കാസർകോട് നിന്നും ആരംഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ കേരള യാത്ര തിരുവനന്തപുരത്ത് എത്തുമ്പോൾ ഇവിടെ നായനാർ ഗവൺമെന്റ് ഭസ്മമാകുമെന്ന്. ഭസ്മം ആയത് ആരാണ്? ഇപ്പോൾ ശ്രീ. കെ. എം. മാണിയാണ് ഭസ്മം ആയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കുറെക്കൂടി ശക്തിയായി ഉറപ്പുള്ള ഗവൺമെന്റായി കഴിഞ്ഞ രണ്ടുകൊല്ലമായി മുന്നോട്ട് പോകുന്നു. അതുപോലെയാണ് ശ്രീ. എ. കെ. ആന്റണിയും സ്വപ്നം കാണുന്നത്.

ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആന്റണി രാജു : ഞാൻ ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. മോചനയാത്ര നടത്തുന്ന കോൺഗ്രസ്സിന്റെ അവസ്ഥ കൂടി ഒരുവാക്കിൽ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ മാസം 31-02-2001-ൽ ശ്രീ. വയലാർ രവി പറഞ്ഞത് എന്താണ് ? സർക്കസ് കൂടാരത്തിന്റെ വാതിൽ പോലെയാണ് യൂത്ത് കോൺഗ്രസ് ഗ്രൂപ്പെന്ന് കേരളത്തിലെ യൂത്ത് കോൺഗ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന സംഘടന ഇന്ന് ഒരുപറ്റം ആളുകൾ ഇതിനെ മരവിപ്പിച്ചിരിക്കുന്നു. കെ. എസ്. യു.ന്റെ പ്രസിഡന്റ് ഒഴികെ ഇന്ന് ഒന്നുമില്ല. ഗ്രൂപ്പുകളുടെ അതിപ്രസരം ഇവിടെയും വന്നിരിക്കുന്നു. നിങ്ങളുടെ മോചനയാത്ര ചെന്ന് എത്തേണ്ടത് നിങ്ങളുടെ കെ.പി.സി.സി. ഓഫീസിലേയ്ക്കാണ്. അങ്ങോട്ടു പോയി കോൺഗ്രസ്സിനെ മോചിപ്പിക്ക് എന്നിട്ട് കേരളത്തെ മോചിപ്പിക്കാം. ബഹുമാനപ്പെട്ട ഉപനേതാവ് ശ്രീ. ജി. കാർത്തികേയൻ പറഞ്ഞത് എന്താണ് ?

ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....നോനോ, പ്ലീസ്,.....

ശ്രീ. ആന്റണി രാജു : ഇതു പറഞ്ഞ് അവസാനിപ്പിക്കാം. ഭൂരിപക്ഷം കിട്ടിയാൽ ആന്റണിതന്നെ മുഖ്യമന്ത്രിയാകും. ആരു പറഞ്ഞു? ശ്രീ. ജെ. കാർത്തികേയൻ. കെ. കരുണാകരൻ പറഞ്ഞത് എന്താണ്? ആന്റണിയെ മുഖ്യമന്ത്രി സ്ഥാനത്ത് ഉയർത്തിക്കാട്ടില്ല കരുണാകരൻ..... പിന്നെ അദ്ദേഹം ഒന്നുകൂടെ പറഞ്ഞു. രമേശനും കാർത്തികേയനും ഒന്നും പറയുന്നതിനു മറുപടി പറഞ്ഞ് ജനങ്ങൾക്ക് തന്നോടുള്ള സ്നേഹം കുറയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിവരമില്ലാത്തതുകൊണ്ടാണ് അവർ അവരുടെ ആഗ്രഹം പറഞ്ഞു തുടങ്ങിയത്. ഇതാണ് ശ്രീ. കെ. കരുണാകരൻപോലും പറഞ്ഞത്. ഇതൊക്കെയാണ് കേരളത്തിലെ കോൺഗ്രസ്സിന്റെ അവസ്ഥ. ഐക്യജനാധിപത്യ മുന്നണിയുടെ ഈ സ്വപ്നം ഒക്കെ അവസാനിക്കുവാൻ പോവുകയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 5 കൊല്ലക്കാലം കേരളത്തിലെ ജനങ്ങൾക്ക് നൽകിയിട്ടുള്ള നേട്ടങ്ങൾ ഒന്നും അവർ മറക്കില്ല. ഈ യാത്ര കൊണ്ടൊന്നും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങളെ തളർത്താൻ അല്ലെങ്കിൽ അതിനെ തളയ്ക്കുവാൻ കഴിയുകയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും പൂർവ്വാധികം ശക്തമായിട്ട് അധികാരത്തിൽ വരാൻ പോകുന്ന സാഹചര്യം കേരളം കാണാൻ പോവുകയാണ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മാമ്മൻ മത്തായി.

ശ്രീ. മാമ്മൻ മത്തായി : സർ, എന്റെ സുഹൃത്ത് ശ്രീ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. തകർന്നടിഞ്ഞ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളേയും പുനരുദ്ധരിക്കുന്നതിനാവശ്യമായ ഒരു പ്രഖ്യാപനവും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ല. ശ്രീ. ആന്റണി രാജുവിന്റെ വിഷമം ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. എൽ.ഡി.എഫ്. ഇനി അധികാരത്തിൽ വരില്ലായെന്ന് ശ്രീ. ആന്റണി രാജുവിന് തന്നെ അറിയാം. അതുകൊണ്ടാണ് 32 എൻജിനീയറിംഗ് കോളേജുകളുടെ പേരിൽ ഞങ്ങളുമായിട്ട് ലയനം നടത്തണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായത്. പക്ഷേ, ഒന്നുരണ്ടുപേർ തുരങ്കം വച്ചതുകൊണ്ട് അതു നടന്നില്ല എന്നുമാത്രമേയുള്ളൂ. എങ്കിൽപ്പോലും സമീപഭാവിയിൽ അദ്ദേഹം ഈ പാർട്ടിയിലേയ്ക്ക് കടന്നുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രയാസം ശ്രീ. എ. കെ. ആന്റണിയുടെ മോചനയാത്രയാണ്. അതിനു കൂടുന്ന ജനങ്ങളെ കാണുമ്പോൾ പങ്കെടുക്കുന്ന പതിനായിരക്കണക്കിന് ആളുകളെ കാണുമ്പോൾ അദ്ദേഹം വിറളി പിടിക്കുകയാണ്. അദ്ദേഹം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഫ്ളോറിയുടെ ഭർത്താവ് അദ്ദേഹത്തിന് വോട്ടു ചെയ്തു എന്ന്. അത് ആദ്യത്തേതും അവസാനത്തേതുമായ വോട്ടായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇവിടെ ശ്രീ. കണാരനും ശ്രീ. ആന്റണി രാജുവും പ്രൊഫസറുമൊക്കെ സംസാരിച്ചു. ശ്രീ. കണാരനും ശ്രീ. ആന്റണി രാജുവും എന്തെങ്കിലും പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ, പ്രൊഫസർ മീനാക്ഷി തമ്പാനെ സംബന്ധിച്ചിടത്തോളം അവർക്ക് യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ കഴിയുന്നില്ലല്ലോ എന്ന സങ്കടം മാത്രമേയുള്ളൂ. ആഗോളവൽക്കരണം, ഉദാരവൽക്കരണം, ഗാട്ട് എന്നീ മൂന്നു-നാല് വാക്കുകളില്ലായിരുന്നുവെങ്കിൽ ഇന്ന് ഇടതുപക്ഷത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ശ്രീ. നരസിംഹറാവുവിന്റെ കാലത്ത് ഗാട്ട് എഗ്രിമെന്റ് ഒപ്പിട്ടു. അതിൽ നിന്ന് ഒരു മോചനമാണ് നമുക്ക് വേണ്ടത്. ആ മോചനത്തിന് അവസരം നിങ്ങൾക്കുണ്ടായിരുന്നല്ലോ ? അന്ന് എന്തു ചെയ്യുകയായിരുന്നു ? ഐക്യമുന്നണി ഗവൺമെന്റ് ആ ഉദാരവൽക്കരണ നയം പിന്തുടർന്നു. ശ്രീ.ദേവഗൗഡ പിന്തുടരുന്നു. അന്ന് കേന്ദ്രത്തിൽ പങ്കാളിയായിരുന്ന വലതു കമ്മ്യൂണിസ്റ്റു പാർട്ടി, ഐക്യമുന്നണി ഗവൺമെന്റിനെ താങ്ങിനിർത്താൻ, അതിന് സ്റ്റിയറിംഗ് പിടിച്ചത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി ആണ്.

മി ഡെപ്യൂട്ടി സ്പീക്കർ : വലതു കമ്മ്യൂണിസ്റ്റു പാർട്ടി എന്നുള്ള വാദം തെറ്റാണ്. അത് തിരുത്തി പറയണം.

ശ്രീ. മാമ്മൻ മത്തായി : സി.പി.ഐ. ആണ്. അന്ന് ഈ കാര്യങ്ങളൊന്നും എന്റെ സുഹൃത്തുക്കൾ ഓർത്തില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നാം ഇന്ന് മനസ്സിലാക്കേണ്ടത്, ആഗോളവൽക്കരണവും ഉദാരവൽക്കരണവും നമ്മുടെ രാജ്യത്ത് യാഥാർത്ഥ്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കണം. അതാണെങ്കിൽ അതിനെ മറികടക്കാനുള്ള, അതിനെ ഓവർകം ചെയ്യാനുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കാതെ ഓരോ മേഖലകളേയും ശക്തിപ്പെടുത്താൻ കഴിയാതെ നാം വിലപിച്ചിട്ട് കാര്യമില്ല. ഇന്ന് കാർഷികമേഖലയിലെ സ്ഥിതി എന്താണ് ? നെല്ലിന് വിലയില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ 680 രൂപയുണ്ടായിരുന്നുവെങ്കിൽ ഇന്ന് നെല്ലിന് 480 രൂപയായി. ഐക്യജനാധിപത്യമുന്നണി ഭരിക്കുമ്പോൾ റബ്ബറിന് 61 രൂപയുണ്ടായിരുന്നത് ഇന്ന് 28 രൂപയായി. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഒരു ഘടകകക്ഷി ആണല്ലോ ജോസഫ് സാറിന്റെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ് (ജെ). ഐക്യജനാധിപത്യമുന്നണി ഭരിക്കുമ്പോൾ ഒരു കിലോ റബ്ബറിന് 61 രൂപ ആയിരുന്നു. 70 രൂപയെങ്കിലും കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജോസഫ് സാർ റബ്ബർ കൊണ്ട് തുലാഭാരം നടത്തിയ കാര്യം ഞാൻ ഓർക്കുകയാണ്. അത് കഴിഞ്ഞ് റബ്ബർ ഷീറ്റ് വളച്ച് തൊപ്പിയുണ്ടാക്കി ഈ രാജ്യം മുഴുവൻ ഓടിനടന്ന് പ്രസംഗിച്ചു. ഇപ്പോൾ റബ്ബറിന് 50 രൂപയിൽ താഴെയായി. അതിന് ജോസഫ് സാറിന് എന്താണ് പറയാനുള്ളത്? ഇവിടെ രാവിലെ പറഞ്ഞത് 12,000 ടൺ റബ്ബർ കയറ്റി അയച്ചു എന്നാണ്. 1997-ൽ എന്റെ നേതാവ് മാണി സാർ റബ്ബറിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു സബ്സ്റ്റാന്റീവ് മോഷന് നോട്ടീസ് കൊടുക്കുകയുണ്ടായി. അത് മാണി കൊണ്ടുവന്നതുകൊണ്ട് തന്നെ ആ

LIBRARY ARCHIVES Kerala Legislative Assembly

ഒരവസരം നഷ്ടപ്പെടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി റബ്ബറിന് ഒരു കിലോയ്ക്ക് 55 രൂപാ വച്ച് മാർക്കറ്റിൽ നിന്ന് സംഭരിച്ച് 40 ലക്ഷം ടൺ കയറ്റി അയയ്ക്കണമെന്ന് പ്രമേയം കൊണ്ടുവരികയും നമ്മൾ പാസ്സാക്കുകയും ചെയ്തു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, അദ്ദേഹം പറഞ്ഞ വിലയ്ക്ക് ഒരു കിലോ റബ്ബറെങ്കിലും സംഭരിക്കാൻ കഴിഞ്ഞോ? ഒരു കിലോ റബ്ബർപോലും സംഭരിക്കാൻ കഴിഞ്ഞില്ല. ആരുടെ കുഴപ്പമാണ്? കൊപ്ര സംഭരിച്ചു. കൊപ്ര സംഭരിച്ചു എന്ന് അവകാശപ്പെടുന്ന ഗവൺമെന്റിന്, നിങ്ങളുടെ സംഭരണം കൊണ്ട് നാളികേരത്തിന്റെ വില വർദ്ധിപ്പിക്കാൻ കഴിഞ്ഞോ ? റബ്ബർ സംഭരിച്ച് എന്നുള്ളതുകൊണ്ട് റബ്ബറിന്റെ വില വർദ്ധിപ്പിക്കാൻ കഴിഞ്ഞോ ? സംഭരിച്ചു എന്നു പറഞ്ഞിട്ട് കാര്യമില്ല. മാർക്കറ്റിലുള്ള മിച്ച റബ്ബറും കൊപ്രയും ഒക്കെ ആവശ്യത്തിലധികം സംഭരിച്ചത് വിറ്റാൽ മാത്രമേ ഈ രംഗത്ത് വില കൂട്ടാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികളൊന്നും നടത്തുന്നില്ല. വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ലക്ഷക്കണക്കിന് വീടുകളും ലക്ഷക്കണക്കിന് കക്കൂസുകളും ആയിരക്കണക്കിന് കിലോമീറ്റർ റോഡുകളുമുണ്ടെങ്കിൽ ഒരു കാര്യം എന്റെ സുഹൃത്തുക്കൾ മറന്നുപോയി. കക്കൂസ് നിർമ്മിച്ചിട്ട് ചെക്ക് വാങ്ങി ട്രഷറിയുടെ മുമ്പിൽ കിടക്കുകയാണ് പാവപ്പെട്ടവൻ. വീട് വച്ചിട്ട് ചെക്ക് വാങ്ങിച്ച് ട്രഷറിയുടെ മുമ്പിൽ കിടക്കുകയാണ്. റോഡ് പണിതിട്ട് കോൺട്രാക്ടർമാർ തൂങ്ങിമരിക്കുന്ന സംഭവങ്ങൾ നമ്മുടെ രാജ്യത്ത് നടക്കുകയാണ്. തകർന്ന ഖജനാവ്, കാലിയായ ഖജനാവ് ആണുള്ളത്. ട്രഷറി പൂട്ടുന്നില്ല എന്നാണ് പറയുന്നത്. ട്രഷറിയിൽ ഒരു രൂപയുമില്ല. പിന്നെ തുറന്നുവച്ചാൽ എന്താണ് പ്രയോജനം ? അതു പറയണം. ഒരു രൂപ പോലും ട്രഷറിയിൽ കിട്ടാനില്ല. 27-ാം തീയതി മുതൽ 31-ാം തീയതി വരെ ട്രഷറി തുറക്കും. അതു കഴിയുമ്പോൾ വീണ്ടും നിരോധനം ഏർപ്പെടുത്തും. ഇതാണ് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരുവിധ നിർദ്ദേശങ്ങളും ഈ പ്രസംഗത്തിലില്ല. നമ്മുടെ സംസ്ഥാനം മറ്റു രാഷ്ട്രങ്ങൾക്കും മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാണെന്നാണ് ഗവർണറെക്കൊണ്ട് പറയിച്ചിരിക്കുന്നത്. ഒരു കാര്യം കൂടി എഴുതേണ്ടതായിരുന്നു. ഒരു വനിതാ സെക്രട്ടറിയോട് അപമര്യാദയായി പെരുമാറിയ, ലൈംഗീകാഭിനിവേശം കാട്ടിയ, ഒരു മന്ത്രിയെ എന്റെ ഗവൺമെന്റ് പുറത്താക്കി എന്നുകൂടി ചേർത്തിരുന്നുവെങ്കിൽ തീർച്ചയായും ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ പൂർണ്ണമായിരുന്നേനെ എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കഴിഞ്ഞ 58 മാസത്തെ ഭരണം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ കുളമാക്കി. 32 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾക്ക് എൻ.ഒ.സി. കൊടുത്ത സംഭവം ഇവിടെ പറഞ്ഞു. അതിനെ ഞങ്ങൾ പിൻതാങ്ങുന്നു. പക്ഷേ, അതിനെപ്പറ്റി ശ്രീ. ആന്റണി രാജു പ്രസംഗിച്ചതുകൊണ്ട് അത് ആത്മാർത്ഥതയോടെയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. പ്ലസ് ടൂ പോലെ തന്നെ അദ്ദേഹം ഇതും കൈകാര്യം ചെയ്യുമെന്ന ഒരു ധാരണയിൽ പ്രസംഗിച്ചതാകാം. എന്നാണ് എന്റെ വിശ്വാസം. സ്വകാര്യമേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളുണ്ടാകണം, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം. സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്ന് വിദ്യാഭ്യാസമേഖലയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യമേഖലയ്ക്കും ചെലവാക്കുന്ന പണം കുറച്ചുകൊണ്ട്, കൂടുതൽ പണം വികസനരംഗത്തേയ്ക്ക് കൊണ്ടുവരാൻ കഴിയുന്ന സാഹചര്യം ഒരുക്കീയില്ലെങ്കിൽ നമ്മുടെ രാജ്യത്ത് വികസനപ്രവർത്തനങ്ങൾ നടക്കുകയില്ല. കാർഷികമേഖല സ്തംഭിച്ചു, വ്യവസായിക മേഖല സ്തംഭിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. എന്റെ നിയോജകമണ്ഡലത്തിൽ ചെറിയൊരു കരിമ്പു ഫാക്ടറിയുണ്ട്. ഇന്ന് അവിടെ കരിമ്പ് ഇല്ല. കൃഷിയുമില്ല. യാതൊന്നുമില്ല. ഇന്ന് അവിടെ വിദേശ മദ്യമാണ്. അവിടെ ഉല്പാദിപ്പിക്കുന്ന വിദേശമദ്യം ബിവറേജസ് കോർപ്പറേഷന് വേണ്ട. 87 ഏക്കർ ഉണ്ട്. അവിടെയിപ്പോൾ കശുവണ്ടി കൃഷിയാണ് നടത്തുന്നത്. കോടിക്കണക്കിന് രൂപ ഇപ്പോൾ അവിടെ ചെലവഴിച്ചിരിക്കുകയാണ്. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ ഏതെങ്കിലും ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടോ ? അവിടെ നിന്നെല്ലാം കോടിക്കണക്കിന് രൂപ ഗവൺമെന്റിന്റെ നിത്യനിദാന ചെലവുകൾക്കായി വാങ്ങിക്കഴിഞ്ഞു. ലാഭത്തിൽ നടക്കുന്ന ഫാക്ടറികളിൽ നിന്ന് തുക ഇങ്ങോട്ട് എടുത്ത് ചെലവാക്കുന്നു. ഗവൺമെന്റ് കാശ് കടമെടുക്കുകയാണ്. അതുപോലെ നഷ്ടത്തിലോടുന്ന ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിന് കാശു കൊടുക്കുന്നില്ല. കാർഷികമേഖല സ്തംഭിച്ചു, വിദ്യാഭ്യാസ മേഖലയെ കുളമാക്കി. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഉൾപ്പെടെയുള്ളവർ ഡി.പി.ഇ.പി.ക്കെതിരായി സമരവുമായി റോഡിൽ ഇറങ്ങിയിരിക്കുകയാണ്. ഇങ്ങനെ സമസ്തമേഖലകളേയും നശിപ്പിച്ചിട്ട് ഇറങ്ങിപ്പോകുന്ന അവസരത്തിൽപ്പോലും ഇത്തരം മേഖലകളെ പുനരുദ്ധരിക്കാനുള്ള നിർദ്ദേശംപോലും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. കാർഷിക സമ്പദ്‌വ്യവസ്ഥ ഭദ്രമാക്കാനുള്ള ഒരു പ്രഖ്യാപനങ്ങളും ഈ പ്രസംഗത്തിൽ ഇല്ല. അതുകൊണ്ടുതന്നെ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിന്മേൽ ശ്രീ. എൻ. അനിരുദ്ധൻ കൊണ്ടുവന്ന നന്ദി പ്രമേയത്തെ ഞാൻ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുകയാണ്. പരിമിതികളുടെ പദ്മവ്യൂഹം ഭേദിച്ച് വികസന സാക്ഷാത്ക്കാരവുമായി മുന്നേറുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളത്. ആഗോളവൽക്കരണത്തിന്റെയും ഗാട്ട് കരാറിന്റെയും പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള ഇറക്കുമതി നയത്തിന്റെ ഫലമായി കേരളത്തിലെ കാർഷിക വിളകളുടെയും നാണ്യവിളകളുടേയും വില ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. 16,000 കോടി രൂപയുടെ നഷ്ടമാണ് ഇതുമൂലം കേരളത്തിലെ കാർഷികമേഖലയ്ക്കുണ്ടായിട്ടുള്ളത്. നമ്മുടെ തേയിലയും കാപ്പിയും റബ്ബറും നാളികേരവും ഇന്ന് വമ്പിച്ച വിലത്തകർച്ചയെ നേരിടുകയാണ്. എന്റെ ജില്ലയിലെ ചിന്തലാർ ഉൾപ്പെടെയുള്ള തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ പട്ടിണിമരണം അഭിമുഖീകരിക്കുകയാണ്. കർഷകർക്ക് കാപ്പിക്കുരു പറിച്ചെടുക്കാൻപോലും കഴിയുന്ന സ്ഥിതിയല്ല ഇന്ന് നിലവിലുള്ളത്. ഇന്നലെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പി. തങ്കച്ചൻ പറഞ്ഞത് ആഗോളവൽക്കരണംമൂലം കാർഷികവിളകളുടെ വില ഇടിയുകയില്ല എന്നാണ്. 1991-ൽ ആഗോളവൽക്കരണം നടപ്പിലാക്കിയിട്ട് 1996-ൽ കാർഷിക നാണ്യവിളകളുടെ വില വർദ്ധിച്ചുവെന്ന് അദ്ദേഹം ഇവിടെ ഉദാഹരണസഹിതം സ്ഥാപിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത് ആഗോളവൽക്കരണം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയാൽ ശ്രീ. കെ. കരുണാകരനോ ശ്രീ. എ. കെ. ആന്റണിയോ കേരളത്തിന്റെ മുഖ്യമന്ത്രിയായി തുടരുമെങ്കിൽ ഈ കാർഷികവിള ഇടിയുകയില്ല എന്ന് അദ്ദേഹം ധരിച്ചുവച്ചിരിക്കുകയാണെന്നാണ്. ഈ സഭയിൽ സ്പീക്കറും മന്ത്രിയുമൊക്കെയായി പ്രവർത്തിച്ചിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ. ഈ പ്രശ്നത്തെ എത്ര ലാഘവത്തോടുകൂടിയാണ് അദ്ദേഹം കാണുന്നത്. ഏതു പരിഷ്ക്കാരത്തിന്റെയും ഫലം വന്നു തുടങ്ങുന്നത് കുറച്ച് നാളുകൾ കൊണ്ടാണ്. വിളനഷ്ടമുണ്ടായാൽ അതിന്റെ ഫലമായി ക്ഷാമമുണ്ടാകുന്നത് അതിന്റെ പിറ്റേവർഷമാണ്. രണ്ടാം ലോക മഹായുദ്ധത്തിന്റെ ക്രൂരമായ കെടുതികൾ ജനങ്ങൾ കൂടുതലായി അനുഭവിച്ചുതുടങ്ങിയത് കുറച്ചു നാളുകൾക്കു ശേഷമാണ്. അപ്പോൾ വാസ്തവത്തിൽ ആഗോളവൽക്കരണം മൂലമാണ് കാർഷികവിളകൾക്ക് വില കുറയുവാനുള്ള സാഹചര്യമുണ്ടായത് എന്നുള്ള കാര്യം അദ്ദേഹം വിസ്മരിക്കുകയാണ്. ഈ ഇറക്കുമതി നയം മൂലം കാർഷിക മേഖലയിൽ മാത്രമല്ല, വ്യാവസായിക മേഖലയിലും വൻപിച്ച തകർച്ച നേരിടുന്നുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ താങ്ങാനാകാത്ത വിലവർദ്ധനവ് നമ്മുടെ ജീവിതഭാരം വീണ്ടും വർദ്ധിപ്പിക്കുകയുണ്ടായി. അതിനുപുറമെയാണ് റേഷൻ സാധനങ്ങളുടെ സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ജനങ്ങളോട് യുദ്ധം പ്രഖ്യാപിച്ചത്. ഈ പ്രതികൂല സാഹചര്യത്തിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എന്നുള്ള യാഥാർത്ഥ്യം നാം കാണണം. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് മൂലം നമ്മുടെ സംസ്ഥാനത്ത് നഷ്ടമായിട്ടുള്ളത് 3600 കോടി രൂപയാണ്. നമുക്ക് ലഭിക്കേണ്ട മറ്റു പല ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തിട്ടുള്ളത്. ഈ പ്രതിസന്ധികളുടേയും പരിമിതികളുടേയുമൊക്കെ നടുവിൽ നിന്നുകൊണ്ട് പരമാവധി ജനസേവനപരമായി പ്രവർത്തിക്കുവാൻ, ഭരണം നടത്തുവാൻ കേരളത്തിലെ സർക്കാർ ശ്രമിച്ചിട്ടുണ്ടെന്ന് നമുക്ക് കാണാം. വിലക്കയറ്റം തടയുന്നതിന് ആകാവുന്നതെല്ലാം ചെയ്ത ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഞാൻ വളരെ വിശദമായി ആ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ സഭ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ് അതൊക്കെ. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുവാൻ വലിയ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് ഈ ഗവൺമെന്റ് പ്രവർത്തിക്കുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് പകുതിവിലയ്ക്ക് റേഷൻ കൊടുക്കുവാൻ, 40 ശതമാനം ആളുകൾക്ക് റേഷൻ കൊടുക്കുവാൻ വേണ്ടി 150 കോടി രൂപ കഴിഞ്ഞവർഷം ഈ സർക്കാർ വകകൊള്ളിക്കുകയുണ്ടായി. അതുപോലെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി അരികൊടുത്ത നടപടികളൊക്കെ നമുക്കറിയാം. പൊതുവിതരണ സമ്പ്രദായം പരമാവധി ശക്തിപ്പെടുത്തിക്കൊണ്ട്, അതുപോലെ വിപണിയിലിടപെട്ടുകൊണ്ട് വില കുറയ്ക്കാനുള്ള ശ്രമം ഈ ഗവൺമെന്റ് നടത്തുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 250 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. പ്രവർത്തനരഹിതമായി കിടന്നിരുന്ന മാവേലി സ്റ്റോറുകൾ പുനർജ്ജീവിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള തീരുമാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ത്രിതല പഞ്ചായത്തിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും നമ്മുടെ സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള വികസനം ഇതിനുമുമ്പ് കാൽനൂറ്റാണ്ടുകൊണ്ട് ഈ സംസ്ഥാനത്തുണ്ടായതിനേക്കാൾ കൂടുതലാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 9-ാം പദ്ധതിയുടെ കാലയളവിൽ 6000 കോടി രൂപ നൽകുകയുണ്ടായി. 2001-2002 വാർഷിക പദ്ധതി ഗ്രാന്റായി 1065 കോടി രൂപയും സംസ്ഥാന പദ്ധതികളുടെ ഭാഗമായി 245 കോടി രൂപയും ഉൾപ്പെടെ 1310 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഈ തുക ഉപയോഗിച്ച്.....

ശ്രീ. മാമ്മൻ മത്തായി : സർ, 2001-2002-ൽ 1065 കോടി രൂപ ജനകീയ ആസൂത്രണത്തിന് സംസ്ഥാന ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിൽ എത്ര കൊടുത്തിട്ടുണ്ടെന്നറിയാമോ? രണ്ട് ഗഡു കൊടുത്തു. മൂന്നും നാലും ഗഡുക്കൾ കൊടുത്തിട്ടില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : അത് പൂർത്തീകരിച്ച് വരുന്ന മുറയ്ക്കാണ് തുക കിട്ടുന്നത് എന്നുള്ളതും ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. ഈ തുക ഉപയോഗിച്ച് റോഡും വീടും നിർമ്മിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും കൃഷിയും വ്യവസായവുമെല്ലാം മെച്ചപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകൾ മുൻകൈ എടുത്ത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ഈ സർക്കാർ ശ്രമിക്കുകയുണ്ടായി. മുമ്പ് അന്ധമായ കമ്പ്യൂട്ടർ വിരുദ്ധ നിലപാട് നാം സ്വീകരിച്ചു. ഇപ്പോൾ അതിൽനിന്നും നാം മാറിയിരിക്കുകയാണ്. അന്ധമായ കമ്പ്യൂട്ടർ പ്രേമവും നമ്മുടെ നാടിന് ആപത്താണ്. മാനവികതയെ നിഷേധിക്കുന്ന കംപ്യൂട്ടർവൽക്കരണം ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. എല്ലാ വികസനത്തിന്റെയും അടിത്തറ വൈദ്യുതിയാണ്. ജലവൈദ്യുതസ്ഥാപിതശേഷി 957 മെഗാവാട്ട് കണ്ട് വർദ്ധിപ്പിക്കുവാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. മലയോര മേഖലയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുകയുണ്ടായി. ഗിരിവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണ ഭേദഗതി നിയമം പാസ്സാക്കിക്കൊണ്ട് ആദിവാസികളും കർഷകരും തമ്മിൽ നിലവിലുണ്ടായിരുന്ന സംഘർഷം ലഘൂകരിക്കുവാൻ ഈ ഗവൺമെന്റ് ശ്രമിക്കുകയുണ്ടായി. അതുപോലെ പട്ടയം നൽകിക്കൊണ്ട് മലയോര ആദിവാസികളുടെ ചിരകാല അഭിലാഷം സാക്ഷാത്ക്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ ഭൂചലനങ്ങൾ എല്ലാവരേയും ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. ഇടുക്കി, മുല്ലപ്പെരിയാർ അണക്കെട്ടുകളുടെ പ്രാന്തപ്രദേശം ഭൂചലന സാധ്യതയുള്ള മേഖലയായി നിലനിൽക്കുകയാണ്. ഇടുക്കി കേന്ദ്രമായി ഒരു ഭൗമശാസ്ത്ര പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ ഈ സർക്കാർ മുൻകൈ എടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ രംഗത്തും വലിയ പുരോഗതിയാർജ്ജിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തുമെല്ലാം ഒട്ടേറെ മുൻപോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ രംഗത്ത് ഗുണ്യമായ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ചില നിയന്ത്രണങ്ങൾക്കുവിധേയമായി സ്വകാര്യമേഖലയെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ രംഗത്ത് മുന്നോട്ടുപോകാൻ നമുക്ക് കഴിയണം. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഇടുക്കി ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റി ഇടുക്കി മെഡിക്കൽ കോളേജിനുവേണ്ടി അപേക്ഷ നൽകുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകാത്തതുകൊണ്ടാണ് ഈ അപേക്ഷ തള്ളിയത്. ഇക്കാര്യത്തിൽ അനുകൂലമായ ഒരു നിലപാട് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ രംഗത്ത് ഫലപ്രദമായി മുന്നോട്ട് പോകാനും വിദ്യാഭ്യാസ രംഗത്ത് പരമാവധി സാധ്യമായ എല്ലാ ഏജൻസികളേയും ഉൾക്കൊള്ളിച്ചുകൊണ്ട്, ഇന്ന് മറ്റ് സംസ്ഥാനങ്ങൾ തേടിപ്പോകുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് ഒരു പ്രയോജനം ലഭിക്കുന്ന നിലപാടെടുക്കാൻ നമുക്ക് കഴിയണമെന്ന് പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ ഒന്നുമില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. 38 പേജുള്ള ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊന്നുമില്ലെന്ന് ഇവിടെ പ്രതിപക്ഷം ആരോപിക്കുകയാണ്. ഇത് ഈ വർഷം മാത്രം പറയുന്നതല്ല, കഴിഞ്ഞ നാലുവർഷമായി ഇതുതന്നെ ആവർത്തിച്ച് ആവർത്തിച്ച് പ്രതിപക്ഷം ഈ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർക്ക് ഒന്നും കാണാൻ സാധിക്കുന്നില്ല. അവർക്ക് അധികാരഭ്രാന്ത് എന്ന പുതിയ രോഗം പിടിപെട്ടിരിക്കുകയാണ്. വൈദ്യശാസ്ത്രത്തിൽ അത്തരമൊരു രോഗത്തിന് ചികിത്സയ്ക്ക് പ്രൊവിഷനില്ല. ഇത് ജനങ്ങൾക്കുമാത്രമേ ചികിത്സിക്കാൻ സാധിക്കുകയുള്ളൂ. പരാജയം എന്ന കഷായം നൽകിക്കൊണ്ടുമാത്രമേ ഇത് സുഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. ശ്രീ. എ. കെ. ആന്റണി ഇപ്പോൾ ഈ രോഗം ബാധിച്ച് രാജ്യത്ത് നെട്ടോട്ടമോടുകയാണ്. അധികാരമില്ലാതെ കോൺഗ്രസ്സിനും ലീഗിനും കേരള കോൺഗ്രസ്സിനുമൊന്നും ജീവിക്കാൻ സാധിക്കില്ല. മത്സ്യങ്ങൾക്ക് വെള്ളമില്ലാതെ ജീവിക്കുവാൻ പറ്റുകയില്ല. മത്സ്യങ്ങൾക്ക് കരയിൽ ജീവിക്കുവാൻ സാധ്യമല്ല. അതുപോലെ കോൺഗ്രസ്സിനും മറ്റു പ്രതിപക്ഷ കക്ഷികൾക്കും അധികാരമില്ലാതെ ജീവിക്കുവാൻ സാധിക്കുകയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതിനുവേണ്ടിയുള്ള ഒരു നെട്ടോട്ടമാണ് ശ്രീ. എ. കെ. ആന്റണി കേരളത്തിൽ നടത്തുന്നത്. ശ്രീ. എ. കെ. ആന്റണി തൃശ്ശൂരിൽ ചെന്നപ്പോൾ പ്രഖ്യാപിച്ചു, എല്ലാ ജനങ്ങളും എന്റെ കൂടെ അണി ചേർന്നിരിക്കുകയാണെന്ന്. കേരളത്തിലെ ഭരണകക്ഷി പരാജയപ്പെടാൻ പോകുന്നു, അത് എനിക്ക് തൃശ്ശൂരിൽ എത്തിയപ്പോൾ ബോധ്യമായി എന്നാണ് പറഞ്ഞത്. കേരളത്തിലെ ഇടതുപക്ഷകക്ഷികൾ പരാജയപ്പെടാൻ പോകുന്നു എന്ന് തൃശ്ശൂരിൽ എത്തിയപ്പോൾ ബോധ്യമായെങ്കിൽ എന്തേ ഈ യാത്ര അവിടെവച്ച് നിർത്താതിരുന്നത്? ക്ലീഫ് ഹൗസ് ലക്ഷ്യമാക്കി അദ്ദേഹം യാത്ര തുടരുകയാണ്. ക്ലിഫ് ഹൗസിൽ എത്തിച്ചേർന്നാൽ അധികാരത്തിൽ എത്തുമെന്നാണ് ശ്രീ. ആന്റണി പറയുന്നത്. ഈ യാത്ര ബഹുദൂരം വർഷങ്ങളോളം നടക്കേണ്ടി വരും ശ്രീ. ആന്റണിക്ക് അധികാരത്തിലെത്താൻ എന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാനുള്ളത്. അധികാരം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ യാത്ര വർഷങ്ങളും നൂറ്റാണ്ടുകളും പിന്നിടേണ്ടി വരുമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർക്കാൻ നിങ്ങളുടെ യാത്രയ്ക്കോ നിങ്ങൾ നടത്തുന്ന പ്രക്ഷോഭണങ്ങൾക്കോ കഴിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ നാലു വർഷങ്ങളായി ഇവിടെ നിങ്ങൾ സമരം നടത്തിയില്ലേ? ഏതെങ്കിലുമൊരു സമരം ഇവിടെ ക്ലച്ച് പിടിച്ചോ ? ഈ യാത്രയും ക്ലച്ച് പിടിക്കാൻ പോകുന്നില്ല. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ ഫലങ്ങൾ നിങ്ങൾക്കറിയാമല്ലോ ? കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ 88 നിയോജകമണ്ഡലങ്ങളിൽ ഇടതുപക്ഷജനാധിപത്യമുന്നണി മുന്നിട്ടു നിൽക്കുകയാണ്. വോട്ടർമാരിൽ 43 ശതമാനവും ഇടതുപക്ഷജനാധിപത്യ മുന്നണിയെ അനുകൂലിക്കുന്നു. കേവലം 41 ശതമാനം മാത്രമാണ് നിങ്ങളെ അനുകൂലിക്കുന്നത്. കേരളത്തിലെ 100-ൽപ്പരം പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ നിങ്ങൾ ബി.ജെ.പി.യുമായി സഖ്യം ഉണ്ടാക്കി. എന്നിട്ടും ഫലം ഇതാണ്. അതുകൊണ്ട് ജനങ്ങളെ കബളിപ്പിച്ച് രാജ്യത്തുടനീളം കളവുകൾ പറഞ്ഞ് ഈ ഗവൺമെന്റിനെ അധികാരത്തിൽ നിന്നിറക്കാമെന്നുള്ള വ്യാമോഹം, പകൽ കിനാവുകൾ മാത്രമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനത്തെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നവർ. വികേന്ദ്രീകൃതമായ ആസൂത്രണം വഴി ത്രിതല പഞ്ചായത്തുകൾ പുരോഗതിയുടേയും സമൃദ്ധിയുടേയും പാതയിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ആറായിരം കോടി രൂപ ത്രിതല പഞ്ചായത്തുകൾക്ക് 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗവൺമെന്റ് നൽകി. നിങ്ങളുടെ കാലത്ത് 1991-96-ൽ കാലയളവിൽ, യു.ഡി.എഫ്.ന്റെ ഭരണകാലത്ത് 113 കോടി രൂപ മാത്രമാണ് നിങ്ങൾ നൽകിയത്. അതേ സ്ഥാനത്ത് ഞങ്ങൾ ആറായിരം കോടി രൂപ നൽകി. ഇവിടെ കേരളത്തിലെ കാർഷിക വിഭവങ്ങളെ സംബന്ധിച്ച് കർഷകർ കണ്ണീർ കുടിക്കുന്നതിനെക്കുറിച്ച് ശ്രീ. ആന്റണി വിലപിക്കുകയാണ്. ഇതെല്ലാം നായനാർ ഗവൺമെന്റിന്റെ ഭരണ വൈകല്യങ്ങളാണെന്നാണ് ശ്രീ. ആന്റണി പറയുന്നത്. നിങ്ങൾ ഭരിക്കുന്ന കർണ്ണാടക, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ കർഷകർ സുഖപ്രദമായ ജീവിതമാണോ നയിക്കുന്നത് ? അവിടെ ഈ പ്രശ്നങ്ങളൊന്നുമില്ലേ ? ഇന്ത്യയിലെ എല്ലാ കർഷകരും കണ്ണീർ കുടിക്കുകയാണ്. ഇത് ആരുടെ നയം കൊണ്ടാണ് ? ശ്രീ. നരസിംഹറാവുവിന്റെ ഭരണകാലത്ത് നടപ്പിലാക്കിയ സാമ്പത്തിക നയം ഇപ്പോൾ ശക്തിയായി ബി.ജെ.പി. തുടരുകയാണ്. ആ നയത്തിനെതിരായി ഡൽഹിയിലേക്ക് മാർച്ച് നടത്താൻ ശ്രീ. ആന്റണി എന്തേ തയ്യാറാകാത്തത് ? ഈ നയത്തിന്റെ ഫലമായി ഇന്ത്യയിലെ കർഷകർ വെള്ളം കുടിക്കുന്നു. ഇവിടെ ജനങ്ങൾ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നു. അതിനെതിരായി ഡൽഹിയിലേക്ക് മാർച്ച് ചെയ്യുന്നതിനുപകരം ക്ലിഫ് ഹൗസിലേയ്ക്കാണ് മാർച്ച് ചെയ്യുന്നത്. കേരള ഭരണം വീണ്ടും തങ്ങളുടെ കയ്യിൽ വരാൻ വേണ്ടി വീണ്ടും അഴിമതി ഭരണം നടത്താൻ വേണ്ടിയാണിത്. അന്നത്തെ മന്ത്രിസഭയിലെ ആറിൽപ്പരം മന്ത്രിമാർ ഇന്ന് അഴിമതിക്ക് വിധേയമായി കേസ് കെട്ടുകളുമായി

LIBRARY ARCHIVES Kerala Legislative Assembly

കോടതി വരാന്തയിൽ കഴിയുകയാണ്. അവരെക്കൂട്ടിയാണ് ഈ യാത്ര നടത്തുന്നത്. വീണ്ടും അധികാരത്തിൽ വന്ന് അഴിമതി നടത്താൻ പറ്റുമോ എന്നാണ് ശ്രീ. ആന്റണി ആലോചിക്കുന്നത്. പക്ഷേ, ശ്രീ. ആന്റണിക്ക് കേരളത്തിൽ മുഖ്യമന്ത്രിയാകാൻ സാധിക്കില്ല. ഇടതുപക്ഷജനാധിപത്യമുന്നണി വീണ്ടും കേരളത്തിൽ അധികാരത്തിൽ വരും. നിങ്ങളുടെ സ്വപ്നം വ്യർത്ഥമാവിലാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, 10-ാം കേരള നിയമസഭയുടെ പതിനാറാമത്തേതും അവസാനത്തേതുമായ സമ്മേളനമാണ് ഇവിടെ നടക്കുന്നത്. രാജ്യം ഏറ്റവും വലിയ ദുരന്തത്തിന്റെ പിടിയിൽ അമർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ 38 പേജുള്ള 55 കാര്യങ്ങൾ ഉദ്ബോധിപ്പിച്ചു കൊണ്ടുള്ള ഒരു പ്രസംഗത്തിനാണ് നന്ദി പ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഇവിടെ പ്രധാനമായും ഗവർണ്ണർ പറഞ്ഞിട്ടുള്ളത് നിയമസമാധാനത്തെ കുറിച്ചാണ്. ഈ ഗവൺമെന്റ് നിയമസമാധാനത്തെക്കുറിച്ച് ഊറ്റം കൊള്ളുകയാണ്. ഞാൻ നാദാപുരം സംഭവത്തിലേയ്ക്കൊന്നും ഈ സഭയുടെ ശ്രദ്ധ ആകർഷിക്കുന്നില്ല. ഇന്ന് ഇവിടെ പറയുന്നത് ഇന്ത്യയിൽ ഏറ്റവും നല്ല രീതിയിൽ നിയമസമാധാനം കൈകാര്യം ചെയ്യുന്ന ഏക സ്റ്റേറ്റ് കേരളമെന്നാണ്. ഞാൻ വളരെ കുറച്ച് കാര്യങ്ങൾ പറയാം. നമ്മുടെ തലസ്ഥാന നഗരിയിൽ അബലകളായ സ്ത്രീകൾക്ക് പകൽ പോലും നടന്നു പോകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കുറ്റക്കാരെ പിടിക്കാൻ യാതൊരു നിവൃത്തിയുമില്ല. പിടിച്ചാൽ പോലീസുകാർ അടിവാങ്ങിക്കും. ക്രമസമാധാനം ഇത്രയും വഷളായ ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇതിന് ഗവൺമെന്റിനെ മാത്രം ഞാൻ കുറ്റം പറയാൻ ആഗ്രഹിക്കുന്നില്ല. കാലാകാലങ്ങളിൽ. പോലീസിനെ നിയന്ത്രിക്കുന്ന കുറെ മാസപ്പടി മാതുപിള്ളമാരുണ്ട്. അത് ഏതു പാർട്ടിയാണ് എന്ന് നിങ്ങൾക്ക് തീരുമാനിക്കാം. ഈ മാസപ്പടി മാതുപിള്ളമാരെ നിയന്ത്രിച്ച് പോലീസിനെക്കൊണ്ട് ജോലി ചെയ്യാൻ അനുവദിക്കുന്ന ഒരു കാലഘട്ടം ഉണ്ടാകുന്ന കാലത്ത് മാത്രമേ കേരളത്തിൽ സുഗമമായ ഒരു ഭരണം നടത്താൻ സാധിക്കൂ. ആര് എന്ത് പണയപ്പെടുത്തിയാലും നിയമസമാധാനം കൈകാര്യം ചെയ്യാൻ പറ്റില്ല. ഇവിടെ തന്നെ മനുഷ്യാവകാശ കമ്മീഷൻ അംഗം ഡോ. ബലരാമന്റെ സ്ഥിതിയെന്താണ് ? ഇതുവരെയും പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ജില്ലയിലായാലും സംസ്ഥാനത്തായാലും ഓരോ പോലീസ് സ്ഥാപനത്തേയും നിയന്ത്രിക്കുന്നത് അവിടത്തെ പോക്കറ്റടിക്കാരും കൊള്ളക്കാരും മോഷണക്കാരുമാണ്. ഉദാഹരണത്തിന് പൂവാർ പോലീസ് സ്റ്റേഷനതിർത്തിയിൽ ഇരുവെക്കോണത്ത് വളരെ ഭംഗിയായി നടക്കുന്ന ഒരു മുടിപ്പുരയുണ്ട്. അവിടെ ട്രസ്റ്റാണ് ഉത്സവം നടത്തുന്നത്. ആ ട്രസ്റ്റ് ഉത്സവം നടത്തരുതെന്ന് ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. ആ ഭീഷണിയുടെ അടിസ്ഥാനത്തിൽ എ.എസ്.പി. സ്ഥലത്ത് പോയി അന്വേഷിച്ച് ട്രസ്റ്റിനെക്കൊണ്ട് ഉത്സവം നടത്തിക്കാൻ ശ്രമിച്ചു. പക്ഷേ, ഒരു വിഭാഗം ഉത്സവം നടത്താൻ സമ്മതിക്കുന്നില്ല. ആ സ്ഥിതിയിലാണ് ഇപ്പോഴും ഇരിക്കുന്നത്. കട്ടവനെ കിട്ടിയില്ലെങ്കിൽ കണ്ടവനെ പ്രതിയാക്കുക. സെക്ഷൻ 302 ഒക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സെക്ഷൻ 324-ഉം 325-ഉം 307-ഉം ഒക്കെ ഇട്ടാണ് കേസ് എടുക്കുന്നത്. കാർഷിക മേഖലയിൽ വളരെ കാര്യങ്ങൾ ചെയ്തുവെന്ന് പറഞ്ഞു. ഞാൻ എതിർക്കുന്നില്ല. പക്ഷേ, ഈ കാര്യങ്ങളൊക്കെ ഫലപ്രദമായി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാനും വീക്ഷിക്കാനുമുള്ള സംവിധാനം ഇതുവരെയുണ്ടായിട്ടില്ല. തേങ്ങ, കൊപ്ര, ഏലം തുടങ്ങിയ സാധനങ്ങളുടെ വിലയിടിവ് നമ്മൾ കാണണം. ഒരു മാങ്ങ വേണമെങ്കിൽ ഇപ്പോൾ അഞ്ച് തേങ്ങ കൊടുക്കണം. 10

! P.M.] അതിന് ഗവൺമെന്റിനെ മാത്രം ഞാൻ കുറ്റപ്പെടുത്തുന്നില്ല. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ തെറ്റായ നയങ്ങൾ വളരെയേറെയുണ്ട്. പക്ഷേ, ഗവൺമെന്റിന്റെ കടമ, അതു ചെയ്തിട്ടില്ല എന്ന കാര്യം ഞാൻ ഗവൺമെന്റിനെ ബോധ്യപ്പെടുത്തുകയാണ്. 1991-96-ൽ ട്രഷറി അടച്ചിട്ടു എന്ന് പറഞ്ഞ് ഉദ്ഘോഷിച്ചിട്ട് കാര്യമില്ല. എന്താണ് സ്ഥിതി ? കരാറുകാരുടെ പണം കൊടുക്കാൻ നിവൃത്തിയില്ല. ബില്ല് കൊണ്ടുപോയാൽ ട്രഷറിയിൽ എടുക്കുന്നില്ല. ചികിത്സയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായമായി പാസ്സാക്കി കൊടുക്കുന്ന തുക പോലും ഇന്ന് ട്രഷറിയിൽ നിന്ന് കൊടുക്കുന്നില്ല. അതുപോലെ എം.എൽ.എ.മാരുടെ റ്റി.എ. പോലും കിട്ടുന്നില്ല. എന്നെപ്പോലെയുള്ള കുറെ ആളുകളുടെ കാര്യം വളരെ കഷ്ടമാണ്. അത് പരിശോധിക്കണം. ഞാനിത് സൂചിപ്പിക്കാൻ കാരണം ഇന്ന് പണമുണ്ടാക്കുന്നവന് സ്ഥാനമുണ്ട്. പാർട്ടിയല്ല. പണ്ട് ടാറ്റാമാരേയും ബിർളമാരേയും ഗോയങ്കാമാരേയും കുറിച്ച് ഞങ്ങൾ പ്രസംഗിച്ച് നടന്നിട്ടുണ്ട്. ഇപ്പോൾ ടാറ്റ, ബിർലാ, ഗോയങ്ക എന്നുപറയുന്നവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം ആരൊക്കെയാണെന്ന് ഞാൻ വ്യക്തമായിട്ടൊന്നും പറയുന്നില്ല. ഇപ്പോൾ അഴിമതിയെക്കുറിച്ച് പറയുമ്പോൾ കുറെ പോലീസുദ്യോഗസ്ഥൻമാരേയും എക്സൈസ് ഉദ്യോഗസ്ഥന്മാരേയും ഉടയനില്ലാത്ത കുറെ ആളുകളേയും സസ്പെന്റ് ചെയ്യുന്നു. പക്ഷേ, ഇവരുടെ കൂടെ നിന്ന് പണം വാങ്ങിയ നേതാക്കൻമാരെ ഒഴിവാക്കിയിട്ടുണ്ട്. അഴിമതി അന്വേഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണോ? ഈ ഉദ്യോഗസ്ഥൻമാരെ ചതിച്ച നേതാക്കൻമാരുണ്ട്. ഇടതുവശത്തെഴുതുന്ന രസീതല്ല വലതുവശത്ത് എഴുതി കൊടുക്കുന്നത്. ഇങ്ങനെ വളരെയേറെ അഴിമതികളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു .....

ശ്രീ. എൻ. സുന്ദരൻ നാടാർ : ഒരുമിനിറ്റുകൂടി വേണം. 9-ാം പഞ്ചവത്സര പദ്ധതിയിൽ ആറായിരം കോടി രൂപ അനുവദിച്ചുവെന്ന് പറയുന്നു. വളരെ നല്ലതാണ്. ജനാധിപത്യ മര്യാദയനുസരിച്ച് ഇവിടെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിനെ ഞാൻ വ്യക്തിപരമായി അഭിനന്ദിക്കുകയാണ്. പക്ഷേ, ഈ പണം എങ്ങനെയെല്ലാം ഉപയോഗിച്ചുവെന്നുള്ളതിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിച്ചോ? വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളെ ഒഴിവാക്കി. എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യമെടുക്കാം. നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ടവരുടെ മക്കൾ കിടപ്പാടം വിറ്റ് കോടിക്കണക്കിന് രൂപയും കൊണ്ട് തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രപ്രദേശിലുമൊക്കെ പോകുന്നു. ഇവിടെ സ്വകാര്യ മേഖലയിൽ എന്തുകൊണ്ട് എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ചുകൂടാ? സ്വകാര്യമേഖലയിൽ എഞ്ചിനീയറിംഗ് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചാൽ എന്താണ് ദോഷം? അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. മറ്റൊന്ന് വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കാൻ ഒരു ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ല. ഞാൻ ഈ ഗവൺമെന്റ് ചെയ്യുമെന്ന് വിചാരിച്ചു. പക്ഷേ, ഇതുവരെ ചെയ്തിട്ടില്ല. എന്തുകൊണ്ട് നിയമനം പി.എസ്.സി.ക്ക് വിടുന്നില്ല. ഈ നിയമനം പി.എസ്.സി.ക്ക് വിടാൻ ഗവൺമെന്റ് തയ്യാറാകുമോ ? അടുത്തത് കെ.എസ്.ആർ.ടി.സി.യുടെ കാര്യമെടുക്കാം. കെ.എസ്.ആർ.ടി.സി. ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, വയനാട് പ്രദേശങ്ങളെല്ലാം പൂർണ്ണമായും ദേശസാൽക്കരിച്ചതാണ്. ഇന്ന് അൻപത് ശതമാനം ബസ്സുകളും നിർത്തിയിരിക്കുകയാണ്. പൂർണ്ണമായും ദേശസാൽക്കരിച്ച മേഖലയിൽ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ ഭരിക്കുന്ന ഗവൺമെന്റുകൾക്ക് ബാദ്ധ്യതയുണ്ട്. അതുകൊണ്ട് അത് ഉടനെ ആരംഭിക്കണം. മറ്റ് കാര്യങ്ങളിലോട്ടൊന്നും കടക്കുന്നില്ല. വിദ്യാർത്ഥികൾക്കുള്ള കൺസക്ഷൻ പൂർണ്ണമായും സൗജന്യമാക്കണം. കെ.എസ്.ആർ.ടി.സി. കൊടുക്കുന്ന സൗജന്യങ്ങൾ ഗവൺമെന്റ് കൊടുക്കേണ്ടതാണ്. ഏത് ഗവൺമെന്റായിരുന്നാലും കൊടുക്കണം. ഈ വകുപ്പിനെ ഒരു ചുങ്കിലി വകുപ്പാക്കി മാറ്റരുത്. ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സെബാസ്റ്റ്യൻ പോൾ.....

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഔപചാരികമായ ഒരു നന്ദിപ്രകടനമോ ഉപചാരപരമായ ഒരു ഏർപ്പാടോ ആയിട്ടല്ല ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നത്. അഞ്ച് വർഷം പൂർത്തിയാക്കുന്ന ഒരു ഗവൺമെന്റ് ജനോപകാരപ്രദമായ നയപരിപാടികൾ ആവിഷ്ക്കരിച്ച് കേരളത്തെ പ്രകാശത്തിലേയ്ക്കും ഐശ്വര്യത്തിലേയ്ക്കും നയിക്കുന്നു. ആ സർക്കാരിനും ആ സർക്കാരിനെ നയിച്ച പ്രസ്ഥാനത്തിനുമുള്ള ജനതയുടെ കൃതജ്ഞതയുടെ പ്രകാശനമായിട്ടാണ് ഞാൻ ഈ സഭയിൽ ഈ നന്ദിപ്രമേയത്തെ കാണുന്നത്. നിയമസഭയുടെ കാലാവധി പൂർത്തിയാകുന്ന ഘട്ടത്തിൽ ജനാധിപത്യ സംവിധാനത്തോടും പാർലമെന്ററി സമ്പ്രദായത്തോടും അത്യധികം ആദരവുള്ള ഒരു വ്യക്തിയെന്ന നിലയിൽ നിരാശയോടെയാണ് വിടവാങ്ങേണ്ടി വരുന്നത്. പ്രതിപക്ഷം പ്രക്ഷോഭം നടത്തുകയും പ്രതിഷേധിക്കുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അത് അവരുടെ അവകാശമാണ്. ഇവിടെ നിരുത്തരവാദപരമായി പെരുമാറുന്ന പ്രതിപക്ഷം കർത്തവ്യങ്ങളിൽ നിന്ന് അകന്നുകൊണ്ട് പാർലമെന്ററി സമ്പ്രദായത്തെ ഒരു പ്രഹസനമാക്കിത്തീർക്കുന്ന നിർഭാഗ്യകരമായ പരിശ്രമമാണ് നടത്തുന്നത്. ഈ നിയമസഭാ മന്ത്രിരത്തിലേയ്ക്ക് കടന്നുവന്ന അന്നുമുതൽ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ തീർത്തും പ്രതിഷേധാർഹവും നിഷേധാത്മകവുമായ നിലപാടാണ് അവർ കൈക്കൊണ്ടത്. ഗവർണ്ണറുടെ ഭരണപരമായ പ്രസംഗത്തെപ്പോലും ബഹിഷ്ക്കരിച്ചുകൊണ്ട് കേൾക്കാത്ത പ്രസംഗത്തിന്റെ പേരിലുള്ള പ്രതികരണമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിൽ പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ 'വിമോചനയാത്ര'

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുകയാണ്. വിമോചിക്കപ്പെട്ട ഒരു ജനതയെ ഇനി എവിടെ നിന്നാണ് ആരിൽ നിന്നാണ് വിമോചിപ്പിക്കേണ്ടതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അഞ്ച് വർഷങ്ങൾക്ക് മുമ്പ് ഈ മുന്നണി അധികാരത്തിൽ വരുമ്പോൾ അന്ധകാരാവൃതമായിരുന്ന സംസ്ഥാനത്തെ, ഭാവിയെക്കുറിച്ച് പ്രതീക്ഷയില്ലാതിരുന്ന ജനതയെ, ക്രമസമാധാന രംഗത്ത് വർഗ്ഗീയ ലഹളയുടേയും വർഗ്ഗീയ വൈരത്തിന്റേയും കാർമേഘങ്ങൾ നിറഞ്ഞുനിന്നിരുന്ന അന്തരീക്ഷത്തിൽ നിന്നും വിമോചിതമായ ജനതയെ ഇനി വിമോചിപ്പിക്കുക എന്നുപറയുമ്പോൾ, കാതലായ പ്രശ്നങ്ങൾ ജനങ്ങളും രാജ്യവും നേരിടുന്ന പ്രശ്നങ്ങൾ, ആ പ്രശ്നങ്ങളെക്കുറിച്ച് പരിപൂർണ്ണമായ നിശബ്ദത പാലിച്ച് കൊണ്ട് 'വിമോചനയാത്ര' എന്ന അർത്ഥരഹിതമായ വ്യായാമത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രതിപക്ഷം തീർത്തും നിഷേധാത്മകമായ, മറ്റ് ഒട്ടേറെ നിയമസഭകൾക്കും പാർലമെന്ററി സമ്പ്രദായത്തിനും അനുകരണീയമായ മാതൃകയായി തീർന്നിട്ടുള്ള കേരളത്തെ സംബന്ധിച്ച് അപമാനകരമായ, ഒരദ്ധ്യായമാണ് എഴുതിച്ചേർത്തുകൊണ്ടിരിക്കുന്നത്. ജനതയെ വിമോചിപ്പിക്കുക എന്നത് ചരിത്രപരമായ കർത്തവ്യമാണ്. ജനതയെ വിമോചിപ്പിച്ചുകൊണ്ട് ചരിത്രം സൃഷ്ടിക്കുകയും ചരിത്രത്തിൽ സ്ഥാനം നേടുകയും ചെയ്ത വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ട്. പുറപ്പാട് പുസ്തകത്തിലെ മോശ ജനതയെ വിമോചിപ്പിച്ച ജനനായകനാണ്. ചെങ്കടൽ വിഭജിച്ചുകൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിലേയ്ക്ക് മോശ ജനതയെ സുരക്ഷിതമായി ആനയിച്ചുവെങ്കിൽ അതിന്റെ പിന്നാലെ അടിമത്വത്തിന്റെ സന്ദേശവുമായി വന്ന ഫറവോനും ഫറവോന്റെ സൈന്യത്തിനും സംഭവിച്ച ദുരന്തം നമുക്കറിയാം. മാറി മുറിഞ്ഞുനിന്നിരുന്ന ചെങ്കടൽ സംയോജിതമാക്കുകയും ആ കടലിൽ ഫറവോന്റെ സൈന്യം മുങ്ങി മരിക്കുകയും ചെയ്ത കഥയാണ് നാം വായിക്കുന്നത്. ഇവിടേയും വിമോചനത്തിന്റെ കപട സന്ദേശവുമായി നാടുചുറ്റുന്ന പ്രതിപക്ഷത്തിന് ഒടുവിൽ സംഭവിക്കുന്നത് അതുതന്നെയാണ്. ജനരോഷത്തിന്റെ ചെങ്കടലിൽ അവർ മുങ്ങി സർവ്വനാശത്തിലോട്ട് പോകുന്ന കാഴ്ചയാണ് നാം കാണാൻ പോകുന്നത്. ആ കാഴ്ച മുന്നിൽ കണ്ടുകൊണ്ടുതന്നെയാകണം ഈ നിയമസഭയിൽ, മഹനീയമായ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ, തീർത്തും നിഷേധാത്മകവും ഒരിക്കലും സംഭവിക്കാൻ പാടില്ലാതിരുന്നതുമായ ഒട്ടേറെ അദ്ധ്യായങ്ങൾ എഴുതി ചേർത്തുകൊണ്ട് പ്രതിപക്ഷം ഈ നിയമസഭയോട് വിട പറയാൻ ഒരുങ്ങുന്നത്. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ നന്ദി പ്രമേയത്തെ സർവാത്മനാ സന്തോഷപൂർവ്വം, ഹൃദയപൂർവ്വം, അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ആർ. ബാലൻ: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം അനുകൂലിക്കുകയാണ്. സമസ്ത മേഖലയിലും സമഗ്രവികസനം എന്ന എൽ.ഡി.എഫിന്റെ പ്രഖ്യാപിത ലക്ഷ്യം ഒട്ടേറെ പ്രതികൂലസാഹചര്യങ്ങൾ നേരിടേണ്ടിവന്നിട്ടും പൂർണ്ണമായ അർത്ഥത്തിൽ തന്നെ സാക്ഷാൽക്കരിച്ചതിന്റെ ചാരിതാർത്ഥ്യത്തോടുകൂടിയാണ് എൽ.ഡി.എഫിന്റെ അഞ്ച് വർഷക്കാലത്തെ ഭരണം വിജയകരമായി പൂർത്തിയാക്കുന്നത്. രാജ്യത്തിന്റെ ക്രമസമാധാനം ഏതൊരു വികസനത്തിന്റേയും അടിസ്ഥാനഘടകം തന്നെയാണ്. കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ ചരിത്രത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റുകൾ അധികാരത്തിൽ വന്ന ഘട്ടങ്ങളിലൊക്കെ യു.ഡി.എഫ്. പ്രധാനമായും ക്രമസമാധാന നില തകർത്തുവെന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ടാണ് ജനങ്ങളെ അണിനിരത്തിയത്. പക്ഷേ, ഇപ്പോൾ എൽ.ഡി.എഫിന്റെ 5 വർഷ ഭരണകാലം പൂർത്തീകരിക്കുമ്പോൾ വർഗ്ഗീയസംഘട്ടനങ്ങൾ ഇല്ലാത്ത സമാധാനന്തരീക്ഷം നിലനിൽക്കുന്ന ഇന്ത്യയിലെ ഏതാനും ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്ന് കോൺഫിഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി തന്നെ വിലയിരുത്തിയിരിക്കുകയാണ്. ഈ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിക്കുവേണ്ടി പഠനം നടത്തിയത് ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വത്തിലുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോൺടംപ്ററി സ്റ്റഡീസ് ആണ്. അപ്പോൾ സോണിയാഗാന്ധി നേതൃത്വം നൽകുന്ന രാജീവ് ഗാന്ധി സ്മാരകമായി നിൽക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തി കേരളത്തെ ക്രമസമാധാന പാലനത്തിന്റെ മെച്ചപ്പെട്ട സംസ്ഥാനമായിട്ട് പ്രകീർത്തിക്കുമ്പോൾ

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ)

സോണിയാഗാന്ധിയുടെ അനുയായികൾ കേരളത്തിൽ വിരുദ്ധമായ നിലപാട് എടുക്കുന്നത് ജനങ്ങൾ പുച്ഛിച്ചു തള്ളുകയാണ്. കഴിഞ്ഞ 5 വർഷക്കാലം എൽ.ഡി.എഫിന്റെ ഗവൺമെന്റ് ഭരിച്ചതിന്റെ ഫലമായി വിവിധ മേഖലകളിൽ കേരളം ആർജ്ജിച്ച വിവിധങ്ങളായ പുരോഗതിക്ക് ദേശീയ അന്തർദേശീയ അംഗീകാരം ഒട്ടേറെ നേടാനായി എന്നതിൽ അഭിമാനമുണ്ട്. പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഇല്ലാത്ത ദക്ഷിണേന്ത്യയിലെ ഏക സംസ്ഥാനം എന്ന പദവി കേരളം നേടി. Common Wealth Association for Public Administration and Management ഏർപ്പെടുത്തിയ രണ്ടായിരത്തിലെ International Innovations അവാർഡിൽ കേരളത്തിലെ കുടുംബശ്രീ പദ്ധതി ഗോൾഡ് മെഡൽ നേടി. വികസന രംഗത്ത് സ്ത്രീപക്ഷ സമീപനം ജനകീയാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയതിന്റെ നേട്ടങ്ങളിൽ ഒന്നാണ്. സമൂലമായ അധികാര വികേന്ദ്രീകരണ പദ്ധതി അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയതിന്റെ ഭാഗമായി donor ഏജൻസികൾ ഉപാധികളില്ലാതെ സഹായിക്കാൻ മുന്നോട്ടു വന്നു. പൊതുവിതരണ സമ്പ്രദായം മാതൃകാപരമായി നിലനിൽക്കുന്നതിൽ മാതൃകാ സംസ്ഥാനമായി, ശിശുപാഠ്യപദ്ധതിയിലൂടെ രാജ്യത്തിന്റെ ഇതരഭാഗത്തേക്ക് കേരളം മാതൃകയായി. ലോകത്തിലെ കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിൽ കണ്ടെത്തിയ പറുദീസയായി നാഷണൽ ജിയോഗ്രാഫിക് ട്രാവലർ കേരളത്തെ പുകഴ്ത്തി. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ കേരളത്തെ പങ്കാളിത്ത സംസ്ഥാനമായി തെരഞ്ഞെടുത്തു. വിനോദസഞ്ചാരത്തിന്റെ ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ചതിന് രണ്ട് പ്രാവശ്യം ദേശീയ അവാർഡ് നേടി. യുവജനനയം ആവിഷ്ക്കരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സ്പോർട്സ് വികസനത്തിനായി നിയമം പാസ്സാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഭവനനിർമ്മാണ മേഖലയിൽ നിരന്തരമായി ദേശീയ അവാർഡ് നേടിക്കൊണ്ടിരിക്കുന്ന സംസ്ഥാനം കേരളമാണ്. ഏതാനും ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചതാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ ഗവൺമെന്റ് 5 വർഷക്കാലം പൂർത്തീകരിക്കുന്നതിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു അവിശ്വാസപ്രമേയം പോലും നിയമസഭയിൽ കൊണ്ടുവരാൻ യു.ഡി.എഫിന് കഴിയാതിരുന്നത്. രാഷ്ട്രീയമായി ഭരണകക്ഷിയെ അട്ടിമറിക്കുന്നതിനുവേണ്ടി പല ശ്രമങ്ങളും നടത്തി വ്യഥാവിലായി എന്നുള്ള കാര്യം നമുക്കൊക്കെ അറിയാം. ഒരു അവിശ്വാസ പ്രമേയം ഈ ഗവൺമെന്റിനെതിരായി കൊണ്ടുവരാൻ യു.ഡി.എഫിന് ആയില്ല എന്നത് യു.ഡി.എഫിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയിൽ വന്ന തകർച്ചയെ സൂചിപ്പിക്കുന്നതാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്ന ഘട്ടത്തിലൊക്കെ 5 വർഷക്കാലം ഭരണം പൂർത്തീകരിക്കാൻ ആകാറില്ല. ഇതിനുമുമ്പ് എൽ.ഡി.എഫിന് ഒരു ഉറച്ച ഭരണം കാഴ്ച വയ്ക്കാൻ ആയില്ല. ആകുമോ എന്നുള്ള പ്രചരണങ്ങളാണ് നിങ്ങൾ നടത്തിയിരുന്നത്. ഈ മന്ത്രിസഭയ്ക്കെതിരായി അഴിമതിയാരോപണങ്ങൾ ഉണ്ടയില്ലാത്ത വെടിപൊട്ടിച്ച് നിയമസഭയ്ക്കകത്തും പുറത്തും ഒക്കെ തന്നെ പ്രചരണങ്ങൾ നടത്തുന്നുണ്ട്. പക്ഷേ, വ്യവസ്ഥാപിതമായ സ്ഥാപനങ്ങളുടെ മുമ്പാകെ എൽ.ഡി.എഫ്. ഗവൺമെന്റിലെ ഏതെങ്കിലും ഒരു മന്ത്രിക്കെതിരായി ഒരു പരാതിപോലും നൽകാൻ യു.ഡി.എഫിന് ഈ അഞ്ചുവർഷകാലയളവിൽ ആയില്ല എന്നത് കേരളത്തിലെ രാഷ്ട്രീയ രംഗത്തെ മറ്റൊരു സവിശേഷ കാര്യമാണ്. ഇപ്പോൾ യു.ഡി.എഫ്. നടത്തുന്ന പ്രധാനപ്പെട്ട പ്രചരണം, എൽ.ഡി.എഫിന്റെ ഭരണം കടം വർദ്ധിപ്പിച്ചു. ഖജനാവ് കാലിയാക്കി. രാജ്യത്തെ കുത്തുപാള എടുപ്പിച്ചു. കടം വർദ്ധിപ്പിച്ചിട്ടില്ല എന്ന അഭിപ്രായം എനിക്കില്ല. വരുമാനം കുറയുകയും ചെലവ് വർദ്ധിക്കുകയും ചെയ്താൽ സ്വാഭാവികമായും കടം ഉണ്ടാകും എന്ന കാര്യം നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. പക്ഷേ, നമ്മുടെ സംസ്ഥാനത്തിലെ വരുമാനത്തിന്റെ മേഖലയിൽ കുറവ് ഉണ്ടാക്കിയതിന്റെ ഉത്തരവാദികൾ ആരാണ് ? അതിന് മുകളിൽ മുഖം തിരിച്ച് നിന്നിട്ട് കാര്യമില്ല. ഇൻഡ്യാ രാജ്യം കടക്കെണിയിൽ നിൽക്കുകയാണ്. ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 43 ശതമാനം സംഖ്യയും കടത്തിന്റെ ഗഡുവും പലിശയും അടച്ചു തീർക്കാൻവേണ്ടി നീക്കുകയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുവേണ്ടി ഒരു വകുപ്പുമന്ത്രിയെ ചുമതല പെടുത്തിയിരിക്കുകയാണ്. ഇറക്കുമതിയുടെ ഭാഗമായി 14,000 കോടി രൂപയുടെ നഷ്ടം കേരളത്തിലെ കൃഷിക്കാർക്ക് ഉണ്ടായി എന്നുള്ള കാര്യം മനോരമ, യു.ഡി.എഫിന്റെ രാഷ്ട്രീയ വഴികാട്ടിയാണല്ലോ മനോരമ, മനോരമയ്ക്കു പോലും എഴുതേണ്ടിവന്നിരിക്കുന്നു. ആറായിരം കോടിരൂപ പ്രതിവർഷം കേരളത്തിലെ കൃഷിക്കാർക്ക് നഷ്ടം ഉണ്ടാകുമെന്നുള്ള കാര്യം സമ്മതിച്ചിരിക്കുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് 3600 കോടി രൂപ കേരളത്തിന് നഷ്ടമുണ്ടെന്നുള്ള സത്യം അവശേഷിച്ചിരിക്കുകയാണ്. പദ്ധതി വിഹിതത്തിന്റെ മേഖലയിൽ മാത്രമല്ല. പൊതുമേഖലാ നിക്ഷേപത്തിന്റെ മേഖലയിലും പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപത്തിന്റെ വായ്പയുടെ മേഖലയിലും കേന്ദ്രം കേരളത്തോട് അവഗണന തുടരുകയാണ്. ഈ ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി ഇൻഡ്യയിലാകമാനം വന്നിട്ടുള്ള സാമ്പത്തിക തകർച്ചയുടെ പ്രതിഫലനം കേരളത്തിലെ സാമ്പത്തിക മേഖലയിലും വന്നു എന്നുള്ളത് സത്യമാണ്. കൃഷിക്കാർക്ക് വരുമാനമില്ല. നാട്ടിൽ കച്ചവടം നടക്കുന്നില്ല. സർക്കാരിന് വരുമാനമില്ല. അതിന്റെ ഭാഗമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക പ്രയാസങ്ങൾ നമ്മുടെ രാജ്യത്ത് നേരിടുന്നു. കടം വർദ്ധിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മാത്രം കടം ബാക്കി കാണുമോ ? 1991-ൽ എൽ.ഡി.എഫിന്റെ ഗവൺമെന്റ് പോകുമ്പോൾ 4700 കോടി രൂപ പൊതുകടം. യു.ഡി.എഫ് 1996-ൽ പോകുമ്പോൾ അത് 11,000 കോടി രൂപ ആയില്ലേ ? 6,300 കോടി രൂപ യു.ഡി.എഫ്. കടം വാങ്ങിയിട്ട് പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചത് അയ്യായിരം കോടി രൂപയാണ്. 1300 കോടി രൂപയും ധൂർത്തടിച്ചില്ലേ ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 5 വർഷക്കാലം പൂർത്തീകരിക്കുമ്പോൾ 22 ആയിരത്തോളം കോടി രൂപ കടമുണ്ട്. ഒൻപതിൽ ചിലാനം കോടി രൂപയും അധികമായി ഈ ഗവൺമെന്റിന്റെ കാലത്ത് കടം ഉണ്ടായപ്പോൾ വാങ്ങിയ പണത്തെക്കാൾ കൂടുതൽ പണം സമാഹരിച്ച് കൊണ്ട് 13,000 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കിയില്ലേ ? അതിനുപുറമേ രണ്ടായിരം കോടി രൂപ ക്ഷേമപ്രവർത്തനങ്ങൾക്കും 1200 കോടി രൂപയോളം ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി ചെലവഴിക്കപ്പെട്ടു. 800 കോടിയോളം രൂപ ക്ഷേമസാമ്പത്തിക സഹായ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കപ്പെട്ടു. അതിന്റെയൊക്കെ തന്നെ മാറ്റങ്ങൾ ലക്ഷ്യബോധത്തോട് കൂടിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ വിജയകരമായ മുന്നേറ്റം കൈവരിക്കാൻ നമുക്ക് കഴിഞ്ഞതിന്റെ ഭാഗമായി, കേരളത്തിന്റെ കാർഷിക വ്യാവസായിക സാമ്പത്തികമേഖലയിൽ ഉണ്ടാക്കിയ തിളക്കമാർന്ന വിജയത്തെ നമുക്ക് നിഷേധിക്കാനാകുമോ ? ഇൻഡ്യയിൽ വ്യാവസായിക വളർച്ചയുടെ നിലവാരം പുറകോട്ടടിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ 7.8 ശതമാനം വ്യാവസായിക വളർച്ചാ നിരക്ക് രേഖപ്പെടുത്തി. കാർഷികോൽപ്പാദന മേഖലയിൽ ഇൻഡ്യ പുറകോട്ട് പോകുമ്പോൾ 1.3 ശതമാനത്തിൽ നിന്ന് കേരളം 3.82 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. വ്യാവസായിക കാർഷിക മേഖലയിൽ ഉജ്ജ്വലമായ പുരോഗതി ആർജ്ജിക്കാൻ അടിത്തറ പാകിയത് വൈദ്യുതി ഉല്പാദന രംഗത്ത് കേരളത്തിന് ഉണ്ടാക്കാൻ കഴിഞ്ഞ വമ്പിച്ച പുരോഗതിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രയോറിറ്റി തയ്യാറാക്കി ഫസ്റ്റ് പ്രയോറിറ്റി വൈദ്യുതി ഉല്പാദന മേഖലയ്ക്ക് നൽകുവാൻ തീരുമാനിച്ചു. സ്വയംപര്യാപ്തത വൈദ്യുതി ഉല്പാദന മേഖലയിൽ കേരളം ആർജ്ജിക്കും എന്ന് പ്രഖ്യാപിച്ചപ്പോൾ യു.ഡി.എഫിന് തീരെ പ്രതീക്ഷ ഉണ്ടായില്ല. എനിക്കടക്കം സംശയം ഉണ്ടായിരുന്നു. വൈദ്യുതി ഉല്പാദന മേഖലയെ സംബന്ധിച്ച് അതിന്റെ നേട്ടങ്ങളെക്കുറിച്ച് ഒരക്ഷരം അവിടെനിന്ന് പ്രസംഗിച്ച ആരും പറഞ്ഞില്ല. യു.ഡി.എഫ് അഞ്ച് വർഷക്കാലം ഭരിച്ചപ്പോൾ 15 മെഗാവാട്ട് വൈദ്യുതി എൽ.ഡി.എഫ്. അഞ്ച് വർഷക്കാലം ഭരിച്ചപ്പോൾ 1007 മെഗാവാട്ട് വൈദ്യുതി. വ്യാവസായിക മേഖലയിൽ യു.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ സമ്പൂർണ്ണമായ പവർ കട്ടിന്റെ ഭാഗമായി വ്യാവസായിക ഉല്പാദനമേഖലയിൽ പ്രതിമാസം 500 കോടി രൂപയുടെ നഷ്ടം. 6000 കോടിരൂപ ഒരു കൊല്ലം ആ മേഖലയിൽ നഷ്ടം. പൊതുമേഖലാശാലകൾ വിറ്റഴിക്കപ്പെടുന്നു. വിത്തുകുത്തി കഞ്ഞി കുടിക്കുന്ന നയം ബി.ജെ.പി.യുടെ ഗവൺമെന്റും യു.ഡി.എഫിന്റെ ഗവൺമെന്റും നടപ്പിലാക്കി. ഈ ഗവൺമെന്റ് വിത്തിറക്കി വിളവെടുക്കുന്ന സമീപനം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കി. വ്യാവസായിക മേഖലയിലെ പൊതുസ്ഥാപനങ്ങളെ ഉദ്ധരിച്ചെടുക്കാൻ 450 കോടി രൂപ ചെലവഴിക്കപ്പെട്ടു. കാർഷികമേഖലയിൽ പ്രതിഭാസങ്ങളും പ്രതിബന്ധങ്ങളും ഒട്ടേറെ നേരിടുമ്പോൾ കാർഷികമേഖലയിൽ നെൽകൃഷിക്കാരനെ, പച്ചക്കറി മേഖലയിലെ കൃഷിക്കാരനെ, തെങ്ങ് കൃഷിക്കാരനെ, കവുങ്ങ് കൃഷിക്കാരനെ, റബ്ബർ കൃഷിക്കാരനെ ഒക്കെ സ്വന്തം മണ്ണിൽ പിടിച്ചുനിൽക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഊന്നുവടി നൽകി. അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല. ആയിരക്കണക്കിന് കോടി രൂപ ആ മേഖലയിൽ ചെലവഴിക്കപ്പെട്ടതിന്റെ ഭാഗമായി 1200 കോടി രൂപയുടെ പച്ചക്കറിയാണ് ഒരു വർഷം കേരളത്തിന്റെ കമ്പോളത്തിൽ കൊണ്ടുവന്ന് അയൽസംസ്ഥാനങ്ങൾ വിറ്റഴിക്കപ്പെട്ടിരുന്നത്. പച്ചക്കറി ഉല്പാദനമേഖലയിൽ കേരളത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കും എന്ന ലക്ഷ്യം നേടാൻ വേണ്ടി പോകുകയാണ്. ആയിരം കോടി രൂപയുടെ പച്ചക്കറി ഉല്പന്നങ്ങൾ കേരളം അധികമായി ഉല്പാദിപ്പിക്കപ്പെട്ടു എന്നത് നിഷേധിക്കാൻ പറ്റുമോ? വ്യാവസായിക കാർഷികമേഖലയിൽ വൈദ്യുതി ഉല്പാദനമേഖലയിലെ സ്വയംപര്യാപ്തതയുടെ ഭാഗമായി നേടിയ നേട്ടങ്ങളുടെ റിഫ്ളക്ഷൻ നമ്മുടെ രാജ്യത്തെ മറ്റ് വിവിധ രംഗങ്ങളിൽ പ്രതിഫലിപ്പിക്കുകയില്ലേ? ഹംസക്കുണ്ട്, ബാവക്കുണ്ട് എന്നൊക്കെപ്പറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും ആക്ഷേപിച്ചവരല്ലേ നമ്മൾ. ഇപ്പോൾ ജോസഫിക്കുണ്ട് എന്നുള്ള പരാമർശം ആരും ഉന്നയിക്കുന്നില്ലല്ലോ? ഈ രാജ്യത്ത് പാലങ്ങളുടേയും റോഡുകളുടേയും നിർമ്മാണമേഖലയിൽ ഉണ്ടാക്കിയ ഉജ്ജ്വല നേട്ടങ്ങൾ നിഷേധിക്കാൻ പറ്റുമോ? അഞ്ചുവർഷക്കാലം ഈ രാജ്യത്ത് വികസനപ്രവർത്തനങ്ങൾ നടന്നില്ല എന്ന് ജനങ്ങളുടെ മുഖത്തുനോക്കി പറയാൻ കഴിയുമോ? ചാലക്കുടി എം.എൽ.എ. പറയില്ല. അവർ കൈരളി ടി.വി.യിൽ ചാലക്കുടി മണ്ഡലത്തിലെ 100 കണക്കിന് വരുന്ന സ്വദേശികളുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട്. കോടിക്കണക്കിന് വരുന്ന മലയാളികൾ കണ്ടതും കേട്ടതുമാണ്. 50 കോടി രൂപയുടെ വികസനം ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിൽ എന്റെ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട് എന്നുള്ളത് ചാലക്കുടി എം.എൽ.എ. ആവേശത്തോടുകൂടിയാണ് കൈരളി ടി.വി.യോട് പറഞ്ഞത്. മറ്റ് എം.എൽ.എ.മാർക്കൊക്കെ നല്ലപോലെ ബോദ്ധ്യമുണ്ട്. പക്ഷേ, പരസ്യമായി പറയാൻ, അതിൽ ആവേശംകൊള്ളാൻ ചാലക്കുടി എം.എൽ.എ. മാത്രമേ മുന്നോട്ടുവന്നുള്ളൂ എന്നതാണ് സത്യം. നിയമന നിരോധന ഉത്തരവ് നിലനിൽക്കുമ്പോൾ തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കാൻ ഒരു സംസ്ഥാന ഗവൺമെന്റിന് ആകില്ല എങ്കിലും ഈ ഗവൺമെന്റ് ആ മേഖലയിൽ എടുത്ത സമീപനം എന്ത്? ഉള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ടി പി.എസ്.സി. വഴി റിക്കോർഡ് നിയമനം ഈ കഴിഞ്ഞ നാല്, അഞ്ച് വർഷക്കാലത്തിനിടയ്ക്ക് ഈ കേരളത്തിൽ നടപ്പിലാക്കിയിില്ലേ? തൊഴിലില്ലായ്മ ശാശ്വതമായിട്ട് പരിഹരിക്കാൻ കഴിയുമോ? ജനകീയാസൂത്രണ പ്രസ്ഥാനത്തെ കുറിച്ച് വിമർശനം നടത്തിയിട്ട് നിങ്ങൾ ഒരക്ഷരം മിണ്ടിയില്ലല്ലോ ഇന്നലേയും ഇന്നുമായി നടന്ന ചർച്ചയിൽ. ഒരു പുതിയ വികസന സംസ്ക്കാരം, അധികാരവും സമ്പത്തും അടിത്തട്ടിലേക്ക് നൽകിയതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഉടലെടുത്ത് യു.ഡി.എഫ്. ഭരിച്ചപ്പോൾ 119 കോടി രൂപയാണ് നൽകിയത് എങ്കിൽ എൽ.ഡി.എഫ്. ഭരിച്ചപ്പോൾ 6,000 കോടി രൂപ അടിത്തട്ടിലേക്ക് നൽകിയതിന്റെ ഭാഗമായി ഒരു പുതിയ വികസന സംസ്കാരം നമ്മുടെ രാജ്യത്ത് ഉണ്ടായില്ലേ? അതിന്റെ നേട്ടങ്ങൾ നമ്മൾ അനുഭവിക്കുകയല്ലേ ? 50-ാമത് റിപ്പബ്ലിക് ദിന സന്ദേശം ഇന്ത്യയിലെ ജനങ്ങൾക്ക് നമ്മുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി നൽകിയപ്പോൾ പറഞ്ഞില്ലേ. ആഗോളവൽക്കരണനയം നടപ്പിലാക്കിയ രാജ്യങ്ങൾ ആകെ പാപ്പരീകരിച്ചു എന്ന്. 10 വർഷക്കാലമായി ഇന്ത്യയിൽ ആഗോളവൽക്കരണ നയം നടപ്പിലാക്കുകയാണ്. 80 ശതമാനം ആളുകൾ പാപ്പരീകരിച്ചു. 20 ശതമാനം ആളുകൾ സമ്പന്നൻമാരായി. നമ്മുടെ രാജ്യവും പാപ്പരീകരിക്കുകയാണ്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി ഒരു പുതിയ വികസന സംസ്കാരം കേരളത്തിൽ നടപ്പിലാക്കിയപ്പോൾ ആഗോളവൽക്കരണ നയത്തിന്റെ വിപത്തിനെ തടയുന്നതിനുവേണ്ടി ജനങ്ങൾക്ക് ഒരു പുതിയ ആയുധം കിട്ടി. അതാണ് ജനകീയാസൂത്രണപ്രസ്ഥാനം. പറഞ്ഞില്ലേ, നിഷേധിക്കാൻ പറ്റുമോ? അതിന്റെ ഭാഗമായി പാവപ്പെട്ട മനുഷ്യരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞില്ലേ ? വെള്ളം വെളിച്ചം, പാർപ്പിടപ്രശ്നം ഇതൊക്കെ പരിഹരിക്കാൻ പോകുകയാണ് കേരളം. സ്വാതന്ത്ര്യം കിട്ടി 53 വർഷക്കാലം കഴിഞ്ഞപ്പോൾ ഇന്ത്യ ഏറ്റവും കൂടുതൽ പാർപ്പിടം ഇല്ലാത്തവരുടെ നാടായി അധഃപതിച്ചു. കേരളം പാർപ്പിട പ്രശ്നം പരിഹരിക്കാൻ പോകുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ആക്ഷേപം ഉണ്ടോ ? നയപ്രഖ്യാപന പ്രസംഗത്തെ ആക്ഷേപിച്ചുകൊണ്ടും, വിമർശിച്ചുകൊണ്ടും മാതൃഭൂമി എഡിറ്റോറിയൽ എഴുതിയപ്പോഴും കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ജന വിഭാഗങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് നടത്തിയ ഉജ്ജ്വലങ്ങളായ നേട്ടങ്ങളെ കുറിച്ചും പരാമർശിച്ചില്ലേ ? കഴിഞ്ഞ വേനൽക്കാലത്ത് അഞ്ച് സംസ്ഥാനങ്ങളിൽ നിന്ന് അഞ്ച് കോടി ഗ്രാമീണർ കുടിക്കുവാൻ വെള്ളം കിട്ടാതെ നാടുവിട്ട് പോയപ്പോൾ ഈ കൊച്ചു കേരളത്തിൽ ഒരു വീട്ടിൽനിന്നും ഒരുത്തനും കുടിക്കാൻ വെള്ളം കിട്ടാതെ നാടുവിട്ടില്ല. വീടുവിട്ടില്ല, എന്തുകൊണ്ട് ? വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനം വഴി എല്ലാവർക്കും കുടിവെള്ളം എത്തിച്ചു എന്നതുകൊണ്ട് മാത്രമാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. പക്ഷേ, അധികാരവും സമ്പത്തും അടിത്തട്ടിലേക്ക് ലഭിച്ചപ്പോൾ അത് വിനിയോഗിച്ചുകൊണ്ട് ഗ്രാമീണ മനുഷ്യരോടൊപ്പം ചേർന്നുനിന്നുകൊണ്ട് കൊച്ചുകൊച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയപ്പോൾ 80 ശതമാനം വരെ കേരളത്തിൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ നമുക്കായി. ഒരു പുതിയ സംസ്കാരത്തിന്റെ ഭാഗമായി ഈ രീതിയിൽ കേരളത്തിൽ സമസ്ത മേഖലയിലും ഉണ്ടാക്കിയ സമഗ്രമായ വികസനത്തിന്റെ അനുഭവങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടവരാണ് കേരളത്തിലെ ജനങ്ങൾ. അതുകൊണ്ടാണ് രാഷ്ട്രീയ മണ്ഡലത്തിൽ യു.ഡി.എഫിന്റെ അഭ്യാസത്തിന്റെ 19-ാമത്തെ അടവടക്കം എടുത്ത് പയറ്റിയിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ അടിത്തറയ്ക്ക് പോറൽ ഏൽപ്പിക്കാൻ നിങ്ങൾക്ക് കഴിയാതെപോയത്. അതുകൊണ്ടാണ് ആറ് ഇടക്കാല

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിലും എൽ.ഡി.എഫിനെ കേരളത്തിലെ ജനങ്ങൾ ജയിപ്പിച്ചത്. അതുകൊണ്ടാണ് ഈ ഭരണം നാലര വർഷക്കാലം പിന്നിട്ടതിനുശേഷം നടന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുമായി പരസ്യമായും രഹസ്യമായും ചങ്ങാത്തത്തിൽ ഏർപ്പെട്ടിട്ടും ന്യൂനപക്ഷ തീവ്രവാദ പ്രസ്ഥാനങ്ങളുമായി അപഹാസ്യമായ രീതിയിൽ കൂട്ടുകെട്ടിൽ ഏർപ്പെട്ടിട്ടും മദ്യത്തിന്റേയും പണത്തിന്റേയും കുത്തൊഴുക്ക് ഈ രാജ്യത്ത് വ്യാപകമായി സൃഷ്ടിക്കപ്പെട്ടിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ അടിത്തറയെ തകർക്കാൻ നിങ്ങൾ വിചാരിച്ച മാജിരി നടക്കാതെ പോയത്. 43 ശതമാനം വോട്ട് എൽ.ഡി.എഫിന് 41 ശതമാനം വോട്ട് യു.ഡി.എഫിന് പടവലങ്ങയുടെ വളർച്ചയാ ബി.ജെ.പിക്ക്. വോട്ട് കോൺഗ്രസിന് കൊടുത്തുവല്ലോ. ആകെ നേടിയത് 5 ശതമാനമാണ്. ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, അഞ്ച് കോർപ്പറേഷനിൽ നാലെണ്ണവും ഇപ്പോൾ എൽ.ഡി.എഫ്. ഭരിക്കുകയാണ്. ഇപ്പോഴോ 88 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ എൽ.ഡി.എഫിന് ഭൂരിപക്ഷം നൽകി. ഇപ്പോൾ അത് 89 ആയി. ഈ ഏപ്രിൽ മാസത്തിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ പരാജയപ്പെടുത്തി അധികാരത്തിൽ വരാൻ യു.ഡി.എഫിന് കഴിയില്ല എന്ന് അപ്പുറത്തിരിക്കുന്നവർക്ക് നന്നായിട്ടറിയാം. ശ്രീ. ആന്റണിക്ക് നന്നായിട്ടറിയാം. മാർക്സിസ്റ്റ് ദുർഭരണത്തിന് അന്ത്യം കുറിക്കുക എന്ന ഏകലക്ഷ്യം പ്രഖ്യാപിക്കുകയാണ് ശ്രീ. ആന്റണി. അപ്പുറത്തോ ബി.ജെ.പി.യുടെ അഖിലേന്ത്യാ പ്രസിഡന്റ് വരുന്നു. കോഴിക്കോട് സമ്മേളനം ചേരുന്നു. പത്രസമ്മേളനം നടത്തുന്നു. മാർക്സിസ്റ്റ് ദുർഭരണത്തിന് അന്ത്യം കുറിക്കുക എന്നത് ഒന്നാമത്തെ അജണ്ട. കേരളത്തിൽ നിയമസഭയിൽ അക്കൗണ്ട് ആരംഭിക്കുക എന്നത് രണ്ടാമത്തെ അജണ്ട. ഒരേ തൂവൽ പക്ഷികൾ ഒരുമിച്ച് ചേക്കേറുന്നതിനുവേണ്ടിയുള്ള നയപ്രഖ്യാപനങ്ങൾ നടക്കുകയാണ്. അതുകൊണ്ടും ആവില്ല എന്നുകണ്ടപ്പോൾ നാദാപുരത്തുണ്ടായ വേദനാജനകമായ ഒറ്റപ്പെട്ട സംഭവങ്ങളെ ഊതിവീർപ്പിച്ച് മതന്യൂനപക്ഷവിഭാഗങ്ങൾക്ക് എതിരാണ് കമ്മ്യൂണിസ്റ്റുകാർ. മാർക്സിസ്റ്റുകാർ, എന്നുവരുത്തിത്തീർക്കാൻ വേണ്ടി സംഘടിതമായ പ്രചാരവേല. നടക്കുമോ ? കേരളത്തിലെ മതന്യൂനപക്ഷ വിഭാഗമായിട്ടുള്ള മുസ്ലീം സമുദായങ്ങളിൽ വിശ്വസിക്കുന്ന മനുഷ്യർക്ക് മനുഷ്യനെ പോലെ കേരളത്തിൽ നിലനിൽക്കാനും വളരാനും അവരുടെ മതസ്ഥാപനങ്ങൾ സംരക്ഷിക്കാനും അവരുടെ പള്ളി സംരക്ഷിക്കാനും വേണ്ടി പടവെട്ടി ജീവൻ നൽകിയ കുഞ്ഞിരാമൻ പടുത്തുയർത്തിയ പ്രസ്ഥാനമാണ് സി.പി.ഐ.(എം) ആ സി.പി.ഐ.(എം) മുസ്ലീം ന്യൂനപക്ഷ മതവിശ്വാസികൾക്ക് എതിരാണ് എന്ന് പ്രചരിപ്പിക്കാൻ ആര് ശ്രമിച്ചാലും വിലപ്പോകില്ല. ക്രിസ്ത്യൻ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ കമ്മ്യൂണിസ്റ്റു വിരുദ്ധ ആശയപ്രചാരണത്തിന് ആഴം ഉണ്ടായിരുന്നു ഒരു കാലഘട്ടത്തിൽ. കാലം മാറി. സംഘ് പരിവാറും കൂട്ടാളികളും ഇന്ത്യയിൽ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ നടത്തുന്ന കടന്നാക്രമണത്തിനെ ചെറുക്കാൻ അവരെ വിശ്വസിച്ച് അണിനിരന്ന കോൺഗ്രസ് പ്രസ്ഥാനത്തിന് ആവില്ല എന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ജീവൻ നൽകുന്നത് കമ്മ്യൂണിസ്റ്റുകാരനാണെന്ന് മനസ്സിലാക്കി. മതമേലദ്ധ്യക്ഷൻമാർ നൽകുന്ന രാഷ്ട്രീയ കല്പനകൾ പോലും അനുസരിക്കാൻ ഇന്ന് രാഷ്ട്രീയ പ്രശ്നങ്ങളിൽ മതന്യൂനപക്ഷങ്ങൾക്ക് സന്നദ്ധമാകുന്നില്ല. അതിന്റെ ആരംഭമായിരുന്നു കുണ്ടുകുളം മെത്രാൻ പിന്തുണ പ്രഖ്യാപിച്ചിട്ടും ബഹുമാന്യനായ ലീഡർ തൃശൂർ പാർലമെന്റ് സീറ്റിൽ പരാജപ്പെട്ടത് എന്നത് നിങ്ങൾ നല്ലപോലെ ഓർക്കണം. അപ്പോൾ മതമേലദ്ധ്യക്ഷന്മാർ അത്തരം പ്രഖ്യാപനങ്ങൾ നടത്തുന്ന കാര്യത്തിലും പിറകോട്ടുപോയി. മതന്യൂനപക്ഷ വിഭാഗങ്ങൾക്കകത്തുള്ള കമ്മ്യൂണിസ്റ്റുവിരുദ്ധ ചിന്താഗതികൾക്കും മാറ്റം വന്നു എന്നതിൽ നിങ്ങൾക്ക് വിഷമം ഉണ്ടാകും. അതുകൊണ്ടുതന്നെ ഈ രാജ്യത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണം അടുത്ത തെരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിൽ വരും എന്നുള്ള കാര്യത്തിൽ രണ്ടുപക്ഷം വേണ്ട. 24 വർഷക്കാലമായി ബംഗാളിൽ ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുകയാണ്. ആ ഒരവസ്ഥ കേരളത്തിൽ ഉണ്ടായാൽ ഞാനടക്കമുള്ള കോൺഗ്രസിന്റെ നേതാക്കൻമാർ സന്യാസത്തിന് പോകേണ്ടി വരും. അതുകൊണ്ടാണ് ബംഗാൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി നിങ്ങൾ ഒന്നിക്കണമെന്ന് ശ്രീ. ആന്റണി ആഹ്വാനം ചെയ്തുകൊണ്ട് നടക്കുന്നത്. ഈ കേരളം ബംഗാൾ ആവർത്തിക്കും. 90 ദിവസം കഴിയുമ്പോൾ കേരളത്തിൽ യു.ഡി.എഫ്. വരുമെന്നാണ് ശ്രീ. ആന്റണി പറയുന്നത്. കേട്ടപ്പോൾ ചിരി തോന്നി. 1982-ൽ ശ്രീ. ആര്യാടൻ അടക്കമുള്ള ആളുകൾ അപ്പുറത്തുപോയി ലയനം കഴിഞ്ഞതിനുശേഷം ശ്രീ. ആന്റണി പ്രഖ്യാപിച്ചില്ലേ 100 വർഷത്തിനകം കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിൽ വരില്ല എന്ന്. അഞ്ച് കൊല്ലം കഴിഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിൽ വന്നു. അതിനേക്കാൾ അപഹാസ്യമായ അനുഭവമാണ് 90 ദിവസവുമായി ബന്ധപ്പെട്ട് ശ്രീ. ആന്റണി നടത്തിയ പ്രഖ്യാപനത്തിന് നേരിടാൻ പോകുന്നത്. കേരളത്തിൽ അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമെന്നു മാത്രമല്ല. കൂടുതൽ ജനപിന്തുണയോടുകൂടി, കൂടുതൽ കരുത്തോട് കൂടി കേരളത്തിൽ വീണ്ടും അധികാരത്തിൽ വരും കേരളത്തിലെ സമസ്ത മേഖലയിലും ആരംഭിച്ച ഉജ്ജ്വലമായ വികസന നേട്ടങ്ങൾക്ക് പരിസമാപ്തി കുറിക്കാനാകും. യു.ഡി.എഫിന്റെ രാഷ്ട്രീയ അടിത്തറയ്ക്ക് അതോടുകൂടി അന്ത്യം കുറിക്കും. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, പത്താം കേരളനിയമസഭയുടെ പതിനാറാമത്തേതും അവസാനത്തേതുമായ ഈ സമ്മേളനത്തിൽ ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അനുരുദ്ധൻ നടത്തിയ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഇത് ഒരു ഗവൺമെന്റിന്റെ നയപ്രസംഗമാണെന്ന് കരുതുവാൻ നിർവാഹമില്ല. പ്രഖ്യാപനങ്ങൾക്ക് പോലും അതിൽ വലിയ പഞ്ഞമാണ്. അതുകൊണ്ടുതന്നെ ഇന്നലെ ഇവിടെ പ്രസംഗിച്ച ഭരണകക്ഷിയിലെ മെമ്പർമാരാരും നയപ്രഖ്യാപനത്തെക്കുറിച്ച് പ്രസംഗിച്ച് കണ്ടില്ല. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. എൻ. ആർ. ബാലനും അന്തർദേശീയ, ദേശീയ കാര്യങ്ങളും, കുന്നംകുളത്തെ മൈതാനത്തിന്റെ കാര്യവുമല്ലാതെ ഈ നയപ്രഖ്യാപനത്തെക്കുറിച്ച് പ്രസംഗിച്ചുകണ്ടില്ല. സർ, എല്ലാപേരുടേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗത്തിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ നടത്തുന്ന മോചനയാത്ര അത് 1951-ലെ വിമോചനസമരമാണ് എന്ന ഒരു ഭീതിയിലാണ് ഇവിടെ പ്രസംഗിക്കുന്നത്. അതുപോലെ ഒരു സമരമാണ് വിമോചനയാത്ര എന്ന് ചിന്തിപ്പിക്കുന്ന പ്രസംഗങ്ങളാണ് ഇവിടെ നടന്നുകണ്ടത്. ഇവിടെ ഇന്നലെ വിദേശത്തുനിന്ന് സി.ഐ.എ.യുടെ പണം വന്നു എന്നും മറ്റും പ്രഖ്യാപനം ഉണ്ടായി. ഇന്നലെത്തന്നെ ശ്രീ. ആര്യാടൻ മുഹമ്മദ് അതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സർ, ഞാൻ പറയാൻ പോകുന്നത് അമേരിക്കൻ അംബാസിഡർ ആയിരുന്ന ശ്രീ. മോയ്നിഖാൻ പറയുന്ന കാര്യമല്ല. ഇന്ത്യയിലെത്തന്നെ ഒരു ട്രേഡ് യൂണിയൻ നേതാവും ഇടതുപക്ഷ ചിന്താഗതിക്കാരനും സ്വാതന്ത്ര്യ സമരസേനാനിയുമായ ശ്രീ. വി. പി. കാർനിക്. അദ്ദേഹത്തിന്റെ പുസ്തകത്തിലെ

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഒന്നുരണ്ട് സെന്റൻസ് ഞാനിവിടെ വായിക്കാം. "A number of Communist Agents also came into the Country from time to time, money flowed into the Country from time to time. Sometimes it was remitted openly as financial aid to various agencies. The total amount sanctioned was 1 Lakh 20 Thousand Pounds out of which 35 Thousand Pounds was for the party and 15 Thousand Pounds for the support of Danke's paper- 'Socialist' and the balance of 70 Thousand Pounds was for the support of those labour organisations which favoured Communism. It is difficult to get exact information about all those remittances." ഇത് ഒരു വിദേശ എഴുത്തുകാരനോ, വിദേശിയോ എഴുതിയതല്ല. ഒരു ഇൻഡ്യൻ ഇടതുപക്ഷ ചിന്താഗതിക്കാരനായ കമ്മ്യൂണിസ്റ്റുകാരൻ എഴുതിയതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് ഈ വിമോചനസമരത്തെ കുറിച്ചുള്ള ഭയപ്പാടോടെയാണ് ഇവിടെ എല്ലാപേരും പ്രസംഗിക്കുന്നത്. സർ, ഈ മോചനയാത്ര എന്തിനാണ്? ഞാൻ ഒരു മൈതാന പ്രസംഗം നടത്താൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ സർക്കാർ ജീവനക്കാരെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത് ? കേന്ദ്രപാരിറ്റി നടപ്പിലാക്കുമെന്ന വാഗ്ദാനം കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫ്. പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് ഭാഗികമായിട്ടാണ് നടപ്പിലാക്കിയത്. കേന്ദ്ര ആനുകൂല്യങ്ങൾ പൂർണ്ണമായി നേടാൻ ഉതകുന്ന സമീപനം സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ-ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നതുപോലെ കേന്ദ്രപാരിറ്റി പൂർണ്ണമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും എന്നുള്ളത്. സർ, നാലേമുക്കാൽ വർഷമായി കേന്ദ്രപാരിറ്റി പൂർണ്ണമായി കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ ? ഇന്നത്തെ ശൂന്യമായ ഖജനാവ് വച്ചുകൊണ്ട് ഇനിയുള്ള ഒരുമാസത്തിൽ ശിവദാസമേനോന് കേന്ദ്രപാരിറ്റി പൂർണ്ണമായി കൊടുക്കാൻ കഴിയുമോ എന്നുമാത്രമല്ല ഡി.എ. കുടിശ്ശിക കൊടുക്കാൻ കഴിയുമോ ? ഒരു മാസമായാൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന പാരമ്പര്യമുള്ള എൻ.ജി.ഒ. യൂണിയൻ കേരളത്തിൽ മൂന്നു ഗഡു ഡി.എ. കുടിശ്ശികയായിട്ട് (ഒൻപത് ശതമാനം) ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 24 മാസം ആകുന്നു. അതുമാത്രമോ ജോലിക്ക് കയറിയ

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്ക് ഗുണ്ടാമർദ്ദനവും പോലീസ് മർദ്ദനവും പണിമുടക്കിയവർക്ക് പോലീസ് സംരക്ഷണവും ഗുണ്ടാസംരക്ഷണവും നൽകുന്ന ഒരു ഗവൺമെന്റല്ലേ ഈ ഗവൺമെന്റ്. സെക്രട്ടേറിയറ്റിന് അകത്തുവച്ച് മുഖ്യമന്ത്രിയുടെ മൂക്കിന് മുമ്പിൽ വച്ച് സിറ്റിപോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസുകാർപോയി പണിമുടക്ക് ദിവസം ജോലിക്ക് കയറിയ ജീവനക്കാരെ പട്ടിയെ തല്ലുംപോലെ തല്ലിയില്ലേ. അതുകൊണ്ട് സർക്കാർ ജീവനക്കാർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. തിരുവനന്തപുരത്ത് ബി.ജെ.പി. ആക്രമണം അഴിച്ചുവിട്ട് നൂറുക്കണക്കിന് വാഹനങ്ങളും ഇവിടത്തെ കടകമ്പോളങ്ങളും അടിച്ചുതകർത്തപ്പോൾ സെക്രട്ടേറിയറ്റ് ഗേറ്റിന്റെ നടയിൽ പോലീസുകാർ നോക്കുകുത്തിയായി നിന്നു. അവർ മൂന്നുമണിക്കൂർ നേരം തിരുവനന്തപുരം സിറ്റിയിൽ സംഹാരതാണ്ഡവമാടിയപ്പോൾ അന്ന് നോക്കി നിന്ന പോലീസ് ഇന്ന് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കയ്യിൽ ആയുധമുണ്ടോ, അവരുടെ കയ്യിൽ വേറെ കമ്പിയോ കഠാരയോ ഉണ്ടോ എന്നാണ് നോക്കുന്നത്. അവർ പണിമുടക്ക് ദിവസം ജോലിക്ക് കയറിയപ്പോൾ പട്ടിയെ തല്ലുന്നപോലെ തല്ലിയില്ലേ. അത് സർക്കാർ ജീവനക്കാർ മറന്നിട്ടില്ല. അതിന് അവർ പ്രതികാരം ചെയ്യാൻ കാത്തിരിക്കുകയാണ്. അവരുടെ ആവശ്യമാണ് ഈ മോചനയാത്ര. പെൻഷൻകൊണ്ടുമാത്രം ജീവിതം നടത്തുന്ന പെൻഷൻകാരുടെ മൂന്നു ഗഡു ഡി.എ. കുടിശ്ശികയായിട്ട് ഇരുപത്തിനാലുമാസം ആയില്ലേ. കഴിഞ്ഞ ബഡ്ജറ്റിലും ശ്രീ. ശിവദാസമേനോൻ പെൻഷൻകാരുടെ ഡി.എ. കുടിശ്ശിക ഉടൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. അടുത്ത ബഡ്ജറ്റ് 23-ാം തീയതി വരികയില്ലേ. ഡി.എ. കുടിശ്ശിക കൊടുത്തില്ല എന്നുമാത്രമല്ല. ആന്റണി പ്രഖ്യാപിച്ച ചികിത്സാപദ്ധതിക്കുവേണ്ടി ഒരു കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഇരുപത്തിയഞ്ചു ലക്ഷം രൂപ കൊടുത്തു. ഈ ഗവൺമെന്റ് വന്ന് ഈ ചികിത്സാപദ്ധതി നിർത്തലാക്കിയിട്ട് പറഞ്ഞു. ഞങ്ങൾ പുതിയ ചികിത്സാപദ്ധതി കൊണ്ടുവരുമെന്ന്, കഴിഞ്ഞ ബഡ്ജറ്റിൽ ശിവദാസമേനോൻ പ്രഖ്യാപിച്ചു. അന്ന് ഞാനെണീറ്റ് ചോദിച്ചു. ഇനി അടുത്ത മാർച്ചിലും ഈ പ്രഖ്യാപനം ആവർത്തിക്കുമോ എന്ന്. ഈ 23-ാം തീയതി ബഡ്ജറ്റ് വരാൻപോകുന്നു. പുതിയ ചികിത്സാപദ്ധതിയേർപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? ശ്രീ.എൻ.ആർ.ബാലൻ ജനക്ഷേമ പരിപാടികളെ കുറിച്ച് സംസാരിച്ചല്ലേ. പെൻഷൻപറ്റിയ ലക്ഷക്കണക്കിന് ആളുകൾക്ക് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച ചികിത്സാപദ്ധതി നിർത്തലാക്കിയിട്ട് പുതിയ ചികിത്സാപദ്ധതി കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കേരളത്തിലെ പെൻഷൻകാർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. അതിനുവേണ്ടിയാണ് ഈ മോചനയാത്ര. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെയില്ല. സൂര്യനെല്ലിയുടെ പേരിൽ എന്തൊരു രോഷപ്രകടമായിരുന്നു നടത്തിയത്. കേരളപ്പിറവിക്കുശേഷം, കേരളചരിത്രത്തിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥ മന്ത്രിയുടെ മുറിയിൽനിന്ന് പീഡനത്തിന്റെ പേരിൽ ഇറങ്ങി ഓടിയത് നായനാർ ഗവൺമെന്റിന്റെ കാലത്തല്ലാതെ മറ്റൊരു ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ? അതും നിങ്ങൾക്ക് ഭൂഷണമാണ്. നിങ്ങൾ തിരിച്ചുവരാൻ ഇറങ്ങി വോട്ടുപിടിക്കാൻ പോകുകയാണ് അല്ലേ, ആ ചരിത്രം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇവരുടെ കാലത്തല്ലേ ഉണ്ടായത്. സ്ത്രീകൾക്ക് ഇന്ന് ബസ്സിൽ സഞ്ചരിക്കാൻ പറ്റുമോ സാർ, ഇവിടിരിക്കുന്ന എന്റെ സഹോദരിമാർ ക്ഷമിക്കണം. സാരിയുടുത്തുകൊണ്ട് പോയാൽ ഒരു സ്പെയർ സാരിയും കൂടെ കൊണ്ടുപോകേണ്ട ഗതികേടല്ലേ ഇന്ന് കേരളത്തിലുള്ളത്, പുറത്തിറങ്ങിവന്നാൽ രണ്ടാമതൊരു സാരി മാറ്റിയുടുത്താലേ അവർക്ക് ബസ്സിൽനിന്ന് ഇറങ്ങി നടക്കാൻ പറ്റുകയുള്ളൂ. നാലേമുക്കാൽ വർഷത്തെ നായനാർ ഭരണത്തിന്റെ ആകെത്തുക, ഒരു സ്ത്രീ ബസ്സിൽ കയറിയാൽ തിരിച്ചിറങ്ങി അടുത്ത സാരിയും ഉടുത്തുകൊണ്ട് പോകണം. അല്ലേ. നിങ്ങളുടെ ഭരണനേട്ടമാണ്. നിങ്ങൾ സൂര്യനെല്ലിയുടെ പേരിൽ വോട്ടുപിടിച്ചവരാണ്. സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ജീവനക്കാരിയുടെ കഥയിലേക്കും വട്ടിയൂർക്കാവിലെ സുഹറ എന്ന ടീച്ചറെ മർദ്ദിച്ചിട്ട് പ്രതികളെ പിടിക്കാത്ത കാര്യത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുകൊണ്ട് കേരളത്തിലെ സ്ത്രീകൾ പറയുന്നു. ഞങ്ങൾക്ക് മാനമായിട്ട് ജീവിക്കണമെങ്കിൽ ഈ ഗവൺമെന്റ് പോകണമെന്ന്. ആ സ്ത്രീകളുടെ ആവശ്യമാണ് സാർ ഞങ്ങളുടെ ഈ മോചനയാത്ര. തൊഴിലാളിവർഗ്ഗം, നിങ്ങൾ ചുമട് എടുക്കുന്ന സി.ഐ.ടി.യു.ക്കാരോട് പോയി ചോദിക്കൂ. അവർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. എന്താ സർ, അവർക്ക് പണിയില്ല, ഗവൺമെന്റ് ട്രഷറിയിൽനിന്ന് പണം കൊടുക്കുന്നില്ല. ബിൽ മാറുന്നില്ല. കോൺട്രാക്ടർമാർക്ക് പണം കിട്ടുന്നില്ല. പണം കിട്ടിയാലല്ലേ കമ്പി വരൂ, സിമന്റ് വരൂ, അത് വന്നാലല്ലേ അവർക്ക് തൊഴിൽ കിട്ടൂ. അതുകൊണ്ട് ആ ചുമട്ടുതൊഴിലാളികൾ പറയുന്നു, ഈ ഗവൺമെന്റ് പോകണമെന്ന്. ആട്ടോറിക്ഷാ തൊഴിലാളികൾ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. ഇത് ശ്രീ. ആന്റണിയുടെ വ്യാമോഹമല്ല. ശ്രീ. കാർത്തികേയന്റെ വ്യാമോഹമല്ല, ശ്രീ. ആര്യാടന്റെ വ്യാമോഹമല്ല, സി.ഐ.ടി.യു. തൊഴിലാളികൾ പറയുന്നു, ഈ ഗവൺമെന്റ് പോകണമെന്ന്. ആട്ടോറിക്ഷാ തൊഴിലാളികൾ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. സർ, കെൽട്രോണിന്റെ നടയിൽ രാവും പകലും 700 തൊഴിലാളികൾ സത്യാഗ്രഹം കിടക്കുന്നു. എന്തിനുവേണ്ടി നിങ്ങൾ വി.ആർ.എസ്. പ്രഖ്യാപിച്ചു. വി.ആർ.എസ്. പ്രഖ്യാപിച്ചപ്പോൾ അവർക്ക് ശമ്പളമില്ല. അവർക്ക് ഇന്ന് ശമ്പളവും ഇല്ല. വി.ആർ.എസ്.ഉം ഇല്ല. നിങ്ങൾക്ക് കുടിശ്ശിക കൊടുക്കാൻ കഴിഞ്ഞോ ? വി.ആർ.എസ്. പ്രഖ്യാപിച്ച് പിരിഞ്ഞ തൊഴിലാളികൾക്ക് ഇന്ന് ശമ്പളമില്ല. വി.ആർ.എസ്.ഉം ഇല്ല. കെൽട്രോൺ എം.ഡി.യെ കാത്ത് കെൽട്രോണിന്റെ നടയിൽ രാവും പകലും കാത്തിരിക്കുകയാണ്. എം.ഡി. ഐ.എ.എസ്.കാരനാണ്. അജയകുമാരൻ അദ്ദേഹം സെക്രട്ടേറിയറ്റിൽ ഇരിക്കുന്നു. എം.ഡി.യെ അവർ രാവും പകലും കാത്തുകിടക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയിലെ അംഗമാണ്. ഞാനും അംഗമാണ്. സമിതി കേരളാ സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിൽ പോയി. റിട്ടയേർഡ് സെയിൽസ്ടാക്സ് ഓഫീസറാണ് അവിടത്തെ മാനേജിംഗ് ഡയറക്ടർ. പാരന്റ് ഡിപ്പാർട്ടുമെന്റ് ഏതെന്ന് എം.ഡി.യോട് ചോദിച്ചപ്പോൾ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽനിന്നും റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനാണെന്ന് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഒന്നരവർഷക്കാലം കേരളസ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡിന്റെ എം.ഡി. ആയിരുന്ന അദ്ദേഹത്തെ കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ അഡീഷണൽ ചാർജ്ജ് കൂടി കൊടുത്തിരിക്കുകയാണ്. കാരണം അദ്ദേഹം മാർക്സിസ്റ്റ് സഹായപ്രിയനായതുകൊണ്ട്. അങ്ങനെ മാർക്സിസ്റ്റ് സഹായപ്രിയരെ തിരുകിക്കയറ്റി കേരളത്തിലെ മുഴുവൻ പൊതുമേഖലാസ്ഥാപനങ്ങളെയും തകർത്തു. അതുകൊണ്ട് കമ്മ്യൂണിസ്റ്റുകാരായ തൊഴിലാളിവർഗ്ഗം പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. അതിനുവേണ്ടിയാണ് മോചനയാത്ര. ഞാൻ ഗവൺമെന്റിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് രണ്ട് വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർദ്ധിച്ചുവരികയാണെന്നും ചെലവ് നിയന്ത്രിക്കണമെന്നും സാമ്പത്തിക അച്ചടക്കം പാലിക്കണമെന്നും ആയതിലേയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കണമെന്നും ധനകാര്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സർക്കാരിനെ ഉപദേശിച്ചിരുന്നു. ജനകീയാസൂത്രണം നടപ്പാക്കുന്നതിലെ ആസൂത്രണമില്ലായ്മ ഖജനാവ് കാലിയാക്കുമെന്നും ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ചിരുന്നു. ശമ്പളം നൽകാനുള്ള പണം തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങൾക്ക് നൽകുകയും ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താതെ സർക്കാർതന്നെ ശമ്പളം നൽകുകയും ചെയ്തു. ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തി അതിനുവേണ്ട പണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൊടുത്തു. പക്ഷേ, ശമ്പളം കൊടുക്കേണ്ടിവന്നത് ഗവൺമെന്റ്. അത് ഖജനാവ് കാലിയാക്കി. ജനകീയാസൂത്രണ പരിപാടി പ്രകാരം പദ്ധതി വിഹിതത്തിൽ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. പക്ഷേ, കൈമാറി ചെലവഴിച്ച ഒന്നിനും ആഡിറ്റ് ഇല്ല. നാലേമുക്കാൽ വർഷമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത 3000 കോടി രൂപയ്ക്ക് ആഡിറ്റ് സംവിധാനമില്ല. ഈ സംസ്ഥാനത്തെ ആഡിറ്റ് സംവിധാനത്തെ തകർത്തുകൊണ്ട്, കോടിക്കണക്കിന് രൂപ എങ്ങോട്ട് പോയിയെന്ന് പരിശോധിക്കാൻ ഒരു സംവിധാനം ഈ സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ട് ഇപ്പോൾ പറയുകയാണ് അയൽക്കൂട്ടങ്ങൾ ഉണ്ടാക്കിയെന്ന്. അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി ഓരോ കുടുംബത്തിനും 10,000 രൂപാവീതം കൊടുക്കുകയാണ്. പിന്നെ എന്തിനാണ് ബ്രൈമൂറിൽ പട്ടിണികിടന്ന് തൊഴിലാളികൾ മരിച്ചത്? കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രമല്ലേ ബ്രൈമൂർ? ആ ബ്രൈമൂറിൽ ഒരു തൊഴിലാളി കുടുംബത്തിന് പട്ടിണി ഉണ്ടെങ്കിൽ അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി ഒരു പതിനായിരം രൂപ ആ കുടുംബത്തിന് കൊടുക്കാമായിരുന്നില്ലേ? നിങ്ങൾ കൊടുത്തോ ? പട്ടിണി കിടന്ന് തൊഴിലാളിവർഗ്ഗം മരിക്കുന്നു. ഇന്നത്തെ സാമ്പത്തിക സ്ഥിതി എവിടെചെന്ന് നിൽക്കുന്നു ? ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത് എന്താണ് ? ആഗോള ഉദാരവത്കരണ നയങ്ങളിൽ തെറ്റുപറ്റിയെന്ന് കോൺഗ്രസ്സ് സമ്മതിക്കുമ്പോൾ അവരെ പരിഹസിക്കരുത്. അവർക്ക് ഒരിക്കലല്ലേ തിരുത്തേണ്ടി വന്നുള്ളൂ. ഏറ്റവും അധികം തെറ്റുകൾ തിരുത്തേണ്ടിവന്നത് സി.പി.ഐ.(എം)നല്ലേ ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കംപ്യൂട്ടർവൽക്കരണത്തെ സംബന്ധിച്ച് എന്താണ് പറഞ്ഞത് ? 'കംപ്യൂട്ടർ വന്നപ്പോൾ നമ്മൾ എന്തെല്ലാം സമരങ്ങളാണ് നടത്തിയത് ; തൊഴിലവസരങ്ങൾ പോകുമെന്ന് പറഞ്ഞ് ഞാനും സമരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു ; എന്നിട്ടിപ്പോൾ എന്റെ മേശപ്പുറത്തിരിക്കുന്ന കംപ്യൂട്ടർ വച്ചാണ് കാര്യങ്ങൾ നടത്തുന്നത്.' പലരുടെയും മേശപ്പുറത്തിരിക്കുന്ന കംപ്യൂട്ടറിന്റെ പൊടിപോലും തുടച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. എങ്കിലും ഗമയ്ക്കുവേണ്ടി മുന്നിൽ വച്ചിട്ടുണ്ട്. പക്ഷേ, ധനകാര്യവകുപ്പുമന്ത്രി പറയുന്നു തെറ്റുകൾ തിരുത്തേണ്ടിവന്നുവെന്ന്. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ എന്നിവ കൊടുത്തിട്ട് എത്ര മാസങ്ങളായി എന്ന് നിങ്ങൾ അന്വേഷിച്ചോ ? കേരളത്തിൽ തൊഴിലില്ലായ്മ വേതനം കൊടുത്തിട്ട് എത്ര മാസങ്ങളായി എന്ന് നിങ്ങൾ അന്വേഷിച്ചോ ? അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവ കിട്ടേണ്ടവർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. കോൺട്രാക്ടർമാർക്ക് 1000 കോടി രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. കണ്ണൂരിൽ ഒരു കോൺട്രാക്ടർ കടക്കെണിയിൽനിന്ന് രക്ഷപ്പെടാൻ കഴിയാതെ ആത്മഹത്യചെയ്തില്ലേ ? കോൺട്രാക്ടർമാരെല്ലാം സമ്പന്നൻമാരല്ല. എല്ലാപേരും മണിച്ചനല്ല, യമഹ സുരേന്ദ്രനല്ല. 18 ശതമാനം പലിശയ്ക്ക് കടമെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവരാണ്. അവർക്ക് 1000 കോടി രൂപയുടെ കുടിശ്ശികയുണ്ട്. അവർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. നിങ്ങൾ പറയുന്നു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയെന്ന്. ബഹുമാനപ്പെട്ട രാഷ്ട്രപതി കെ. ആർ. നാരായണനെക്കൊണ്ടുവന്ന് തണൽ ഭവന നിർമ്മാണ പദ്ധതിയിൽ ബലിയാടാക്കാൻ നോക്കി. ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണപ്രഖ്യാപനം നടത്താൻ രാഷ്ട്രപതിയെ ക്ഷണിച്ചു. അദ്ദേഹത്തിന് ഇന്റലിജൻസ് റിപ്പോർട്ട് പോയി. അദ്ദേഹം വന്നില്ല. പലയിടത്തും വീടുകൾ പൊളിച്ചിട്ട് കൂരകെട്ടാൻ നിവൃത്തിയില്ലാതെ ചെക്കുമായി ട്രഷറിയുടെ മുന്നിൽപോയി ആളുകൾ ക്യൂ നിൽക്കുകയാണ്. വീടുകൾ പൊളിച്ചിട്ട് ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും ചെയ്തവർക്ക് ചെക്ക് കിട്ടി. പക്ഷേ, ചെക്ക് മാറുന്നില്ല. എത്ര മാസമായി ട്രഷറിയുടെ മുമ്പിൽ പോയി ക്യൂ നിൽക്കുന്നു. അവർക്ക് കാശ് കൊടുക്കാൻ കഴിഞ്ഞോ നിങ്ങൾക്ക് ? നിങ്ങൾ രാഷ്ട്രപതിയെക്കൊണ്ട് പ്രഖ്യാപിച്ച തണൽ ഭവന നിർമ്മാണ പദ്ധതി പൂർത്തിയായോ ? ഒരു നിയമസഭാ സമിതിയെക്കൊണ്ട് പരിശോധിക്കാമോ ? ഞങ്ങളുടെ കൂര നഷ്ടപ്പെടുത്തിയ ഗവൺമെന്റാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് പോകണമെന്ന് അവർ പറയുന്നു. ജനകീയാസൂത്രണത്തെ സംബന്ധിച്ച് നിങ്ങൾ കൊട്ടിഘോഷിച്ച് പറയുകയല്ലേ. മാർക്സിസ്റ്റുകാരായ പഞ്ചായത്ത് പ്രസിഡന്റുമാരും ബെനിഫിഷ്യറി കമ്മിറ്റി ചെയർമാൻമാരും കൺവീനർമാരും കഴിഞ്ഞ മൂന്നുമാസമായി അവർക്ക് കൊടുത്ത വണ്ടിച്ചെക്കുമായി നടക്കുകയല്ലേ? ട്രഷറിയിൽനിന്ന് കാശ് മാറുന്നുണ്ടോ ? ട്രഷറിയിൽനിന്നും ചെക്ക് മാറാനായി പഞ്ചായത്ത് പ്രസിഡന്റുമാർ നടക്കുന്നു. മാറിക്കിട്ടുന്നില്ല. ഇത്രയും കടക്കെണിയിൽ കേരളം നിൽക്കുമ്പോൾ 308 കോടി രൂപ അബ്കാരി കുടിശ്ശിക എഴുതി തള്ളി***.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം നീക്കം ചെയ്തു. (ഫ:നം: 413/EB/2000/Leg..dt.27-2-2001

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട വിജയകുമാർ വ്യാജപ്രസ്താവനയാണ് നടത്തിയത്. അബ്കാരി കോൺട്രാക്ടർമാരുടെ കുടിശ്ശികയിൽ ഒരു രൂപപോലും എഴുതിത്തള്ളിയിട്ടില്ല. ഇളവും ചെയ്തിട്ടില്ല. ഇങ്ങനെയൊക്കെ പറയുന്നത് കഷ്ടമാണ്. അതൊക്കെ എന്റെ പ്രസംഗത്തിൽ പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : അബ്കാരി കോൺട്രാക്ടർമാർക്ക് പലിശയിനത്തിൽ 75 ശതമാനം എഴുതിത്തള്ളാനുള്ള ഈ ഗവൺമെന്റിന്റെ ഉത്തരവ് ഞാൻ നാളെ സഭയിൽ ഹാജരാക്കാം.

ശ്രീ. ടി. ശിവദാസമേനോൻ : അത് 1975 തൊട്ടുള്ള 200 കോടി രൂപയുടെ കിട്ടാക്കുറ്റിയാണ്. അമിനിറ്റീസ് സ്കീം കൊണ്ടുവന്നിട്ടുപോലും ആറു കോടി രൂപയാണ് കിട്ടിയത്. അത് മനസ്സിലാക്കണം. കർണ്ണാടകയിലുള്ള അമിനിറ്റീസ് സ്കീം തന്നെയാണിത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അബ്കാരി കോൺട്രാക്ടർമാർക്ക് പലിശയിനത്തിൽ 75 ശതമാനം എഴുതിത്തള്ളാനുള്ള ജി.ഒ. ഞാൻ നാളെ ഹാജരാക്കാം.

ശ്രീ. സി. പി. ബാലൻവൈദ്യർ : അബ്കാരി കോൺട്രാക്ടർമാർക്ക് പലിശയിനത്തിൽ എഴുതിത്തള്ളിയെന്നും*** ബഹുമാനപ്പെട്ട ബി. വിജയകുമാർ പറഞ്ഞത് അടിസ്ഥാനരഹിതമാണ്. അത് രേഖയിൽനിന്നും നീക്കം ചെയ്യണം***.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ സംസ്കാരം മാറ്റണം. 1,20,000 പൗണ്ട് നിങ്ങൾ വാങ്ങിയതാണ് നേരത്തെ ഇവിടെ ഉദ്ധരിച്ചത്. അങ്ങനെയാണ് ഈ പാർട്ടി ഉണ്ടാക്കിയത്. അറിയാമോ; അപ്പോൾ എന്താണ് മിണ്ടാത്തത്?

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. വിജയകുമാറിനെ കുറിച്ചു പറഞ്ഞു. ശ്രീ. ബി. വിജയകുമാർ മണിച്ചനിൽ നിന്നും പണം വാങ്ങിയെന്നു പറഞ്ഞത് എന്തിനാണ്. അത് മാത്രമാണോ.....

ശ്രീ. പി. രാഘവൻ : മണിച്ചൻ ആരാണ് ?

ശ്രീ. ജി. കാർത്തികേയൻ : മണിച്ചൻ ആരാണെന്ന് നമുക്ക് ചർച്ച ചെയ്യാം. കേരളത്തിലെ ജനങ്ങൾ അറിയും മണിച്ചൻ ആരാണ്, ആരുമായിട്ടാണ് ബന്ധമെന്ന്. അങ്ങനെ ശ്രീ. പി. രാഘവൻ പറയണ്ട. മണിച്ചൻ എന്ന് പറയുന്ന ആൾ കോടികൾ ഉണ്ടാക്കിക്കൊണ്ട് ജില്ലയിൽ മദിക്കുന്ന ഒരു മദ്യമാഫിയ സംഘത്തലവന്റെ പേരുമായിട്ട് ബന്ധപ്പെടുത്തിക്കൊണ്ട്*** ശ്രീ. സി. പി. ബാലൻവൈദ്യർ പറഞ്ഞു. ഒന്നുകിൽ ആ പരാമർശം പിൻവലിക്കണം അല്ലെങ്കിൽ അങ്ങയുടെ റൂളിംഗ് അക്കാര്യത്തിൽ വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ : രണ്ട് പോയിന്റ് ഓഫ് ഓർഡറും പരിശോധിച്ച് നടപടി സ്വീകരിക്കാം.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം നീക്കം ചെയ്തു. (ഫ:നം: 413/EB/2000/Leg..dt.27-2-2001

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : സർ, മണിച്ചനെക്കുറിച്ച് തിരുവനന്തപുരത്തുകാർക്ക് അറിയാം. ഏത് രാഷ്ട്രീയ പാർട്ടികൾക്കാണ് ബന്ധമുള്ളതെന്ന് അറിയാം. ഏത് എം.എൽ.എ.യാണ് മണിച്ചനെ 'മാമൻ' എന്ന് വിളിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. ഈ ഗവൺമെന്റ് കേരളത്തിലെ സഹകരണസംഘങ്ങളിൽ നിന്നും 716 കോടി രൂപ കടമെടുത്തു. അതുപോലെതന്നെ വികസന ഫണ്ട് ഉണ്ടാക്കി. 507 കോടി രൂപ ഈ ഗവൺമെന്റ് ഉണ്ടാക്കി. എന്നിട്ട് ആ പണം മുഴുവൻ എവിടെ പോയി? ഇലക്ട്രിസിറ്റി ബോർഡ് 1851 കോടി രൂപയാണ് സർക്കാറിന് കൊടുക്കാനുള്ളത്. വൈദ്യുതി ബോർഡ് പ്രതിസന്ധിയിലാണ്. എന്നിട്ട് ഇന്ന് വൈദ്യുതി ബോർഡിന്റെ 20 കോടി രൂപ വച്ച് ട്രഷറിയിൽ അടക്കാൻ നിർദ്ദേശം. അപ്പോൾ രണ്ടായിരത്തിൽപ്പരം കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന്റെ തുക ഗവൺമെന്റ് ട്രഷറിയിൽ. ഇതെല്ലാം പറയുമ്പോൾ എന്താണ് പറയുന്നത്, സർക്കാർ കടക്കെണിയിലെന്ന് ശ്രീ. പിണറായി വിജയന്റെ കുറ്റസമ്മതം. കോഴിക്കോട് ശ്രീ. പിണറായി വിജയൻ പ്രസംഗിച്ചതാണ്. ഇടതുമുന്നണി ഗവൺമെന്റിന്റെ ഭരണം 5 വർഷം പിന്നിടുമ്പോൾ സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ആരുടെ പ്രസംഗം ശ്രീ. പിണറായി വിജയന്റെ പ്രസംഗം. ഗുജറാത്തിൽ ഭൂകമ്പമുണ്ടായി. ഒരു ചെറിയ ഉദാഹരണം ഈ ഗവൺമെന്റിന്റെ പിടിപ്പുകേടിനെ സംബന്ധിച്ച് പറയാം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കേൾക്കണം. ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ഇവിടെ നിന്നും 5 ഉദ്യോഗസ്ഥൻമാരെ ഗുജറാത്തിലേയ്ക്ക് അയച്ചില്ലേ ? അവർ ഗുജറാത്തിൽ പോയപ്പോൾ അവരുടെ കൈയിൽ ചെലവിന് വേണ്ടി 5 പൈസ ഈ ഗവൺമെന്റ് കൊടുത്തയച്ചില്ല. എന്താ കാരണം ? ട്രഷറിയിൽ പണമില്ലായിരുന്നു. ധനകാര്യവകുപ്പുമന്ത്രി കേൾക്കണം. അദ്ദേഹമല്ല കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അതുകൊണ്ട് അദ്ദേഹം കേൾക്കണമെന്നില്ല. എന്നിട്ട് എന്ത് ചെയ്തു, പിറ്റേദിവസം 50,000 രൂപ അവരുടെ കൈയിൽ കൊടുക്കാനായിട്ട് ഒരു ഉദ്യോഗസ്ഥനെ ഫ്ളൈറ്റിൽ അയച്ചു. ഇല്ലേ ? ഈ ഗവൺമെന്റ് സാമ്പത്തിക കടക്കെണിയിൽ നിൽക്കുമ്പോൾ നിങ്ങളുടെ നയം അതല്ലേ? നിങ്ങളുടെ പിടിപ്പുകേടല്ലേ? പിടിപ്പുകേടുള്ള ഒരു ഗവൺമെന്റ് അല്ലേ ഈ ഗവൺമെന്റ്. പോലീസിന്റെ സ്ഥിതി എന്താണ് ? കണ്ണൂരിൽ നിങ്ങളും ബി.ജെ.പി.കാരും തമ്മിൽ പരസ്പരം മത്സരിച്ച് ബോംബാക്രമണം നടത്തിയപ്പോൾ പോലീസ് എന്താണ് ചെയ്തത്. അക്രമികളെ കണ്ട് തോക്ക് ഏന്തിയ, ലാത്തി ഏന്തിയ പോലീസുകാർ ഓടി. നാദാപുരത്ത് സംഭവമുണ്ടായപ്പോൾ 9-ാം തീയതി മുഖ്യമന്ത്രി നാദാപുരത്ത് വച്ച് പത്രക്കാരോട് പറഞ്ഞത് എന്താണെന്ന് അറിയാമോ ? പോലീസ് അനങ്ങാതിരുന്നത് പരാതി ഒഴിവാക്കാനാണെന്ന് നാദാപുരത്ത് ആരാണ് പ്രശ്നം ഉണ്ടാക്കിയതെന്നല്ല. നിങ്ങളുടെ കൈയിലല്ലേ അധികാരം, നിങ്ങളുടെ കൈയിലല്ലേ പോലീസ്. നാദാപുരത്ത് അക്രമസംഭവം തുടങ്ങിയപ്പോൾ തന്നെ ശക്തമായ പോലീസ് സംവിധാനമുപയോഗിച്ചുകൊണ്ട് അത് അമർച്ച ചെയ്യേണ്ടതായിരുന്നു. ഐ.യു.എം.എൽ.ന്റെ കൈയിൽ പോലീസ് ഉണ്ടോ? അധികാരം ഉണ്ടോ ? നിങ്ങളുടെ കൈയിലല്ലേ പോലീസും അധികാരവും. നാദാപുരത്ത് അക്രമസംഭവങ്ങൾ ഉണ്ടായപ്പോൾ തുടക്കത്തിൽ തന്നെ പോലീസിനെ അയച്ച് നിങ്ങൾ അത് അമർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നുവെങ്കിൽ അക്രമം പടരുമായിരുന്നോ ? നിങ്ങൾക്ക് ഇന്ന് തർക്കിക്കേണ്ടിവരുമായിരുന്നില്ല. എന്താണ് മുഖ്യമന്ത്രി പറഞ്ഞത് പോലീസ് അനങ്ങാതിരുന്നത് പരാതി ഒഴിവാക്കാനാണെന്നാണ്. സെക്രട്ടറിയേറ്റിലെ പാവപ്പെട്ട ജീവനക്കാരെ തല്ലിച്ചതയ്ക്കാൻ നിർദ്ദേശം കൊടുത്ത ഈ ഗവൺമെന്റ് നാദാപുരത്ത് മുസ്ലീം സ്ത്രീകളെ അടക്കം കൊലപ്പെടുത്തിയപ്പോൾ, അപമാനപ്പെടുത്തിയപ്പോൾ, ബലാൽസംഗം ചെയ്തപ്പോൾ നിങ്ങളുടെ പോലീസ് അനങ്ങാതിരുന്നത് പരാതി ഒഴിവാക്കാനാണെന്ന് കേരളത്തിലെ മുഖ്യമന്ത്രി പത്രക്കാരോട് പറഞ്ഞിരിക്കുന്നു. നിങ്ങളുടെ പോലീസിന്റെ സ്ഥിതി അതല്ലേ ? ഞാൻ ഒന്നു ചോദിക്കട്ടെ ഇന്ന് പോലീസ് കണ്ണൂരിൽ എന്താണ് ചെയ്തിരിക്കുന്നത്.

2 P.M.] കേരളത്തിന്റെ ചരിത്രത്തിൽ പോലീസിന് ആദ്യമായി ഗ്രനേഡ് കൊടുത്തിരിക്കുന്നു. അത് ഈ ഗവൺമെന്റിന്റെ കാലത്തല്ലേ ? ആരാണ് ഗ്രനേഡ് ഉപയോഗിക്കുന്നത് ? കാശ്മീരിലെ തീവ്രവാദികൾ പട്ടാളത്തിനെതിരായും പട്ടാളം തീവ്രവാദികൾക്ക്എതിരായുമാണ് ഗ്രനേഡ് ഉപയോഗിക്കുന്നത്. നിങ്ങൾ കണ്ണൂരും കാസർഗോഡും പോലീസിന് പ്രാണരക്ഷാർത്ഥം ഉപയോഗിക്കാൻ വേണ്ടി കൊടുത്തിരിക്കുന്നത് ഗ്രനേഡാണ്. ആ പോലീസുകാർ പറയുന്നത് ഞങ്ങളുടെ ജീവന് രക്ഷയില്ല. ഞങ്ങൾക്ക് ഗ്രനേഡ് തന്നിട്ട് രക്ഷയില്ല. ഞങ്ങൾക്ക് തോക്കും കൊണ്ട് ഓടേണ്ടി വരുന്നു. കാരണം ഞങ്ങൾക്ക് കർശനമായ നിർദ്ദേശം കിട്ടിയിരിക്കുന്നത് നിങ്ങൾ തോക്കും വച്ചുകൊണ്ട് ചുമ്മാ നിന്നോ എന്നാണ്. ഞങ്ങൾക്ക് കുടുംബവും പിള്ളേരും ഉണ്ട്. അതുകൊണ്ട് പോലീസ് പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. കണ്ണൂർ സെൻട്രൽ ജയിലിലും തിരുവനന്തപുരം സെൻട്രൽ ജയിലിലും നിങ്ങൾ ബ്രാഞ്ച് കമ്മിറ്റി ഉണ്ടാക്കിക്കൊണ്ട് ജയിൽ ജീവനക്കാരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. ജയിലിൽ മാർക്സിസ്റ്റുകാർ ലീഗുകാരെ ആക്രമിക്കുന്നു. കൊല്ലുന്നു. ജയിൽ ജീവനക്കാർക്കും തടവു പുള്ളികൾക്കും രക്ഷയില്ല. അവർ പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. പിന്നെ ആർക്കാണ് സർ ഈ ഗവൺമെന്റ് വേണ്ടത്. ഈ ഗവൺമെന്റ് ആവശ്യമായിട്ടുള്ളത് മണിച്ചനും താത്തായ്ക്കും അതുപോലെയുള്ള ആളുകൾക്കുമാണ്. നിങ്ങളുടെ നയം മാറിയിരിക്കുന്നു. സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ എന്നു മുദ്രവാക്യം വിളിച്ച നിങ്ങൾ മുതലാളിമാരെ വർഗ്ഗശത്രുക്കളായും തൊഴിലാളികളെ വർഗ്ഗമിത്രങ്ങളായും നിങ്ങൾ കണ്ടിരുന്നവരാണ്. ഞങ്ങളെ കുറിച്ച് നിങ്ങൾ പറഞ്ഞിരുന്നത് ഞങ്ങൾ ടാറ്റായുടേയും ഗോയങ്കയുടേയും ബിർളയുടേയും പാർട്ടിയാണെന്നാണ്. ഇന്ന് നിങ്ങളിൽ വന്നിരിക്കുന്ന മാറ്റം എന്താണ് ? നിങ്ങൾക്ക് ഇന്ന് സി.ഐ.റ്റി.യു. വേണ്ട, സി.ഐ.റ്റി.യു. സ്വതന്ത്ര സംഘടനയാണെന്ന് പറഞ്ഞിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് പറയുന്നു സി.ഐ.റ്റി.യു. പാർട്ടിയുടെ കീഴിലാണെന്ന് നിങ്ങൾ തൊഴിലാളി വർഗ്ഗത്തെ സ്വതന്ത്ര സംഘടനയായി അംഗീകരിക്കുന്നില്ല. നിങ്ങൾ തൊഴിലാളി വർഗ്ഗത്തെ തകർക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്ക് ഇന്ന് പ്രിയങ്കരമായിട്ടുള്ളത് കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവ്‌ലിനാണ്. അവരാണ് ഇന്ന് നിങ്ങളുടെ വർഗ്ഗമിത്രം. നിങ്ങളുടെ വർഗ്ഗമിത്രം ശ്രീ. മണിച്ചനും യമഹാ സുരേന്ദ്രനുമാണ്. എവിടെപോയി കേസ്. ശ്രീ. സിബി മാത്യു നല്കിയ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ രാഷ്ട്രീയക്കാരും അബ്കാരികളും പ്രതികളായി നിൽക്കുന്നു. നിങ്ങൾ രാഷ്ട്രീയക്കാരെക്കുറിച്ച് അന്വേഷിക്കണമെന്ന് പ്രതിപക്ഷ നേതാവ് ഈ സഭയിൽ പറഞ്ഞല്ലോ. മണിച്ചന് രാഷ്ട്രീയക്കാരുമായിട്ടുള്ള ബന്ധം അന്വേഷിക്കണമെന്ന് പറഞ്ഞു. നിങ്ങൾ ടേംസ് ഓഫ് റഫറൻസിൽ അത് ഉൾപ്പെടുത്തിയില്ല. കാരണമെന്താണ് ? നിങ്ങളുടെ ദേഹത്ത് ചെളി വീഴും. നിങ്ങളുടെ വർഗ്ഗമിത്രം യമഹാ സുരേന്ദ്രൻ, മണിച്ചൻ, താത്ത പോലുള്ള കേരളത്തിലെ 100 കണക്കിന് അബ്കാരി കോൺട്രാക്ടർമാരാണ്. നിങ്ങൾ സിബി മാത്യൂവിന്റെ കേസന്വേഷണത്തെ കല്ലുവാതുക്കലെ അബ്കാരി കേസ് മാത്രമായിട്ട് ഒതുക്കിയില്ലേ ? നിങ്ങൾ പറഞ്ഞു കേരളം മുഴുവൻ അന്വേഷിക്കാമെന്ന്. അതിന് നിങ്ങൾ ആരെ ചുമതലപ്പെടുത്തി? രാജൻ മഗേക്കറെയാണ് ചുമതലപ്പെടുത്തിയത്. ആരുടെ ഉപദേശപ്രകാരമാണ് അങ്ങനെ ചെയ്തത്. കേരളത്തിലെ ഇന്റലിജൻസ് ഐ.ജി. നിങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഇന്റലിജൻസ് ഐ.ജി.യുടെ നിർദ്ദേശപ്രകാരമാണ് നിങ്ങൾ രാജൻ മഥേക്കറെ ചുമതലപ്പെടുത്തി സിബി മാത്യൂവിനെ മാറ്റിയത്. കേരളത്തിൽ കല്ലുവാതുക്കലും കൊട്ടാരക്കരയിലും അല്ലാതെ നിങ്ങൾ അന്വേഷണം വ്യാപിപ്പിച്ചോ ? കേരളത്തിൽ മുഴുവൻ വ്യാജ ചാരായം ഒഴുക്കിയത് നിങ്ങൾ നോക്കിയോ ? നോക്കിയില്ല കാരണം അവരാണ് നിങ്ങളുടെ ഇന്നത്തെ വർഗ്ഗമിത്രം. അവരുണ്ടെങ്കിലേ നിങ്ങൾക്ക് കണ്ണൂരിൽ 100 കോടി രൂപയുടെ അമ്യൂസ്മെന്റ് പാർക്ക് ഉണ്ടാക്കാൻ കഴിയൂ. നിങ്ങൾ സൊസൈറ്റി ഉണ്ടാക്കി. നിങ്ങൾ കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് ചുമട്ടുതൊഴിലാളികളെ സംഘടിപ്പിച്ച് പാവപ്പെട്ടവന്റെ പേരിൽ വോട്ട് പിടിച്ച് കാലാകാലങ്ങളിൽ അധികാരത്തിൽ വന്നവർ അവരാണ് നിങ്ങളുടെ വർഗ്ഗമിത്രമെങ്കിൽ ഇന്ന് നിങ്ങൾ സമ്പന്നവർഗ്ഗത്തെ വർഗ്ഗമിത്രങ്ങളാക്കി മാറ്റിക്കൊണ്ട്, നിങ്ങളുടെ പ്രവർത്തനം എന്താണ്? നിങ്ങളിന്ന് കർഷക കുടുംബങ്ങളിൽ പോകുന്നില്ല, സി.ഐ.റ്റി.യു. തൊഴിലാളികളുടെ വീട്ടിൽ പോകുന്നില്ല. ഇന്ന് നിങ്ങൾ പോകുന്നത് 100 കോടി രൂപയുടെ അമ്യൂസ്മെന്റ് പാർക്ക് എങ്ങനെയുണ്ടാക്കാമെന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിന് വേണ്ടിയല്ലേ ? സർ, ശിവഗിരിയിൽ സന്യാസിമാർ തമ്മിൽ തർക്കമുണ്ടായി. നിങ്ങൾ എന്തുചെയ്തു ? ഒരു എക്സിക്യൂട്ടീവ് ഓർഡർ വഴി ഭരണം ഏറ്റെടുത്തു. ശരിയാണ്. സന്യാസിമാർ തമ്മിൽ തർക്കമുണ്ടായി. ശ്രീ. എം. വി. രാഘവന്റെ പാമ്പുവളർത്തൽ കേന്ദ്രം അനധികൃതമാണെങ്കിൽ ഒരു ഓർഡിനൻസ് വഴി ആ പാമ്പു വളർത്തൽ കേന്ദ്രം നിങ്ങൾ ഏറ്റെടുത്ത് മ്യൂസിയം ആന്റ് സൂ ഡിപ്പാർട്ടുമെന്റിനേയോ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനേയോ ഏൽപ്പിച്ചിരുന്നെങ്കിൽ നിങ്ങളുടെ തലയിൽ ഒരു തൂവൽ കൂടിയാകുമായിരുന്നു. നിങ്ങൾ എന്താ ചെയ്തത് ? ലോകത്ത് കമ്മ്യൂണിസ്റ്റുകാർക്കല്ലാതെ വേറെ ആർക്കെങ്കിലും അങ്ങനെ ചെയ്യാൻ പറ്റുമോ? നിങ്ങൾ ചീങ്കണ്ണിയെ, മുതലയെ, പാമ്പിനെ ഇവയെയൊക്കെ ചാക്കിൽ കെട്ടിയിില്ലേ ? എത്ര എണ്ണമാ ചത്തത് ? നമ്മുടെ വർഗ്ഗമിത്രം പാമ്പുകൾക്ക് മാളമുണ്ടെന്ന് നിങ്ങൾ ഒരു കാലത്ത് മുദ്രാവാക്യം വിളിച്ചിരുന്നവർ അയ്യോ ആ മാളത്തിൽപ്പോലും പാമ്പുകളെ കഴിയാൻ അനുവദിക്കാതെ അവയെ ചാക്കിൽക്കെട്ടിയില്ലേ കൊന്നത്. ഇന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കല്ലാതെ മറ്റാർക്കും കേരളത്തിൽ ഇത് സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ ജീവികൾപോലും പറയുന്നു ഈ ഗവൺമെന്റ് പോകണമെന്ന്. പിന്നെ ആർക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് അങ്ങനെ കേരളത്തിലെ സമസ്ത മേഖലകളിലുമുള്ള എല്ലാ വിഭാഗം ആളുകളുടെയും വികാരം മാനിച്ചുകൊണ്ടാണ് സർ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ മോചനയാത്ര കേരളത്തിൽ സംഘടിപ്പിച്ചിരിക്കുന്നത്. ഒരു ബാലറ്റിയുടെ അല്ലാതെ ഈ ഗവൺമെന്റിനെ താഴെയിറക്കാൻ ഞങ്ങൾക്ക് കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലമായി പരിപാടി ഉണ്ടായിരുന്നില്ല. അങ്ങനെയുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾക്ക് പലതും ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ, ഒരു ബാലറ്റിലൂടെ ഈ ജനവികാരം മാനിച്ചുകൊണ്ട് നിങ്ങളെ പുറത്താക്കും. അതിന് കേരളത്തിലെ ഞാൻ പറഞ്ഞ സമസ്ത മേഖല കളിലുമുള്ള ജനങ്ങൾ തയ്യാറായിരിക്കുകയാണ്. നിങ്ങളെ പുറത്താക്കാതെ കേരളത്തെ സാമ്പത്തിക കടക്കെണിയിൽനിന്ന് സാംസ്കാരിക അധഃപതനത്തിൽ നിന്ന് മോചിപ്പിക്കുവാൻ സാധിക്കുകയില്ല. ആ ജനവികാരം ഞങ്ങൾ മാനിക്കുന്നു. ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. വിശ്വൻ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇവിടെ ശ്രീ. ബി. വിജയകുമാർ അവസാനം പറഞ്ഞ കാര്യത്തിന് അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് "നാഷണൽ ജിയോഗ്രാഫിക് ചാനൽ" എന്നു പറയുന്ന ചാനൽ നിങ്ങൾ കാണണമെന്നാണ്. അത് കാണുന്നത് നല്ലതാണ്. അതിലൊക്കെ ഈ മുതലകളെ പിടിച്ചുകെട്ടുന്നത് ഒക്കത്തുവെച്ച് മുലപ്പാൽകൊടുത്തൊന്നുമല്ല. അല്ലെങ്കിൽ വന്യമൃഗങ്ങളെ പിടിക്കുന്നത് അവയ്ക്ക് മുലപ്പാൽ കൊടുത്തൊന്നുമല്ല. ശ്രീ. വിജയകുമാർ അവസാനം പറയുന്നത് കേട്ടാൽ തോന്നും അവയെ ഒക്കത്ത് വച്ചുകെട്ടി വാമോനേ മുതലേ ഒക്കത്ത് ഇരുന്നോ എന്നൊക്കെ പറഞ്ഞിട്ടാണ് കെട്ടുക എന്ന്. ഒന്നുരണ്ടു തവണ അത് കാണണം. അത് കാണുന്നത് നല്ലതാണ്. ഇതിനെയെല്ലാം എങ്ങനെ പിടിക്കുമെന്നെങ്കിലും മനസ്സിലാക്കുമല്ലോ. സാർ, ഗവർണ്ണറുടെ നയപ്രഖ്യാപനം കേരളത്തിന്റെ യഥാർത്ഥ ചിത്രം വരച്ചുകാണിക്കുന്നതായിരുന്നു. ഞാൻ ഇവിടെ ബഹുമാനപ്പെട്ട തങ്കച്ചൻ മുതൽ നമ്മുടെ ശ്രീ. വിജയകുമാർ വരെ പ്രസംഗത്തെ എതിർത്തും അനുകൂലിച്ചും പ്രസംഗിച്ച കാര്യങ്ങൾ കേട്ടു. എനിയ്ക്കിവിടെ പറയാനുള്ളവ വളരെ കാര്യഗൗരവമുള്ളതാണ്. നമ്മുടെ രാജ്യത്തെ നോക്കിക്കാണുന്ന കാര്യത്തിൽ കോൺഗ്രസ് പുറകോട്ട് പോയിരിക്കുന്നു. ഇൻഡ്യ എന്ന കാഴ്ചപ്പാടിൽനിന്നും പുറകോട്ട് പോയിരിക്കുന്നു. ദുഷ്ടരാഷ്ട്രീയ ലാഭത്തിനുവേണ്ടി ഈ മഹത്തായ രാജ്യത്തെ തകർക്കാൻ എന്തും ചെയ്യാൻ തയ്യാറാകുന്ന ഒരു കൂട്ടമായി ഇന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് താണുകൊണ്ടിരിക്കുകയാണ്. ഞാൻ ഇതു പറയാൻ കാരണം കേരള ജനത ഇടതുപക്ഷ മുന്നണി സർക്കാരിന്റെ പിന്നിൽ സംഘം ചേർന്നുകൊണ്ടിരിക്കുന്ന ചിത്രമാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. അതിനേറ്റവും വലിയ തെളിവ് ഈ അഞ്ചു കൊല്ലക്കാലം കേരളത്തിലെ ആറു നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി വമ്പിച്ച വിജയം നേടിയെടുത്തു. കോൺഗ്രസ് ഐ-യുടെ ശക്തിദുർഗ്ഗം എന്നു പറയുന്ന എറണാകുളത്തുവരെ വലിയ ഭൂരിപക്ഷത്തോടെ ജയിച്ചു. പ്ലസ് ടുവിന്റെ പേരിലും അതുപോലെ മിണ്ടാപ്രാണികളുടെ പേരിലും അരവണപ്പായസത്തിൽ എലിവാൽ വീണു എന്നുമൊക്കെപ്പറഞ്ഞ് വ്യാപകമായ

LIBRARY ARCHIVES Kerala Legislative Assembly

നുണപ്രചരണങ്ങൾ അഴിച്ചുവിട്ടിട്ടുപോലും ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മേൽ ഇല്ലാതാക്കാൻ യു.ഡി.എഫിന് കഴിഞ്ഞില്ല. അവർ ആത്മാർത്ഥമായി പറയട്ടേ! ഒരിക്കലും അവർക്ക് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മുന്നേറ്റത്തെ തടയാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടുതന്നെയായാലും ആ അഞ്ചുകൊല്ലക്കാലത്തെ ഭരണം, ആ ഭരണത്തിലെ സമീപനം ഓരോ കേരളീയന്റേയും ഭൗതിക വളർച്ചയെ ഉറപ്പുവരുത്താൻ ഉതകുന്ന രൂപത്തിൽ കേരളത്തെ മാറ്റിയെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു. ഇത് കണ്ടില്ലെന്ന് നടിക്കുന്നത് യഥാർത്ഥത്തിൽ രാജ്യദ്രോഹപരമായ ചിന്തയായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയണ്. നമ്മുടെ രാജ്യം നേരിടുന്ന സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പ്രതിസന്ധികൾക്ക് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് യാതൊരുൽക്കണ്ഠയുമില്ല. ഇന്ത്യയിലെ ആറോ ഏഴോ സ്റ്റേറ്റുകളിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ജീവനക്കാർക്ക് ശമ്പളം പോലും കൊടുക്കാൻ കഴിയാതെ വന്നിരിക്കുന്നു. രാജസ്ഥാൻ ഭരിക്കുന്നത് കോൺഗ്രസ്-ഐയുടെ നേതൃത്വത്തിലാണല്ലോ, അടിസ്ഥാനശമ്പളം ലഭിച്ചാൽ അതും ഭാഗ്യം എന്ന് വിശ്വസിക്കുന്നു രാജസ്ഥാനിലെ ജീവനക്കാർ. ഞാൻ പറയുന്നത് കേരളത്തിന് അപ്പുറം ചിന്തിക്കുവാനോ ലോകത്തെക്കുറിച്ച് ചിന്തിക്കുവാനോ ഇന്ന് കോൺഗ്രസ് (ഐ) തയ്യാറാകുന്നില്ല. ഭരണാധികാരികളുടെ പിടിപ്പുകെട്ട നയം ഈ നാടിനെ മുച്ചൂടും മുടിച്ചു കഴിഞ്ഞിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട തങ്കച്ചൻ, he is an Honourable man, അദ്ദേഹം ഒരു സ്കോളറാണ്. പക്ഷേ, അദ്ദേഹത്തിന്റെ പ്രസംഗം യഥാർത്ഥത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനായിരുന്നു. കേരള നിയമസഭയിൽ അദ്ദേഹം പറയുകയുണ്ടായി. നാളികേരവിലയിടിവിന് കാരണം ഇവിടത്തെ നായനാർ സർക്കാരാണെന്ന്. അദ്ദേഹം ഒന്നുകൂടി പറഞ്ഞു. ഇവിടെ W.T.O-യിൽ ഒപ്പുവെച്ചശേഷം ശ്രീ. ആന്റണിയുടെ ഭരണത്തിന്റെ അവസാന കാലത്ത് എല്ലാ കാർഷിക വിളകൾക്കും വില കൂടുകയുണ്ടായി, നാണ്യവിളകൾക്കും നാണ്യവിളവുകൾക്കും നല്ല വില ലഭിച്ചു എന്ന് ആർക്കു വേണ്ടിയാണ് അദ്ദേഹം അത് പറഞ്ഞത് ? ഒരു പക്ഷേ, ഉറക്കം നടിക്കുകയായിരിക്കും അദ്ദേഹം ചെയ്തിട്ടുണ്ടാകുക. മറിച്ച് വസ്തുതയിലേക്കു കടക്കാൻ അദ്ദേഹം തയ്യാറാകുമോ ? 45 ലക്ഷത്തോളം വരുന്ന നാളികേരകൃഷിക്കാർ, കേരളസർക്കാരിന്റെ നെടുങ്കനെന്നുള്ള നിലയ്ക്ക് ഇത് ഉയർത്തിപ്പിടിക്കുന്നു. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്ന കാര്യത്തിലും കേരള സർക്കാർ വളരെ മുന്നോട്ടു പോയി. 500 കോടി നാളികേരം ഉല്പാദിപ്പിച്ച കേരളത്തിൽ 670 കോടി നാളികേരം ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. പക്ഷേ, വിലയിടിവ് കാരണം ആറായിരം കോടി രൂപയുടെ നഷ്ടം കേരളത്തിലെ സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കി. ആരാണ് ഉത്തരവാദി ? ഈ സ്റ്റേറ്റ് ഭരിക്കുന്ന സർക്കാരാണോ ? മറിച്ച് ഈ രാജ്യത്തെ വൻകിട കുത്തക മുതലാളിമാർക്ക്, അവർക്ക് ആവശ്യമായ കൊപ്രയും, വെളിച്ചെണ്ണയും നാളികേരവും പച്ചത്തേങ്ങയും ഇറക്കുമതി ചെയ്യാൻ ലൈസൻസ് ഇഷ്ടംപോലെ കൊടുത്തതുകൊണ്ടാണോ? ഇറക്കുമതിനയം ഉദാരവൽക്കരിച്ചത് കൊണ്ടല്ലേ? മഹാനായ നെഹ്റു ഇൻഡ്യ ഭരിച്ച കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു നാളികേരം ബോംബെയിലെ ഒരു മുതലാളിക്ക് ഇൻഡ്യയിൽ ഇറക്കണമെങ്കിൽ പത്തു പതിനഞ്ച് രൂപ കൊടുക്കണമെന്നായിരുന്നു. ഇന്നോ ? 50 പൈസയ്ക്ക് നാളികേരം ഇറക്കാം. ഫിലിപ്പിൻസ് പോലുള്ള രാജ്യങ്ങളിൽനിന്ന് 50 ശതമാനത്തിലധികം വെളിച്ചെണ്ണ ഉള്ളടക്കം ഉള്ള പിണ്ണാക്ക് ഇറക്കുമതി ചെയ്യാൻ സൗകര്യമുണ്ടാക്കി കൊടുത്തു. പിണ്ണാക്ക് കിട്ടാത്ത രാജ്യമാണ് ഇന്ത്യ. അല്ലേ ? ആ രൂപത്തിൽ അഞ്ച് വലിയ കപ്പലിൽ പിണ്ണാക്ക് ഇൻഡ്യൻ കടലോരത്ത് മറ്റു സ്റ്റേറ്റുകളിൽനിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തിരിക്കുന്നു. അതിനെതിരെ ഒരക്ഷരം പറയാൻ തയ്യാറാകുന്നില്ല. ഇൻഡ്യയിലെ വിവിധ സ്റ്റേറ്റുകളിൽ പ്രത്യേകിച്ച് നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന സ്റ്റേറ്റുകളിലെ കൃഷിക്കാർ ആത്മഹത്യയുടെ വക്കിലാണ്. ഹിമാചൽപ്രദേശ് പഴവർഗ്ഗങ്ങൾ മാത്രം ഉല്പാദിപ്പിക്കുന്ന കൃഷിക്കാരുടെ നാടല്ലേ ? കഴിഞ്ഞ ആഴ്ച ഇറങ്ങിയ 'ഇൻഡ്യ ടുഡേ'യിൽ പറയുന്നു 36 കാർഷിക കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തു എന്ന്. അവരുടെ കാർഷിക വിളകൾക്ക് വില ലഭിക്കുന്നില്ല. ആപ്പിൾ ഇറക്കുമതി ചെയ്യുന്നു. പഴവർഗ്ഗങ്ങൾ ഇറക്കുമതി ചെയ്യുന്നു. ആസ്ട്രേലിയൻ ആപ്പിളിന് ഒരു കിലോയ്ക്ക് 85 രൂപ കൊടുത്താൽ മതി. ആപ്പിൾ തിന്നണമെന്ന് പൂതി തോന്നിയാൽ ഇവിടെ ഇഷ്ടം പോലെ ആപ്പിൾ ഇറക്കുമതി ചെയ്യാം. മറ്റ് പഴവർഗ്ഗങ്ങൾ ഇറക്കുമതിചെയ്യാം. റബ്ബർ ഇറക്കുമതി ചെയ്യാം. തേങ്ങാപിണ്ണാക്ക് ഇറക്കുമതി ചെയ്യാം. എന്തിനധികം പറയണം സായിപ്പൻമാരുടെ മലം വരെ ഇന്ത്യയിലേയ്ക്ക് എനർജിയുണ്ടാക്കാൻ ഇറക്കുമതി ചെയ്യാൻ വിദേശ മുതലാളിത്വം ആലോചിക്കുമ്പോൾ അതിന് പിന്തുണ കൊടുക്കുന്ന കേന്ദ്രഭരണാധികാരികളെക്കുറിച്ച് ഒരക്ഷരം പറയാൻ ആന്റണിയോ അതുപോലെ ബഹുമാനപ്പെട്ട മറ്റ് പ്രതിപക്ഷനേതാക്കളോ തയ്യാറാവുന്നില്ല. ഈയിടെ പത്രങ്ങളിൽ വന്നില്ലേ, ഫ്രാൻസിൽനിന്നും രണ്ട് കപ്പലിൽ മലം ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നു. അതിൽനിന്നും ഊർജ്ജം കിട്ടുമെന്നാണ് പറയുന്നത്. 100 കോടി ഇന്ത്യാക്കാരുടെ മലം പോരേ? ഇന്ത്യ എന്തിന് കുപ്പത്തൊട്ടിയാക്കി മാറ്റണം ? ഈ ഗാന്ധിജിയുടെ നാടിനെ, നെഹ്റുവിന്റെ നാടിനെ ഒരു കുപ്പത്തൊട്ടിയാക്കി മാറ്റാനുള്ള പുത്തൻ സാമ്പത്തിക നയം, ആ സാമ്പത്തിക നയത്തിനെതിരെ ഒരക്ഷരം പറയാതെ തങ്കച്ചനെ പോലെയുള്ള ബഹുമാന്യനായിട്ടുള്ള മെമ്പർ പറയുന്നു, ഇവിടെ ആന്റണിയുടെ ഭരണകാലത്ത് ലോകവ്യാപാര ഓർഗനൈസേഷനിൽ ഒപ്പ് വച്ചതിനുശേഷം നാളികേരത്തിന്റെ വില കൂട്ടിയിരിക്കുന്നു. റബ്ബറിന് വില കൂട്ടിയിരിക്കുന്നു. 2000 ഏപ്രിൽ 1 മുതൽ 714 സാധനങ്ങൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാൻ ലൈസൻസ് ഉദാരവൽക്കരിച്ചു. അതിൽ എന്തെല്ലാം പെടും. നമ്മുടെ സ്ത്രീകൾ തൊടുന്ന കുങ്കുമപ്പൊട്ടുവരെ ഉൾപ്പെടും. തവളക്കാലുണ്ട്. ഈ രാജ്യത്തെ ഖജനാവിലേയ്ക്ക് കോടിക്കണക്കിന് ഡോളർ ഒഴുകി കൊടുക്കുന്ന നമ്മുടെ കടൽ സമ്പത്ത് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാൻ ആരെങ്കിലും കടപ്പുറത്തേയ്ക്ക് പൂഴി കയറ്റുമോ ? ഈ കേന്ദ്രസർക്കാർ ചെയ്യുന്നതാണ്. കടപ്പുറത്തേയ്ക്ക് പൂഴി കയറ്റുക, നിലമ്പൂരിലേയ്ക്ക് മുള കയറ്റുക, ഇന്ത്യയിലേയ്ക്ക് ചെമ്മീനും തവളക്കാലും ഞണ്ടും ആവോലിയും മാന്തളും തുടങ്ങി ഈ രാജ്യത്തെ കടലിൽനിന്നും കിട്ടുന്ന കടലമ്മ കനിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

നല്കുന്ന സമ്പത്ത് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഈ നയത്തിനെതിരെ ഒരക്ഷരം പറയാൻ തയ്യാറല്ലാത്ത ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. യഥാർത്ഥത്തിൽ ഈ സ്റ്റേറ്റിലെ ജനതയെ വഞ്ചിക്കുകയാണ്. ഈ സ്റ്റേറ്റിലെ ജനതയെ യഥാർത്ഥത്തിൽ പരിഹസിക്കുകയാണ്. എന്നാൽ ഇടതുപക്ഷജനാധിപത്യമുന്നണി അതല്ല, ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെ ഇത്തരം ഒരു ദേശീയ സാർവ്വദേശീയ സ്ഥിതി നിലവിലിരിക്കെ തന്നെ ഈ സ്റ്റേറ്റിലെ ഓരോ വ്യക്തിയുടെയും ഭൗതിക വളർച്ച ഉറപ്പുവരുത്താൻ ഉതകുന്ന രൂപത്തിൽ ജനകീയാസൂത്രണ പദ്ധതി വളരെ ശക്തിപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ 100 ശതമാനം ജനത എൽ.ഡി.എഫിന്റെ പിന്നിൽ അണി ചേരാൻ അധികാര വികേന്ദ്രീകരണം മാത്രം മതി. മഹാനായ ഇന്ത്യയുടെ രാഷ്ട്രപതി ഈയിടെ ഐക്യരാഷ്ട്ര സംഘടനയുടെ കേന്ദ്രത്തിൽ യു.എൻ.ഒ. ജനറൽ സെക്രട്ടറിയെ ചെന്ന് കണ്ടപ്പോൾ, യു.എൻ.ഒ.യുടെ പ്രഗത്ഭനായ സെക്രട്ടറി ആദ്യമായി ചോദിച്ചത്, എങ്ങനെയുണ്ട് നിങ്ങളുടെ കേരളത്തിലെ ജനങ്ങളുടെ ശക്തി ഉപയോഗിച്ചുകൊണ്ടുള്ള ജനകീയ പ്ലാൻ ? എങ്ങനെയാണ് കേരളം മുന്നോട്ടുപോകുന്നത്? അത്ര പ്രാധാന്യത്തോടുകൂടിയാണ് ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറിവരെ നമ്മുടെ ഈ പ്ലാൻ നോക്കി കാണുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനവും അധികാരവികേന്ദ്രീകരണവും കേരളത്തിൽ വിപുലപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ കേരളത്തിലും പട്ടിണി മരണമുണ്ടാകുമായിരുന്നു. ഇത്തരം ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിൽ ഇതൊന്നും നോക്കിക്കാണാതെ കേവലം ഒരു വോട്ടിനുവേണ്ടി ജനങ്ങളെ വഞ്ചിക്കാൻ ഇൻഡ്യയിലെ യു.ഡി.എഫിന്റെ നേതൃത്വം മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. വിജയകുമാർ പറഞ്ഞു, എല്ലാ ഭരണകക്ഷിയിലുള്ള അംഗങ്ങളും ആന്റണിയുടെ നേതൃത്വത്തിലുള്ള മോചന യാത്രയെ പരിഹസിക്കുന്നു. അതൊരു വിമോചന യാത്രയെന്ന് പറയുന്നു. ഞങ്ങൾ അതിനെ നോക്കിക്കാണുന്നത് അങ്ങനെ തന്നെയാണ്. ഇന്ത്യാ രാജ്യത്ത് വളർന്നുവരുന്ന സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ പ്രതിസന്ധിയെ ചെറുത്തു തോല്പിക്കാൻ സംഘം ചേരുമ്പോൾ ഇന്ത്യയിലെ കൃഷിക്കാരും തൊഴിലാളികളും വിദ്യാർത്ഥികളും യുവാക്കളും സംഘടിതമായി മുന്നോട്ടുവരുമ്പോൾ ഇന്ത്യൻ ജനത ഇതിന് ആവേശം നല്കുന്നു. കേരളവും ബംഗാളും പോലെയുള്ള സ്റ്റേറ്റുകളെ തകർക്കാനുള്ള നടപടി ഞങ്ങൾ രാജ്യദ്രോഹപരമായിട്ടുള്ള നടപടിയായിട്ടാണ് കാണുന്നത്. ഇത് രണ്ടാമത്തെ തവണയാണ്. 1957-ൽ കേരളത്തിന്റെ സമഗ്ര മാറ്റത്തിന് നേതൃത്വം കൊടുത്ത അന്നത്തെ ഗവൺമെന്റിനെ താഴെയിറക്കാൻ കുപ്രസിദ്ധമായ വിമോചന സമരം നടത്തി. അതിനുശേഷം ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഈ രാജ്യത്തെ തകർക്കാനുള്ള അമേരിക്കൻ സാമ്രാജ്യത്വശക്തികളുടെ നടപടിയെകുറിച്ച് അമേരിക്കൻ ചാരസംഘടന കോടിക്കണക്കിന് രൂപ ഇന്ത്യയിലെ പുരോഗമന പ്രസ്ഥാനത്തെ തകർക്കാൻ ഇടിച്ചുതള്ളിയ ചിത്രം ഇന്ത്യയുടെ പാർലമെന്റിനകത്തും വളരെ വികാരപരമായാണ് പ്രതിപക്ഷത്തും ഭരണപക്ഷത്തും ഉള്ളവർ ഉയർത്തിക്കൊണ്ടുവന്നത്. ഇന്ത്യയിലെ അംബാസഡറായിരുന്ന അമേരിക്കക്കാരനായിട്ടുള്ള പാട്രിക് മൊയ്നീഖാന്റെ

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രസിദ്ധമായ 'A Dangerous Place' എന്നു പറയുന്ന ആ പുസ്തകത്തിൽ കേരളം പോലെയുള്ള സ്റ്റേറ്റിൽ പുരോഗമന പ്രസ്ഥാനത്തെ തകർക്കാനും സാമ്രാജ്യത്വ ശക്തികൾക്ക് ഇന്ത്യയെ തീറെഴുതി കൊടുക്കാനുമുള്ള വികാരത്തെ വിപുലപ്പെടുത്താൻ കോടികൾ ചെലവാക്കിയ ചിത്രം കാണിച്ചില്ലേ. ഇന്നും വീണ്ടും ലോകത്തെമ്പാടുമുള്ള പത്രങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യാരാജ്യത്ത് വളർന്നുവരുന്ന ബദൽ സാമ്പത്തിക നയത്തിന് നേതൃത്വം കൊടുക്കുന്ന കേരളം പോലെയുള്ള സ്റ്റേറ്റിലെ പുരോഗമന മുന്നേറ്റത്തെ തടയാൻ വീണ്ടും കോടികൾ ഈ രാജ്യത്ത് ഇറക്കാൻ അമേരിക്ക തയ്യാറെടുത്ത് മുന്നോട്ടുവന്നിരിക്കുന്നു. അതിന്റെ ഭാഗമായി ഞങ്ങൾ ഇതിനെ നോക്കിക്കാണുകയാണ്. അഞ്ച് കൊല്ലത്തെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണംകൊണ്ട് നിരവധികാര്യങ്ങൾ വിഫലമായിയെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. നമുക്ക് ഓരോ മേഖലയും എടുത്തുനോക്കാം. 1991 മുതൽ 1996 വരെ കേരളത്തിലെ വൈദ്യുതി ഉല്പാദന രംഗത്ത് നിങ്ങൾ എത്ര മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിച്ചു. നിങ്ങളുടെ ഭരണകാലത്ത് ഈ കേരളത്തിൽ എത്ര മണിക്കൂർ പവർകട്ട് ഉണ്ടായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് കേരളത്തിൽ മണിക്കൂറുകളോളം ലോഡ് ഷെഡിംഗ് ഉണ്ടായിരുന്നു. എന്നാൽ ഈ കഴിഞ്ഞ കേരള പിറവി ദിനം കേരളത്തിൽ പവർകട്ട് ഇല്ലാത്ത തെക്കേ ഇന്ത്യയിലെ ഒരേ ഒരു സ്റ്റേറ്റ് കേരളമാണെന്ന് പ്രഖ്യാപിച്ചില്ലേ ? അത് പ്രഖ്യാപിക്കുമ്പോൾ നിങ്ങൾ മുഖം തിരിഞ്ഞുനില്ക്കുന്നു. ഞങ്ങൾക്ക് അത് നോക്കിക്കാണാൻ കഴിയുകയില്ല. ലക്ഷക്കണക്കിന് വരുന്ന വീടില്ലാത്തവർക്ക് വീട്. 5 ലക്ഷത്തിലേറെ വരുന്നവർക്ക് വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നു. നിങ്ങൾക്ക് ഒരുപക്ഷേ, വലിയ താല്പര്യം കാണുകയില്ല. ഒരുപക്ഷേ, കോൺഗ്രസ് (ഐ) പ്രവർത്തകർ ചോദിക്കും. കക്കൂസിന് ഊഞ്ഞാൽ ഉണ്ടോ ? എങ്കിൽ മാത്രമേ നിങ്ങൾ അംഗീകരിക്കുകയുള്ളൂ. തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഏത് തൊഴിലും ചെയ്യാൻ ശക്തിയുള്ള ചൈതന്യമുള്ള യുവാക്കളെ കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ പി.എസ്.സി. മുഖേന നിയമിക്കാൻ സാധിച്ചു. നിങ്ങളുടെ ഭരണകാലത്ത് പി.എസ്.സിയിലൂടെ നിയമനം ലഭിച്ചത് ഏകദേശം 13,500 പേർക്ക് മാത്രമായിരുന്നു. എന്നാൽ ഇന്ന് കേരളത്തിൽ ഒരുലക്ഷത്തിലേറെവരുന്നവരെ പി.എസ്.സിയിലൂടെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. പി.എസ്.സിയുടെ ഇന്നത്തെ ചെയർമാൻ അല്ല. പിരിഞ്ഞുപോയ ചെയർമാൻ, അദ്ദേഹം കോൺഗ്രസ് ഐയുടെ നേതാവാണ്. അദ്ദേഹം പിരിഞ്ഞുപോകുന്നതിനുമുമ്പ് ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം പി.എസ്.സിയിലൂടെ നിയമനം നടന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല എന്ന്. അത് നോക്കി നിങ്ങൾക്ക് പറയാൻ കഴിയുമോ? ഇടതുപക്ഷജനാധിപത്യമുന്നണി ജനവികാരം ഉയർത്തിപ്പിടിക്കുന്ന മുന്നണി അല്ലായെന്ന് ഒരിക്കലും പറയാൻ കഴിയുകയില്ല. സ്ത്രീകളെ അപമാനിക്കുന്ന ഒരു സർക്കാർ ആയതുകൊണ്ട് സ്ത്രീകൾ ഈ ഗവൺമെന്റിന് എതിരെ, വിദ്യാർത്ഥികളെ അപമാനിക്കുന്ന ഒരു ഗവൺമെന്റ് ആയതുകൊണ്ട് വിദ്യാർത്ഥികൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് എതിരെ, എന്നൊക്കെ പ്രാസം ഒപ്പിച്ച് ശ്രീ. വിജയകുമാർ ഇവിടെ പ്രസംഗിക്കുക ഉണ്ടായി. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ വിദ്യാർത്ഥി സംഘടന ജയിച്ചു വന്നിട്ടുണ്ടോ ? ആകെ വരുന്നത് കേരളത്തിലെ കോളേജ് ക്യാമ്പസിൽ ഒരു 10 ശതമാനത്തിന് താഴെ നൈനാസാഹിനിയെപ്പോലെയുള്ള യൂത്ത് കോൺഗ്രസ് ഐയുടെ പ്രഗത്ഭയായ നേതാവിനെ വരെ വലിയ ചട്ടിയിലിട്ട് പൊരിച്ച് കൊലപ്പെടുത്തിയ തന്തൂരി ചിക്കന്റെ സംസ്കാരം ഉയർത്തിപ്പിടിക്കുന്ന കോൺഗ്രസ് (ഐ)യുടെ വക്താക്കളായി നിങ്ങൾക്ക് എങ്ങനെ സ്ത്രീവിമോചനത്തിനെക്കുറിച്ച് പറയാൻ കഴിയും. അതിന് മറുപടി നിങ്ങൾ എങ്ങനെ പറയുമെന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഇവിടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പിന്നിൽ അണിചേരാനും സംഘം ചേരാനും തയ്യാറാകണം. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മാത്രമല്ല, ബഹുജന മുന്നേറ്റത്തിലും അത് തെളിയിക്കണം. ഇന്നലെ കണ്ടില്ലേ പാറശ്ശാല മുതൽ കാസർഗോഡ് വരെ ദശലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ തൊഴിലാളികളും കൃഷിക്കാരും മറ്റ് ബഹുജനങ്ങളും അണിചേർന്നുകൊണ്ട് ഇന്ത്യയിലെ മതന്യൂനപക്ഷത്തെ രക്ഷിക്കുവാനുള്ള പോരാട്ടത്തിൽ അവർ സംഘം ചേർന്ന് കഴിഞ്ഞിരിക്കുന്നു. ആ സംഘടിത മുന്നേറ്റം വരാൻ പോകുന്ന തെരഞ്ഞെടുപ്പിലും കേരളത്തിൽ പ്രതിഫലിപ്പിക്കും. അങ്ങനെ പ്രതിഫലിപ്പിക്കുമ്പോൾ ഐക്യജനാധിപത്യമുന്നണി എന്നുപറയുന്ന പ്രസ്ഥാനം ഈ കേരളത്തിൽ എന്നന്നേയ്ക്കുമായി പുറംതള്ളപ്പെട്ടുപോകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. സി. മൊയിൻകുട്ടി</u> : സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന്മേൽ ശ്രീ. എൻ. അനിരുദ്ധൻ കൊണ്ടുവന്ന നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. 10-ാം നിയമസഭയുടെ അവസാനത്തെ സമ്മേളനമാണിത്. 16-ാമത്തെ സമ്മേളനമാണ്. ബഹുമാനപ്പെട്ട ഗവർണറുടെ മുഖത്ത് എനിക്ക് കാണാൻ സാധിച്ചത് ഉത്കണ്ഠയായിരുന്നു. ഇതൊന്ന് പറഞ്ഞുതീർക്കുന്നതിനുള്ള പ്രയാസവും നൊമ്പരവുമായിരുന്നു. അത്രയേറെ മനസ്സാക്ഷിക്കുത്താണ് അദ്ദേഹം അനുഭവിച്ചത്. പഴയ കാലത്തെ ബഡ്ജറ്റ് പ്രസംഗത്തിലൊക്കെ. നയപ്രഖ്യാപനങ്ങളിലൊക്കെ കുറെ സത്യങ്ങളുണ്ടായിരുന്നു. പക്ഷേ, പരിപൂർണ്ണമായി കല്ലുവച്ച നുണ ആ വലിയ മനുഷ്യരെക്കൊണ്ട് ഇവിടെ എഴുന്നള്ളിച്ചത് തീർച്ചയായും വളരെ ക്രൂരതയായിപ്പോയി. സത്യവുമായി ഒരു പുലബന്ധവുമില്ലാത്ത മൈതാന പ്രസംഗമാണ് ഇവിടെ കേട്ടത്. ഗവർണർ അനുഭവിച്ച മാനസിക പീഡനം ചെറുതായിരുന്നില്ല. മുതലയില്ലാത്ത മുതലക്കുളം പോലെ നയമൊന്നുംതന്നെ ഇതിനകത്തുണ്ടായിരുന്നില്ല. 5 കൊല്ലക്കാലത്തെ, 57 മാസത്തെ, നിങ്ങളുടെ ഭരണത്തിൽ എന്തു ചെയ്തു എന്നാണ് ഞാൻ ചോദിക്കുന്നത് ? കക്കൂസിനെക്കുറിച്ച് പറഞ്ഞു. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നിങ്ങൾ എന്തുമാത്രം പങ്കുവഹിച്ചു എന്നതിനെ കുറിച്ച് നെഞ്ചത്തു കൈവച്ചുകൊണ്ട് പറയാൻ കാര്യമായൊന്നുമില്ല. കോടാനുകോടി രൂപ കടത്തിൽ ഈ രാജ്യത്തെ കൊണ്ട് തള്ളിയിട്ടിട്ടുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നുമില്ല. സമസ്ത മേഖലയിൽപ്പെട്ട ജനവിഭാഗങ്ങളും ഇന്ന് നൊമ്പരവും പ്രയാസവും അനുഭവിക്കുകയാണ്. 57 മാസം പറഞ്ഞിട്ടു തീരാത്ത വാഗ്ദാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പറയുമ്പോൾ എന്തുമാത്രം പ്രയാസമാണ് ആ കാര്യത്തിൽ. ആരാണ് ഇനിയുള്ള വാഗ്ദാനങ്ങൾ നടപ്പാക്കേണ്ടത്? ഇവിടെ നിങ്ങൾക്ക് പറയാനുള്ളത് മോചനയാത്രയെക്കുറിച്ചാണ്. മോചനയാത്ര ക്ലച്ചു പിടിച്ചുവെന്ന് എനിക്ക് ബോധ്യപ്പെട്ടത് ഇവിടെ വന്നപ്പോഴാണ്. അത്രയേറെ സംഘർഷം നിങ്ങൾ മോചനയാത്രയിൽ അനുഭവിക്കുന്നുണ്ട്. നിങ്ങൾ അധികാരത്തിലേറ്റിയിട്ടുള്ള ഡി.വൈ.എഫ്.ഐ. കുട്ടികൾ നിങ്ങളുടെ കരുത്താണ്. ഞാൻ സമ്മതിച്ചു. പണിയില്ലാത്ത ചെറുപ്പക്കാർക്ക് പണി കൊടുക്കുമെന്ന് നിങ്ങൾ പറഞ്ഞു. ഇന്ന് അമീബ പെറ്റു പെരുകുന്നതുപോലെ 10 ലക്ഷത്തിൽ കൂടുതൽ ചെറുപ്പക്കാർ വർദ്ധിച്ചിരിക്കുകയാണ്. 27,000 കോടി രൂപ കടത്തിൽ ഈ രാജ്യത്തെ മുക്കിയിരിക്കുന്നുവെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ശ്രീ. വി.എസ്. അച്യുതാനന്ദൻ പറഞ്ഞു അത് കല്ലുവച്ച നുണയാണ്, 20 കോടിയേയുള്ളൂ എന്നാണ്. ഇന്ന് പിറന്നുവീഴുന്ന കുഞ്ഞ് ഏഴായിരമോ, എട്ടായിരമോ രൂപ കടക്കാരനായി ജനിച്ചു വീഴുമ്പോൾ 20,000 കോടിയല്ലേയുള്ളൂ എന്നാണ് ശ്രീ. വി.എസ്. പറയുന്നത്. നിങ്ങൾക്ക് കോടിയൊന്നും ഒരു പ്രശ്നമല്ല. 100 കണക്കിന് കോടികളുടെ ചാനലും അമ്യൂസ്മെന്റ് പാർക്കും ശീതീകരണ സാഹചര്യങ്ങളുമൊക്കെയുള്ള നിങ്ങൾക്ക് ഇതൊന്നും പ്രശ്നമല്ല. പഴയ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല നിങ്ങളിന്ന്. നിങ്ങൾക്കിന്ന് കോടികൾ ഒന്നും ഒരു പ്രശ്നവുമല്ല. ബാലൻ വൈദ്യരേ, സി.പി.എം.ന്റെ അലകും പിടിയും മാറിയതുപോലെ നിങ്ങളാകെ മാറിപ്പോയി. പിന്നെ നിങ്ങൾ എന്തിന് പരാതിപ്പെടണം. നിങ്ങൾക്കിന്ന് കോടികൾ ഒരു പ്രശ്നവുമല്ല. അത്രയേറെ വമ്പിച്ച മാറ്റമാണ് നിങ്ങൾക്കുള്ളത്. എന്തുപറഞ്ഞാലും നിങ്ങൾക്ക് പറയാനുള്ളത് ആഗോളവൽക്കരണമാണ്. ഞങ്ങൾ അതിന്റെ ഗൗരവമൊന്നും കുറച്ച് കണ്ടിട്ടില്ല. വളരെ കാര്യമായിട്ടുതന്നെയാണ് കാണുന്നത്. ഇവിടെ തെങ്ങിന് മണ്ടരി രോഗമാണ്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് ഗാട്ട് രോഗവും അദ്ദേഹത്തിന് ഒന്നു പറഞ്ഞാൽ രണ്ടാമത്തേതിന് ഗാട്ട്. വായ് തുറന്നാൽ ഗാട്ട്. നിങ്ങൾക്ക് ഒരു ഉത്തരവാദിത്വവുമില്ല. ഗാട്ടിനെ എതിർക്കേണ്ട നിങ്ങൾ അതുതന്നെ പറഞ്ഞുകൊണ്ടിരുന്നാൽ എങ്ങനെയാണ്? എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട പി. വിശ്വൻ മാസ്റ്റർ ഇവിടെ പ്രസംഗിച്ചു. ആപ്പിളിന് 85 രൂപയാണെന്ന്. ഇവിടെ റെയിൽവേ സ്റ്റേഷനിൽ പോയാൽ ആപ്പിൾ ജ്യൂസ് കിട്ടും. അതൊക്കെ ഹിമാചൽ പ്രദേശ് ഗവൺമെന്റിന്റെ നേട്ടമാണ്, അവരുടെ കഠിനാദ്ധ്വാനം കൊണ്ടാണ് കിട്ടുന്നത്. ഏതുമാത്രം അനുബന്ധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനും വിപണനം നടത്താനും സംഭരിക്കാനുമൊക്കെയുള്ള സാധ്യത ഇവിടെയുണ്ട്. നിങ്ങൾ എന്തുചെയ്തു? മിൽമയുടേത് നമുക്കറിയാം. മിൽമയ്ക്ക് 4 ബാങ്കുകളുള്ളതല്ല ഇവിടെ പ്രശ്നം. അഖിലേന്ത്യാടിസ്ഥാനത്തിൽ നാളികേര ഉല്പന്നങ്ങൾ ഈ രാജ്യത്ത് വിപണനം നടത്താനോ അല്ലെങ്കിൽ ഉല്പാദിപ്പിക്കാനോ വല്ല ശ്രമവും ഉണ്ടോ? ഞാൻ പറയട്ടെ, നിങ്ങൾക്ക് എന്തു ചെയ്യാൻ സാധിച്ചു ? മറ്റുള്ളവരുടെ കാര്യങ്ങൾ പറയാനല്ലാതെ നിങ്ങൾക്ക് എന്താണ് ചെയ്യാൻ സാധിച്ചത്? ഇവിടെ നാളികേരത്തിന്റെ വിലയെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ബാലൻ വൈദ്യർ പറഞ്ഞത് കാപ്പിക്കുരുവിന് 58 രൂപ വിലയുണ്ടെന്നാണ്. ഇന്ന് കാപ്പിക്കുരുവിന് 30 രൂപയാണ്. വൈദ്യർ പറഞ്ഞത് തെറ്റാണ്. കാപ്പിക്കുരുവിന് 122 രൂപ വിലയുണ്ടായിരുന്നു. ഇന്ന് 30 രൂപയാണ്

LIBRARY ARCHIVES Kerala Legislative Assembly

വില. നൂറേ പോയിട്ടുള്ളൂ. അച്ഛൻ തെങ്ങിൽ നിന്നും വീണു, തല കാണുന്നില്ല എന്നുപറഞ്ഞതുപോലെ കുഴപ്പമൊന്നുമില്ല. ശ്രീ. സി. പി. ബാലൻ വൈദ്യർ പറഞ്ഞത് പഴയ കണക്കാണ്. 25 കൊല്ലം മുമ്പുള്ള കണക്കാണ്. അടയ്ക്കയ്ക്ക് മൂന്നിൽ ഒന്നാണ് വില. വയനാട്ടിലെ തേയിത്തോട്ടം പൂട്ടി. നിങ്ങൾ എന്തു പറഞ്ഞാലും മറുപടിക്ക് ഉദാരവൽക്കരണവും അതുപോലെ ആഗോളവൽക്കരണവും. നിങ്ങൾ എന്തു ചെയ്തു എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത് ? ഇവിടെ വാജ്പേയി അല്ല ട്രഷറി ബഞ്ചിലിരിക്കുന്നത്. ഇവിടെ നായനാരാണ്. നായനാർ എന്തു ചെയ്തു എന്നാണ് അറിയേണ്ടത്. നിങ്ങൾ ഏതു കാര്യത്തിലാണ് പിടിപ്പുകേടല്ലാതെ കാണിച്ചിട്ടുള്ളത്. റെയിൽവേ ബഡ്ജറ്റിൽ പദ്ധതി വിഹിതം എന്തു കിട്ടി ? രണ്ടുലക്ഷത്തി പതിനാറായിരം കോടി രൂപ ഇൻഡ്യാ രാജ്യത്തിന് വിതരണം ചെയ്തപ്പോൾ നിങ്ങൾക്ക് എന്തുകിട്ടി ? പതിനാറു ശതമാനം മഹാരാഷ്ട്രയ്ക്ക് കിട്ടിയപ്പോൾ ഏഴും ആറുമൊക്കെ കർണാടകയ്ക്കും തമിഴ്നാടിനും കിട്ടിയപ്പോൾ നിങ്ങൾക്ക് എന്തുകിട്ടി? പോയിന്റ് 3 ശതമാനം..... അഹമ്മദ് സാഹിബോ.....അതിലേയ്ക്ക് ഞാൻ വരാം. ഇവിടെ മുഖ്യമന്ത്രി ഇ.കെ. നായനാരാണ്. ബാലൻ വൈദ്യർക്ക് മുഖ്യമന്ത്രി അഹമ്മദ് സാഹിബാണെന്ന് എനിക്കറിയില്ലായിരുന്നു. സി.പി. ബാലൻ വൈദ്യരെ, മുഖ്യമന്ത്രിയെക്കുറിച്ചല്ല ഞാൻ പറയുന്നത്. എന്റെ മുഖ്യമന്ത്രി നായനാരാണ്. നിങ്ങൾ പദ്ധതി വിഹിതം എന്തു വാങ്ങി? നിങ്ങൾക്ക് എന്തു വാങ്ങാൻ സാധിച്ചു? ഒന്നും വാങ്ങാൻ സാധിച്ചിട്ടില്ല. വിലക്കയറ്റം. രാജ്യം മുഴുവൻ ബോർഡുവച്ച ആളുകളല്ലേ നിങ്ങൾ ? എന്താണ് ഒരു ബോർഡ് വയ്ക്കാത്തത്? പന്തം കൊളുത്തുന്ന ആളുകളല്ലേ ? എന്താ പന്തം കൊളുത്താത്തത്? നിങ്ങൾക്ക് സാധിക്കുന്നില്ല. നിങ്ങൾ അതൊക്കെ വിട്ടു. നിങ്ങൾ, കമ്മ്യൂണിസ്റ്റു പാർട്ടിയാകെ മാറിപ്പോയി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ സി.പി.ഐ.യെക്കുറിച്ച് ഞാൻ എന്തിനാണ് പറയുന്നത് ? നിങ്ങളെക്കുറിച്ചാണ് പറയേണ്ടത്. മാർക്സിസ്റ്റു പാർട്ടിയെക്കുറിച്ചാണ്. നിങ്ങളൊക്കെ ഒരുപാട് മാറി. ബഹുമാനപ്പെട്ട സി.പി. ബാലൻ വൈദ്യരും ഞാനുമൊക്കെ വരുന്നത് എവിടെനിന്നുമാണ്? കോഴിക്കോടുനിന്നുമാണ്. മലബാറിലെ ഏറ്റവും വലിയ വ്യവസായശാലയല്ലേ ഗ്വാളിയർ റയോൺസ്. പുകപൊങ്ങിയിട്ടു കൊല്ലം എത്രയായി ? എന്താണു സ്ഥിതി ? അതും ഉദാരവൽക്കരണം. അല്ലേ ? അതും ആഗോളവൽക്കരണം അല്ലേ ? ശരി, അതേയുള്ളൂ മറുപടി. എല്ലാ ചോദ്യത്തിനും ഒരു മറുപടി, ഉദാരവൽക്കരണം, ആഗോളവൽക്കരണം. നിങ്ങൾ ക്രമസമാധാന നിലയെക്കുറിച്ച് പറഞ്ഞു. എത്ര മനോഹരമാണ് നയപ്രഖ്യാപനത്തിന്റെ രണ്ടാം പേജ് എന്നറിയാമോ ? 2-ാം പേജിൽ പറയുന്നുണ്ട്. ക്രമസമാധാനത്തിൽ രാജ്യത്തെ 1-ാം സ്ഥാനം കേരളത്തിന് എന്ന്. ഇതൊക്കെ പറയാനുള്ള ഒരു തൊലിക്കട്ടിയുണ്ടല്ലോ. കാണ്ടാമൃഗം സുപ്രീംകോടതിവരെ പോകും നിങ്ങൾക്കെതിരായിട്ട്. ഇതൊക്കെ പറയാൻ എങ്ങനെ തോന്നുന്നു. നാദാപുരത്തുകൂടിയൊക്കെയല്ലേ നമ്മൾ വരുന്നത്. പ്രധാനമന്ത്രി കുമരകത്തു വന്നില്ലേ എന്നാണ്. കുമരകം സൃഷ്ടിച്ചത് ഈ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണോ ? ഇവിടത്തെ മനോഹരമായ പ്രകൃതിയും തീരദേശങ്ങളും പ്രകൃതി രമണീയതയും ഇതിന് നിങ്ങൾക്ക് എന്തു ക്രെഡിറ്റ് ? ഞങ്ങൾക്കും നിങ്ങൾക്കും ഒരേ ക്രെഡിറ്റല്ലേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ മനോഹരമായിട്ടുള്ള ദൃശ്യസൗകര്യങ്ങൾ കാണാൻ വേണ്ടിയാണ് അദ്ദേഹം വന്നത്. പ്രകൃതിസൗന്ദര്യം കാണാൻ വേണ്ടിയാണ് വന്നത്. അതും നിങ്ങളുടെ അക്കൗണ്ടിൽ. നിങ്ങളുടെ അക്കൗണ്ടിൽ അല്ലാതെ എന്തെങ്കിലും ഉണ്ടോ ഇവിടെ ? എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ രാജ്യത്തെവിടെയെങ്കിലും എന്തെങ്കിലുമുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം നമുക്ക്. ഇവിടെ ബഹുമാനപ്പെട്ട എം.വി. ഗോവിന്ദൻമാസ്റ്റർ ഒരു കാര്യം പറഞ്ഞു. എന്താണ് പറഞ്ഞത് ? മുസ്ലീം ലീഗിലെ നേതാക്കന്മാരാണ് കുഴപ്പമുണ്ടാക്കിയത് എന്ന്. ബഹുമാനപ്പെട്ട നായനാരോട് നിങ്ങൾക്ക് ഇത്രയേറെ വിരോധം പാടില്ല. നിങ്ങൾ കമ്മ്യൂണിസ്റ്റുമാർക്സിസ്റ്റു പാർട്ടിയും ആർ.എസ്.എസ്. ഉം ഇഞ്ചോടിഞ്ച് പൊരുതിയപ്പോൾ അവിടെ ഒരു വട്ടമേശയ്ക്കുചുറ്റും വിളിച്ചുകൂട്ടി സമാധാനദൗത്യം നിർവ്വഹിച്ച എന്റെ നേതാക്കളെക്കുറിച്ച് മുക്തകണ്ഠം പ്രശംസ ചൊരിഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇവിടെയിരിക്കുന്നത്. അതു നിങ്ങൾ മറന്നുപോയി. അവിടെ രക്തം ചാലിട്ട് ഒഴുകിയപ്പോൾ ഓടിയെത്തി, അവിടെ സമാധാനത്തിന്റെ ദൂതനായി മാറിയത് അഹമ്മദ് സാഹിബായിരുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു എന്ന് അവിടെ പ്രസംഗിച്ചത് ശ്രീ. നായനാരാണ്. പുറത്തല്ല ഇവിടെ. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുമ്പോൾ പഴയ ഫയലുകൾ എടുത്ത് പരിശോധിച്ചു നോക്കണം. അന്ന് എളമരം കരീം ഇവിടെയില്ല, ടൂറിലായിരുന്നു. ആ പഴയ ഫയൽ എടുത്തുനോക്കാം. അവിടെ സമാധാനത്തിന് അഹമ്മദ് ചെയ്ത സംഭാവന. നിയമസഭയിൽ പ്രസംഗിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. നിങ്ങൾ പറയുന്നതൊക്കെ തമാശയാണ്. നിങ്ങളുടെ നയപ്രഖ്യാപനവും തമാശയാണ്. ഞങ്ങൾ പറയുന്നത് കാര്യമാണ്. അവിടെയാണ് കുഴപ്പം വരുന്നത്. പിന്നെ വൈദ്യർ എന്താണ് പറഞ്ഞത് ? ലീഗ് എൻ.ഡി.എഫ്. തീവ്രവാദി, ലീഗ് തീവ്രവാദി ഈ രാജ്യത്ത് തീവ്രവാദത്തിന് എതിരെ ഏറ്റവും കൂടുതൽ വില കൊടുത്തത് ഞങ്ങളാണ്. ഒറ്റപ്പാലത്ത് ജയിക്കാൻ, ഗുരുവായൂർ ജയിക്കാൻ. നിങ്ങൾ ഈ രാജ്യത്തെ സമസ്ത തീവ്രവാദികളേയും എഴുന്നള്ളിച്ചു നടക്കുകയായിരുന്നു. നിങ്ങൾ എവിടെയായിരുന്നു എന്നറിയാമോ ? ഇന്ന് സേലം ജയിലിൽ കിടക്കുന്ന മഅദ്നി നിങ്ങൾക്ക് മഹാത്മജിയായിരുന്നു. നിങ്ങൾ മറന്നുപോയി. അതല്ലേ കുഴപ്പം. നിങ്ങൾ കാര്യങ്ങൾ മറന്നുപോകുമല്ലോ. അതല്ലേ നിങ്ങൾ പെട്ടെന്ന് മറക്കേണ്ടത്. നിങ്ങൾ മഹാത്മജിയോടാണ് ഇബ്രാഹീം സുലൈമാൻ സേഠിനേയും അബ്ദുൾ നാസർ മഅദ്നിയേയും ഉപമിച്ചത്. ആരാണ് ഉപമിച്ചത് ? ഞാൻ പറയണ്ട. ബഹുമാന്യനായ, യശഃശരീരനായ സഖാവ് ഇ.എം.എസും ഒക്കെ പറയുമ്പോൾ നോക്കണ്ടെ ? ഞങ്ങൾ അന്ന് തള്ളിപ്പറഞ്ഞു. ഐ.എൻ.എൽ.നെ തള്ളിപ്പറഞ്ഞു. ഞങ്ങൾ എത്രമാത്രം വില കൊടുത്തു. ഞങ്ങളുടെ ചെറുപ്പക്കാർ തീവ്രവാദത്തിലേയ്ക്ക് എടുത്തുചാടിയപ്പോൾ ശക്തമായ പ്രതിരോധം നടത്തി ബഹുമാന്യനായ പാണക്കാട് ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ. ഞങ്ങൾക്ക് ഒരുപാട് നഷ്ടം പറ്റി ആ കാര്യത്തിൽ. ഇപ്പോൾ ഞങ്ങളേയും അവരേയും ഒരുപോലെ നിങ്ങൾ കാണുന്നു. അല്ല എന്ന് നിങ്ങൾ ഇവിടെ പലവട്ടം പറഞ്ഞിട്ടുണ്ട്. നിങ്ങൾ അപ്പുറത്തിരിക്കുകയും ഞങ്ങൾ ഇപ്പുറത്തിരിക്കുകയും ചെയ്ത സന്ദർഭത്തിൽപ്പോലും മുസ്ലീംലീഗിനെ പ്രശംസിച്ചിട്ടുണ്ടിവിടെ ഈ വേദിയിൽ.

LIBRARY ARCHIVES Kerala Legislative Assembly

രേഖയുണ്ടിവിടെ. ആ രേഖ ഞങ്ങൾക്ക് തെളിയിക്കാൻ സാധിക്കും. നിങ്ങൾ പറഞ്ഞിട്ടുണ്ട്, മുസ്ലീംലീഗ് എന്തുതന്നെയായാലും ശരി, തീവ്രവാദത്തിലേയ്ക്ക് എടുത്തുചാടിയിട്ടില്ല എന്ന്. ആ നിങ്ങൾ അവസാനം എന്തുചെയ്തുവെന്ന് അറിയാമോ ? ഐ.എൻ.എൽ.ന് ആവശ്യമായ ഒരു ഭരണഘടനയുണ്ടാക്കി. അവരുടെ കൊടിയുടെ നിറം മാറ്റി. ചിഹ്നം മാറ്റി. അവസാനം നിങ്ങൾ അവരെക്കൂടിയെടുത്തു. ശ്രീ. സി. പി. ബാലൻവൈദ്യർക്കറിയാമല്ലോ വടക്കൻ പാട്ടിലെ പാട്ട്. 'കൊണ്ടുപോയ് പോറ്റിയതും നീയേ ചാപ്പാ, കൊണ്ടുപോയ് കൊന്നതും നീയേ ചാപ്പാ' നിങ്ങൾ പി.ഡി.പി.യെ പോറ്റി, നിങ്ങൾ ഐ.എൻ.എൽ.നെ പോറ്റി, എൽ.ഡി.എഫ്.നെ പോറ്റി. നിങ്ങൾ കൊണ്ടുപോയി കൊല്ലുകയും ചെയ്തു.

ശ്രീ. കെ. പി. എ. മജീദ് : പല സ്ഥലങ്ങളിലും എൽ.ഡി.എഫും മാർക്സിസ്റ്റ് പാർട്ടിയും ഒന്നിച്ചു മത്സരിക്കുകയാണ്. കാവന്നൂർ പഞ്ചായത്തിലെ പ്രസിഡന്റ് മാർക്സിസ്റ്റ് പാർട്ടിയും വൈസ് പ്രസിഡന്റ് എൽ.ഡി.എഫ്.ന്റെ ഉന്നതാധികാരസമിതി മെമ്പറുമാണ്. അന്വേഷിക്കൂ പോയി.

ശ്രീ. സി. മൊയിൻകുട്ടി : ഞങ്ങൾ വെല്ലുവിളിക്കുന്നു. മുസ്ലീം ലീഗ് ഏതെങ്കിലും ഒരു പ്രദേശത്ത് എൽ.ഡി.എഫ്.ഉം ആയോ, പി.ഡി.പി.യുമായോ, ഐ.എൻ.എൽ.ഉം ആയോ സഖ്യം ചെയ്തോ എന്ന് നിങ്ങൾക്ക് തെളിയിക്കാമോ ? നൂറുസ്ഥലത്ത് നിങ്ങൾ സഖ്യം ചെയ്തിട്ടുണ്ട്. അവസാനം എന്തുചെയ്തുവെന്ന് നിങ്ങൾക്കറിയാമോ ? ഇപ്പോൾ മതന്യൂനപക്ഷങ്ങളായ മുസ്ലീങ്ങൾ നിങ്ങളെ തള്ളിപ്പറഞ്ഞപ്പോൾ 'മുങ്ങിച്ചാകാൻ പോകുമ്പോൾ കച്ചിത്തുരുമ്പ് രക്ഷ' എന്നു പറഞ്ഞതുപോലെ ഐ.എൻ.എൽ.നെ നിങ്ങൾ പുതിയ കുപ്പായമിടുവിച്ചുകൊണ്ട് നടക്കുകയാണ്. വേദി പങ്കിടുകയില്ല എന്നുപറഞ്ഞ ശ്രീ. വി.എസ്. അച്യുതാനന്ദൻ വേദി പങ്കിട്ടു. അവിടെ നഷ്ടപ്പെട്ടത് മുസ്ലീം ലീഗിനല്ല മാർക്സിസ്റ്റ് പാർട്ടിക്കാണ്. വൈദ്യരുടെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിക്ക് പരിക്കുപറ്റിയിട്ടുണ്ട്. ഞാൻ തെളിയിച്ചുതരാം. അവിടെ എന്താണ് നടന്നത് ? ഐ.എൻ.എൽ.ന് പരിക്കുപറ്റിയിട്ടുണ്ട്. ജനതാദളിന് പരിക്കുപറ്റിയിട്ടുണ്ട്. കോൺഗ്രസ്സിന് പരിക്കുപറ്റിയിട്ടുണ്ട്. ലീഗിനും പറ്റിയിട്ടുണ്ട്. ആരാണ് ഇതൊക്കെ ചെയ്തത് ? നൂറുകണക്കിന് വീടുകളിൽ കുട്ടികളെ മാറോടടക്കിപ്പിടിച്ച് ഉമ്മമാർ ഓടി രക്ഷപ്പെടും. നാം നേടിയെടുത്ത അഭിമാനത്തിന്റെ മുഖത്ത് പുകച്ചുരുളുകളുയർന്നു. അവിടെ തീ കത്തുകയായിരുന്നു. വാസ്തവത്തിൽ വളരെ വൈകിയാണെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്തസ്സുള്ള സമീപനമാണ് ഇന്നലെ അവിടെ സ്വീകരിച്ചത്. വളരെ മാന്യതയുള്ള സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കുന്നു. എന്തൊക്കെ സംഭവിച്ചാലും എല്ലാം നശിച്ച, എല്ലാം നഷ്ടപ്പെട്ട ഞങ്ങൾക്ക് ഞങ്ങളുടെ മാനം പോയി. ഞങ്ങളുടെ പണം പോയി, ഞങ്ങളുടെ സമ്പത്ത് പോയി, എല്ലാം പോയി. എന്നിട്ടുപോലും നിങ്ങൾ, ബഹുമാനപ്പെട്ട മന്ത്രിയും മറ്റു പല മെമ്പർമാരും ഇന്നലെ സ്വീകരിച്ച നിലപാട് എന്താണ്. ശ്രീ. കണാരൻ സ്വീകരിച്ച സമീപനമുണ്ടല്ലോ. അത് നിങ്ങൾ റിലയിരുത്തിയാൽ മതി. എല്ലാവരുടെയും പ്രയാസം ഞാൻ മനസ്സിലാക്കുന്നുവെന്നു പറഞ്ഞു. ആരും പ്രതികരിച്ചിട്ടില്ല. അദ്ദേഹം ഈ രാജ്യത്ത് എരിതീയിൽ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണയൊഴിക്കുകയായിരുന്നു എന്നകാര്യം അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ ഇവിടെ അവശേഷിക്കുന്ന മെമ്പർമാർക്ക് ബോധ്യപ്പെട്ടില്ലേ. ഇവിടെ ഞങ്ങൾക്ക് പറയാനുള്ളത് നല്ല വാക്കുകൾക്ക് നന്ദി എന്നാണ്. പക്ഷേ, കള്ളമുതൽ കണ്ടെത്തണം. അതുപോലെ എന്തെങ്കിലും സംഭവിച്ചാൽ പ്രതികളെ പിടിക്കണം. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ചോദിച്ചത് എന്തുകൊണ്ട് മുസ്ലീംലീഗ് തിരിച്ചടിച്ചില്ല. പിന്നെ ചോദിച്ചു, എന്തുകൊണ്ട് മനുഷ്യസ്നേഹികൾ തിരിച്ചടിച്ചില്ലായെന്ന്. വനിതാ കമ്മീഷൻ ചെയർപേഴ്സണ് അങ്ങോട്ടുപോകാൻ നേരമില്ല. സാംസ്കാരിക നേതാക്കന്മാർ സിംഹവാലൻ കുരങ്ങിന് തകരാറ് പറ്റിയാൽ ഓടിയെത്തും. ഇവിടെ അവർക്കുപോകാൻ നേരമില്ല. ഇക്കാര്യം 'നവകേരള'ത്തിൽ ലീല എൻ. മേനോൻ എഴുതി. പത്രത്തിലില്ല. ഇതൊന്നും നിങ്ങൾക്ക് നിഷേധിക്കാനാവില്ല. ഇതൊക്കെ സത്യമാണ്. ശ്രീമതി പ്രേമജം എന്തു പറഞ്ഞാലും, എന്താണ് സംഭവിച്ചതെന്ന് ജനങ്ങൾക്കറിയാം, അവിടത്തെ മാർക്സിസ്റ്റുകാർക്ക് അറിയാം. ശ്രീ. കരീമിന് പിന്നെ എന്തെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹം അപ്പുറത്താണെന്ന് ബോധ്യപ്പെടുത്തണ്ടേ ? ഞാൻ അത് സമ്മതിക്കുന്നു. എനിക്ക് അതിൽ വിരോധമൊന്നുമില്ല. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഗവൺമെന്റ് ഡോക്ടർമാർക്ക് പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചു. ഒരു മന്ത്രി പറഞ്ഞു 32 എൻജിനീയറിംഗ് കോളേജുകൾ കൊടുക്കാൻ പോവുകയാണെന്ന്. ആ എൻ.ഒ.സി. ഈ ഗവൺമെന്റ് പിച്ചിച്ചീന്തി. എന്തൊരു കൂട്ടുത്തരവാദിത്വമാണ്. ഞാൻ പത്ത് ദിവസം കൊണ്ടുണ്ടായ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. അഞ്ചു വർഷത്തെ കാര്യങ്ങൾ പറയാൻ ധാരാളമുണ്ട്. ഞാൻ അങ്ങോട്ടു കടക്കുന്നില്ല. ഈ രാജ്യത്ത് എന്തെങ്കിലും നടക്കുന്നുണ്ടോ ? വാർദ്ധക്യകാല പെൻഷനെക്കുറിച്ച് നിങ്ങൾ കൊട്ടിഘോഷിച്ചല്ലോ. അതുപോലെ വിധവാ പെൻഷൻ. എന്തിനധികം അനാഥാലയത്തിലെ കുട്ടികളുടെ ഗ്രാന്റ് നിങ്ങൾ കൊടുക്കുന്നുണ്ടോ ? രോഗിക്കു കൊടുക്കാനുള്ള 2,000 രൂപ കൊടുക്കുന്നുണ്ടോ ? മുഖ്യമന്ത്രിയുടെ ചെക്ക് മടങ്ങുകയല്ലേ. കരാറുകാർ ആത്മഹത്യ ചെയ്യുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് കേരളത്തിന് പ്രതികൂലമാണെന്ന് ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞു. കേന്ദ്രത്തെ കുറ്റപ്പെടുത്താനാണ് പറഞ്ഞത്. പക്ഷേ, കേരളം അതിന്റെ കടമ നിർവഹിച്ചോ ? നിർവഹിച്ചില്ല. അവാർഡിന്റെ അടിസ്ഥാനത്തിൽ 3,600 കോടി രൂപയാണ് നമുക്ക് നഷ്ടപ്പെട്ടത്. എല്ലാ കാര്യങ്ങളിലും പിടിപ്പുകേട്. രാജ്യത്ത് നൂറുകൂട്ടം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇനി പരാജയപ്പെടാനൊന്നുമില്ല. മുതലക്കൂപ്പു കുത്തുകയാണ്. ഇവിടെ നിന്നും രക്ഷപ്പെടാൻ ആരൊക്കെ എന്തൊക്കെ വാചാലമായി പ്രസംഗിച്ചാലും ഈ ഗവൺമെന്റിനെ മനുഷ്യച്ചങ്ങല കെട്ടിവലിച്ചാൽപ്പോലും ഒരു തിരിച്ചുവരവിന് സാദ്ധ്യമല്ലായെന്ന് തെളിയിക്കുന്ന രൂപത്തിലാണ് ശ്രീ. എ. കെ. ആന്റണിയുടെ മോചനയാത്ര. അതിൽ നിങ്ങൾക്ക് പ്രയാസമുണ്ടാകും. എങ്കിൽത്തന്നെയും ഈ നയപ്രഖ്യാപനപ്രസംഗത്തോടുള്ള നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : സർ, ബഹുമാനപ്പെട്ട കേരള ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എൻ. അനിരുദ്ധന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് പിന്നിട്ട 5 വർഷവും കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ നാളുകളായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. വിവിധ വകുപ്പുകൾ നേടിയ നേട്ടങ്ങൾ ഈ സംസ്ഥാനം രാജ്യത്തിന് മാതൃകയാകുന്നുവെന്നാണ് വിളിച്ചറിയിക്കുന്നത്. ഇവിടെ ഈ ഗവൺമെന്റിനെ അടച്ചാക്ഷേപിക്കുന്നതിനുവേണ്ടി ശ്രീ.പി.പി.തങ്കച്ചൻ മുതൽ ഇപ്പോൾ സംസാരിച്ച ശ്രീ. മൊയിൻകുട്ടി വരെയുള്ള ആളുകൾ ധാരാളം സമയമെടുത്തു. ഇവിടെ ശ്രീ. ആന്റണി രാജു സംസാരിക്കുന്ന സമയത്ത് അദ്ദേഹം കേരള കൗമുദി പത്രത്തിൽ 1996 മേയ് മാസത്തിൽ വന്ന ഒരു വാചകം ഉദ്ധരിച്ചു. "കേരളം കടക്കെണിയിൽ" എന്ന തലക്കെട്ടിൽ ആ പത്രം പ്രസിദ്ധീകരിച്ചിരുന്ന ആ വാർത്ത പ്രിയപ്പെട്ട ബി. വിജയകുമാറിന്റെയും മറ്റും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് "കടക്കെണിയിലായ കേരളത്തെ കരകയറ്റുവാൻ ഈയാഴ്ച അധികാരമേൽക്കുന്ന ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഏറെ പാടുപെടേണ്ടിവരും. സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെപ്പറ്റി യു.ഡി.എഫ്. ഗവൺമെന്റ് ഒരു പുകമറയാണ് സൃഷ്ടിച്ചിരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽതന്നെ ആയിരംകോടി രൂപയുടെ കമ്മിയാണ് മറച്ചുവച്ചിരുന്നത്. ഇതിന് പുറമേയാണ് ചാരായനിരോധനത്തിലൂടെ നഷ്ടപ്പെടുന്ന 320 ഓളം കോടി രൂപ. ഇതെല്ലാംകൂടി കണക്കാക്കുമ്പോൾ അടുത്ത ഒരു വർഷം 600 കോടിയോളം രൂപയുടെ റവന്യൂ നഷ്ടമാണ് ഗവൺമെന്റിനുണ്ടാവുക. ഇതിനെല്ലാം പോംവഴികൾ കാണാതെ ഈ സാമ്പത്തികരംഗത്ത് ഒരു ചലനം ഉണ്ടാക്കാൻ പുതിയ ഗവൺമെന്റിന് കഴിയുകയില്ല." എന്നുപറഞ്ഞാണ് ആ പത്രവാർത്ത അവസാനിക്കുന്നത്. ഞാൻ അതിൽ ചൂണ്ടിക്കാണിക്കുന്നത്, ഈ ഗവൺമെന്റ് 1996-ൽ അധികാരത്തിൽ വരുമ്പോൾ ആ പത്രവാർത്ത അവസാനിക്കുന്നത്. ഞാൻ അതിൽ ചൂണ്ടിക്കാണിക്കുന്നത്, ഈ ഗവൺമെന്റ് 1996-ൽ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അത്രത്തോളം പരിതാപകരമായിരുന്നുവെന്ന് ബഹുമാനപ്പെട്ട ബി. വിജയകുമാറും ശ്രീ. പി. പി. തങ്കച്ചനും മറന്നുപോകരുത് എന്നുപറയാനാണ്. ഈ ഗവൺമെന്റിന്റെ കാലത്തെ നേട്ടങ്ങളെയും, അഭിമാനകരമായ കാര്യങ്ങളെയും കുറിച്ച് പറയുമ്പോൾ ഇൻഡ്യയുടെ ചിത്രത്തിൽ നിന്ന് മാറിനിന്നുകൊണ്ട് കേരളത്തെ കാണാൻ കഴിയുകയില്ല. ഇൻഡ്യയെ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് കോൺഗ്രസ് പാർട്ടിക്ക് മാറാൻ കഴിയുമോ? ഇന്നലെ ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ പറയുന്നത് ഞാൻ കേട്ടു, 1991-ലാണ് നരസിംഹറാവുവിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇപ്പോൾ 1999-ലും 2000-ലുമല്ലേ ഈ സാമ്പത്തിക തകർച്ച ഉണ്ടായതെന്ന്. അദ്ദേഹം ഇരുട്ടുകൊണ്ട് ഓട്ടയടക്കുകയായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. 1993-ൽ ഇവിടെ പലരും പരാമർശിച്ച 'ഗാട്ട്' കരാറിൽ ഒപ്പിട്ട ശേഷവും ആ കരാറിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന ഡബ്ല്യു.ടി.ഒ.യുടെ അടിസ്ഥാനത്തിലുള്ള ഇറക്കുമതി തുടങ്ങിയത് 1999-ലും 2000-ലുമൊക്കെയാണ്. അതിന്റെ പാപഭാരത്തിൽനിന്ന് ഇൻഡ്യയിലെ

കോൺഗ്രസ് പാർട്ടിക്ക് മാറിനിൽക്കാൻ കഴിയുമോ ? ആ പരിശ്രമങ്ങളുടെ ഫലമായി അവരെടുത്ത തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായി ഇൻഡ്യാരാജ്യം ഇന്നൊരു വലിയ കടക്കെണിയിൽ എത്തിയിരിക്കുകയാണ്. ഇൻഡ്യയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ മുഴുവൻ ഹനിച്ച ഒരു സാമ്പത്തിക നയമാണ് കോൺഗ്രസ് പാർട്ടിയെടുത്തത് എന്നുള്ള കാര്യത്തിൽ ശ്രീ. എ. കെ. ആന്റണിക്കുപോലും തകർക്കമുണ്ടെന്നു തോന്നുന്നില്ല. കാരണം അദ്ദേഹം ഇപ്പോൾ കോൺഗ്രസിന്റെ സാമ്പത്തികനയം തിരുത്തണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ എ.ഐ.സി.സി.യുടെ പ്രസിഡന്റ് ശ്രീമതി സോണിയ ഗാന്ധി 'ഹിക്കി'യുടെ യോഗത്തിൽ പറഞ്ഞു. 'ഞങ്ങൾ ആ നയത്തിൽ യാതൊരു മാറ്റവും വരുത്താൻ പോകുന്നില്ല. ആ പുതിയ സാമ്പത്തിക നയവുമായി മുന്നോട്ടുപോകും.' എന്ന്. കോൺഗ്രസിന്റെ സാമ്പത്തികനയം തിരുത്തണമെന്ന് ആഗ്രഹിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കുപോകാം. കോൺഗ്രസ് ഈ നയവുമായിതന്നെ മുന്നോട്ടു പോകുമെന്ന് അസന്നിദ്ധമായി ശ്രീമതി സോണിയാഗാന്ധി വ്യക്തമാക്കുകയും ചെയ്തു. അതിന്റെ പാപം കേരളവും അനുഭവിക്കുന്നു. നാളികേരത്തിന്റെ വിലയിടിവിൽ, റബ്ബറിന്റെ വിലയിടിവിൽ, തേയിലയുടെ വിലയിടിവിൽ കൃഷിക്കാരെ മുഴുവൻ കണ്ണീരിലാക്കി. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും യഥാർത്ഥത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുള്ളതാണ്. അവർ വിരിച്ച പരവതാനിയിൽക്കൂടി ബി.ജെ.പി.യുടെ ഭരണവും പോകുന്നു എന്നതേയുള്ളൂ. അതിൽനിന്ന് കോൺഗ്രസ്സിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഇപ്പോൾ 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശകൂടി വന്നപ്പോൾ കേരളത്തിന് അതും ഒരു ഇരുട്ടടിയാണ് എന്നാണ് എന്റെ വിശ്വാസം. 3600 കോടിരൂപ കേരളത്തിന് നഷ്ടമാകുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയംമൂലം സംസ്ഥാനം തകരുമ്പോഴും അർഹതപ്പെട്ട വിഹിതം പോലും നമുക്ക് തരാതെ ആ കേന്ദ്രനയവുമായിട്ട് പോകുമ്പോൾ ബി.ജെ.പി. ഗവൺമെന്റിന് എതിരായി ഒരക്ഷരം ഉരിയാടാൻ ഈ മോചനയാത്രയിൽ ശ്രീ.എ.കെ. ആന്റണി സമരം കണ്ടെത്തുന്നില്ല എന്നത് അവർ തമ്മിലുള്ള ബന്ധത്തെ വിളിച്ചറിയിക്കുന്നതാണ്. ഈ രാജ്യത്തെ നിങ്ങൾ ദ്രോഹിക്കുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തിക നയത്തിൽ ഇത്രയും വലിയ പാളിച്ച ഉണ്ടാക്കിയ ഒരു പാർട്ടി എന്ന നിലയിൽ അവർക്ക് ബി.ജെ.പി.യുടെ ആ നയത്തെ എതിർക്കുവാൻ കഴിയില്ല. ശ്രീ. ബി. വിജയകുമാർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, വികസനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ട്രഷറി പൂട്ടിയതുകൊണ്ട് പണമിടപാട് നടക്കുന്നില്ല. തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. ആയുതകൊണ്ട് ഞാൻ ശ്രീ. ബി. വിജയകുമാറിനോട് ചോദിക്കട്ടെ, തിരുവനന്തപുരം പട്ടണത്തെ കണ്ണടച്ച് കാണുവാൻ വിജയകുമാറിന് കഴിയുമോ ? തിരുവനന്തപുരം പട്ടണത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വരുത്തിയ വികസന പ്രവർത്തനങ്ങൾ എത്രയോ വലുതാണ്. എത്രയോ കാര്യങ്ങൾ ചെയ്തു.

ശ്രീ. ബി. വിജയകുമാർ : വഴങ്ങാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : ഞാൻ അവസാനം വഴങ്ങാം. തുടങ്ങിയതല്ലേ ഉള്ളൂ. കേശവദാസപുരം മുതൽ പട്ടം വരെയുള്ള റോഡിന്റെ വികസനം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണെങ്കിൽ അതിലെ ഒരു കടപോലും തൊടാൻ നിങ്ങളുടെ റവന്യൂ വകുപ്പുമന്ത്രി സമ്മതിക്കുമായിരുന്നോ ? ഓവർ ബ്രിഡ്ജ് മുതൽ കിഴക്കേകോട്ട വരെയുള്ള റോഡ്, ഇന്ത്യയിലെ ഏതൊരു സംസ്ഥാന നഗരിയെക്കാളും മനോഹരമാക്കി ഈ തിരുവനന്തപുരത്തെ മാറ്റിയെടുത്തത് ഈ ഗവൺമെന്റല്ലേ ? പ്ലാമൂടുപാലവും ആ പാലം മുതൽ കേശവദാസപുരം വരെയുള്ള പ്രദേശത്തേയും എത്ര മാറ്റം വരുത്തി.

ശ്രീ. കെ. പി. വിശ്വനാഥൻ : വെറുതെ പാലം പൊളിച്ചുമാറ്റി.

ശ്രീ. കെ. പ്രകാശ് ബാബു : വെറുതെ പാലം പൊളിച്ച് മാറ്റിയതല്ല ശ്രീ.കെ. പി. നിങ്ങൾ വഴുക്കാട് മുതൽ തൈക്കാട് വരെയുള്ള റോഡ് ഇപ്പോൾ നോക്കൂ. ശ്രീ. ജി. കാർത്തികേയന് അറിയാം. ശ്രീ. ബി. വിജയകുമാറിന് അറിയാം. കരമന പാലം, കരമന പ്രദേശത്തെ ട്രാഫിക് ജാം തിരുവനന്തപുരത്തെ ഏറ്റവും വലിയ ശാപമായിരുന്നു. അതുമാറ്റിയത് ഈ ഗവൺമെന്റല്ലേ ? ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷമായി നടത്തിയ വികസന പ്രവർത്തനങ്ങൾ വിജയകുമാർ മനസ്സിലാക്കേണ്ടതല്ലേ ?

ശ്രീ. ബി. വിജയകുമാർ : വഴങ്ങാമോ ?

ശ്രീ. കെ. പ്രകാശ് ബാബു : ഞാൻ വഴങ്ങുന്നില്ല. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഈ ഗവൺമെന്റ് എത്രയോ രംഗങ്ങളിൽ പുരോഗതി ഉണ്ടാക്കി. അതൊക്കെ ഇവിടെ പലരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് വിദ്യുച്ഛക്തി രംഗത്ത് കേവലം 17 മെഗാവാട്ട് അഞ്ചുവർഷംകൊണ്ട് ഉല്പാദിപ്പിച്ചു. അതിൽ തർക്കമുണ്ടോ ? 15 മെഗാവാട്ട് തെൻമലയും 2 മെഗാവാട്ട് മണിയാറുമാണ്. ആ സ്ഥാനത്താണ് ഇപ്പോൾ 1017 മെഗാവാട്ട് വൈദ്യുതി ഈ അഞ്ചുവർഷം കൊണ്ട് ഉല്പാദിപ്പിച്ച് കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു ചരിത്രവിജയം വൈദ്യുതി രംഗത്ത് സൃഷ്ടിച്ചിരിക്കുകയാണ്. ആർക്കെങ്കിലും നിഷേധിക്കുവാൻ കഴിയുമോ ? അതാണ് ഈ ഗവൺമെന്റിന്റെ നയം. ശ്രീ. സി. മൊയിൻകുട്ടി ചോദിച്ചല്ലോ ഈ ഗവൺമെന്റിന്റെ നയം എന്താണെന്ന്. വൈദ്യുതി ഉല്പാദന രംഗത്ത് കേരളം സ്വയംപര്യാപ്തതയിൽ എത്തുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. നമ്മുടെ സംസ്ഥാനത്ത് ഭവനരഹിതരുടെ എണ്ണം ഇപ്പോൾ 8,50,000 ആണ്. ഈ ഗവൺമെന്റിന്റെ നയം എന്താണ് ? ഭവനരഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും വീടു നിർമ്മിച്ച് കൊടുക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അഞ്ചുവർഷം പൂർത്തിയാകുമ്പോൾ 5,15,000 വീടില്ലാത്ത ആളുകൾക്ക് വീട് നിർമ്മിച്ച് കൊടുക്കുവാൻ കേരളാ ഗവൺമെന്റിന് പല ഏജൻസികളിലൂടെ കഴിയും. അതാണ് പാർപ്പിട നയം. സ്വന്തമായി ഒരു തുണ്ട് ഭൂമിപോലും ഇല്ലാത്ത കോടിക്കണക്കിന് മനുഷ്യരുള്ള ഒരു രാജ്യമാണ് നമ്മുടെ രാജ്യം. പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് സ്വന്തമായി വസ്തു വാങ്ങാനും ഭൂമി വാങ്ങാനും വീട് നിർമ്മിക്കാനും 50,000 രൂപ കൊടുക്കുന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതിനെയാണ് നിങ്ങൾ എതിർക്കുന്നത്.

ശ്രീ. കെ. പി. വിശ്വനാഥൻ : അർഹതപ്പെട്ടവർക്ക് അതു കിട്ടുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : അതു കിട്ടുന്നതുകൊണ്ടാണ് പൂർത്തിയാക്കുന്നത്. ശ്രീ.കെ. പി. കൊടകരയിലെ ഓരോ പഞ്ചായത്തും എടുത്തുനോക്കൂ. അവിടെ വീടുകൾ പൂർത്തിയാക്കിയ ആളുകളുടെ എണ്ണം നിങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുവാൻ കഴിയും. വികസനപ്രവർത്തനങ്ങളുടെ കാര്യം മാത്രമല്ല ഞാൻ പറഞ്ഞത്. ഓംബുസ്ഡ്മാൻ എന്ന സംവിധാനം കൊണ്ടുവന്നത് ഈ കേരളാഗവൺമെന്റല്ലേ ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് വന്ന ആ സംവിധാനം പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇല്ലാത്ത ഒരു പുതിയ സംവിധാനം കൊണ്ടുവരാൻ കേരള ഗവൺമെന്റിന് അല്ലേ കഴിഞ്ഞത് ? ലോകായുക്തും ഫൈനാൻസ് കമ്മീഷനും ഒക്കെക്കൂടെ ഗ്രാമീണ സമ്പദ്ഘടനയിൽ ജനകീയാസൂത്രണത്തിന്റെ ഫലമായി, അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി, വലിയ ഒരു മാറ്റം കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഉണ്ടായത് കണ്ടില്ല എന്ന് നടിക്കുന്നത് എന്തിനാണ് ? ഈ ഗവൺമെന്റിന്റെ വളരെ ശരിയായ നയത്തെയും ഈ ഗവൺമെന്റിനെയും ഇതിന് തൊട്ടുമുമ്പ് ഭരിച്ച ഗവൺമെന്റിനെയും കേരളത്തിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. ഭദ്രമായ ഒരു അടിത്തറയിൽക്കൂടി കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഈ ഗവൺമെന്റിന് എതിരായി കല്ലുവച്ച നുണയാണ് മോചനയാത്രയിൽക്കൂടി പ്രതിപക്ഷാംഗങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവരെ കേരളത്തിലെ ജനങ്ങൾക്ക് നന്നായി അറിയാം. അവരുടെ ഐക്യത്തെക്കുറിച്ച് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരുകയാണ്. 1994, 11-ാം മാസത്തിൽ കോൺഗ്രസിലെ ചില മന്ത്രിമാർ അധികാരഗർവ് കാട്ടുന്നു. ആരാണ് പറഞ്ഞത് ? മുൻ ഉപനേതാവായ ശ്രീ. ഉമ്മൻചാണ്ടി ഭരണത്തിന്റെ മറവിലും കോൺഗ്രസ്സിന്റെ ചെലവിലും അഹങ്കാരവും അഹന്തയും കാട്ടുന്നവർ കോൺഗ്രസ്സിനുതന്നെ ബാധ്യത ആയിരിക്കുകയാണ് -ഉമ്മൻ ചാണ്ടി. ആരുടെയും പേരെടുത്ത് പറയാതെ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. ഇത്തരക്കാരുടെ അഹങ്കാരത്തിന് കൂട്ടുനിൽക്കുവാൻ കോൺഗ്രസ്സ് പ്രവർത്തകർക്ക് കഴിയുകയില്ല. അവർ ബാധ്യതയാകാതിരിക്കുവാൻ കോൺഗ്രസ്സ് പ്രവർത്തകർ മുഴുവൻ കരുത്തും സ്വീകരിക്കേണ്ടിവരുമെന്ന് ഉമ്മൻചാണ്ടി. ഇതാണ് നിങ്ങളുടെ മുന്നണി. അങ്ങനെയുള്ള ഒരു മുന്നണിയെ കുറിച്ചാണ് സ്വപ്നം കാണുന്നത്. വീണ്ടും അധികാരത്തിൽ വരുന്നതിനെക്കുറിച്ച് മോചനയാത്രയിലൂടെ സ്വപ്നം കാണുമ്പോൾ നിങ്ങളുടെ മുന്നണിയെയും നിങ്ങളുടെ മുന്നണിയിലെ ആളുകളെയും കേരളത്തിലെ ജനങ്ങൾക്ക് നന്നായി അറിയാം. ഈ രീതിയിൽ പറ്റില്ലായെന്ന് മന്ത്രിമാർ മുഖ്യമന്ത്രിയോട് പറയുകയാണ്. അങ്ങനെയാണെങ്കിൽ ഭരണം ഇല്ല, മുഖ്യമന്ത്രി. വീണ്ടും ഈ കേരളത്തിലെ ജനങ്ങൾ ഇതു കാണണമോ? ഇന്നത്തെ രീതിയിൽ ഐക്യമുന്നണിക്ക് ഒരിഞ്ചുപോലും മുന്നോട്ടുപോകുവാൻ ആവില്ലെന്ന് പ്രമുഖഘടകകക്ഷി നേതാക്കളായ മന്ത്രി ശ്രീ. കെ. എം. മാണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനെ അറിയിച്ചു. നേതൃമാറ്റം ആണ് ലക്ഷ്യമെങ്കിൽ ആ മോഹം നടപ്പില്ല, ഞാനില്ലാതെ ഒരു ഐക്യമുന്നണി മന്ത്രിസഭയില്ല. അസംബ്ലി ഞാൻ പിരിച്ചുവിടും. മുഖ്യമന്ത്രി കരുണാകരൻ ശബ്ദമുയർത്തി പറഞ്ഞു.

ശ്രീ. ബി. വിജയകുമാർ : കറന്റ് ഇഷ്യൂ പറയൂ.

ശ്രീ. കെ. പ്രകാശ് ബാബു : അതിലേയ്ക്ക് ഞാൻ വരാം. നിങ്ങൾ ആഗ്രഹിക്കുന്ന നിങ്ങളുടെ ഭരണം വീണ്ടും വന്നാൽ.....അപ്പുറത്തിരിക്കുന്ന വലതുപക്ഷമുന്നണിയെയും ഞങ്ങളെയും കേരളത്തിലെ ജനങ്ങൾക്ക് നന്നായി അറിയാം. ശ്രീ. കെ. പി., അങ്ങ് മാറിക്കൊടുത്തുവന്ന, ശ്രീ. വി. എം. സുധീരൻ നിയമസഭയിൽ നടത്തിയ ഒരു പ്രസംഗം, ഭരണപക്ഷത്ത് ഇരുന്നുകൊണ്ട് ശ്രീ. വി. എം. സുധീരൻ നടത്തിയ പ്രസംഗം ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആ ഭാഗം അസംബ്ലി രേഖയിൽനിന്ന് എടുത്തത് ഞാൻ പ്രിയപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കളെ ഓർമ്മിപ്പിക്കട്ടെ. "സർ, ഞാൻ ഇതുസംബന്ധിച്ച് അപ്രിയ സത്യം പറയുവാൻ ആഗ്രഹിക്കുകയാണ്. അത്ര താല്പര്യം ഉണ്ടാക്കുവാൻ ആർക്കും വഴിയില്ലെങ്കിലും ഞാൻ പറയട്ടെ, ആ അപ്രിയ സത്യം പറയാതിരിക്കുവാൻ നിവൃത്തിയില്ല. എല്ലാ ആദരവും നിലനിർത്തികൊണ്ട് ഞാൻ പറയട്ടെ, ഇവിടെ അദ്ദേഹം പറഞ്ഞിട്ടുള്ളത്, (അദ്ദേഹം എന്നു പറയുന്നത് ശ്രീ. കെ. കരുണാകരൻ, മുഖ്യമന്ത്രി ശ്രീ. വി. എം. സുധീരന്റെ പാർട്ടിയുടെ നേതാവ്) പോലീസിന്റെ തലപ്പത്തുള്ളവർ പോരടിക്കുന്നു. കളവ് മുതലുമായി പോലീസ് ഓഫീസർ കടന്നുകളഞ്ഞ സ്ഥിതിവരെ ഉണ്ട്. ഏറ്റവും സദുദ്ദേശപരമായ ക്രിയാത്മകമായ ഒരു നിർദ്ദേശം എനിക്ക് സമർപ്പിക്കുവാനുള്ളത് ആഭ്യന്തര വകുപ്പിന്റെ ചുതമല ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒഴിയുന്നതാണ് നല്ലത്. ഒഴിഞ്ഞു നിൽക്കണമെന്ന് പറയുമ്പോൾ കാര്യക്ഷമതയുള്ള മറ്റാരെയെങ്കിലും ഏൽപ്പിക്കുന്നതിൽ വിരോധമില്ല." ശ്രീ.വി. എം. സുധീരന്റെ നിയമസഭയിലെ പ്രസംഗമാണ് സർ. യു.ഡി.എഫ്-ന്റെ ഭരണം ഈ കേരളത്തിൽ വരുമ്പോൾ യു. ഡി. എഫ്. എങ്ങനെയാണ് എന്നുള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ശ്രീ. വി.എം. സുധീരന്റെ പ്രസംഗം. അത് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

ശ്രീ. കെ. എം. മാണി : അപ്പോഴാണ് അച്ചടക്കത്തിന്റെ ഭാഷ ഉപയോഗിച്ചത്. ആ അച്ചടക്കത്തിന്റെ ഭാഷ ഉപയോഗിച്ചപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. വി. എം. സുധീരനും ഒരുമിച്ച് പറഞ്ഞു അതിന് കടലാസ്സിന്റെ വിലപോലും ഉണ്ടാവുകയില്ല എന്ന്. അങ്ങനെയുള്ള കോൺഗ്രസ്സിനെ ഈ കേരളത്തിൽ വീണ്ടും അധികാരത്തിൽ കൊണ്ടുവരും എന്നാണോ നിങ്ങൾ വിശ്വസിക്കുന്നത്. ഉമ്മൻചാണ്ടി രാജിവയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ഒപ്പിട്ട നിവേദനം കൊടുത്ത കോൺഗ്രസ്സിന്റെ എം.എൽ.എ.മാർ ഇപ്പോഴും ഈ നിയമസഭയിലുണ്ട്. സർ, 'കൂടെക്കിടക്കുന്നവനല്ലേ രാപ്പനി അറിയാനൊക്കൂ' എന്നൊരു ചൊല്ലുണ്ട്. കൂടെക്കിടക്കുന്നവർക്കേ രാപ്പനി അറിയാവൂ. കോൺഗ്രസ്സിനെക്കുറിച്ച് നന്നായിട്ട് അറിയാവുന്നത് ശ്രീ. കരുണാകരനാണ്. അദ്ദേഹം അവസാനം ആയിരക്കണക്കിന് കോൺഗ്രസ് പ്രവർത്തകരെ സാക്ഷിനിർത്തിക്കൊണ്ട് അന്നു പറഞ്ഞു, "ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ ഇതുപോലുള്ള രാഷ്ട്രീയനപുംസകങ്ങളെ ഞാൻ കണ്ടിട്ടില്ല. ഗ്രഹണ സമയത്ത് ഞാഞ്ഞൂലുപോലും തല പൊക്കുമെന്നാണ് ചൊല്ല്. നമുക്കുണ്ട് ചില ഘടഘടകകൾ. സ്വന്തം മാതാവിനെ ദുർബ്ബലമാക്കാൻ അടുത്ത വീട്ടിലെ ജാരന്മാരെ കൂട്ടുപിടിക്കുന്ന കോൺഗ്രസ്സിലെ തന്നെ ചതിയൻമാർ."

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ നിയമസഭ കഴിഞ്ഞപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പറഞ്ഞ വാചകമാണ് ഞാൻ നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവന്നത്. കറന്റ് ഇഷ്യൂ വേണമെന്നാണ് ശ്രീ. ബി. വിജയകുമാർ പറഞ്ഞത്. ഇപ്പോഴത്തെ കേരളശബ്ദം ഇവിടെയിരിപ്പുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ശ്രീ.എ.കെ.ആന്റണിയുടെ മോചനയാത്രയുമായി ബന്ധപ്പെട്ട് 'കരുണാകരനെ വിളിക്കൂ' എന്ന പോസ്റ്ററുകളും ബാനറുകളും നമ്മുടെ നാടിന്റെ പല ഭാഗത്തുമുണ്ട്. ഇവർ ഒരിക്കൽ അധികാരത്തിൽ വന്നപ്പോൾ അവസാനം അവർ മുഖ്യമന്ത്രിയെ മാറ്റി. പ്രിയപ്പെട്ട കാർത്തികേയൻ, തൊഴുത്ത് മാറ്റിക്കെട്ടിയാൽ ചില പശുക്കൾ പ്രസവിക്കുമെന്ന് ചിലർക്കൊരു ധാരണയുണ്ട്. മുഖ്യമന്ത്രി ശ്രീ. കരുണാകരനെ മാറ്റിയശേഷം ശ്രീ. എ.കെ.ആന്റണിയെ കൊണ്ടുവന്നു. ഡെൽഹിയിൽ നിന്ന് രാജഹംസത്തിൽ അദ്ദേഹത്തെ അവതാരപുരുഷനായി കേരളത്തിന്റെ മുഖ്യമന്ത്രിയാക്കാൻ കൊണ്ടുവന്നു. ശ്രീ.എ.കെ. ആന്റണി അങ്ങനെ കടിഞ്ഞാണിട്ടു. ആരാണ് ശ്രീ. എ. കെ. ആന്റണി? അദ്ദേഹത്തെക്കുറിച്ച് ഞാൻ വേറൊന്നും പറയുന്നില്ല. ഇവിടെ പലരും സൂചിപ്പിച്ചതാണ്. കേരളത്തിന്റെ റേഷൻ സംവിധാനത്തെ പാടെ തകർത്ത, കേരളത്തെ വലിയൊരു സാമ്പത്തിക ദുഃസ്ഥിതിയിൽ കൊണ്ടുചെന്നെത്തിച്ച കേന്ദ്രത്തിന്റെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയെ ഇവിടെ മുഖ്യമന്ത്രിയായി കൊണ്ടുവരുമ്പോൾ കേരളത്തിലുള്ള എല്ലാവർക്കും അറിയാം അദ്ദേഹം എങ്ങനെയായിരിക്കും ഇത് കൈകാര്യം ചെയ്യാൻ പോകുന്നതെന്ന്. ആറു മാസത്തേയ്ക്കുപോലും ശ്രീ. എ. കെ. ആന്റണി ഒരു സ്ഥാനത്തിരുന്നുകൊണ്ട്..... അദ്ദേഹത്തെ ഒരു സ്ഥാനത്ത് ഇരുത്താതിരിക്കാൻ പറ്റില്ല. ഒന്നുകിൽ കെ.പി.സി.സി. പ്രസിഡന്റ്, അല്ലെങ്കിൽ കേന്ദ്രമന്ത്രി, അല്ലെങ്കിൽ കേരളത്തിന്റെ മുഖ്യമന്ത്രി. അതുമല്ലെങ്കിൽ പ്രതിപക്ഷനേതാവ്. ഏതെങ്കിലും ഒരു സ്ഥാനത്ത് ശ്രീ.എ.കെ.ആന്റണിയെ ഇരുത്തണം. ശ്രീ. എ. കെ. ആന്റണിയെ എവിടെയെങ്കിലും ഒരിടത്ത് ഇരുത്തിയില്ലെങ്കിൽ അപ്പോൾ അവിടെ പ്രശ്നമുണ്ടാകുമെന്ന് കേരളത്തിലെ കോൺഗ്രസ്സുകാർക്ക് അറിഞ്ഞുകൂടേ ? അത് ആർക്കാണ് അറിഞ്ഞുകൂടാത്തത് ? ശ്രീ. ആന്റണിയെ രാജഹംസത്തിൽ കൊണ്ടുവന്നശേഷം എന്താണ് സംഭവിച്ചത് ? ആറുമാസം തികഞ്ഞില്ല, ആറുമാസം തികയുന്നതിന് മുമ്പ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്.....കേരളത്തിൽ മുഖ്യമന്ത്രിയായി വന്ന നാൾമുതൽ തന്നെ ആ സ്ഥാനത്ത് നിന്ന് തന്നെ വീഴ്ത്താൻ ഒരു വിഭാഗം ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പരാതിപ്പെട്ടു. ഭരണത്തിലുണ്ടാകുന്ന ചെറിയചെറിയ വീഴ്ചകൾ പെരുപ്പിച്ചുകൊണ്ട് തന്നെ വീഴ്ത്താനുള്ള ശ്രമങ്ങൾ കോൺഗ്രസ്സുകാർ മനസ്സിലാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിൽ യു.ഡി.എഫ്-ന്റെ നേതൃത്വത്തിൽ വീണ്ടുമൊരു ഭരണത്തെക്കുറിച്ചുള്ള മനഃപായസം കണ്ടുകൊണ്ട് പ്രിയപ്പെട്ട കോൺഗ്രസ്സിന്റെ നേതാക്കന്മാർ, ഐക്യജനാധിപത്യമുന്നണിയുടെ നേതാക്കൻമാർ മോചനയാത്ര നടത്തുമ്പോൾ ആ മോചനയാത്ര അവർക്ക് സ്വയം ഈ നാട്ടിൽ നിന്നുള്ള മോചനത്തിലേയ്ക്ക് പോകുന്നതിനെക്കുറിച്ചല്ലാതെ ഈ സംസ്ഥാനത്തിന്റെ ഭരണത്തിലേയ്ക്ക് വരാൻവേണ്ടി കച്ച കെട്ടേണ്ടതില്ല എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ തവണ ശ്രീ. കെ. എം. മാണി ഒരു കേരള യാത്ര

LIBRARY ARCHIVES Kerala Legislative Assembly

നടത്തി. നമ്മുടെ നിയമസഭാ സമ്മേളനത്തിന് തൊട്ടുമുമ്പാണ്. അദ്ദേഹം കാസർകോട് നിന്ന് തിരുവനന്തപുരത്ത് എത്തിച്ചേരുമ്പോഴേക്കും ഈ ഗവൺമെന്റ് വീഴുമെന്ന് അന്നു പറഞ്ഞു. വീണൊലിച്ചുപോകുമെന്നാണ് ശ്രീ. കെ. എം. മാണി പറഞ്ഞത്. 'മുട്ടനാടിന്റെ പുറകേ പോയ കുറുക്കന്റെ കഥയെ' ഓർമ്മിപ്പിച്ചു എന്നല്ലാതെ കേരളത്തിൽ ഒന്നും സംഭവിച്ചില്ല. അന്ന് കേരളയാത്ര ആയിരുന്നു. ഇപ്പോൾ എന്താണ് ? വിമോചനയാത്ര വേറെ നടത്തിയതുകൊണ്ടും ശ്രീ. കെ. എം. മാണി യാത്ര നടത്തിയതുകൊണ്ടും ഇപ്പോൾ ശ്രീ. എ. കെ. ആന്റണി പേരിട്ടതാണ് മോചനയാത്ര എന്ന്. ഇനി അടുത്തത് വരുമ്പോൾ ഇതിൽ ഏതു വാക്കാണ് ഇല്ലാതെ പോകുന്നതെന്ന് അറിയില്ല. എന്തായാലും ഈ ഗവൺമെന്റിനെതിരെ അടിസ്ഥാനരഹിതമായി ഉന്നയിച്ച എല്ലാ ആരോപണങ്ങളേയും എല്ലാ ആക്ഷേപങ്ങളേയും അതിജീവിച്ചുകൊണ്ടുതന്നെ എൽ.ഡി.എഫിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, അഗ്നിശുദ്ധി വരുത്തിയ ഒരു എൽ.ഡി.എഫിന്റെ ഗവൺമെന്റ്, വീണ്ടും അധികാരത്തിൽ തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ തർക്കമേ വേണ്ട.....(ബഹളം.....) 'ഉദിച്ചുവരുന്ന സൂര്യനെ നോക്കി ഓരിയിടുന്ന ശ്വാനനെ' ഓർമ്മിപ്പിച്ച് ഒച്ച കളയാതെന്നല്ലാതെ മോചനയാത്ര കൊണ്ട് ഒരു ഫലവുമുണ്ടാകുകയില്ലായെന്ന് ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെതിരേ കരി വാരിതേയ്ക്കുന്നതിനുവേണ്ടി നടത്തുന്ന പരിശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് ഈ മുന്നണിയെ അംഗീകരിക്കുമെന്ന് ഒരിക്കൽ കൂടി പറയാൻ ആഗ്രഹിച്ചുകൊണ്ട് നന്ദിപ്രമേയത്തെ അനുകൂലിച്ച് കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഇവിടെ ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണർ വായിച്ച നയപ്രഖ്യാപന പ്രസംഗത്തിലെ ഒരു വാചകം ഞാൻ വായിക്കുകയാണ്. 'സമൂഹത്തിൽ അനിയന്ത്രിതമായിരിക്കുന്ന അഴിമതിയും ക്രിമിനൽവൽക്കരണവും രാജ്യത്തെ ഗുരുതരമായ ഒരു പ്രശ്നമാക്കിയിരിക്കുകയാണ്. സമൂഹത്തെ ബാധിക്കുന്ന ഇത്തരം തിന്മകൾക്കെതിരെ എന്റെ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ചു വരുന്നത്' എന്നാണ്. എന്നുപറഞ്ഞാൽ ഈ സംസ്ഥാനത്തുള്ള അഴിമതിക്കെതിരായി. ക്രിമിനൽവൽക്കരണത്തിനെതിരായി കഴിഞ്ഞ അഞ്ചു വർഷമായി ഈ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചു എന്നാണ് ഗവർണറെക്കൊണ്ട് പറയിച്ചിരിക്കുന്നത്. ഇവിടെ അങ്ങനെയൊരു നിലപാട് സ്വീകരിച്ചില്ല എന്നുമാത്രമല്ല, അഴിമതി കൊണ്ട് മുങ്ങിക്കുളിക്കുകയാണ് ഈ സർക്കാർ ചെയ്തതെന്ന് കാണാൻ സാധിക്കും. ഇവിടെ ക്രിമിനൽവൽക്കരണം നടത്തുകയാണ് ചെയ്തത്. 1991-96 കാലത്ത് കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുഴുവനും അഴിമതി ആയിരുന്നുവെന്നും തങ്ങളുടെ അഞ്ചു വർഷക്കാലത്ത് യാതൊരു അഴിമതിയും ഇല്ലെന്നും വരുത്തിത്തീർക്കാനുള്ള വ്യർത്ഥവിലാപ ഒരു ശ്രമമാണ് ഈ പ്രസംഗത്തിൽ നടത്തിയിരിക്കുന്നത്. നിയമസഭയ്ക്കകത്തും പുറത്തും ഈ സർക്കാരിലെ ഉത്തരവാദപ്പെട്ടവർക്കെതിരായി അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്***.

*** സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ആരോപണമുന്നയിക്കുന്നതിന്.....

ഡോ. എം. എ. കുട്ടപ്പൻ : ഇല്ല. ഉന്നയിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിക്കുകയും ചെയ്തിട്ടുള്ളതാണ്. വീണ്ടും അത് ആവർത്തിക്കുന്നതിന് പ്രസക്തി എന്താണ് ?

ഡോ. എം. എ. കുട്ടപ്പൻ : പാമോയിലിന്റെ കാര്യം ആയിരം തവണ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഞങ്ങൾക്ക് പാടില്ലേ ? നിയമസഭയിൽ വന്ന.....

ശ്രീ. സി. പി. ബാലൻ വൈദ്യർ : പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട ഡോ.എം.എ. കുട്ടപ്പൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ***ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. അത് അങ്ങേയ്ക്ക് എഴുതി തന്നിട്ടാണോ ? മുമ്പ് ഈ സഭയിൽ എഴുതിത്തന്ന ചില കാര്യങ്ങൾ ചിലർ ഉന്നയിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണോടുകൂടി നിഷേധിക്കുകയും അവാസ്തവമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുതന്നെ വീണ്ടും എഴുതിത്തരാതെ സഭയിൽ ഉന്നയിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. പി. പി. തങ്കച്ചൻ : ഡോ. എം. എ. കുട്ടപ്പൻ ആരോപണമല്ല ഉന്നയിച്ചത്. നിയമസഭയിൽ ശ്രീ. ടി. എം. ജേക്കബ് എഴുതിക്കൊടുത്ത് ഇത്തരം ചില ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. അതിനെക്കുറിച്ച് എന്താണ് അന്വേഷിക്കാത്തത് എന്നുമാത്രമേ ചോദിച്ചിട്ടുള്ളൂ. പുതിയ ആരോപണം ഉന്നയിക്കുന്നതല്ല.

ഡോ. എം. എ. കുട്ടപ്പൻ : പുതിയ ആരോപണം ഉന്നയിക്കുന്നില്ല. ഇവിടെ ഉന്നയിച്ച ആരോപണത്തെക്കുറിച്ച് അന്വേഷണമുണ്ടാകാത്തതെന്താണെന്നാണ് ? അത് അന്വേഷിക്കാതെ അഴിമതിക്കെതിരായിട്ട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് എടുത്തിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. അഴിമതിയുടെ കാര്യത്തിൽ ഇവിടെ വിട്ടുവീഴ്ച ചെയ്തിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ***അല്ലെങ്കിൽപ്പിന്നെ അങ്ങനെയൊരു വാചകം വരാൻ പാടില്ലായിരുന്നു. അഴിമതിക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തിയെന്നു പറയാൻ പാടില്ലായിരുന്നു***. കഴിഞ്ഞ അഞ്ചുവർഷം കൊണ്ടുണ്ടായ ആക്ഷേപങ്ങൾ ഈ സഭയിൽ സൂചിപ്പിച്ചുവെന്നേയുള്ളൂ. അത് ശരിയാണോ അല്ലയോ എന്ന് അന്വേഷിക്കാനും പറയാനുമുള്ള ബാദ്ധ്യത ഗവൺമെന്റിന്റെ അല്ലെങ്കിൽ ഇങ്ങനെയൊരു പ്രസംഗം തരാൻ പാടില്ല. അഴിമതിക്കെതിരായി വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ചു എന്ന് പറയാൻ പാടില്ല. കഴിഞ്ഞ 5 വർഷക്കാലത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ ഒരു സംശയവും വേണ്ട, മാർക്സിസ്റ്റ് പാർട്ടിയും കേരള ഗവൺമെന്റും അഴിമതിയിൽ മുങ്ങിയിരിക്കുകയാണ്. നിങ്ങൾ ഇതു മറച്ചുവയ്ക്കാൻ വേണ്ടി അതിനുമുമ്പ് 5 കൊല്ലക്കാലം ഭരിച്ച ആന്റണി

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനെ ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. പാമോയിൽ, പാമോയിൽ എന്ന് ആയിരം പ്രാവശ്യം വിളിച്ചു കൂവിയാലും ഇതുതീരില്ല. എത്രപ്രാവശ്യം കോടതിയിൽ പോയി ? തെളിവില്ല. എന്നിട്ടും വിളിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ നിങ്ങൾക്ക് കോൺഗ്രസ് പാർട്ടിക്കെതിരായി, കോൺഗ്രസ് നേതാക്കന്മാർക്കെതിരായി തിരിച്ചും മറിച്ചും ഈ സഭയിൽ ആക്ഷേപമുന്നയിക്കാം. ഞങ്ങൾ ഈ സഭയിൽ വന്ന വിഷയം വച്ചുകൊണ്ട്, പുറത്തുള്ള ഒരു വിഷയം വച്ചുകൊണ്ട് മിണ്ടിയാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് എതിർക്കുകയാണ്. അത് ശരിയല്ലല്ലോ ? അഴിമതിയുണ്ട്, എത്രയോ പ്രാവശ്യം അഴിമതിയാരോപണം ഉന്നയിച്ചതിന് ഇന്നേവരെ.....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ : ഈ അലിഗേഷൻസ് മുമ്പ് ഇവിടെ ഉന്നയിക്കപ്പെട്ടതാണെങ്കിലും ഇവിടെ അതാവർത്തിക്കുന്നുവെങ്കിൽ സഭയുടെ ചട്ടപ്രകാരം തന്നെ ആവർത്തിക്കണം. അല്ലാതെ അലിഗേഷൻസ് മുമ്പ് വന്നതായതുകൊണ്ട് അനുവാദമില്ലാതെ, ചട്ടപ്രകാരമല്ലാതെ ഉന്നയിക്കാമെന്നുള്ളത് ശരിയല്ല, കീഴ്വഴക്കമല്ല. അങ്ങേയ്ക്കുവേണ്ടി മാത്രമല്ല, ആരായാലും ഇങ്ങനെയുള്ള കാര്യങ്ങൾ ആരെക്കുറിച്ചായാലും സഭയുടെ ചട്ടപ്രകാരം മാത്രമേ ഉന്നയിക്കാൻ പാടുള്ളൂ. അങ്ങിവിടെ ഉന്നയിച്ചത് അലിഗേഷൻസാണ്. അന്വേഷിക്കാമോ എന്നാണ് ചോദിക്കുന്നത്. അങ്ങിവിടെ മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞു, അവസാനം ധനകാര്യവകുപ്പുമന്ത്രിയെ സംബന്ധിച്ചും പറഞ്ഞു. ആ രൂപത്തിലുള്ള അങ്ങയുടെ പരമാർശങ്ങൾ രേഖയിൽ തുടരാൻ അനുവദിക്കില്ല. അത് രേഖയിലുണ്ടാവില്ല. അങ്ങിവിടെ ഉന്നയിച്ചത് മറുപടി പറയാമോ എന്നല്ല, അന്വേഷിക്കാമോ എന്നല്ലേ ചോദിക്കുന്നത് ? അത് എങ്ങനെയാണ് അന്വേഷിക്കുന്നത് ? മുൻകൂട്ടി അറിയിക്കാതെ എങ്ങനെ അതിനെ സംബന്ധിച്ച് മറുപടി പറയും ? അതുകൊണ്ട് അത് അലിഗേഷൻസ് തന്നെയാണ്. ആ കാര്യത്തിൽ സംശയം വേണ്ട.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ അങ്ങയെ ചോദ്യം ചെയ്യുന്നില്ല. ഇവിടെ എന്റെ പ്രസംഗത്തിൽ.....

മി. സ്പീക്കർ : ഒരു അലിഗേഷൻ ഉന്നയിക്കാനും ആർക്കും ചെയർ അനുവാദം കൊടുത്തിട്ടില്ല, ഒരു അലിഗേഷൻസും ഈ സഭയിൽ ഉന്നയിച്ചിട്ടില്ല. ആ അലിഗേഷൻസ് പത്രത്തിൽ വരാനും പാടില്ല.

ഡോ. എം. എ. കുട്ടപ്പൻ : ഞാൻ ഒറ്റകാര്യം മാത്രമേ പറയുന്നുള്ളൂ. അഴിമതിക്കെതിരായി വിട്ടുവീഴ്ചയില്ലെന്ന് ഗവൺമെന്റ് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അഴിമതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്തുവെന്നേ പറയുന്നുള്ളൂ.

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് അങ്ങനെയല്ല, അങ്ങ് വ്യക്തികളെ പേരെടുത്തുതന്നെ പറഞ്ഞു. മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞു, മന്ത്രിമാരെ സംബന്ധിച്ച് പറഞ്ഞു, അവരുടെ ബന്ധുക്കളെയെല്ലാം സംബന്ധിച്ച് പറഞ്ഞു. അതൊന്നും രേഖയിലുണ്ടാവില്ല, അലിഗേഷൻസായിട്ട് സ്വീകരിക്കാനുമാവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ അങ്ങയെ മാനിക്കുന്നു. ഇവിടെ ഇന്നലേയും ഇന്നും മുൻഗവൺമെന്റിലെ മന്ത്രിമാർക്കെതിരായും കോൺഗ്രസ് മന്ത്രിമാർക്കെതിരായും ആവർത്തിച്ചാവർത്തിച്ച് ആക്ഷേപം ഉന്നയിച്ച് കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവർക്കും അത് ബാധകമാക്കണം.

മി. സ്പീക്കർ : തീർച്ചയായും, അതും പരിശോധിക്കാം.

ഡോ. എം. എ. കുട്ടപ്പൻ : മറ്റൊരു കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. സാമ്പത്തിക വിഷയത്തെക്കുറിച്ചാണല്ലോ കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയുണ്ടായത്. കേരളത്തിലെ ഗവർണ്ണറുടെ പ്രസംഗത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗം "കഴിഞ്ഞ 5 വർഷക്കാലമായി സംസ്ഥാനത്തെ സമ്പദ്ഘടനയും ജനങ്ങളുടെ ജീവിത നിലവാരവും മെച്ചപ്പെടുത്താനായി പല പരിപാടികളും ഗവൺമെന്റ് നടത്തുന്നുണ്ട്. ഗവൺമെന്റ് നടപടികളാകെ കേരളത്തെ പുരോഗതിയുടേയും സമൃദ്ധിയുടേയും പാതയിലേയ്ക്ക് എത്തിച്ചിട്ടുണ്ട്" എന്നാണ് പറയുന്നത്. കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയാകെ തകർന്നിരിക്കുന്നു. കേരളത്തെ സമൃദ്ധിയുടെ പാതയിൽ എത്തിച്ചില്ല, പുരോഗതിയുടെ പാതയിലെത്തിച്ചില്ല എന്ന് ഒരു സംശയവുമില്ലാതെ പറയാൻ കഴിയും. കേരളത്തിലെ എന്തു സാമ്പത്തിക പ്രശ്നം ചൂണ്ടിക്കാണിച്ചാലും ആഗോളവൽക്കരണമോ അല്ലെങ്കിൽ ഉദാരവൽക്കരണമോ ചൂണ്ടിക്കാണിച്ച് തടിതപ്പുകയാണ്. ഭരണകക്ഷിയിൽപ്പെട്ട എല്ലാവരും പ്രസംഗിക്കുമ്പോൾ ഉദാരവൽക്കരണത്തെ അല്ലെങ്കിൽ ആഗോളവൽക്കരണത്തെ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് ശ്രീ. അമർത്യാസെന്നിനെക്കൊണ്ട് വന്നപ്പോൾ അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട ഒരു വാചകം "ആഗോളവൽക്കരണം എന്നുപറയുന്നത് ജനങ്ങളുടേയും ആശയങ്ങളുടേയും ഉല്പന്നങ്ങളുടേയും അതിർത്തിയില്ലാത്ത ഒരു പ്രയാണമാണ്. അതിന്റെ പ്രയോജനം എടുക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിന് കുഴപ്പമൊക്കെ ഉണ്ടായാൽപ്പോലും ആ കുഴപ്പത്തെ അതിജീവിക്കാൻ മാർഗ്ഗമുണ്ട്. ആ മാർഗ്ഗം പ്രയോജനപ്പെടുത്തണം അതോടൊപ്പം തന്നെ ഉദാരവൽക്കരണത്തിന്റെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തണം" എന്നാണ്. അതുതന്നെയാണ് സ്വരാജ്പോളും പറഞ്ഞത്. ആഗോളവൽക്കരണത്തിന്റെ കുറെ അപകടങ്ങൾ ഉണ്ടെങ്കിൽപ്പോലും ആ അപകടങ്ങൾ തരണം ചെയ്യാൻ ഒട്ടേറെ മാർഗ്ഗങ്ങൾ ഡബ്ല്യൂ.ടി.ഒയിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ട് ഇന്ത്യയിലേയ്ക്ക് ഒട്ടേറെ നിക്ഷേപങ്ങൾ കടന്നു വരുന്നുണ്ട്. 1991 മുതൽ രണ്ടായിരാമാണ്ടു വരെ കോടിക്കണക്കിന് വിദേശനിക്ഷേപം എഫ്.ഡി.ഐ. എന്ന പേരിൽ വരികയുണ്ടായി. അങ്ങനെ വന്നതിൽ സിംഹഭാഗവും അന്യസംസ്ഥാനങ്ങളിലേക്കാണ് പോയത്. 1991 മുതൽ രണ്ടായിരാമാണ്ടുവരെ 6,99,447 മില്യൻ രൂപ ഇന്ത്യയിലേയ്ക്ക് വന്നതായി കണക്കുകൾ കാണിക്കുന്നുണ്ട്. ഇത്രയേറെ തുക ഇന്ത്യയിലേയ്ക്ക് എഫ്.ഡി.ഐ. വന്നിട്ട് ആ വിദേശനിക്ഷേപത്തിന്റെ സിംഹഭാഗവും പോയത് അന്യസംസ്ഥാനങ്ങളിലേയ്ക്കാണ്. ഉദാഹരണത്തിന് കർണ്ണാടകയിലേയ്ക്ക് വിദേശനിക്ഷേപം 7.55 ശതമാനം പോയപ്പോൾ തമിഴ്നാട്ടിലേയ്ക്ക് 6.71 ശതമാനം പോകുകയുണ്ടായി. മഹാരാഷ്ട്രയിലാകട്ടെ

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം എഫ്.ഡി.ഐ.യുടെ 13.58 ശതമാനം സമാഹരിക്കുകയുണ്ടായി. കേരളം ഒഴികെയുള്ള മിക്ക സംസ്ഥാനങ്ങളും, അതായത് കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ വിദേശനിക്ഷേപത്തിന്റെ സിംഹഭാഗവും സ്വീകരിച്ചുകൊണ്ട് ആ സംസ്ഥാനങ്ങളൊക്കെ മുന്നിലേയ്ക്ക് വളർന്നുകയറി. അതായത് ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാനം സ്വീകരിച്ചതുകൊണ്ട് ആ സംസ്ഥാനത്തെ മൊത്തം നിക്ഷേപം ഗണ്യമായി വർദ്ധിച്ചു. തൽഫലമായി ആ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി, സമ്പദ്ഘടന ഏറെ മെച്ചപ്പെട്ടു. കേരളം ആകട്ടെ ഈ രംഗത്ത് സമാഹരിച്ചത്, ആകർഷിച്ചത് കേവലം 0.39 ശതമാനം മാത്രമാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. മറ്റു സംസ്ഥാനങ്ങൾ 13.5 ശതമാനം വരെ എഫ്.ഡി.ഐ. ആകർഷിച്ചപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെപ്പോലെ പ്രമുഖരുള്ള സംസ്ഥാനത്ത് നമ്മൾ ആകർഷിച്ചത് കേവലം 0.39 ശതമാനം മാത്രമാണ്. ആഗോളവൽക്കരണത്തെ കണ്ട് അന്തംവിട്ടു നിൽക്കാതെ അതിന്റെ ഗുണഫലങ്ങൾ സംസ്ഥാനങ്ങളിൽക്കൂടി ആകർഷിക്കാൻ, പ്രയോജനമുണ്ടാക്കാൻ ഗവൺമെന്റിന് കഴിയേണ്ടതല്ലേ? ഉദാഹരണം പറയാം. ഇവിടെ നിരന്തരമായി ചൂണ്ടിക്കാണിക്കുന്ന ഒരു വിഷയം കാർഷികോല്പന്നങ്ങളുടെ വിലക്കുറവാണല്ലോ? ഡബ്ല്യു.ടി.ഒയുടെ വ്യവസ്ഥപ്രകാരം കേരളത്തിലെ ഭക്ഷ്യ എണ്ണകളായ പാമോയിലിനും വെളിച്ചെണ്ണയ്ക്കും 300 ശതമാനം വരെ ബണ്ട് റേറ്റ് ഏർപ്പെടുത്താമെന്നിരിക്കെ ഇപ്പോൾ വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയത് 50 ശതമാനവും പാമോയിലിന് 75 ശതമാനവുമാണ്. എന്തുകൊണ്ട്? ഗവൺമെന്റ് തങ്ങളുടെ എല്ലാ കഴിവും വിനിയോഗിച്ചുകൊണ്ട്, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ ഇംപോർട്ട് ഡ്യൂട്ടി, ബൗണ്ട് റേറ്റ്, വർദ്ധിപ്പിക്കാനുള്ള നടപടി കേരളാ ഗവൺമെന്റ് കൈക്കൊള്ളുന്നില്ല എന്നതുകൊണ്ടാണ്. ചെയ്യാവുന്നതാണല്ലോ? അതുപോലെ തന്നെ റബ്ബറിനെ കാർഷികോല്പന്നങ്ങളിൽപ്പെടുത്താത്തത് കൊണ്ട് ഇപ്പോൾ ഇംപോർട്ട് ഡ്യൂട്ടി കേവലം 25 ശതമാനം മാത്രമാണ്. റബ്ബറിനെയൊക്കെ കാർഷികോല്പന്നങ്ങളിൽ ഉൾപ്പെടുത്താൻവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാനങ്ങൾ വേണ്ടത് ചെയ്യണം. സംസ്ഥാനഗവൺമെന്റ് ചെയ്യേണ്ട ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. ഡബ്ല്യു.ടി.ഒയിൽ ഇന്ത്യ അംഗമായതുകൊണ്ടും അതൊരു ലോകയാഥാർത്ഥ്യമായതുകൊണ്ടും നമ്മുടെ പ്രശ്നങ്ങളെ അതിജീവിക്കാൻ വേണ്ടി കേരളാഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വേണ്ടത് ചെയ്യേണ്ടതായിരുന്നു. നമ്മുടെ കാർഷിക ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ അതിന്റെ ഇംപോർട്ട് ഡ്യൂട്ടി വർദ്ധിപ്പിക്കാൻ വേണ്ടത് ചെയ്യേണ്ടതായിരുന്നു. റബ്ബറിനെ കാർഷികോല്പന്നങ്ങളാക്കി മാറ്റാൻ സമ്മർദ്ദം ചെലുത്താതെ എന്തിനും ഏതിനും ഗ്ലോബലൈസേഷൻ കണ്ടുകൊണ്ട് പകച്ചു നിൽക്കുകയാണ് നമ്മൾ ചെയ്യുന്നത്. ഗ്ലോബലൈസേഷൻ എന്നുപറയുന്നത് നമ്മുടെ ബുദ്ധിയും കഴിവും വിനിയോഗിക്കേണ്ട ഒരു മത്സരരംഗമാണ്. ഇവിടെ എല്ലാറ്റിനും പ്രൊട്ടക്ഷൻ വേണം. ആ അവസ്ഥയിൽ നിന്നുമാറ്റം വരുത്തിക്കൊണ്ട് ലോകത്തെ വ്യവസായവുമായും മറ്റെന്തുമായും മത്സരിപ്പിക്കുവാനും ഇന്ത്യയിൽ കടന്നുവരുന്ന എഫ്.ഡി.ഐകളെ ആകർഷിക്കുവാൻ വേണ്ടത് ചെയ്തുകൊണ്ട് ഗ്ലോബലൈസേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

കെടുതികളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനുപകരം കേരളാ ഗവൺമെന്റും എൽ.ഡി.എഫ്-ഉം ഒക്കെ അന്തം വിട്ടു നിൽക്കുകയാണ് ചെയ്യുന്നത്. നേരത്തെ ഇവിടെ സംസാരിച്ച പലരും ചൂണ്ടിക്കാണിച്ച ഒരു വിഷയം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേവലം 15 മെഗാവാട്ട് വൈദ്യുതി മാത്രമേ ഉല്പാദിപ്പിച്ചിട്ടുള്ളൂ, കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് ഏതാണ്ട് ആയിരത്തിലേറെ മെഗാവാട്ട് വൈദ്യുതി നമ്മൾ ഉല്പാദിപ്പിച്ചുവെന്നുള്ളത് വലിയ ഒരു കേമത്തരമായി ഇതുവരെ സംസാരിച്ചവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ശ്രീ. നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടോ മൂന്നോ മാസം കഴിഞ്ഞപ്പോൾ മൂന്നു വലിയ പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി. ലോവർ പെരിയാർ, ബ്രഹ്മപുരം പദ്ധതി, കായംകുളം തെർമൽ പവർ സ്റ്റേഷൻ. ഈ മൂന്നു പദ്ധതികളുടേയും വർക്ക് നടത്തിയത് എൽ.ഡി.എഫിന്റെ കാലത്തല്ലല്ലോ ? യു.ഡി.എഫിന്റെ കാലത്ത് വർക്ക് പ്രോഗ്രസ് ചെയ്തു. എൽ.ഡി.എഫ്. അധികാരത്തിൽ വന്ന് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴാണ് അത് കമ്മീഷൻ ചെയ്യുന്നത്. അങ്ങനെ കമ്മീഷൻ ചെയ്തു കിട്ടിയ ആ കറന്റ്, എൽ.ഡി.എഫിന്റെ പട്ടികയിൽപ്പെടുത്തി സ്വയം ഊറ്റം കൊള്ളുകയാണ്. അതു ന്യായമാണോ ? അതുകൊണ്ട് ആയിരത്തി ചില്വാനം മെഗാവാട്ട് വൈദ്യുതി ഇവിടെ ഉണ്ടായെങ്കിൽ ഒരു സംശയവും വേണ്ട അതിനുമുമ്പ് അഞ്ചു വർഷക്കാലം കേരളം ഭരിച്ച യു.ഡി.എഫ്. സർക്കാരിന്റെ സേവനത്തിന്റെ വില കൂടിയാണ് അത് എന്നാണ് കാണാൻ സാധിക്കുന്നത്. ഇതൊക്കെ മറച്ചുവച്ചുകൊണ്ട് യു.ഡി.എഫിന്റെ കാലത്ത് വൈദ്യുതി ഒന്നും ഇവിടെ ഉല്പാദിപ്പിച്ചിട്ടില്ല, എൽ.ഡി.എഫിന്റെ കാലത്ത് വൈദ്യുതി ഉല്പാദിപ്പിച്ചു എന്നു പറയുന്നത്, ആ അവകാശം പൊള്ളത്തരമാണ് എന്നു ചൂണ്ടിക്കാണിക്കുകയാണ്. ഈ അഞ്ചുവർഷം കൊണ്ട് കേരളത്തിന്റെ ഖജനാവ് പൂട്ടിയിരിക്കുന്നു. ഇവിടെ പലരും പറഞ്ഞ കാര്യമാണ്. കരാറുകാർക്ക് പണം കൊടുക്കുന്നില്ല. കേരള ചരിത്രത്തിൽ എന്റെ അറിവ് ശരിയാണെങ്കിൽ ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് കോൺട്രാക്ടർ ലക്ഷങ്ങൾ കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തത്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിൽ ഒരു ജേക്കബ് ആത്മഹത്യ ചെയ്തു. അതിൽപ്പരം ഒരു അപമാനമുണ്ടാകാനുണ്ടോ ? പട്ടിണി കൊണ്ട് ചിലർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പട്ടിണി മരണമുണ്ടായിട്ടുണ്ട്. പക്ഷേ, സർക്കാരിൽ നിന്നും പണം കിട്ടാത്തതിന്റെ പേരിൽ കരാറുകാരൻ ആത്മഹത്യ ചെയ്ത സംഭവം കേരളത്തിൽ ആദ്യത്തെതാണ്. ഇതിൽപ്പരം നാണക്കേട് ഉണ്ടാകാനില്ല. ട്രഷറിയെ ഇങ്ങനെ കടക്കെണിയിൽപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും ഈ ഗവൺമെന്റിനുണ്ട്. എന്നിട്ട്, കേരളത്തിൽ നല്ല സമ്പദ്ഘടന വാർത്തെടുത്തു എന്ന് അവകാശപ്പെടുകയാണ്. ആ അവകാശവാദം തെറ്റാണ്. ഗവർണ്ണറെക്കൊണ്ട് തെറ്റായ കാര്യങ്ങൾ പറയിപ്പിച്ചതിന്റെ പേരിൽ ശ്രീ. അനുരുദ്ധൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. രാഘവൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുകയാണ്. ഇവിടെ കേരളത്തിലെ സാമ്പത്തിക തകർച്ചയെ സംബന്ധിച്ചും അതിനൊക്കെ ഉത്തരവാദി ഇടതുപക്ഷജനാധിപത്യമുന്നണിയാണെന്നും വരുത്തിത്തീർക്കാൻ ഉള്ള ഒരു ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ കണ്ണടച്ച് ഇരുട്ടാക്കുന്നതിനുള്ള ഒരു വിദ്യയാണ് കോൺഗ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള പ്രതിപക്ഷ അംഗങ്ങൾ കാണിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യം തന്നെ ആകെ വലിയ കടക്കെണിയിലാണ്. ഇന്ത്യാ രാജ്യത്തിന്റെ ഒരു ഭാഗമാണ് കേരളമെന്ന് അംഗീകരിക്കാൻ പോലും പ്രതിപക്ഷം തയ്യാറല്ല. കേരളം എന്തോ ഒരു വലിയ സ്വതന്ത്രരാജ്യമാണെന്ന രീതിയിലാണ് സംസാരിക്കുന്നത്. നമ്മുടെ രാജ്യത്ത് കോൺഗ്രസ്സും ബി.ജെ.പി.യും ഒക്കെ ഭരിച്ച അവസാനം ലോകബാങ്കിനും അമേരിക്ക അടക്കമുള്ള സാമ്രാജ്യത്വ ശക്തികൾക്കും പണയം വച്ചുകഴിഞ്ഞിരിക്കുകയാണ്. ഒരു കൊല്ലത്തിൽ ഒരു ലക്ഷത്തിനാൽപ്പതിനായിരം കോടി രൂപ നമ്മുടെ കേന്ദ്രഗവൺമെന്റ് പലിശയിനത്തിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേന്ദ്രസർക്കാരിന്റെ വിദേശ ആഭ്യന്തര കടം ഏകദേശം പത്തുലക്ഷത്തി രണ്ടായിരത്തി നാന്നൂറ്റി എൺപത്തി ആറ് കോടി രൂപയാണ്. 26 സംസ്ഥാനങ്ങൾ ചേർന്ന് നാലുലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരവും കോടി രൂപയാണ് കടമായി വാങ്ങിയിട്ടുള്ളത്. വിദേശത്ത് നിന്നൊക്കെ ഇഷ്ടം പോലെ കടം വാങ്ങിയിട്ട് രക്ഷപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്നായ ഹൈദ്രാബാദിനെക്കുറിച്ച്, അതുപോലെ ആന്ധ്രയെക്കുറിച്ച് ഡോ. എം. എ. കുട്ടപ്പൻ പറയുകയുണ്ടായി. അവർ ഒരു കൊല്ലം കൊണ്ട് മുപ്പതിനായിരം കോടി രൂപ ലോകബാങ്കിൽനിന്ന് കടം വാങ്ങിയിട്ടുണ്ട്. ഒരു കൊല്ലം പതിനാറായിരം കോടി രൂപ പലിശയായി തിരിച്ചടച്ച് കൊണ്ടിരിക്കുകയാണ്. അടയ്ക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. ആ സംസ്ഥാനത്തിനകത്താണ് 1998 മുതൽ 2000 വരെയുള്ള കാലത്ത് 650 പരുത്തിക്കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. വലിയ സാമ്പത്തിക വികസനമാണല്ലോ ആന്ധ്രയിൽ നടക്കുന്നത്. അവിടെ 50 പരുത്തിക്കൃഷിക്കാർ കിഡ്നി വിറ്റു, എന്തിനാണെന്നോ? ബാങ്കിലേയ്ക്കുള്ള കടം തിരിച്ചടയ്ക്കാൻ സാധിക്കാത്തതുകൊണ്ട്. ഇങ്ങനെയുള്ള ഒരു രാജ്യത്തിനകത്താണ് ഈ കൊച്ചു കേരളം നിൽക്കുന്നത്. ഇവിടെ സാമ്പത്തിക ഭദ്രതയാണ്, ഇവിടെ എല്ലാം സുന്ദരമായിപ്പോകുകയാണ് എന്നുള്ള യാതൊരു അവകാശവും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. ഈ കടക്കെണിയിൽപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തിനകത്തും ഈ പരിമിതിയിൽ നിന്നുകൊണ്ട് ഇത്രമാത്രം നമുക്ക് ചെയ്യാൻ സാധിക്കും എന്നു മാത്രമേ നോക്കുന്നുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പി. പി. തങ്കച്ചൻ ചോദിച്ചു, ഞങ്ങൾ ഭരിക്കുമ്പോൾ ആണല്ലോ ആഗോളവൽക്കരണവും വേൾഡ് ട്രേഡ് ഓർഗനൈസേഷനും വന്നത് എന്ന്. അന്നാണ് അതിന് ഒപ്പിട്ടത്. അന്ന് അടയ്ക്കക്ക് വിലയുണ്ടായിരുന്നല്ലോ; കുരുമുളകിനും റബ്ബറിനും ഇപ്പോഴല്ലേ വിലയിടിഞ്ഞത്. ന്യായമായ ചോദ്യമാണ് അത്. കേട്ടാൽ പെട്ടെന്ന് ശരിയാണെന്ന് തോന്നിപ്പോകും. ബഹുമാനപ്പെട്ട തങ്കച്ചനോട് ഞാൻ ചോദിക്കട്ടെ. അങ്ങൊരു തേങ്ങ മണ്ണിൽ നടുക. പിറ്റേ ദിവസം എഴുന്നേറ്റു നോക്കുക. ഇത് എന്താണ് കായ്ക്കാത്തതെന്ന് ചോദിക്കുക. അത് അഞ്ചു കൊല്ലം കഴിഞ്ഞേ കായ്ക്കുകയുള്ളൂ. കായ്ക്കുമ്പോഴോ, അന്ന് ഇത് കായ്ച്ചില്ലല്ലോ ഇപ്പോഴല്ലേ ഇത് കായ്ക്കുന്നത്? അതാണ് സംഗതി. നിങ്ങൾ വേൾഡ് ട്രേഡ് ഓർഗനൈസേഷനകത്ത് 1994-ൽ ഒപ്പിട്ടു. അതിന്റെ ഫലം വരുന്നത് 2000 ഏപ്രിൽ മാസം 1-ാം തീയതിയാണ്. ഇറക്കുമതി ചുങ്കമില്ലാതെ 715 സാധനങ്ങൾ ഇറക്കുമതി ചെയ്യാൻ തുടങ്ങി. രേഖ പ്രകാരം 2000 ഏപ്രിൽ

LIBRARY ARCHIVES Kerala Legislative Assembly

മാസം 1-ാം തീയതി 715 സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നു. ജപ്പാൻ 2000 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തുമ്പോൾ ഇന്ത്യാ രാജ്യത്തിലെ ഗവൺമെന്റ് ഒരു നയാപൈസ ഇറക്കുമതി ചുങ്കം ചുമത്തുന്നില്ല. നിങ്ങൾ ഒപ്പിട്ട് അഞ്ച് കൊല്ലം കഴിഞ്ഞപ്പോഴാണ് ഫലം വരുന്നത്. നിങ്ങൾ വിത്ത് വിതച്ചതിന്റെ ദോഷം ഞങ്ങൾ ഇപ്പോൾ കൊയ്തുകൊണ്ടിരിക്കുകയാണ്. എന്നിട്ട് പറയുന്നത്, രാജി വയ്ക്കാൻ ; അതിൽ നിന്ന് പിൻവലിച്ചു കൂടെ എന്ന്. എത്ര ന്യായമായ ചോദ്യം അല്ലേ ? എത്ര എളുപ്പത്തിൽ പറയാം. പിൻവലിക്കുക എന്ന്. നിങ്ങൾ ഒപ്പിടുക. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ കാത്തുനിൽക്കുകയാണ്, എന്തേ ഈ കോൺഗ്രസ്സുകാർ ഒപ്പിട്ടിട്ട് പിൻവലിക്കാൻ വരാത്തതെന്ന്. അങ്ങനെയാണോ ഒരു എഗ്രിമെന്റ് ഒപ്പിടുക. ഇത് ഗുരുതരമായ ആപത്താണ് സൃഷ്ടിക്കുന്നത്. അതാണ് നമ്മുടെ രാജ്യത്തുവന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ എന്താണ് നിങ്ങളുടെ നയം ? ബഹുമാനപ്പെട്ട കുട്ടപ്പൻ പറഞ്ഞത്, ഇതെല്ലാം ശരിയാണ് ; ഗ്ലോബലൈസേഷന്റെ ഗുണം മുഴുവൻ നമ്മൾ ഇപ്പോൾ അനുഭവിച്ച് കൊണ്ടിരിക്കുകയാണ്. ആറ് മില്യൺ ഡോളർ വന്നുവെന്ന് അദ്ദേഹം പറഞ്ഞല്ലോ ? യഥാർത്ഥത്തിൽ എന്നാണ് വന്നത്. നമ്മുടെ രാജ്യത്തിലെ പൊതുമേഖലാസ്ഥാപനത്തിൽ വിറ്റ കാശുമാത്രമാണ് ഇൻവെസ്റ്റ്മെന്റായിട്ട് വന്നത്. ഓഹരി വിറ്റു. കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ ധനകമ്മിയുണ്ടല്ലോ. അതുപോലുള്ള ധനകമ്മി കുറയ്ക്കാൻ വേണ്ടി അവർ ഇരുപതിനായിരം കോടി രൂപയുടെ ഓഹരി വിൽക്കുന്നു. ഓഹരി വിറ്റ കാശ് മാത്രമാണ് ഇൻവെസ്റ്റ്മെന്റ്, വേറെ ഇൻവെസ്റ്റ്മെന്റ് ഒന്നും ഇൻഡ്യാ രാജ്യത്ത് ഇല്ല. നിങ്ങൾക്കറിയാം ടെക്സ്റ്റയിൽ മിൽ പൂട്ടിയതിന്റെ ഫലമായി കഴിഞ്ഞ രണ്ട് വർഷത്തിനകത്ത് തമിഴ്നാട്ടിലും അതുപോലുള്ള പ്രദേശത്തും അൻപതിനായിരം തൊഴിലാളികളെയാണ് പിരിച്ചുവിട്ടത്. അവർ നമ്മുടെ കേരളത്തിലേയ്ക്ക് റെയിൽവേ പണിയെടുക്കുവാനും മറ്റു പണികളെടുക്കുവാനും വരുകയാണ്. ടെക്സ്റ്റയിൽ തൊഴിലാളികളെ പിരിച്ചുവിട്ടപ്പോൾ അവർ പിന്നെ വേറെ എവിടെ പോകും. ഇപ്പോൾ ആറ് ലക്ഷം വ്യവസായയൂണിറ്റുകൾ ഇൻഡ്യാ രാജ്യത്ത് പൂട്ടിയിട്ടിരിക്കുകയാണ്. ഇത് ഞാൻ പറഞ്ഞ കണക്കല്ല. പാർലമെന്റിൽ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ കണക്കാണ്. ഇന്നലെയൊന്നും പൂട്ടിയിട്ടുള്ളതല്ല. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ അതിന്റെ തുടർച്ചയായി പൂട്ടിയതാണ്. ഈ ആറ് ലക്ഷം യൂണിറ്റുകളും പൂട്ടിയിട്ടാൽ അവർ എങ്ങോട്ട് പോകും. അവർക്ക് എങ്ങോട്ട് പോകാൻ സാധിക്കും. ഈ കാര്യത്തിൽ നിങ്ങളുടെ നയമെന്താണ് ? ഇൻഡ്യാരാജ്യത്തിനകത്ത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതും വ്യവസായങ്ങൾ മുഴുവൻ അടച്ച് പൂട്ടുന്നതും ഓഹരി വിൽക്കുന്നതും സംബന്ധിച്ച് നിങ്ങളുടെ നയം എന്താണ് ? കേരളത്തെ സംബന്ധിച്ച് ഇത് തികച്ചും വ്യത്യസ്തമാണ്. കേരളത്തിലെ 35 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 480 കോടി രൂപയുടെ ധനസഹായം നൽകി. ഇൻഡ്യാ ഗവൺമെന്റും കേരളാ ഗവൺമെന്റും ഒരുപോലെയാണോ? ഇൻഡ്യയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നു. കേരളാ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 480 കോടി രൂപ സഹായം നൽകുന്നു. നിങ്ങളുടെ ഗവൺമെന്റുള്ളപ്പോൾ ആണ് നിയമനനിരോധന നിയമം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയത്. അഞ്ച് കൊല്ലക്കാലത്തേയ്ക്ക് ഒരാളേയും നിയമിക്കാൻ പാടില്ല എന്നുള്ള നിയമം നടപ്പിലാക്കിയത്. നമ്മുടെ പ്രധാനമന്ത്രി ശ്രീ.എ.ബി.വാജ്പേയ് കുമരകത്ത് വന്നപ്പോൾ എന്താണ് പറഞ്ഞത്? 2001 മാർച്ച് 31-നുമുമ്പ് പത്ത് ശതമാനം ജീവനക്കാരെ പിരിച്ചു വിടാൻ തീരുമാനിച്ചു എന്നാണ്. കേരളത്തിലെ ഗവൺമെന്റ് എന്താണ് ചെയ്തതെന്നോ പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും കൂടി ആറ് ലക്ഷം തൊഴിലാളികൾക്ക് ജോലി കൊടുത്തു. ചെറുകിട വ്യവസായങ്ങൾ ഇവിടെ ആരംഭിച്ചു. ഗവൺമെന്റ് മേഖലയിൽ മാത്രം ഒരു ലക്ഷം പേർക്ക് ജോലി കൊടുത്തില്ലേ? കെ.എസ്.ആർ.ടി.സിയിൽ 6347 ഡ്രൈവർമാരെ കഴിഞ്ഞ സെപ്റ്റംബറിൽ നിയമിച്ചില്ലേ? ഇപ്പോൾ കണ്ടക്ടർമാരെ നിയമിക്കാൻ പോകുകയാണ്. ഈ രണ്ട് നയത്തിൽ നിങ്ങൾ ആരുടെ ഭാഗത്താണ്. നിയമന നിരോധനത്തിന്റെ ഭാഗത്താണോ നിയമനം നടത്തുന്നവരുടെ ഭാഗത്താണോ? പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്ക് വിൽക്കുന്നവരുടെ ഭാഗത്താണോ അതോ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം കൊടുക്കുന്നവരുടെ ഭാഗത്താണോ? ഇൻഡ്യാ ഗവൺമെന്റ് റേഷൻ സബ്സിഡി പൂർണ്ണമായും എടുത്തുകളഞ്ഞു. കേരളാ ഗവൺമെന്റ് പൊതുവിതരണ രംഗത്തുമാത്രം മാവേലിസ്റ്റോറുകൾക്ക് അമ്പത് കോടി രൂപ കൊടുത്തു. നിങ്ങൾ ഏത് ഭാഗത്താണ്? ശ്രീ. എ. കെ. ആന്റണി പണ്ട് വേണ്ടാത്ത ഒരു പണിയെടുത്തു രണ്ടുതരം കാർഡ് വേണമെന്ന് പറഞ്ഞു. പിന്നീട് അദ്ദേഹം തന്നെ തെറ്റായിപ്പോയി എന്നുപറഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദ് അതിന് ഒരു പുതിയ വ്യാഖ്യാനം കൊടുത്തു needy people എന്ന്. അദ്ദേഹത്തിന് തന്നെയറിയില്ല എന്താണ് needy people എന്ന്. ഇത് ഈ കേരളത്തിൽ നടപ്പിലാക്കിയോ? ഇല്ലല്ലോ. എല്ലാപേർക്കും റേഷൻ സബ്സിഡി കൊടുത്തില്ലേ? 240 കോടി രൂപയോളം സബ്സിഡി കേരളാ ഗവൺമെന്റ് കൊടുത്തപ്പോൾ കേന്ദ്ര ഗവൺമെന്റ് സബ്സിഡി പൂർണ്ണമായും എടുത്തുകളഞ്ഞു. നിങ്ങൾ ആരുടെ ഭാഗത്താണ്. നിങ്ങൾ നയം വ്യക്തമാക്കാതെ വെറുതെ ഒരു നിസ്സാര പ്രശ്നത്തെ ഊതി വീർപ്പിച്ച് ഇവിടെയാകെ കുഴപ്പത്തിലാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത്. നിങ്ങൾക്ക് ഒരുപക്ഷേ, തെറ്റുപറ്റി നമ്മുടെ രാജ്യത്തെ നമുക്ക് രക്ഷിക്കണ്ടേ? കടക്കെണിയിൽ നിന്നും ഇൻഡ്യാ രാജ്യത്തെ രക്ഷിക്കാൻ നിങ്ങൾക്ക് എന്താണ് മാർഗ്ഗമുള്ളത്. നമ്മുടെ രാജ്യത്ത് കാട്ടുകള്ളന്മാർ ഉണ്ട്. അവർ 58,000 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങിയത്. അത് തിരിച്ചടയ്ക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇൻഡ്യയിലെ വൻകിട മുതലാളിമാർ 23,000 കോടി രൂപ ഇൻകംടാക്സ് അടയ്ക്കാനുണ്ട്. അത് തിരിച്ചുപിടിക്കണമെന്നാണ് നമ്മൾ പറയുന്നത്. ബി.ജെ.പി. ഗവൺമെന്റ് പറയുന്നത് തിരിച്ചടയ്ക്കണ്ട അതൊക്കെ അവർക്ക് എഴുതിത്തള്ളാമെന്ന്. അതൊക്കെ എഴുതിത്തള്ളുന്നതിനു പകരം തിരിച്ച് ഞടച്ചാൽ ഒരു കൊല്ലംകൊണ്ട് ധനകമ്മി നമുക്ക് നികത്താൻ സാധിക്കും. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നുപ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. നിങ്ങൾക്ക് സമരമില്ലല്ലോ. നിങ്ങൾ അന്യായയാത്ര നടത്തുകയല്ലേ? അതിനെക്കുറിച്ച് നിങ്ങൾ ഒരക്ഷരം പറഞ്ഞില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ പറഞ്ഞില്ല പോട്ടെ നിങ്ങൾ അപ്പുറത്തുപോയി എന്താണ് പ്രസംഗിക്കുന്നത് നായനാരുടെ പ്രസംഗത്തെപ്പറ്റി. അദ്ദേഹത്തിന്റെ സംസാരത്തെപ്പറ്റി, അദ്ദേഹം പറയുന്ന തമാശകളെപ്പറ്റി എന്തൊക്കെ പ്രസംഗങ്ങളാണ് നടത്തുന്നത്. ഇവിടത്തെ ഏറ്റവും വലിയ പ്രശ്നമെന്നുപറയുന്നത് ദാരിദ്ര്യമല്ലേ, അതിനെക്കുറിച്ചോ, ഈ രാജ്യത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചോ ഒന്നും പറയാനില്ല. ഡോ. എം. എ. കുട്ടപ്പൻ അഴിമതിയെക്കുറിച്ച് ഇവിടെ എത്രയോ പ്രാവശ്യം പറഞ്ഞതാണ്. ഇവിടെ അഴിമതി തെളിയിക്കാൻ വിജിലൻസ് സംവിധാനമുണ്ട്. ഓംബുഡ്സ്മാൻ ഉണ്ട് അതുപോലെ എന്തെല്ലാം സംവിധാനങ്ങളുണ്ട്. പണ്ടത്തെപ്പോലെയാണോ; ഈ മന്ത്രിസഭയിലെ പതിനാല് മന്ത്രിമാരിൽ ഒരു മന്ത്രിയെക്കുറിച്ച് ഈ അഞ്ചുവർഷക്കാലത്തിനിടയിൽ ഒരു അഴിമതിയാരോപണം ഉന്നയിക്കാൻ സാധിച്ചോ? എന്നിട്ട് എന്താ പറയുന്നത് ഞാൻ ആരോപണം ഉന്നയിക്കുന്നില്ല എന്നാണ്. ഞാൻ പറയുന്നു തന്റേടമുണ്ടെങ്കിൽ നിലവിലുള്ള ഏതെങ്കിലും സംവിധാനമുപയോഗിച്ച് ആരോപണം ഉന്നയിച്ചുകൂടേ? അവിടെ പോയാലറിയാം കഥയെന്താണെന്ന്. ഞങ്ങൾ വെറുതെ ഉന്നയിച്ചതല്ല. ശ്രീ. കരുണാകരന്റെ പേരിൽ ഈ നിയമസഭയിൽ അഴിമതി ആരോപണം ഉന്നയിച്ചു. നിങ്ങൾ തള്ളി, ഞങ്ങൾ ഹൈക്കോടതിയിൽ പോയി, സുപ്രീം കോടതിയിൽ പോയി. വെറുതെ ഇരുന്നുവെന്നാണോ വിചാരം. നിങ്ങളുടെ എട്ട് മന്ത്രിമാർക്കെതിരെയുള്ള കേസ് കിടക്കുകയല്ലേ, അതിൽ ഒരു മന്ത്രി രണ്ട് കേസിൽ ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ എന്തേ മിണ്ടാത്തത്? ശ്രീ. ആർ. ബാലകൃഷ്ണപിള്ള പതിനായിരം രൂപ ഫൈനടച്ച് ഇപ്പോൾ കുത്തിയിരിക്കുകയാണ്. ഏത് സമയത്തും ജയിലിൽ പോകാം. നിങ്ങളുടെ എട്ട് മന്ത്രിമാർക്കെതിരായി കേസ് കിടക്കുകയാണ്. നമ്മൾ വെറുതെ ഉന്നയിച്ചതല്ല. ഞങ്ങൾ തന്റേടത്തോടുകൂടി കോടതിയിൽ പോയി. കോടതിയിലുള്ള നിയമമുപയോഗിച്ചുകൊണ്ട് തെളിയിച്ചു. എന്നിട്ടിപ്പോൾ അവർ ജാഥ നടത്തുകയാണ്. അഴിമതിക്കെതിരായി ജാഥ നടത്തുന്ന മാന്യന്മാർ ആരൊക്കെയാണെന്നോ ശ്രീ. എം. വി. രാഘവൻ, ശ്രീ. ടി. എം. ജേക്കബ്, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. എം. മാണി. എത്ര മിടുക്കൻമാരായിട്ടാണ് അഴിമതിക്കെതിരെ ജാഥ നടത്തുന്നത്. ഈ ഗവൺമെന്റിനെതിരെ ഒരു അഴിമതികേസ് ഉന്നയിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. അപ്പോൾ അഴിമതിക്കെതിരെ ശക്തമായ ഒരു നടപടിയെടുത്ത ഗവൺമെന്റാണ് ഇത്. സാമ്പത്തികസ്ഥിതിയെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞതുപോലെ എല്ലാം ഭദ്രമായി എന്നല്ല ഞാൻ പറയുന്നത്. പക്ഷേ, 60 ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയില്ലേ. നിങ്ങൾക്ക് പറയാൻ സാധിക്കുമോ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രി ആയിരുന്നപ്പോൾ ചെക്കുകൾ എല്ലാം ട്രഷറിയിൽ കൊണ്ടുപോയാൽ അപ്പോൾതന്നെ കാശ് വാങ്ങിച്ചിരുന്നോ? ഈ കടക്കെണിയിലകപ്പെട്ടിരിക്കുന്ന സംസ്ഥാന ഗവൺമെന്റിൽ ശ്രീ. ഉമ്മൻചാണ്ടിയായാലും ശ്രീ.ടി.ശിവദാസമേനോൻ ആയാലും ചില പരിമിതികളുണ്ട്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രി ആയിരുന്നപ്പോൾ എത്രയോ പ്രാവശ്യം ഞാൻ തന്നെ പല ചെക്കുകളും കൊണ്ടുപോയിട്ടുണ്ട്. പലപ്പോഴും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയന്ത്രണം തന്നെയാണ് ഇപ്പോഴും ശ്രീ. ടി. ശിവദാസമേനോന്റെ സമയത്തും ഉണ്ടായിട്ടുള്ളത്. ഉമ്മൻചാണ്ടി ധനകാര്യവകുപ്പ് മന്ത്രിയായിരുന്നപ്പോഴല്ലേ ആറ് ദിവസം ട്രഷറി പൂട്ടിയത്. നിങ്ങൾ ഇത് കാണാതെയാണ് വിമർശിക്കുന്നത്. യാഥാർത്ഥ്യത്തെ അതുപോലെ കാണണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. കണ്ണടച്ച് എല്ലാത്തിനേയും എതിർക്കുകയെന്ന സമീപനമെടുത്താൽ നിങ്ങൾ എവിടേയ്ക്കാണ് പോകുന്നത്. നിങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിയല്ലേ ? നിങ്ങൾ ഇൻഡ്യാരാജ്യത്തെ ഒരു രാഷ്ട്രീയ പാർട്ടിയല്ലേ ? കുറെക്കൊല്ലം ഇൻഡ്യ ഭരിച്ചതും കേരളം ഭരിച്ചതുമായിട്ടുള്ള ഒരു പാർട്ടിയല്ലേ ? നിങ്ങൾ എന്തുകൊണ്ട് യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി കാണാൻ തയ്യാറാകുന്നില്ല. നിങ്ങൾ എല്ലാത്തിനേയും എതിർക്കുകയാണ്. 60 ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ എന്തെല്ലാം വേണം. കാഷ്യൂ തൊഴിലാളികൾക്ക് പെൻഷൻ വർദ്ധിപ്പിച്ചില്ലേ, തൊഴിലില്ലായ്മാ വേതനം വർദ്ധിപ്പിച്ചില്ലേ. കേരളത്തിൽ ആർക്കെങ്കിലും ഏതെങ്കിലും പെൻഷൻ കിട്ടാത്തതായിട്ടുള്ള ആളുകളുണ്ടോ ? കേന്ദ്ര ഗവൺമെന്റിന്റെ 11-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുടെ അധികാരങ്ങളെല്ലാം പിടിച്ചുപറിച്ചുകൊണ്ടിരിക്കുമ്പോൾ ഇതെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട എം. എ. കുട്ടപ്പൻ പറഞ്ഞല്ലോ മൂവായിരം കോടി രൂപ താഴോട്ട് കൊടുത്തതിന് ആഡിറ്റിംഗ് സമ്പ്രദായമില്ലായെന്ന്. നിങ്ങൾക്കല്ലാതെ ഇത് പറയുവാൻ പറ്റുമോ. എല്ലാത്തിനും ആഡിറ്റിംഗ് സമ്പ്രദായമുണ്ടല്ലോ, ഓംബുഡ്സ്മാൻ പിന്നെ എന്തിനാണ് ? ലോക്കൽ ആഡിറ്റിംഗ് വിഭാഗം എന്തിനാണ്? ഇതെല്ലാം ആഡിറ്റിംഗിനുവേണ്ടിയുള്ളതാണ്. പഞ്ചായത്തിന് പ്രത്യേകമായ ആഡിറ്റിംഗ് സമ്പ്രദായമുണ്ട്. ഞാൻ പറയുന്നത് കേരളത്തിലെ പഞ്ചായത്തുകൾക്ക് മൂവായിരം കോടി രൂപ കൊടുത്തുവെന്ന് സമ്മതിച്ചല്ലേ ? ഇപ്പോൾ 1065 കോടി രൂപ വീണ്ടും പഞ്ചായത്തുകൾക്ക് കൊടുക്കാൻ പോകുകയാണ്. കേരളത്തിലെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾക്കും 2001 മാർച്ച് 31-നുമുമ്പ് വീടുണ്ടാക്കി കൊടുക്കുകയാണ്. വീടുണ്ടാക്കാൻ സ്ഥലമില്ലെങ്കിലോ ആ സ്ഥലത്തിന് പതിനായിരം രൂപ വേറെയും കൊടുക്കുന്നു. കേരളത്തിലെ പട്ടികജാതിക്കാരായ ആളുകൾക്ക് വീടുകൊടുക്കുന്നത് നല്ല കാര്യമല്ലേ. ഇൻഡ്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇങ്ങനെയൊരു പദ്ധതിയുണ്ടോ ? പട്ടികജാതി വിഭാഗത്തിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യം മൂന്നുതവണ വർദ്ധിപ്പിച്ചില്ലേ ഈ ഗവൺമെന്റ്. എന്റെ നിയോജക മണ്ഡലത്തിൽ 90 കുട്ടികൾ പഠിക്കുന്ന ഒരു എം.ആർ.എസ്. (Model Residential School) ഉണ്ട്. ആ കുഞ്ഞുങ്ങളെയൊക്കെ കണ്ടാൽ നിങ്ങൾ സന്തോഷിക്കും. പൊട്ടിക്കരയുന്നതിനുപകരം പൊട്ടിച്ചിരിക്കും. അവിടെ കുഞ്ഞുങ്ങൾ പഠിക്കുകയാണ്, അവരുടെ ഡ്രസ്സ്, അവർക്കുള്ള ആനുകൂല്യങ്ങൾ അതൊക്കെ കണ്ടാലുണ്ടല്ലോ ശ്രീ. എം. എ. കുട്ടപ്പൻ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെ കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കും. അവിടത്തെ 18 സ്കൂളുകളിലും ഇതാണ് സ്ഥിതി. പക്ഷേ, ഡോ. എം. എ. കുട്ടപ്പൻ അതൊന്നും കാണുകയില്ല. അദ്ദേഹം നല്ലകാര്യങ്ങളൊന്നും കാണുകയില്ല. എവിടെ ചോരയുണ്ടെന്നാണ് നോക്കുന്നത് ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ, അങ്ങ് പഴയ മന്ത്രിയല്ലേ, അങ്ങ് ആ 18 സ്കൂളുകളിൽ പോയി ഒന്ന് നോക്കണം. അങ്ങയുടെ കാലത്ത് ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷവാൻമാരായി ഒരു കുഞ്ഞിനെപ്പോലും കണ്ടിട്ടുണ്ടോ ? ആ കുഞ്ഞുങ്ങൾ കേരളത്തിന്റെ സന്തതികളായി അഭിമാനപൂർവ്വം വളർന്നുവരികയല്ലേ ? കേരളത്തിൽ അങ്ങനെയുള്ള 18 സ്കൂളുകൾ ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആനുകൂല്യങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് 340 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. ആ നിലയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുള്ളത്. കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സൂപ്പി ഇവിടെ കണ്ണടച്ചിട്ട് കാര്യമില്ല. നാട്ടിൽ പോയി നല്ല കാര്യമേ പറയൂവെന്ന് എനിക്കറിയാം. ലോകബാങ്കിന്റെ നാല് ഉദ്യോഗസ്ഥർ കേരളത്തിൽവന്ന് ഒരു റിപ്പോർട്ട് തയ്യാറാക്കികൊടുത്തിരുന്നു. ഇത്രമാത്രം ജനകീയ പങ്കാളിത്തത്തോടുകൂടി പരിപാടികൾ നടപ്പിലാക്കുന്ന ഒരു പദ്ധതി ഞങ്ങൾ കണ്ടിട്ടില്ല എന്നാണ് അവർ പറഞ്ഞിരിക്കുന്നത്. ഞങ്ങളാരും പറഞ്ഞതല്ല. ആ നിലയ്ക്കാണ് കേരളത്തിലെ ജനകീയാസൂത്രണ പരിപാടികൾ മുന്നോട്ടുപോകുന്നത്. അതുപോലെ ക്രമസമാധാനത്തിന്റെ കാര്യത്തിൽ വളരെ ശക്തമായ നിലപാടുകൾ എടുക്കുന്ന ഒരു ഗവൺമെന്റല്ലേ ഇത് ? നിസ്സാരമായ പ്രശ്നങ്ങൾ ഉണ്ടാകാം. എല്ലാം ഭദ്രമായിയെന്ന് ഞാൻ പറയുന്നില്ല. ഒരു കൊലപാതകവും കേരളത്തിൽ ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഒരു കൊലപാതകവും ഇല്ലാത്ത നിലയിലേയ്ക്ക് കേരളത്തെ എത്തിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന നിരവധി കൊലപാതകങ്ങൾ ഈ ഗവൺമെന്റ് തെളിയിച്ചു. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലിയുടെ മണ്ഡലമായ കാസർകോട് തളങ്കരയിൽ നടന്ന ഇരട്ട കൊലപാതകത്തിലെ പ്രതികളെ ഈ ഗവൺമെന്റ് വന്നതിനുശേഷം പിടിച്ചു. എത്രയോ കൊല്ലം മുമ്പ് നടന്ന കൊലപാതകമാണ് ദേവലോകം ദമ്പതികളുടേത്. ആ കൊലയാളികളേയും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പിടിച്ചത്. ഇപ്പോൾ ആലുവയിൽ നടന്നത് ഞെട്ടിപ്പിക്കുന്ന കൊലപാതകമല്ലേ? ദിവസങ്ങൾ കഴിയുന്നതിനുമുമ്പ് കൊലയാളികളെ പിടിച്ചില്ലേ ? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കൊലയാളികളെ പിടിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ ? ഇല്ല. കൊലയാളികളെ സംരക്ഷിക്കുന്ന നിലപാടാണ് നിങ്ങൾ എടുത്തിട്ടുള്ളത്. അതുപോലെ ആരോഗ്യരംഗം എടുത്ത് പരിശോധിക്കുകയാണെങ്കിൽ കഷ്ടത അനുഭവിക്കുന്ന രോഗികൾക്ക് സഹായം നൽകാനായി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പ്രത്യേകമായ ഒരു പരിപാടി ഏർപ്പെടുത്തി. സ്കൂൾ കുട്ടികൾക്ക് പാലും അരിയും സൗജന്യമായി കൊടുക്കുന്നു. ആയിരത്തിയഞ്ഞൂറിലധികം പാലങ്ങളാണ് കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി കേരളത്തിനകത്ത് ഉയർന്നുവന്നത്. ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു കാര്യമാണിത്. വിദ്യുച്ഛക്തി രംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം. എ. കുട്ടപ്പൻ തമാശയായിട്ട് പറയുകയുണ്ടായി. കഴിഞ്ഞ മാസം ഹിന്ദു അടക്കമുള്ള പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധിക്കേണ്ടതാണ്. കർണ്ണാടകയിൽ ലോഡ്ഷെഡ്ഡിംഗ് വർദ്ധിക്കുന്നു. ഇപ്പോൾതന്നെ അവിടെ മൂന്നര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ആണ്. മാർച്ച് മാസത്തോടുകൂടി ലോഡ്ഷെഡ്ഡിംഗിന്റെ സമയം വർദ്ധിക്കുകയാണ്. ബഹുമാനപ്പെട്ട കാർത്തികേയൻ ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് മൂന്നര മണിക്കൂർ ആയിരുന്നു ലോഡ്ഷെഡ്ഡിംഗ്. നിങ്ങൾ ഇന്ന് ആ കാര്യത്തിൽ സന്തോഷിക്കണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

2000 ഡിസംബർ മാസം 31 അവസാനിക്കുന്നതിനുമുമ്പ് കേരളം വിദ്യുച്ഛക്തി മേഖലയിൽ സ്വാശ്രയത്വത്തിലേയ്ക്ക് എത്തുമെന്നു പറഞ്ഞ ഗവൺമെന്റിനേയും ബഹുമാനപ്പെട്ട പിണറായി വിജയനേയും നിങ്ങൾ തമാശയാക്കിയെടുത്തു. ഇപ്പോൾ നിങ്ങൾ പറയുന്നതെന്താണ്? അത് ഞങ്ങൾ ഉണ്ടാക്കിയതാണെന്നാണ് ഇപ്പോൾ നിങ്ങൾ പറയുന്നത്. എന്റെ മണ്ഡലത്തിൽ 20 മെഗാവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു യൂണിറ്റിന്റെ ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർച്ച് 6-ാം തീയതി നടത്തുകയാണ്. ഇന്ന് കാസർകോട് വന്നാൽ സുന്ദരമായ വെളിച്ചം നിങ്ങൾക്ക് കാണാം. നിങ്ങൾ ഭരിക്കുന്ന കാലത്ത് അവിടെ വന്നാൽ പിശാചിന്റെ കണ്ണുപോലെയുള്ള ബൾബുകളായിരുന്നു. ഇന്ന് പൂനിലാവുപോലുള്ള വെളിച്ചം. വൈദ്യുതി രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റം കാണേണ്ടതാണ്. നിങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്ന് ഞങ്ങൾ പറയുന്നില്ല. നിങ്ങൾ 17 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. അത് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ, ആയിരം മെഗാവാട്ട് വിദ്യുച്ഛക്തി കൊണ്ടുവന്നത് ശ്രീ. പിണറായി വിജയനും ശ്രീ. എസ്. ശർമ്മയും ഭരിച്ച കാലത്താണ് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഈ നിലയ്ക്ക് കേരളത്തിൽ വന്നിച്ച മാറ്റം എല്ലാ രംഗത്തും ഉണ്ടായിട്ടുണ്ട്. പക്ഷേ, മറ്റേ കുടക്കീഴിലാണ് നമ്മൾ നിൽക്കുന്നത്. തീമഴ പെയ്യുമ്പോഴാണ് ആ കുട നമ്മൾ കാണിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ആന്റണിയും കൂട്ടരും ഒരു യാത്ര നടത്തുകയാണല്ലോ. ഒരു നല്ല കാര്യം ആയതുകൊണ്ട് ആ യാത്രയെക്കുറിച്ച് പറയണമല്ലോ. ഇവിടെ ഞങ്ങളുടെ പണപ്പിരിവിനെ സംബന്ധിച്ച് നിങ്ങൾ പറയുകയുണ്ടായി. ശ്രീ. എ. കെ. ആന്റണിയുടെ രഥത്തിലുള്ള യാത്ര മഞ്ചേശ്വരത്തുനിന്നാണ് പുറപ്പെട്ടത്. എത്ര സുന്ദരമായ കാഴ്ച? നൂറുകണക്കിന് വാഹനങ്ങളാണ് ആ യാത്രയോടൊപ്പം വരുന്നത്. നൂറുകണക്കിന് വാഹനങ്ങൾ ഉണ്ടെങ്കിലും ആളില്ലാത്തതാണ് പ്രശ്നം. ഡ്രൈവർ ഒഴിച്ചാൽ പിന്നെ ആളില്ല. ഈ നൂറുക്കണക്കിനായ വാഹനങ്ങൾക്കുള്ള കാശ് നിങ്ങൾ എവിടന്ന് ഉണ്ടാക്കി ? ഞങ്ങൾ പാട്ട കുലുക്കിയാണ് കാശ് ഉണ്ടാക്കിയത്. നിങ്ങൾ വളരെ സുന്ദരമായ പോസ്റ്റർ ഒട്ടിച്ചിട്ടുണ്ട്. എവിടന്നാണ് നിങ്ങൾ കാശ് ഉണ്ടാക്കിയത് ? കേരളത്തിലെ മണിച്ചനും കർണ്ണാടകയിലെ ജോണും അടക്കമുള്ള ചാരായ ലോബികളും കള്ളക്കടത്തുകാരും കരിഞ്ചന്തക്കാരും നിങ്ങൾക്ക് വഴിനീളെ സ്വീകരണം ഏർപ്പെടുത്തുകയാണ്. ഞങ്ങൾ അടുത്ത പ്രാവശ്യം അധികാരത്തിൽ വന്നാൽ ഇഷ്ടംപോലെ കക്കാനുള്ള സാഹചര്യം ഉണ്ടാക്കിത്തരാമെന്നാണ് നിങ്ങൾ പറയുന്നത്. ശ്രീ. കെ. കരുണാകരൻ കള്ളനാണെന്ന് പറഞ്ഞത് ഞാനല്ല. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും അടക്കമുള്ള കോൺഗ്രസ്സുകാരാണ്. കെ.പി.സി.സിയുടെ ജനറൽ സെക്രട്ടറി ശ്രീ. പി. ബാലന്റെ ജീവചരിത്രം ഇന്നലെ പ്രകാശനം ചെയ്തു. അദ്ദേഹം പറയുന്നത് ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള ഒരു കള്ളനെ കേരളം കണ്ടിട്ടില്ല എന്ന്. നിഷേധിക്കാൻ ധൈര്യമുണ്ടോ ? എത്രയോ കൊല്ലക്കാലം ശ്രീ. എ. കെ. ആന്റണിയോടും നിങ്ങളോടുമൊപ്പം കോൺഗ്രസ്സ് (ഐ)ൽനിന്ന കെ.പി.സി.സിയുടെ ജനറൽ സെക്രട്ടറി ആയിരുന്ന ശ്രീ. പി. ബാലൻ അവസാനം ശ്രീ. ആന്റണിയെ വിശ്വസിക്കാൻ പാടില്ലായെന്നുള്ള സത്യം എഴുതിയിരിക്കുന്നു. നിങ്ങൾ ശ്രീ. ആന്റണിയെയും കൊണ്ട് നിങ്ങളുടെ അന്ത്യയാത്ര പുറപ്പെട്ടിരിക്കുകയാണ്. നിങ്ങളുടെ ഈ യാത്ര തിരുവനന്തപുരത്ത്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണ്ട. കന്യാകുമാരിയിൽ പോയി ആ കടലിൽ മുങ്ങിയാൽ മാത്രമേ നിങ്ങളുടെ പാപം തീരുകയുള്ളൂ. അത്രയും വലിയ പാപമാണ് നിങ്ങൾ ചെയ്ത് കൂട്ടിയത്. മന്ത്രിക്കസേര കണ്ടിട്ട് ആന്റണിയും കൂട്ടരും യാത്ര അവസാനിപ്പിക്കണ്ട. നിങ്ങളുടെ അന്ത്യയാത്ര കടലിലേയ്ക്ക് പോകുന്നതാണ് നല്ലത്. നിങ്ങളെ കേരളം തിരിച്ചറിയും. നിങ്ങൾ ഇനിയും തിരിച്ചു വരുന്നത് മന്ത്രിമാർക്ക് കക്കാനും ആളെ കൊല്ലാനുമാണോ ? അതുകൊണ്ട് കേരളം ഒരിക്കലും നിങ്ങളെ തിരിച്ചുകൊണ്ടുവരികയില്ല എന്ന് മനസ്സിലാക്കുന്നത് ഇപ്പോഴെങ്കിലും നല്ലതായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നമ്മുടെ രാഘവൻ വക്കീലാണ് അവസാനം പറഞ്ഞുനിർത്തിയിരിക്കുന്നത്. അദ്ദേഹം പറഞ്ഞുനിർത്തുമ്പോഴും മോചനയാത്രയാണ് അദ്ദേഹത്തിന്റെ മനസ്സിൽ. ഇടിവെട്ടേറ്റതുപോലെയാണ് തോന്നിയത്. ഉദുമയിലും മലപ്പുറത്തും കഴിഞ്ഞപ്പോൾ ഏകദേശം കാര്യം മനസ്സിലായി. അടുത്തകാലത്തൊന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ എൽ.ഡി.എഫിനോ ഇത്രകണ്ട് ഞടുക്കം ഉണ്ടാക്കുന്ന ഒരു സംഭവം ഉണ്ടായിട്ടില്ല. ശ്രീ. രാഘവനും ശ്രീ. പ്രകാശ് ബാബുവും അതുപോലെ അപ്പുറത്തുനിന്ന് സംസാരിച്ച മുഴുവൻ ആളുകളും മോചനയാത്രയെ കുറിച്ചാണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ഒരു യാത്ര കഴിഞ്ഞല്ലോ. അതിൽ കാറും വെഞ്ചാമരവും ഉണ്ടായിരുന്നില്ലേ? ഇനിയിപ്പോൾ 28-ാം തീയതി നിങ്ങൾ മേഖലാ ജാഥ നടത്തുകയാണല്ലോ. വയസ്സുകാലത്ത് ശ്രീ.പി.കെ.വാസുദേവൻനായരടക്കമുള്ള ആളുകൾ അതിൽ പങ്കെടുക്കുകയാണ്. രാഘവൻ വക്കീൽ തൃശ്ശൂരിൽ വന്നിരുന്നില്ല. അതാണ് പറ്റിയത്. അവിടെ ആള് ഉണ്ടായിരുന്നോ ? അവിടെ മുത്തുക്കുട, ആന, വെഞ്ചാമരം, പടക്കം, കുതിര, തുടങ്ങി എന്തൊക്കെയാണ് ഉണ്ടായിരുന്നത് ? അവിടെ യാതൊരു ആർഭാടവും ഉണ്ടായിരുന്നില്ലേ ? നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. നിങ്ങൾ നിങ്ങളുടെ കാലിന്റെ മന്ത് പരിശോധിക്കുക. നിങ്ങൾ എന്തിനാണ് രണ്ട് ജാഥ നടത്തിയത് ? നിങ്ങളെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ എന്തിനാണ് അസ്വസ്ഥത കാണിക്കുന്നത് ? ഞങ്ങളുടെ മോചനയാത്രയിൽ ആളില്ലെന്ന് പറഞ്ഞത് ശരിതന്നെ. പക്ഷേ, അതിന് നിങ്ങളെന്തിനാണ് ഇത്ര വേവലാതി കാണിക്കുന്നത് ? ശ്രീ. എം. എ. ബേബിയുടേയും ശ്രീ. കൊടിയേരി ബാലകൃഷ്ണന്റെയും ജാഥ കഴിഞ്ഞല്ലോ. അതുകഴിഞ്ഞപ്പോൾ നിങ്ങൾ മോചനയാത്ര കണ്ടു. അപ്പോൾ അതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഞാൻ ചോദിക്കട്ടെ ശ്രീ. പി. കെ. വാസുദേവൻ നായരെകൊണ്ട് ജീവിതത്തിൽ എന്നെങ്കിലും ഇത്തരം പണി ചെയ്യിപ്പിച്ചിട്ടുണ്ടോ ? ഏതെങ്കിലും ജാഥ അദ്ദേഹം നയിച്ചിട്ടുണ്ടോ ? ഞാൻ പറഞ്ഞു വന്നത് നിങ്ങൾ ഈ മോചനയാത്രയെ വല്ലാതെ ഭയക്കുകയാണ്. നിങ്ങൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. മോചനയാത്രയിൽ ജീവിതത്തിൽ ഉണ്ടാക്കിയിട്ടുള്ള മാനസികമായ പരിവർത്തനം ഉള്ള കാര്യങ്ങൾ അവരുമായി പങ്കിടുമ്പോൾ ഉണ്ടാകുന്ന ആശയ വിനിമയത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളിൽ അത് നല്ലവണ്ണം ഏറ്റു. അത് ഏറ്റതിന്റെ എല്ലാ ലക്ഷണങ്ങളും ഇപ്പോൾ ഇവിടെ കാണുന്നുണ്ട്. ഞാൻ ഇത് സൂചിപ്പിക്കുമ്പോൾ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും ഞങ്ങൾ കുറ്റം പറയുകയാണ്. ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ കാലത്തെ ഇവിടെ പ്രസംഗിച്ചത് കേട്ടപ്പോൾ, ശ്രീമതി സോണിയാ ഗാന്ധി ഒന്ന് കുളിച്ചുവെന്നാണ് പറയുന്നത് അർദ്ധസ്നാനം നടത്തിയെന്ന്. അവർ പകുതി കുളിച്ചുവരുത്തിയെന്ന്. അവർ പകുതിയെങ്കിലും കുളിക്കുന്നുണ്ടല്ലോ. ഞാൻ ചോദിക്കുന്നത് ഒരു സ്ത്രീയെക്കുറിച്ചാണല്ലോ മറ്റൊരു സ്ത്രീ ഇങ്ങനെ പ്രസംഗിച്ചത് ? വല്ല ആവശ്യമുണ്ടോ ? നിങ്ങളുടെ പാർട്ടി ഒരു ഘട്ടത്തിൽ ഇന്ദിരാഗാന്ധി കുളിച്ചു വരുന്നതു കാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്യുതമേനോൻ അടക്കം കാത്തു നിൽക്കുകയായിരുന്നു. ഞങ്ങൾ ഗാട്ട് കരാർ ഉണ്ടാക്കി. സമ്മതിക്കുന്നു. ആഗോളവൽക്കരണത്തിനും അതുപോലെ തന്നെ മറ്റു കാര്യങ്ങൾക്കും വേണ്ടി ഞങ്ങൾ തന്നെയാണ് മുൻകൈ എടുത്തത്. നിങ്ങൾ അത് മറന്നു. ദേവഗൗഡ ഗവൺമെന്റിൽ ഇന്ദ്രജിത് ഗുപ്ത. അതുപോലെ ചതുരാനൻ മിശ്ര എന്നീ രണ്ട് സി.പി.ഐ. മന്ത്രിമാർ ഉണ്ടായിരുന്നില്ലേ ? അതേ നയം നിങ്ങൾ പിന്തുടരുന്നു. നിങ്ങൾ സാർക്ക് സമ്മേളനം നടത്തി. നമ്മുടെ ഐ. കെ. ഗുജ്റാൾ പോയി മാലിയിൽ വച്ച് നടന്ന സമ്മേളനത്തിൽ പങ്കെടുത്ത രാജ്യങ്ങളാണ് ഭൂട്ടാൻ, നേപ്പാൾ, സിലോൺ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇൻഡ്യ മുതലായ രാജ്യങ്ങൾ. നിങ്ങൾ ആ സമ്മേളനത്തിൽ അല്ലേ വേറൊരു കരാർ ഉണ്ടാക്കിയത് ? ഇറക്കുമതിയുടെ കാര്യം. അമേരിക്കയിൽ നിന്നാണോ നാളികേരം ഇവിടെ വരുന്നത്. സിലോണിന് സ്വതന്ത്രവ്യാപാരം നടത്തുന്നതിന് നിങ്ങളല്ലേ അനുവദിച്ചത് ? സി.പി.ഐ.കാർക്ക് ഒരക്ഷരം മിണ്ടാൻ സാധിച്ചോ ? നിങ്ങൾക്ക് അന്ന് എതിർക്കാമായിരുന്നില്ലേ? ആ കാലഘട്ടത്തിൽ ഞങ്ങൾ തന്നെയാണ് കേരളത്തിൽ ഭരിച്ചിരുന്നത്. ശ്രീ.പി.പി.തങ്കച്ചൻ സംസാരിച്ചപ്പോൾ നിങ്ങൾ കളിയാക്കി. നാളികേരത്തിന് 1991-ൽ 3 രൂപ. ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ ആറേമുക്കാൽ രൂപയായി. അന്ന് 30 രൂപയായിരുന്ന റബ്ബറിന് ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ 67 രൂപയായി. ഈ പറഞ്ഞ സാർക്ക് രാജ്യങ്ങളിൽ നിന്നും വരുന്ന ഇറക്കുമതി നമ്മുടെ കാർഷിക മേഖലയെ തകർത്തു. ഐ. കെ. ഗുജ്റാൾ മാലിയിൽ പോയി ഒപ്പിടുമ്പോൾ നിങ്ങൾക്ക് എന്തായിരുന്നു പണി ? സോണിയാഗാന്ധി കുളിക്കുന്നത് കാണാൻ പോയില്ലേ ? നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ വത്തിക്കാനിൽ പോയില്ലേ ? നിങ്ങളുടെ മുഖ്യമന്ത്രിയുടെ ഭാര്യ ഒരു മാസത്തിൽ ഒരിക്കലെങ്കിലും ഗുരുവായൂർ അമ്പലത്തിൽ പഞ്ചസാര കൊണ്ട് തുലാഭാരം നടത്തുന്നില്ലേ? അപ്പോൾ വത്തിക്കാനും കുംഭമേളയും ഗുരുവായൂരും എല്ലാവർക്കും പറ്റും. അതിലൊന്നും പരിഭവിച്ചിട്ട് കാര്യമില്ല. സ്വാഭാവികമായും ഇതൊക്കെ തന്നെയാണ് ഈ രാജ്യത്ത് നടക്കുന്നത്. 1 6,000 ഉറുപ്പിക ഒരു കിന്റൽ അടയ്ക്കയ്ക്ക് ഉണ്ടായിരുന്നതാണ്. ഇപ്പോൾ അടയ്ക്കയുടെ സ്ഥിതിയെന്താണ് ? ഒരു കിന്റലിന് അയ്യായിരം ഉറുപ്പികയാണ്. ഇപ്പോൾ ആയിട്ടുള്ളത്. 900 രൂപയാണ് 20 കിലോ അടയ്ക്കക്ക് കിട്ടുന്നത്. അതിന് നിങ്ങളല്ലേ ഉത്തരവാദി ? ഞങ്ങളാണോ കരാർ ഉണ്ടാക്കിയത് ? അന്ന് 100 ശതമാനമായിരുന്നു ഇംപോർട്ട് ഡ്യൂട്ടി. അന്ന് പാകം ചെയ്ത ഭക്ഷണത്തിന് 150 ശതമാനമായിരുന്നു. അതുപോലെ തന്നെ ഭക്ഷ്യഎണ്ണയ്ക്ക് 300 ശതമാനം ആയിരുന്നു. നിങ്ങളുടെ ഗവൺമെന്റ് ഇരുന്ന കാലത്ത് നിങ്ങൾ എന്താ ചെയ്തത് ? നിങ്ങൾക്ക് ഒന്നും ചെയ്യാൻ പറ്റിയില്ല. മനസ്സിലായോ. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പുവച്ച മാലിയിലെ കരാർ പിന്നീട് വന്ന ശ്രീ. വാജ്പേയി ഗവൺമെന്റ് എന്താ ചെയ്തത് ? ആ കരാർ അനുസരിച്ച് അത് ഇംപ്ലിമെന്റ് ചെയ്തു. ഇറക്കുമതി ഡ്യൂട്ടി 12 ശതമാനമാക്കി. അത് ആർക്കാ അറിയാത്തത് ? ഇതിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ രാജ്യത്ത് സാധനങ്ങളുടെ പ്രത്യേകിച്ച് അഗ്രികൾച്ചറൽ പ്രോഡക്ട്സിന്റെ വില ഇത്രയും താഴുന്നത്. അപ്പോൾ ഒന്നാം പ്രതി സി.പി.ഐ. അതിനു കൂട്ടുനിന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി രണ്ടാം പ്രതിയാണല്ലോ. ശ്രീ. ദേവഗൗഡയുടേയും ശ്രീ. ഗുജ്റാളിന്റേയും മന്ത്രിസഭയിൽ കൃഷിവകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ആയിരുന്നത് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയാണ്. കേരളത്തിൽ ശ്രീ. കൃഷ്ണൻ അതിന്റെ ആളാണ്. അത് ചുവടുപിടിച്ചുകൊണ്ട് ഗാട്ടുകരാറും ആഗോളവൽക്കരണവും പറഞ്ഞു നടക്കുകയാണ് ഇപ്പോൾ. തങ്ങൾ ചെയ്ത കുറ്റം മറച്ചുപിടിക്കാൻ വേണ്ടി നിങ്ങളാണ് അത് ചെയ്തത്. ഞാൻ ചോദിക്കട്ടെ, അതിനുശേഷം നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്താ ചെയ്തത് ? കൃഷിക്കാർക്ക് യാതൊരു വിധത്തിലും ജീവിക്കാൻ മാർഗ്ഗമില്ല. കഴിഞ്ഞ മാർച്ചിലെ സമ്മേളനത്തിൽ വെളിച്ചെണ്ണയ്ക്ക് നികുതി കൂടി 4 ശതമാനം ആക്കി. റബ്ബറിന് 10 ശതമാനത്തിൽ നിന്ന് 11 ശതമാനം ആക്കി. ഇതുകൊണ്ടൊക്കെ വില കുറയുകയോ, കൂടുകയോ ചെയ്യുക എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. അച്യുതാനന്ദൻ എന്നുപറഞ്ഞാൽ നമ്മുടെ പുതിയ ഒരു സാമ്പത്തിക ശാസ്ത്രജ്ഞനാണ് അദ്ദേഹം ഇനിയിപ്പോൾ എന്താ പറയാൻ പോകുന്നത് എന്ന് അറിയില്ല. ശ്രീ. ശിവദാസമേനോൻ ഇതിന്റെ വൈദഗ്ദ്ധ്യം നേടിയ ആളാണ്. അപ്പോൾ ഇത് കൂടുകയോ കുറയുകയോ ചെയ്യുക എന്ന് എനിക്കറിയില്ല. കാപ്പിക്ക് 8 ശതമാനം ആക്കി. 27 ഉല്പന്നങ്ങൾക്ക് അദ്ദേഹം നികുതി കൂട്ടി. ഇതിന്റെ ഫലമാണ് നമ്മുടെ രാജ്യത്ത് വിലയിടിവ് ഉണ്ടാകുന്നത്. ഞങ്ങൾ ചെയ്ത കുറ്റം ഞങ്ങൾ സമ്മതിച്ചിട്ടുണ്ട്. പക്ഷേ, നിങ്ങൾ വിരൽ അനക്കിയോ? നിങ്ങൾ അതിന് കൂട്ടുനിന്നുകൊണ്ട് കൂടുതൽ സങ്കീർണ്ണമാക്കാനും കൂടുതൽ കർഷകരെ കഷ്ടപ്പെടുത്താനും ശ്രമിച്ചില്ലേ ? നിങ്ങൾ ഭരണവും സമരവും ഒരുമിച്ച് നടത്തുന്ന പാർട്ടിയാ. ഞങ്ങൾ അതല്ല. വളത്തിന്റെ സബ്സിഡി, ആ നികുതി ബഹുമാനപ്പെട്ട ശ്രീ. ശിവദാസമേനോൻ എന്താ ചെയ്തത് ?

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ കേസിൽ പ്രതിയേ അല്ല എന്നുപറഞ്ഞല്ലോ, അതുകൊണ്ട് ഞാൻ ചോദിക്കുകയാണ് അങ്ങനെ ആണെങ്കിൽ ശ്രീമാൻ എ. കെ. ആന്റണിയും ശ്രീ. പ്രണാബ് കുമാർ മുഖർജിയും ഒക്കെക്കൂടി ചേർന്ന് കോൺഗ്രസ്സിന്റെ സാമ്പത്തിക നയം തെറ്റായിപ്പോയി അതിൽ മാറ്റം വേണം എന്നുപറയാൻ ഇടയായ സാഹചര്യം എന്താ ?

<u>ശ്രീ. കെ. പി. വിശ്വനാഥൻ</u> : അതുകൊണ്ടാണല്ലോ ഇപ്പോൾ പറഞ്ഞത് ഞങ്ങൾക്ക് തെറ്റുപറ്റിയെന്ന്. ഞങ്ങൾക്ക് തെറ്റുപറ്റി. ഞങ്ങൾ, 1991-ലെ ഗവൺമെന്റാണ് ഇത് കൊണ്ടുവന്നത്. പക്ഷേ, നിങ്ങൾ അത് തിരുത്താമായിരുന്നല്ലോ ? നിങ്ങൾ അതിനെ കൂടുതൽ ബലപ്പെടുത്തുന്നതിന് സാർക്ക് സമ്മേളനത്തിൽ പോയി നിങ്ങളുടെ പ്രതിനിധികൾ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രതിനിധികളടക്കം പോയി ഒപ്പുവച്ചില്ലേ ? നിങ്ങൾ ഒരക്ഷരം പറഞ്ഞോ. നിങ്ങൾക്ക് രാജിവച്ച്

LIBRARY ARCHIVES Kerala Legislative Assembly

പോന്നൂടേ ? ഇപ്പോൾ ശ്രീ. എ. കെ. ആന്റണി രാജിവയ്ക്കുന്നതിനെ കുറിച്ചൊക്കെ ശ്രീ. പ്രകാശ് ബാബു വളരെയധികം കളിയാക്കി പറഞ്ഞു. നിങ്ങൾക്ക് ഇങ്ങനെ കൃഷിക്കാരെ കുറ്റപ്പെടുത്താനേ കഴിയൂ. ഈ രാജ്യത്തെ രക്ഷിക്കാൻ കഴിയില്ല. നിങ്ങൾക്ക് ആ ഐ. കെ. ഗുജ്റാൾ മന്ത്രിസഭയിൽ നിന്ന് രാജിവയ്ക്കാൻ കഴിഞ്ഞോ ? ഒരു രണ്ടോ മൂന്നോ മാസമെങ്കിലും നിങ്ങൾക്ക് ഒഴിഞ്ഞു നിൽക്കാമായിരുന്നില്ലേ. നിങ്ങൾക്ക് സാധിച്ചില്ലല്ലോ ? ശ്രീ. ശിവദാസമേനോൻ എന്താ ചെയ്തത്, വളത്തിന് 15 ശതമാനം വില കൂട്ടി എല്ലാത്തരം രാസവളങ്ങൾക്കും വിലകൂട്ടി. നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തുമ്പോൾ വാസ്തവത്തിൽ നിങ്ങളുടെ മനസാക്ഷിയോടു ചോദിക്കുക, മനസ്സാക്ഷിയോട് നിങ്ങൾ ചോദിക്കേണ്ട ചോദ്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഞങ്ങൾ എല്ലാം തികഞ്ഞവരെന്നു പറയുന്നില്ല. പക്ഷേ, ഇന്ത്യയിൽ ഞങ്ങൾ 45 കൊല്ലത്തോളം ഭരിച്ചു. ഞങ്ങൾ ഈ രാജ്യം ഭരിച്ചപ്പോൾ ഞങ്ങൾ തന്നെയാണ് ഈ രാജ്യം ഇങ്ങനെയൊക്കെ ആക്കിയത് അതിന് നിങ്ങൾക്ക് കുറ്റം പറയാൻ സാധിക്കില്ല. ഇപ്പോൾ നമ്മുടെ രാജ്യത്തെ സ്ഥിതി എന്താ, നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താ ? സാമ്പത്തികമായിട്ട് ഇത്രയും അധഃപതിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. നിങ്ങൾ എന്തൊക്കെയോ പറഞ്ഞൊളൂ. ഇവിടത്തെ ജനങ്ങളുടെ കൈയിൽ പണം ഉണ്ടോ ? ജനങ്ങൾ എല്ലാ നിലയിലും പാപ്പരായി കഴിഞ്ഞിരിക്കുന്നു. കച്ചവടസ്ഥാപനങ്ങളിൽ കച്ചവടം ഇല്ല. ഞാനും ശ്രീ. രാജേന്ദ്രനുമൊക്കെ വഴിയിൽ കൂടി പോകുമ്പോൾ ആളുകൾ എത്രകണ്ട് ആക്ഷേപിക്കുന്നു, എത്ര ആളുകൾ കഷ്ടപ്പെട്ടു ജീവിക്കുന്നു. ആ ആളുകളെ സാമ്പത്തികമായിട്ട് ഉയർത്തിക്കൊണ്ടുവരേണ്ട ഗവൺമെന്റ് ആണെങ്കിൽ അതിലും പാപ്പരാ. ചെക്ക് കൊടുക്കുന്നു. പാസാകുന്നില്ല. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി ധനകാര്യവകുപ്പ് മന്ത്രിയായിരുന്നപ്പോൾ ട്രഷറി പൂട്ടിക്കിടന്നതായി പറഞ്ഞു. ഞങ്ങൾ ആ മാന്യതയെങ്കിലും കാണിച്ചു. ഈ ചെക്കുമായിട്ട് വയസ്സൻമാരും വിധവകളും അതുപോലെതന്നെ കക്കൂസ് പണിതവരും ട്രഷറിയിൽ പോയിട്ട് മടങ്ങിവരുന്നുണ്ടല്ലോ, ഈ വണ്ടിച്ചെക്കുമായി പോകുന്ന വണ്ടിക്കൂലിയെങ്കിലും ലാഭിക്കാമായിരുന്നു. ഞങ്ങൾ മാന്യത കാണിച്ചിരുന്നു. നിങ്ങൾ ട്രഷറി തുറന്നിട്ടിട്ട് എന്താ കാര്യം ? നിങ്ങൾ ഇപ്പോൾ തുറന്നിരിക്കുന്ന എല്ലാ ദിവസവും ഭദ്രം എന്നാ പറയുന്നത്. ഞങ്ങൾ ആരെങ്കിലും ഈ കാശൊക്കെ കൊടുക്കുന്നതിന് എതിരാണോ ? ഈ കണ്ട പണം നിങ്ങളുടെ കൈയിൽ ഉണ്ട്. ഭദ്രമാണെന്ന് മുഖ്യമന്ത്രി പറയുന്നു. എല്ലാ ദിവസവും ഭദ്രം ഭദ്രം എന്നുപറയുന്നുണ്ട്. അതിന്റെ ലോക്കൊക്കെ വളരെ ഭദ്രമാണ്, തുറക്കേണ്ട പ്രശ്നമില്ല. ട്രഷറിയുടെ വാതിലേ നിങ്ങൾ തുറന്നുവയ്ക്കുന്നുള്ളൂ നിങ്ങൾ ലോക്കർ തുറക്കുന്നുണ്ടോ ഉണ്ടെങ്കിൽ ശ്രീ. ശിവദാസമേനോൻ പറയട്ടെ, ഞാൻ ഇനി അതിനെക്കുറിച്ചൊന്നും പറയുന്നില്ല. നിങ്ങൾ കഴിഞ്ഞ കുറേക്കാലമായിട്ട് ട്രഷറിയുടെ ലോക്കറുകൾ തുറക്കുന്നില്ല. വാതിലുകൾ തുറക്കുന്നില്ല. ഇപ്പോൾ അവിടെ പോലീസ് കാവലില്ലല്ലോ ? ഞാൻ ചോദിക്കട്ടെ, അവിടെ ഇപ്പോൾ പോലീസ് കാവലുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഞാൻ ധനകാര്യവകുപ്പ് മന്ത്രിയായ ശേഷം ഇത് തുറക്കലേ ഇല്ല. സമാധാനമായല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. വിശ്വനാഥൻ : അതൊരു രണ്ടാം തരമാണല്ലോ. ഞാൻ അങ്ങനെ പറഞ്ഞില്ലല്ലോ, ഇതൊരു രണ്ടാംതരമാണല്ലോ മാഷേ. അത് ശരിയായില്ല. നമ്മൾ തമ്മിൽ വേണ്ട അത്. അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല 5 വർഷമായി തുറന്നിട്ടില്ല എന്ന്, നിങ്ങൾ വന്നതിനുശേഷം തുറന്നിട്ടില്ല എന്ന് പറഞ്ഞില്ല. ഇപ്പോൾ തുറക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ കിടന്നിടത്തു കിടന്നുരുണ്ടിട്ട് എന്താ കാര്യം, ഷർട്ട് കീറില്ലേ മുള്ളുകൊണ്ടിട്ട്. അതിന്റെ ആവശ്യമില്ലല്ലോ. അതല്ലല്ലോ ഇവിടത്തെ പ്രശ്നം. ശ്രീ. രാധാകൃഷ്ണൻ പറയട്ടെ, അവിടത്തെ കോർപ്പറേഷനിൽ നിന്ന് ഈ സാമ്പത്തികവർഷം പണം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? ശ്രീ. രാധാകൃഷ്ണന്റെ കോർപ്പറേഷൻ എന്റെ വീട്ടിനടുത്താ പ്രവർത്തിക്കുന്നത്. ആ കോർപ്പറേഷനിൽ നിന്ന്

4 P.M.] ഏതെങ്കിലും ഒരു ഹരിജന് വീട് വയ്ക്കാനോ, അല്ലെങ്കിൽ സ്ഥലം വാങ്ങിക്കാനോ പൈസ കൊടുത്തിട്ടുണ്ടോ എന്ന് ശ്രീ. രാധാകൃഷ്ണൻ പറഞ്ഞാൽ ഞാൻ വിശ്വസിക്കാം. പിന്നെ മൂവായിരം വീടും നാലായിരം കക്കൂസും പണിതുകൊടുത്തു എന്നുപറഞ്ഞു. നാലായിരം കലുങ്കാണ്. കലുങ്ക്, പപ്പാത്ത് എന്തൊക്കെയാണ് ഒരു ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത്, ഇത്രയധികം അധഃപതിപ്പിക്കേണ്ട കാര്യം ഇല്ല നിങ്ങൾക്ക്. വരുന്ന കാലങ്ങളിൽ ചെയ്യാനുള്ള നയപ്രഖ്യാപനമാണത്. ഒറ്റ പൈസ നിങ്ങൾ കൊടുത്തിട്ടില്ല. ഞങ്ങളാരും എതിരല്ല. നിങ്ങൾ കൊടുത്തു എന്നുപറഞ്ഞാൽ, ഇതൊന്നും ഞങ്ങൾ കൊടുക്കാനുള്ളതല്ല എന്നുപറഞ്ഞാൽ ഞങ്ങൾ സമ്മതിക്കാം. എനിക്ക് പറയാനുള്ളത് ഞാൻ ഇതിനൊന്നും എതിരല്ല. ഇത്രയും പാപ്പരായിട്ടുള്ള ഒരു ഗവൺമെന്റ് നമ്മുടെ കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇത്രയും സാമ്പത്തികമായി അധഃപതിച്ച, സാമ്പത്തിക മേഖല മുഴുവൻ താറുമാറാക്കിയ യാതൊരു വിധത്തിലുള്ള സാമ്പത്തിക മാനേജ്മെന്റും ഇല്ലാത്ത, ഒരു ദീർഘവീക്ഷണമില്ലാത്ത നമ്മുടെ രാജ്യത്ത് മുഴുവൻ സാമ്പത്തിക തകർച്ച ഉണ്ടാക്കിയ ഒരു ഗവൺമെന്റാണിത്. സർ, ബഹുമാനപ്പെട്ട നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, കലാകൗമുദി കോൺഗ്രസിനെ സഹായിക്കുന്ന ആഴ്ചപ്പതിപ്പാണല്ലോ. അത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. സർ, നമ്മുടെ ഐ.എസ്. ഗുലാത്തി അദ്ദേഹം ഒരു ചോദ്യം ചോദിച്ചു. ഞാൻ കാട്ട് ചെയ്യുകയാണ്. 'ഞാൻ ഒരു ആസൂത്രകൻ മാത്രമാണ്, ധനസ്ഥിതിവകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥർക്കും മാത്രമേ അറിയൂ ഇതിന്റെ കാര്യങ്ങൾ. എന്തിനെപ്പറ്റി, സാമ്പത്തികത്തെപ്പറ്റി. പിന്നെ നമ്മുടെ Vinod Rai പറഞ്ഞു, എന്നെ വെറുതെ ഉപദ്രവിക്കരുതേ. പിന്നെ സാമ്പത്തിക സ്ഥിതിഗതി. അത് തോമസ് ഹാർഡിയുടെ പുസ്തകമുണ്ടല്ലോ - 'Far from the Mading Crowd' അതിൽ സ്ഥിതിഗതി വളരെ ഡെലികേറ്റ് ആയിരിക്കുന്നു. അദ്ദേഹത്തെ സസ്പെന്റ് ചെയ്യുകയൊന്നും വേണ്ട കേട്ടോ. എല്ലാപേരും വായിക്കുന്നതാ. താങ്കൾ ഒരാളെ സസ്പെൻഡ് ചെയ്തു എന്നൊക്കെ കേട്ടു. പോരെങ്കിൽ ഇലക്ഷൻ അടുത്തിരിക്കുന്ന കാലം മനസ്സിലായില്ലേ ? അപ്പോൾ ഇലക്ഷൻ പ്രമാണിച്ച് നിങ്ങൾ കുറെ സ്റ്റണ്ടും അമിട്ടുമൊക്കെ പൊട്ടിച്ചു. നിങ്ങൾക്ക് അതും സാധിച്ചില്ലല്ലോ. നിങ്ങൾ നയപ്രഖ്യാപനത്തിൽ എന്തെങ്കിലും കൺസ്ട്രക്ടീവ് ആയിട്ട് ഇവിടെ രാഘവൻ വക്കീൽ ചോദിച്ചല്ലോ, ഇപ്പാ വച്ച

വാഴ ഇപ്പോൾ കുലയ്ക്കുമോയെന്ന്. അതുതന്നെയാണ് ഞങ്ങളും ചോദിച്ചത്. ഞങ്ങളും കുറെ വാഴവച്ചു. അത് കുലയ്ക്കാൻ സമയമെടുത്തു. അത് ഇപ്പോൾ നിങ്ങൾക്ക് കിട്ടി. ഇത് സാധാരണ നമ്മുടെ ശിവദാസമേനോൻ പദയാറുണ്ട്. 'Relay Race' കേരളത്തിൽ അതാണ് Relay Race ആണ്. അവസാനം കുറച്ചുമിടുക്ക് കാണിക്കാൻ നിങ്ങൾക്ക് ആ സ്റ്റിക്ക് കിട്ടി എന്നു മാത്രമല്ലേയുള്ളൂ. പക്ഷേ, അത് നിങ്ങളിപ്പോൾ കുളമാക്കും. അതാണ് ഇപ്പോൾ നിങ്ങളീ ജാഥയുണ്ടാക്കുന്നത്. ഞങ്ങളുടെ ജാഥ എങ്ങനെ അവസാനിപ്പിക്കണമെന്ന് ഞങ്ങൾക്ക് അറിയാം. പക്ഷേ, നിങ്ങൾക്ക് ഒരു ജാഥ കൊണ്ട് പോരാ. നിങ്ങൾ നടന്നുനോക്കിയിട്ട് ജീപ്പിൽ കയറും. മനസ്സിലായോ. കണ്ണി പൊട്ടിയെന്നുള്ളത് നമ്മൾ വായിച്ചില്ലേ. എനിക്ക് പറയാനുള്ളത് ഈ ഗവൺമെന്റ് എല്ലാമേഖലയിലും പരാജയപ്പെട്ടു. ഞാൻ ഇരുപതിനായിരത്തിന്റേയും ഇരുപത്തിയേഴായിരത്തിന്റേയും കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ, രാജ്യം ഇന്ന് കടക്കെണിയിലാണ്. എത്രയാളുകളാണ് കൂട്ടക്കൊലപാതകങ്ങൾ നടത്തുന്നത്. തൃശ്ശൂർ ജില്ലയിലാണത്രെ ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നത്. മനുഷ്യൻ പണമില്ലാതെ, സാമ്പത്തികമായി കഷ്ടപ്പെട്ട്, ദുരിതമനുഭവിക്കുകയാണ്. അവരെ ഒന്നു ഉയർത്തിക്കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ട ഗവൺമെന്റ് പാപ്പരായിരിക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

മി. സ്പീക്കർ : ഇന്ന് ഇവിടെ ഒരു ഒച്ചപ്പാട് ഉണ്ടായല്ലോ, അതേ സംബന്ധിച്ചുള്ള പ്രൊസീഡിംഗ്സ് ഞാൻ പരിശോധിച്ചു. ഇവിടെ എഴുതിക്കൊടുത്തത് മാത്രമല്ല, അതിന്റെ ആഡിയോ, വീഡിയോ പല സംവിധാനങ്ങളും ഉണ്ടല്ലോ. നോക്കിയപ്പോൾ ഉണ്ടായ കാര്യങ്ങൾ ഞാൻ പറയാം. വളരെ പ്രസക്തമായ ഭാഗം മാത്രം പറയാം. ശ്രീ. കണാരന്റെ പ്രസംഗത്തിന്റെ ഭാഗമാണ് പ്രശ്നത്തിന് കാരണം ആയിട്ടുള്ള ഭാഗം. "എല്ലാ പാർട്ടിയിൽപ്പെട്ടവരും ഒന്നായി ചേർന്നാണ് അവിടെ സമാധാനം ഉണ്ടാക്കിയത്. വരുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വോട്ട് കിട്ടാൻ വേണ്ടി ശ്രീ. ഇ. അഹമ്മദും എം. വി. രാഘവനും എന്തെല്ലാമാണ് പ്രസംഗിക്കുന്നത്. കേട്ടാൽ അറപ്പുതോന്നും. എം. വി. രാഘവനെ കയർ ഊരിവിട്ടതാണ്. എന്തും പറയാം. എം. വി. രാഘവനെ കയർ ഊരി വിട്ടതാണ്, അയാൾക്ക് എന്തും സംസാരിക്കാം." ഇത് വന്നപ്പോഴാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പോയിന്റ് ഓഫ് ഓർഡർ "ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :- ഒരു പോയിന്റ് ഓഫ് ഓർഡർ. സഭാനടപടി ചട്ടപ്രകാരം ശ്രീ. എ. കണാരൻ ഇവിടെ പറഞ്ഞത്, ശ്രീ. ഇ. അഹമ്മദും ശ്രീ. എം. വി. രാഘവനുമാണ് അവിടെ കുഴപ്പം ഉണ്ടാക്കിയിട്ടുള്ളതെന്ന്. സഭയിലില്ലാത്ത പ്രത്യേകിച്ചും ലീഗിലെ ആളുകളെ സംബന്ധിച്ച് ഈ സഭയിൽ ആക്ഷേപകരമായി സംസാരിക്കുന്നത് സഭാ നടപടിക്ക് വിരുദ്ധമാണ് ആ വക കാര്യങ്ങൾ സഭാരേഖകകളിൽ ഉണ്ടാകരുത്." ചെയറിൽനിന്ന് പറഞ്ഞു, 'അത് പരിശോധിക്കാം.' ഇപ്പോൾ ഇതു രണ്ടും പരിശോധിച്ചിട്ട്, ഇത് രണ്ടും, ശ്രീ. കണാരൻ നടത്തിയ പ്രസംഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു അപാകതയായിട്ട് അല്ല ചെയറിന് മനസ്സിലാക്കാൻ കഴിഞ്ഞത്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞത് കണാരൻ പറഞ്ഞതിന് വ്യത്യസ്തമായിട്ടാണ്. എന്നാൽ തുടർന്ന് ശ്രീ. കണാരന്റെ പ്രസംഗത്തിലെ അടുത്ത വാചകം*** എന്ന് പറഞ്ഞിട്ടുള്ള ഭാഗം. സഭയിൽ ഇല്ലാത്ത, ചട്ടപ്രകാരം നമ്മൾ പറയാറുണ്ടല്ലോ, സഭയിൽ ഇല്ലാത്തവരെ സംബന്ധിച്ച് വിമർശിക്കാം, രാഷ്ട്രീയമായി വിമർശിക്കാം. പക്ഷേ, വ്യക്തിപരമായി പാടില്ല, ഇവിടെവന്ന് മറുപടി പറയാൻ കഴിയാത്തതുകൊണ്ട്, ആ രൂപത്തിൽ പെടുന്നതും ദുഃസൂചന ഉള്ളതുമായിട്ടുള്ള ആ ഭാഗം രേഖയിൽനിന്ന് നീക്കം ചെയ്യുന്നു. ഓർഡർ, ഓർഡർ.....ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും 22-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ഫെബ്രുവരി മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.05-ന് പിരിഞ്ഞു.)

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly